സാഹിതി പബ്ലിക്കേഷൻസ്

# ദീപാക്ഷി

## പ്രണയത്തിന്റെ പുസ്തകം



കാവല്ലൂർ മുരളീധരൻ

# ദീപാക്ഷി

പ്രണയത്തിന്റെ പുസ്തകം

**DEEPAKSHI**
Malayalam Language

*by*
**Kaavalloore Muraleedharan**

Rights reserved with the Publisher

First Published: October 2025

*Published by*
**Sahithi Publications**
Ishara Complex, Elavumthitta, Pathanamthitta
www.sahithisangama.com
sahithipublications2021@gmail.com
**Tel: +91 8547357890, +91 9048834001**
Reg. No. PTM/TC/23/2022

*Layout & Design*
**Makam Designz**
# +91 9605574084

*Printing*
**Nirmala Offset Printers**
Nirmala College Road, Chalakudy
Email: nirmalaplus@gmail.com

This work may not be translated or copied in whole or in part without the written permission of the author, except for brief excerpts in connection with reviews or scholarly analysis.

ISBN: 978-93-94587-99-1

**Price: ₹ 195**

# ദീപാക്ഷി

## പ്രണയത്തിന്റെ പുസ്തകം

**കാവല്ലൂർ മുരളീധരൻ**

**സാഹിതി പബ്ലിക്കേഷൻസ്**
**പത്തനംതിട്ട**
**Tel: +91 8547357890, +91 9048834001**
www.sahithisangama.com



## കാവല്ലൂർ മുരളീധരൻ

തൃശ്ശൂർ, ഇരിങ്ങാലക്കുടയ്ക്കടുത്ത്, പടിയൂരിൽ ജനനം. അച്ഛൻ കാവല്ലൂർ രാംപറമ്പിൽ വേലായുധൻ, അമ്മ വള്ളിക്കുട്ടി. നാലു സഹോദരിമാർ രാജേശ്വരി, അംബിക, പരിമള, താര. പടിയൂർ ഡോൺബോസ്കോ ഇപി സ്കൂൾ, പടിയൂർ സെന്റ് സെബാസ്റ്റ്യൻ അപ്പർ പ്രൈമറി സ്കൂൾ, കൽപ്പറമ്പ് ബി.വി.എം. ഹൈസ്കൂൾ എന്നിവടങ്ങളിൽ സ്കൂൾ പഠനം. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ബിരുദപഠനം, പുല്ലൂർ ഐടിസിയിൽ നിന്ന് സെക്രെട്ടേറിയൽ പ്രാക്ടിസും പഠിച്ചു.

മൂന്നു വർഷം മുംബൈയിൽ വിവിധ ജോലി. സൗദി അറേബ്യയിൽ ഔദ്യോഗിക ജീവിതം തുടരുന്നു. ഭാര്യ ബിന്ദു, മക്കൾ മീര, മീനാക്ഷി.


***വിലാസം:***

ആരണ്യകം, കാവല്ലൂർ രാംപറമ്പിൽ വീട്
പടിയൂർ 680688, ഇരിങ്ങാലക്കുട, തൃശ്ശൂർ ജില്ല.
ഫോൺ: 00919447466923 00966507855402
E-mail: kvmuran@gmail.com
FB & Insta: Kaavalloore Muraleedharan

# നന്ദി

പ്രസാധകനായ ബാലചന്ദ്രൻ ഇഷാര സാറിനോടാണ് ആദ്യം നന്ദി പറയേണ്ടത്. സാറിന്റെ സ്നേഹപൂർണ്ണമായ നിർബന്ധം ആണ് മൂന്നാമത്തെ ഈ പുസ്തകം ഇത്തരത്തിൽ ആകുവാനുള്ള കാരണം. ശ്രീ. രാധാകൃഷ്ണൻ വെട്ടത്തിന്റെ പഠനാത്മകമായ അവതാരിക എഴുത്തുകാരന് കിട്ടിയ അനുഗ്രഹമാണ്. ഗുരുതുല്യരായ ഇവരോടുള്ള നന്ദി വാക്കുകളിൽ ഒതുക്കാനാവില്ല. മലയാളഭാഷയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ചിരിക്കുന്ന രണ്ടുപേർക്കും ഹൃദയംനിറഞ്ഞ കൂപ്പുകൈ. എന്റെ രചനകൾ വായിച്ച് അക്ഷരത്തെറ്റുകളും വ്യാകരണങ്ങളും തിരുത്തിത്തരുന്ന, പേരുവെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത അടുത്ത സുഹൃത്തിന് ഹൃദയം നിറഞ്ഞ നന്ദി. ഫേസ്ബുക്കിലെ എഴുത്തുകൾ വായിച്ചു നിരന്തരം വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ധാരാളം സുഹൃത്തുക്കൾ ഉണ്ട്, എല്ലാവർക്കും നന്ദി. ഓരോരുത്തരേയും പേരെടുത്ത് പറയുന്നില്ല എന്ന് മാത്രം. പുസ്തകത്തിന് ആസ്വാദനം എഴുതിയ ശ്രീമതി ലോല സി.ബി., ശ്രീ. ബിജോ സിൽവേരി എന്നിവർക്കുള്ള നന്ദി അറിയിക്കുന്നു. പുസ്തകം രൂപകൽപ്പന ചെയ്യാൻ സഹായിച്ച മഹേഷ്, എപ്പോഴും എല്ലാ പ്രോത്സാഹനങ്ങളും നൽകുന്ന സുഹൃത്ത് സുനിൽ പൂവേലി എന്നിവർക്ക് നന്ദി. എവിടെയോ ഇരുന്ന് നിരന്തരം അനുഗ്രഹങ്ങൾ ചൊരിയുന്ന എല്ലാ ഗുരുതുല്യർക്കും വായനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി, നമസ്കാരം. നന്മകൾ നിറയട്ടെ ചുറ്റും.

**കാവല്ലൂർ മുരളീധരൻ**

# അവതാരിക

## നിരുപാധികപ്രണയത്തിന്റെ ആത്മസുവിശേഷങ്ങൾ

പ്രണയവിശേഷങ്ങൾ പ്രകടിപ്പിക്കുവാനും അറിയിക്കുവാനും സാമൂഹ്യമാധ്യമങ്ങൾ ഇല്ലാതിരുന്ന കാലത്താണ് "വസന്തം ചെറിമരങ്ങളുമായി ചെയ്യുന്നത് എനിക്ക് നീയുമായി ചെയ്യണം", എന്ന നെരൂദയുടെ വരികൾ കോളേജുകളിലെ ഇംഗ്ലീഷ് ക്ലാസ്സുകളിൽ മുഴങ്ങിയിരുന്നത്. അത്രയും നിഷ്കളങ്കമല്ലാതിരുന്നിട്ടും. "ഇന്നലെ രാത്രിയിൽ ഞാനൊരു പൂമൊട്ടിൻ മന്ദസ്മിതത്തിൽ കിടന്നുറങ്ങി" എന്ന ചങ്ങമ്പുഴക്കവിത എതിർപാട്ടുപോലെ മലയാളം ക്ലാസുകളിലും കേട്ട ഓർമ്മയുണ്ട്. ആശാന്റെ "മാംസനിബദ്ധമല്ലാത്ത അനുരാഗം" കാലത്തെ അതിജീവിച്ച് ഇപ്പോഴും മലയാളം ക്ലാസുകളിലേക്ക് കയറിവരാറുണ്ട്. ഇന്നിപ്പോൾ സോഷ്യൽ മീഡിയയുടെ വസന്തകാലത്ത് സുപ്രഭാതസന്ദേശങ്ങൾ പോലെ അത്രമേൽ സാധാരണവും അസാധാരണമായ അർത്ഥവിശേഷങ്ങളുമായി പ്രണയസൂക്തങ്ങൾ ഗ്രൂപ്പുകളിലും സൗഹൃദങ്ങളിലും വിനിമയം ചെയ്യപ്പെടുന്നുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും മലയാളികൾ ഇപ്പോഴും പി. കുഞ്ഞിരാമൻ നായരുടെ ആരാധകരാണെന്നാണ് പലപ്പോഴും തോന്നിയിട്ടുള്ളത്.

"അത്രമേൽ പ്രാണനും പ്രാണനായ് നിന്നു നീ
യാത്രപറയാതെ പോയതുചിതമോ?
വിണ്ണിൻ വെളിച്ചമെഴുതി നിന്നീടുമോ
കണ്ണിലൊരുകുറികൂടി ക്ഷണപ്രഭേ"

എന്ന സൗന്ദര്യദേവതയിലെ വരികൾ എഴുതിയതുകൊണ്ട് മാത്രമല്ല, എല്ലാ അർത്ഥത്തിലും തികഞ്ഞ പ്രണയി ആയിരുന്നു മഹാകവി. സദാചാരം വേണോ സൗന്ദര്യം വേണോ എന്ന് ചോദിച്ചാൽ സൗന്ദര്യം മതിയെന്ന് തീരുമാനിക്കുമെന്ന് പറഞ്ഞത് വള്ളത്തോൾ ആണെങ്കിലും

ശിഷ്യൻകൂടിയായ കുഞ്ഞിരാമൻ നായരാണ് അത് പറയേണ്ടിയിരുന്നത് എന്ന് സുകുമാർ അഴീക്കോട് പറഞ്ഞിട്ടുള്ളത് ഓർക്കുന്നു.

ഇതിനെല്ലാം പുറമെ പ്രണയത്തെക്കുറിച്ച് പ്രൊഫ. എം എൻ വിജയൻ പറഞ്ഞ വാക്കുകളും മറക്കാൻ കഴിയുന്നില്ല. “പരാജയപ്പെട്ട പ്രണയം കലാസൃഷ്ടിയായും വിജയിച്ച പ്രണയം കുടുംബകലഹമായും മാറുന്നു” എന്ന വരികൾ അരസികത്വം ആക്ഷേപിച്ച് തള്ളിക്കളയാൻ ആർക്കും കഴിയുമെന്നും തോന്നുന്നില്ല.

ഇത്രയും ആമുഖമായി പറഞ്ഞത് നിരുപാധികസ്നേഹത്തിന്റെ കൊടുക്കൽവാങ്ങലുകൾ ഹൃദയമിടിപ്പുകൾ പോലെയോ ശ്വാസോച്ഛ്വാസം പോലെയോ ദൈനംദിനജീവിതത്തിൽ പ്രണയികൾക്ക് എത്രമാത്രം അനിവാര്യമാണെന്ന ചിന്തയുണർത്തുന്ന ഒരു പുസ്തകമാണ്, കാവല്ലൂർ മുരളീധരൻ എന്ന പ്രവാസി എഴുത്തുകാരന്റെ മൂന്നാമത്തെ കൃതിയായ ദീപാക്ഷി (പ്രണയത്തിന്റെ പുസ്തകം).

പ്രണയികളുടെ ചോദ്യോത്തരങ്ങൾ പോലെ അഥവാ മാനസികവ്യാപാരം പോലെയാണ് കാവ്യസമാനമായ ഈ ഗദ്യപുസ്തകം വായനക്കാരോട് സംവദിക്കുന്നത്. പ്രണയികൾക്ക് വിശേഷപ്പെട്ടത് എന്ന നിലയിൽ വായിച്ചു ചർച്ചചെയ്യാനാവുന്നതും, യഥാർത്ഥ പ്രണയികൾക്ക് സ്വയം നിർണയത്തിനും തിരിച്ചറിവിനും അവസരമൊരുക്കുന്നതുമായ സുവിശേഷങ്ങളാണ് പുസ്തകത്തിൽ അനുഭവവേദ്യമാവുന്നത്.

അയാളും അവരും എന്ന ആദ്യ അദ്ധ്യായം തുടങ്ങുന്നത് ഇങ്ങനെ, “നീ എഴുതണം, എനിക്ക് നിന്നെ വായിക്കണം. നിരന്തരമായി, ആവേശത്തോടെ, നിന്റെ ഓരോ അക്ഷരത്തിൽക്കൂടേയും എനിക്ക് കടന്നുപോകണം.”

തുടക്കത്തിലെ വാക്കുകൾകൊണ്ടുതന്നെ മുഖ്യവിഷയം എന്തെന്ന് കൃത്യമായി വായനക്കാരിൽ എത്തിക്കാൻ കഴിയുന്നുണ്ടെന്നത് കാവല്ലൂർ മുരളീധരന്റെ എഴുത്തിന്റെ സവിശേഷതയാണെന്ന് പറയേണ്ടിയിരിക്കുന്നു. “ഞാനൊന്നു മയങ്ങട്ടെ, നീ സംസാരിച്ചുകൊണ്ടിരിക്കൂ. ഉറക്കത്തിലും എനിക്ക് നിന്നെ കേൾക്കാൻ കഴിയും” എന്ന് അവസാനിക്കുമ്പോൾ ഒരു തുടർച്ചയ്ക്ക് ന്യായമായും അവസരവും പ്രതീക്ഷയും നൽകുന്നുണ്ട്.

മഴയിൽ കത്തുന്ന പന്തങ്ങൾ എന്ന രണ്ടാം അധ്യായത്തിൽ “ദീപാക്ഷി, ഇന്ന് പൂർണചന്ദ്രനാണ്. വിശാലമായ മുറ്റത്ത് ചാരുകസേരയിട്ട് ഞാൻ പൂർണചന്ദ്രനുമായി സംഭാഷണത്തിലാണ്.” നിരുപാധികമായ പ്രണയസങ്കല്പങ്ങൾ ബഷീറിന്റെ ‘നീലവെളിച്ചം’ എന്ന കഥയിൽ നമ്മൾ ആസ്വദിച്ചതാണ്. നേരിൽ കണ്ടിട്ടില്ലാത്ത കഥാപാത്രത്തെ കാമുകിയായി സങ്കല്പിക്കുന്ന എഴുത്തുകാരന്റെ മനോവിചാരങ്ങൾ സൃഷ്ടിക്കുന്ന അനു

ഭൂതിയിലൂടെയാണ് 'ദീപാക്ഷിയും' സഞ്ചരിക്കുന്നത്. "മഴമുറുകിയപ്പോൾ അവർ കൂടുതൽ അടുത്തു. അവർക്കിടയിലൂടെ മഴവെള്ളത്തിന് ഊർന്നു പോകാൻ കഴിയാത്തത്ര അവർ ഒട്ടിച്ചേർന്നു. അവരുടെ കണ്ണുകളിൽ അഗ്നി ജ്വലിച്ചു. നിശ്വാസങ്ങളിൽ ചൂടുനിറഞ്ഞു. അവരുടെ പ്രണയ ത്തിന്റെ ചമതയിൽനിന്ന് അഗ്നി കത്തിപ്പടർന്നു. പെരുമഴയിൽ അവർ കത്തുന്ന പന്തങ്ങളായി." ഇതുപോലെ പ്രണയത്തിന്റെ ഇഴയടുപ്പമുള്ള ആഖ്യാനമാണ് തുടർന്നും കാണാനാവുന്നത്. ചോദ്യവും ഉത്തരവും പോലെ, പ്രണയാന്വേഷണങ്ങളിലൂടെ, കണ്ടെത്തലുകളിലൂടെ.

യക്ഷിയും ഗന്ധർവനും എന്ന അധ്യായത്തിൽ, "യക്ഷിയുടെയും ഗന്ധർവന്റെയും പറയപ്പെടുന്ന കഴിവുകൾ നമുക്കുണ്ടായിരുന്നെങ്കിൽ എന്നു ഞാനാശിക്കുകയാണ്. എന്റെ രക്തക്കുഴലുകളിൽനിന്ന് നീ എന്റെ പ്രണയം പാനം ചെയ്യണം" ഇങ്ങനെ പ്രണയത്തിന്റെ ഉന്മാദാവ സ്ഥയിലൂടെ കടന്നുപോകുന്നവർക്ക് അഥവാ കടന്നുപോയിട്ടുള്ളവർക്ക് തങ്ങളെ വീണ്ടെടുക്കാൻ കഴിയുന്ന രചനാവൈഭവം തുടർന്നുവരുന്ന അധ്യായങ്ങളിലും നിലനിർത്താൻ എഴുത്തുകാരന് കഴിയുന്നുണ്ട്.

"നിന്നോട് സംവദിക്കുക എന്നതാണ് ലോകത്തിൽ എനിക്ക് ഏറ്റവും സന്തോഷം പകരുന്ന ഒരേയൊരു കാര്യം", "ഞാൻ ശ്വസി ക്കുന്നതുപോലും നിന്നെയാണ്, ഒരിക്കലും എടുത്തുതീരാത്ത പ്രാണ വായുപോലെ", "നിന്റെയുള്ളിലെ പ്രണയം ഒരഗ്നിപർവ്വതംകണക്കെ തിളച്ചുമറിയുകയാകും അല്ലേ, അതിന്റെ ചൂടും ലാവയും നീ എപ്പോഴും അനുഭവിക്കുക.". തുടങ്ങി പ്രണയാസക്തികളെ ത്രസിപ്പിക്കുന്ന വാക്കുകളും, ഓട്ടോഗ്രാഫുകളിലേക്കും പ്രേമലേഖനങ്ങളിലേക്കും ചേർ ത്തുവെക്കാൻ കൊതിപ്പിക്കുന്ന വാചകങ്ങളുമാണ് ഈ പുസ്തകത്തിൽ ഉടനീളം ദൃശ്യമാവുന്നത്.

"ദീപാക്ഷീ, പ്രിയപ്പെട്ടവളെ, വേദനകളിലെ ആനന്ദം അനുഭവിക്കു കയെന്നതാണ് ജീവിതത്തിലെ ഏറ്റവും നല്ല ലഹരി", എന്ന വരികൾ ചങ്ങമ്പുഴയുടെ കാവ്യസങ്കല്പങ്ങൾക്കുള്ള ഒരു ആദരമായി തോന്നി. അതുപോലെ ശബ്ദങ്ങൾ, ജന്മദിനങ്ങൾ എന്നീ അദ്ധ്യായങ്ങൾ ബഷീർ ചിന്തകളെ ഓർത്തെടുക്കുകയും ചെയ്യുന്നു.

"നമ്മുടെ അകലങ്ങളാണോ നമ്മെ അടുപ്പിച്ചത്?", "നാം രണ്ടുപേരും ഭ്രാന്തുകളുടെ ഒരു സമാഹാരമാണോ"എന്നെല്ലാമുള്ള അനേകം ചോദ്യങ്ങൾ പ്രണയനിർവൃതിയോടെത്തന്നെ പങ്കുവെക്കപ്പെടുന്നുണ്ട്.

"ഇനി മാങ്ങയില്ലെന്ന് മാവ് കിളിയോട് പറയുമ്പോൾ ഞങ്ങളിനി എങ്ങോട്ടു പറക്കണമെന്ന് കിളികൾ തിരിച്ചു ചോദിക്കുന്നു.

പുഴ തേടി പറക്കുക.

എനിക്ക് അങ്ങോട്ടു വരാനാവില്ലല്ലോ.

വേരുറച്ചുപോയ ഞാൻ ഉരുകിത്തീരട്ടെ. ഗ്രാമംപോലെ നീയെഴുതിയ വരികളിലെ വരൾച്ച ഞാൻ ഇവിടിരുന്നു കാണുന്നു. എഴുതിക്കൊണ്ടേയിരിക്കുക, ഹൃദയത്തിലെ വാക്കുകൾ തീരുംവരെ നമുക്കിനിയും വെളിച്ചത്തിലേക്ക് നടക്കാനുണ്ട്." ഇങ്ങനെ കാവ്യാത്മകത പ്രകാശം പരത്തുന്ന വാക്കുകളും വരികളുമാണ് എഴുത്തുകാരൻ പുസ്തകത്തിൽ ഒരുക്കിയിട്ടുള്ളത്.

അണമുറിയാതെയൊഴുകുന്ന പ്രണയനദിക്ക് സമാനവും അനുയോജ്യവുമായ പുതിയകാല ആഖ്യാനതന്ത്രവും ശ്രദ്ധേയമാണ്. പ്രണയസന്ദേഹങ്ങൾക്കിടനല്കാത്തവിധത്തിൽ പൂർണ്ണവിരാമങ്ങളില്ലാതെ നീണ്ടുനീണ്ടുപോകുന്ന വാചകങ്ങൾ. രണ്ടു കഥാപാത്രങ്ങളുടെ ആത്മഭാഷണങ്ങളിലൂടെ പ്രണയത്തിന്റെ ഇരുൾവെളിച്ചങ്ങളും നിമ്നോന്നതങ്ങളും ഉൾക്കാഴ്ചകളും വികാരസാന്ദ്രിമയും കാരുണ്യസ്പർശവും സ്വാഭാവികതയോടെ രൂപപ്പെടുമ്പോൾ, കൈവന്നൊരു പ്രണയത്തിന്റെ നവ്യാനുഭൂതിയും, വിശിഷ്ടമാമേതോ പ്രണയനഷ്ടത്തിന്റെ ഓർമ്മകൾ പകരുന്ന നിർവൃതിയും വായനക്കാർക്കായി പങ്കുവെക്കപ്പെടുന്നു. പ്രണയത്തിന്റെ ആസക്തിയും ഉന്മാദവും ശക്തിദൗർബല്യങ്ങളും നിസ്സഹായതയുമെല്ലാം ഇതൾ വിരിക്കുന്നുണ്ടെങ്കിലും പ്രണയത്തിന്റെ സുവിശേഷങ്ങളാണ് പുസ്തകത്തിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്നത്. പ്രണയനഷ്ടം ഒരർത്ഥത്തിൽ സ്മൃതിനാശമാണ് ചുരുങ്ങിയത് പ്രണയികളെ സംബന്ധിച്ചെങ്കിലും എന്നിരിക്കേ ഇത് പരിപൂർണമായും ഒരു പ്രണയപുസ്തകമാണ്. മനസ്സിൽ പ്രണയം സൂക്ഷിക്കുന്നവർക്കും എന്നും പ്രണയിക്കപ്പെടാനും പ്രണയികളാവാൻ കൊതിക്കുന്നവർക്കും ഹൃദയത്തോട് ചേർത്തുവെക്കാവുന്ന ഒന്ന്.

**രാധാകൃഷ്ണൻ വെട്ടത്ത്**

# പ്രസാധകമൊഴി

**വാ**ക്കുകൾകൊണ്ട് ആശയം രൂപപ്പെടുത്തുമ്പോൾ അതിന് തപോവനത്തിന്റെ വിശുദ്ധിയുണ്ടാകണമെന്നും, ആത്മബോധത്തിന്റെ പ്രകാശം പരത്തുന്നതായിരിക്കണമെന്നും നിഷ്കർഷയുള്ള എഴുത്തുകാരനാണ് ശ്രീ. കാവല്ലൂർ മുരളീധരൻ. എഴുത്തോലയിൽ നാരായമോടിച്ച് മുനിമാരെഴുതിയ പുരാണങ്ങളിലെ ദാർശനികത ഉള്ളിൽ ആവാഹിച്ചതുകൊണ്ടായിരിക്കാം തന്റെ ഓരോ രചനയിലും ദാർശനീകഭാവം നിറഞ്ഞുനിൽക്കുന്നത്. അതുപോലെതന്നെ, മാനുഷികമൂല്യങ്ങൾക്കും, മനുഷ്യബന്ധങ്ങൾക്കും വൈകാരികമായ അർത്ഥതലങ്ങൾ സൃഷ്ടിക്കപ്പെടുന്നതും. അത് മനുഷ്യനെ സംബന്ധിച്ചു മാത്രമല്ല, പ്രകൃതിയോടും സർവ്വചരാചരങ്ങളോടുമുള്ള കാഴ്ചപ്പാടിന്റെ സത്തകൂടിയാണ്. ആദ്യകൃതിയായ തുന്നിച്ചേർക്കാത്തവിരലിലും രണ്ടാമത്തെ കൃതിയായ വിശപ്പിലും ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ദീപാക്ഷിയിലും നമുക്ക് അത് ദർശിക്കാൻ കഴിയും.

വെറുതെ കഥ മെനയുന്ന എഴുത്തുകാരനല്ല കാവല്ലൂർ. തന്റെ അനുഭവങ്ങളെ കനലിൽ ഊതിയുരുക്കിത്തെളിച്ച് കനകശോഭയോടെ അനുവാചകന്റെ മുൻപിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. അവതരിപ്പിക്കുന്നതോ തികച്ചും വ്യത്യസ്തമായ ഒരാഖ്യാനപാടവത്തോടെ. അതാകട്ടെ നമുക്ക് ഇന്നുവരെ അനുഭവവേദ്യമായിട്ടില്ലാത്ത ഒരു നൂതന രചനാസമ്പ്രദായത്തിലും. ഇവിടെയാണ് കാവല്ലർ മുരളീധരൻ എന്ന എഴുത്തുകാരൻ അടയാളപ്പെടുത്തപ്പെടുന്നത്. ദീപാക്ഷി എന്ന ഈ കഥാസമാഹാരം ആ അർത്ഥത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുമെന്നുള്ളത് തീർച്ചയാണ്.

**ബാലചന്ദ്രൻ ഇഷാര**

# അയാളും അവരും

**നീ** എഴുതണം, എനിക്ക് നിന്നെ വായിക്കണം, നിരന്തരമായി, ആവേശത്തോടെ, നിന്റെ ഓരോ അക്ഷരത്തിൽക്കൂടെയും എനിക്ക് കടന്നു പോകണം, ദീപാക്ഷി ഘോഷ് അയാളോട് പറഞ്ഞു.

നീ എന്ന വാക്കിലെ അധികാരം അയാൾക്കിഷ്ടമായി.

നിന്റെ ഭ്രാന്തൻ ചിന്തകൾ ഒന്നുംതന്നെ ഒളിച്ചു വെക്കരുത്, നീ നീയായി മാത്രം എഴുതുക, പച്ച മനുഷ്യനായി, ദീപാക്ഷി തുടർന്നു.

ദീപാക്ഷി ഘോഷ്, ഒരു അസ്ത്രം കണക്കെയാണ് അവർ തന്റെ ജീവിതത്തിലേക്ക് കടന്നു വന്നത്. അക്ഷരങ്ങളുടെ മൂർച്ചയാണ് അവരെ നിരന്തരമായി വായിക്കാൻ വഴിയായതും. പിന്നെപ്പിന്നെ അവരെ ജന്മാന്തരങ്ങളുടെ പരിചയമുണ്ടെന്ന് തോന്നിത്തുടങ്ങി, കഴിഞ്ഞ ജന്മങ്ങളിലെ നിരന്തരമായ ഒരു ബന്ധം എവിടെയോ മറഞ്ഞു കിടക്കുന്നതുപോലെ.

പശ്ചിമ ബംഗാളിലെ ഏതോ ഉൾഗ്രാമത്തിൽ നിന്നാണെന്നറിയാം, ഭാഷയിലെ ഉൾക്കനം കണ്ടിട്ട്, കോളേജ് പ്രൊഫസർ ആണെന്ന് തോന്നുന്നു. പ്രൊഫൈലിൽ ഒന്നും തന്നെയില്ല, അയാൾ അവരുടെ സ്വകാര്യതകൾ ചോദിക്കാനും ഇഷ്ടപ്പെട്ടില്ല. അവർ അവരുടെ ജീവിതം ജീവിക്കട്ടെ, താൻ തന്റെയും.

അവരുടെ ഓരോ പദവും തന്നെ പിന്തുടരുകയാണ്. ലോകത്തിന്റെ തികച്ചും വ്യത്യസ്തമായ രണ്ട് സ്ഥലങ്ങളിൽ ഇരിക്കുന്നവർ എങ്ങനെയാണ് നിരന്തരമായി നിശബ്ദമായി സംസാരിക്കുന്നത്. അവരുടെ ചിന്തകൾ, ആഭിമുഖ്യങ്ങൾ, തരംഗദൈർഘ്യം, സമീപനം, കാഴ്ചപ്പാടുകൾ, മനോഭാവം എല്ലാം ഒന്നാവുന്നതിനെ പ്രണയം എന്ന ഒറ്റവാക്കിലൊതുക്കാമോ. അതിനു പ്രണയം എന്ന വാക്ക് തികയാതെവരും. അതൊരു ഒഴുക്കാണ്, അനേകായിരം കിലോമീറ്റർ അകലങ്ങളിൽ നിന്നും അഭയം തേടി, ആശ്വാസം തേടി, അവനവനെത്തന്നെ തേടി കണ്ടുപിടിക്കാൻ ശ്രമിക്കുന്ന, ഒരു പരീക്ഷണ യാത്ര.

താൻ തന്നിൽ തിരയുന്നതെന്താണോ, അത് തന്നെയാണ് അവരും തിരയുന്നത്. അവനവനിൽ നിന്നുള്ള ഒളിച്ചോട്ടങ്ങൾ. പിന്നെ തന്നെ മറ്റൊരാളിൽ കണ്ടെത്തുമ്പോഴുള്ള സമാശ്വാസം. അയാളാണ് താൻ എന്ന തോന്നൽ,

അവരിലേക്ക് നടക്കുമ്പോൾ, ഞാൻ എന്നിലേക്കാണ് നടക്കുന്നത്. കടൽക്കരയിലെ തിരകൾ മായിച്ചുകളഞ്ഞ അവരുടെ കാൽപ്പാടുകൾ ഞാൻ എന്തിനാണ് തിരയുന്നത്. പുഴയിൽ അവർ കുളിച്ചപ്പോൾ വിട്ടുപോയ ഗന്ധം ഞാൻ എന്തിനാണ് തേടുന്നത്. പെയ്യുന്ന മഴയെല്ലാം എങ്ങനെയാണ് അവരായി മാറുന്നത്.

കെട്ടുവിട്ടുപോയ ചിന്തകളെല്ലാം അയാൾ കൂട്ടിക്കെട്ടാൻ ശ്രമിച്ചു. എന്തിന് കൂട്ടിക്കെട്ടണം, എല്ലാ ചിന്തകളും പട്ടങ്ങളായി ആകാശത്തിൽ പറക്കട്ടെ. ഏറ്റവും ഉയരത്തിൽ പറക്കുന്ന പട്ടങ്ങൾ നമ്മളാണ്, നൂൽ ഊരി വിട്ട പട്ടങ്ങൾ, വിഹായസ്സിന്റെ ഏറ്റവും മുകളിൽ നാം മാത്രമാവുമ്പോൾ നമുക്ക് നക്ഷത്രങ്ങളോട് സംവദിക്കാം.

ദീപാക്ഷി, നീ കേൾക്കുന്നുണ്ടോ, അയാൾ ചോദിച്ചു.

ഉണ്ട്, വളരെ വ്യക്തമായി. കാരണം നീ സംവദിക്കുന്നത് എന്റെ തലച്ചോറിലെ മുകുളങ്ങളിൽ നിന്നാണ്, നാം പറയുന്നത് മാത്രമാണ് നമുക്ക് രണ്ടുപേർക്കും കേൾക്കാൻ കഴിയുക.

ഞാനൊന്നു മയങ്ങട്ടെ, നീ സംസാരിച്ചു കൊണ്ടിരിക്കൂ, ഉറക്കത്തിലും എനിക്ക് നിന്നെ കേൾക്കാൻ കഴിയും.

# മഴയിൽ കത്തുന്ന പന്തങ്ങൾ

**ദീ**പാക്ഷി, ഇന്ന് പൂർണ്ണചന്ദ്രനാണ്, വിശാലമായ മുറ്റത്ത് ചാരുകസേരയിട്ടു ഞാൻ പൂർണ്ണചന്ദ്രനുമായി സംഭാഷണത്തിലാണ്, ഇന്ന് കണ്ട കാഴ്ചകളെക്കുറിച്ച്, തൊടിയിലും എന്നിലും ഒഴുകി നിറയുന്ന നിലാവെളിച്ചം. നീ കൂടുന്നോ ദീപാക്ഷി, എനിക്കരികിൽ നിനക്കായി ഒരു ചാരുകസേരകൂടി ഞാൻ കരുതിയിട്ടുണ്ട്. വരൂ, നിന്നെ കണ്ടില്ലെങ്കിലും നിന്റെ സാമീപ്യം എനിക്കറിയാം.

നമ്മൾ മനുഷ്യർ, പ്രകൃതി ഒരു ചെലവുമില്ലാതെ തരുന്ന വലിയ സന്തോഷങ്ങൾ ആനന്ദിക്കാൻ, അനുഭവിക്കുവാൻ മറക്കുകയാണ്. നിറഞ്ഞു പെയ്യുന്ന ഈ നിലാവെളിച്ചത്തേക്കാൾ മറ്റൊരു വെളിച്ചം നമുക്ക് ഈ ആനന്ദം തരുമോ, എല്ലാവർക്കും ഒരേ അളവിൽ, കാശുള്ളവനും, കാശില്ലാത്തവനും. കാശില്ലാത്തവനാണെന്നു തോന്നുന്നു പൂർണ്ണചന്ദ്രനെ കൂടുതൽ അനുഭവിക്കുന്നത്.

ദീപാക്ഷി, കൈകൾ നീട്ടി ഈ നിലാവെളിച്ചം നിന്നിലേക്ക് കടത്തിവിടൂ, നിന്റെ ഹൃദയത്തിലും മനസ്സിലും നിലാവെളിച്ചം പ്രണയം പോലെ നിറഞ്ഞു പടരട്ടെ.

പടിഞ്ഞാറ് എവിടെയോ ഒരിടി വെട്ടി. ഒപ്പം കനത്ത കാറ്റും ആഞ്ഞു വീശാൻ തുടങ്ങി. അയാൾ ചാരുകസേരകൾ വരാന്തയിലേക്ക് എടുത്തുമാറ്റി. പൂർണ്ണചന്ദ്രനെ കീഴടക്കി മഴക്കാറുകൾ ആകാശം നിറഞ്ഞു. ചുഴലിപോലെ ഒരു കാറ്റ്, തൊടിയിലെ മരങ്ങൾ ഒടിഞ്ഞുവീഴുമോ എന്ന് തോന്നി.

ദീപാക്ഷി, നീ ഭയന്നോ, ഇങ്ങനെയാണ് ആ വരവ്, ഇനി മഴ തകർത്തു പെയ്യും, കാറ്റിൽ സഞ്ചരിക്കുന്ന മഴയുടെ സഞ്ചാരദിശ, കാതോർത്താൽ മനസ്സിലാകും.

രാത്രിമഴകൾ ആഘോഷിക്കാനുള്ളതാണ്, ഭയന്ന് വാതിലുകൾ അടച്ചു, തണുപ്പിൽ മൂടിപ്പുതച്ചുറങ്ങാനുള്ളതല്ല. ഭയക്കേണ്ട ദീപാക്ഷി, ഞാനൊപ്പമില്ലേ. മഴയായാൽ ഞാനീ വരാന്തയിലാണ് കിടക്കാറ്, മഴയുടെ സഞ്ചാരപഥങ്ങൾ കാതോർത്തു, കാറ്റ് തൊടിയിൽ പാഞ്ഞു നടക്കുന്ന രീതികൾ അപഗ്രഥിച്ചു, ചിലപ്പോൾ മഴയിൽ ഇറങ്ങി നടന്നു, വരാന്തയിലേക്ക്

പാഞ്ഞുവരുന്ന ശീതക്കാറ്റ് ആസ്വദിച്ച്.

വരൂ, ആ ചാരുകസേരയിൽ നിന്ന് കാലുകൾ നീട്ടിനോക്കൂ, ഓടിൽനിന്ന് ധാരധാരയായി വീഴുന്ന മഴ കാലിലൂടെ പടർന്നു, ശരീരത്തിലേക്ക് പടരും, ഓരോ രോമകൂപവും ഉണർന്നെണീറ്റ് മഴയുടെ തണുപ്പാസ്വദിക്കാൻ പറയുംപോലെ.

വീശിയടിക്കുന്ന തണുത്തകാറ്റ് നിന്നെ തണുപ്പിക്കുന്നുണ്ടോ നീ പറയാതെത്തന്നെ ചക്കരയിട്ട കട്ടൻചായ ഫ്ലാസ്കിൽ തയ്യാറാണ് ഞാനത് പകർന്നുതരാം തണുപ്പും ചൂടും മധുരവും വിശക്കുന്നെങ്കിൽ ചൂടാറാത്ത കൊള്ളിക്കിഴങ്ങ് പുഴുങ്ങിയതും പച്ചമുളക് ചെറിയ ഉള്ളി ചേർത്തരച്ചതും ഉണ്ട്. ഇതെല്ലാം എന്റെ ചെറിയചെറിയ സന്തോഷങ്ങളാണ് അവ ദീപാക്ഷിയുമായി പങ്കുവെക്കുകയാണ്.

മഴ മുറുകുകയാണ് മഴയുടെ താളം ഉയർന്നിരിക്കുന്നു. മുറ്റമാകെ വെള്ളം നിറഞ്ഞു. ചായയും കൊള്ളിക്കിഴങ്ങും കഴിച്ചു കഴിഞ്ഞെങ്കിൽ നമുക്കിനി മഴ അനുഭവിക്കാം. തണുത്തു വിറയ്ക്കുകയൊന്നുമില്ല ഭയമാണെങ്കിൽ എന്റെ കൈകൾ പിടിച്ചോളൂ. പടിയിറങ്ങുമ്പോൾ സൂക്ഷിക്കണം വഴുക്കൽ കാണും.

അവർ മഴയിലേക്കിറങ്ങി ആദ്യം ഒന്ന് വിറച്ചെങ്കിലും മുഴുവൻ നനഞ്ഞപ്പോൾ ദീപാക്ഷി കൈകൾ വിടർത്തി മഴയെ ആവാഹിക്കാൻ തുടങ്ങി വായ് തുറന്നു കുറച്ചു മഴത്തുള്ളികൾ കുടിക്കാൻ ശ്രമിച്ചു. മുറ്റത്തും വഴിനടയിലും ഓടി വന്നു അയാളുടെ അടുത്ത് വന്നു പറഞ്ഞു ഞാനിന്നുവരെ മഴ ഇങ്ങനെ അനുഭവിച്ചിട്ടില്ല. അയാളുടെ കൈകളിൽ പിടിച്ചു താഴ്ന്നുകിടക്കുന്ന ഒരു മരച്ചില്ല കുലുക്കി കൂടുതൽ വെള്ളം തെറിപ്പിച്ചു.

ദീപാക്ഷി മഴയുടെ ശരിയായ ആസ്വാദനം വീടിന്റെ കോണിലുള്ള പാത്തിയിൽനിന്ന് വെള്ളം വരുന്നിടത്ത് നിന്ന് കുളിക്കുന്നതാണ് ചെറുപ്പകാലത്ത് ഓരോ പാത്തിയിലേക്കും ഓടിനടന്നു ഞാൻ മഴകൊള്ളുമായിരുന്നു എവിടെയാണ് കൂടുതൽ വെള്ളം എന്നറിയാൻ.

ഞാൻ കൂടെ നിൽക്കാം. ദീപാക്ഷി കൈകൾ വിടർത്തി ഓളിയിട്ടു പാത്തിയുടെ താഴെ കുതിച്ചു ചാടുന്ന വെള്ളത്തിൽ ഒരു കൊച്ചുകുട്ടിയെപ്പോലെ ചാടിക്കുളിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അയാളെയും അവൾ ഒപ്പം കുളിക്കാൻ ക്ഷണിച്ചു. അവർ മഴയുടെ ആനന്ദനൃത്തത്തിലായിരുന്നു.

മഴ മുറുകിയപ്പോൾ അവർ കൂടുതൽ അടുത്തു അവർക്കിടയിലൂടെ മഴവെള്ളത്തിനു ഊർന്നുപോകാൻ കഴിയാത്തത്ര അവർ ഒട്ടിച്ചേർന്നു. അവരുടെ കണ്ണുകളിൽ അഗ്നി ജ്വലിച്ചു നിശ്വാസങ്ങളിൽ ചൂട് നിറഞ്ഞു അവരുടെ പ്രണയത്തിന്റെ ചമതയിൽ നിന്ന് അഗ്നി കത്തി പടർന്നു പെരുമഴയിൽ അവർ കത്തുന്ന പന്തങ്ങളായി......

# യക്ഷിയും ഗന്ധർവനും

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നന്ദി, ഇന്നലെ രാത്രി മുഴുവൻ എന്നോടൊപ്പം ചിലവഴിച്ചതിന്. രാത്രിയുടെ ഏതോ യാമങ്ങളിൽ നിന്നരികിൽ എത്താൻ കഴിഞ്ഞു, നീയറിയാതെ നിന്നരികിൽ കിടന്നു, സമയ ക്രമത്തിന് ഞാൻ തിരിച്ചുപോന്നു, അതും നീയറിയാതെ. എന്നാൽ നിന്നെച്ചേർന്നുകിടക്കുമ്പോൾ നിന്റെ ഹൃദയത്തിൽനിന്നും എന്റെ ഹൃദയത്തിലേക്ക് നിന്റെ വിചാരങ്ങളും വികാരങ്ങളും നാമറിയാതെ ഒഴുകി നിറയുകയായിരുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഉറങ്ങാതെ കണ്ണുകൾ തുറന്നു, ഉറക്കത്തിലും പുഞ്ചിരിക്കുന്ന നിന്റെ മുഖം നോക്കി ഞാൻ തൊട്ടരികിൽ ഉണ്ടായിരുന്നു. പലപ്പോഴും നിന്റെ തിളങ്ങുന്ന മുഖം എന്റെ കൈക്കുമ്പിളിൽ കോരിയെടുത്തു ചുംബിക്കാൻ ഞാൻ കൊതിച്ചു. പിന്നെ നിയന്ത്രിച്ചു, ഞാൻ നിന്റെ ഹൃദയസ്പന്ദനങ്ങൾക്കായി കാത് നിന്റെ നെഞ്ചിനോട് ചേർത്തുവച്ചു, നിന്റെ ഹൃദയം സ്പന്ദിച്ചുകൊണ്ടിരുന്നത് എന്റെ നാമമാണ്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, സത്യത്തിൽ ഗന്ധർവ്വന്റെയും യക്ഷിയുടെയും പറയപ്പെടുന്ന കഴിവുകൾ നമുക്കുണ്ടായിരുന്നെങ്കിൽ എന്ന് ഞാനിപ്പോൾ കൊതിച്ചുപോവുകയാണ്, അങ്ങനെയെങ്കിൽ രാത്രിയാമങ്ങളിൽ പറന്നിറങ്ങി നിന്നെ എന്റെ മടിയിൽക്കിടത്തി നമ്മുടെ പ്രണയം പറഞ്ഞുകൊണ്ടേയിരിക്കാമായിരുന്നു. നിന്റെ കാർക്കൂന്തൽചന്തത്തിലൂടെ വിരലുകളോടിച്ചു ഞാൻ നിന്റെ ഓരോ അണുവിലേക്കും ഇറങ്ങിവരുമായിരുന്നു. നിന്റെ കവിളിൽ കൈകൾ ചേർത്തുവച്ച് ചുണ്ടുകളിലൂടെ നീ ഇതുവരെ അനുഭവിക്കാത്ത പ്രണയം തരുമായിരുന്നു, നീ മതി എന്ന് പറയുന്നതുവരെ, ഒരുപക്ഷെ നീ പറയില്ലായിരിക്കും, കാരണം ഞാൻ തരുന്ന പ്രണയം ഒരിക്കലും തിരിച്ചു ചോദിക്കില്ല, അത് അനുസ്യൂതമായി ഒഴുകാനാണ് നാമിപ്പോൾ കണ്ടുമുട്ടിയത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീയെന്നെ കുറച്ചു ദിവസങ്ങൾകൊണ്ട് എനിക്കായി ജീവിക്കാൻ പഠിപ്പിച്ചിരിക്കുന്നു. ഞാനെന്റെ ഒളിച്ചുവെച്ച ഹൃദയം പ്രണയം സ്നേഹം അനുകമ്പ ദയ അതുകൂടാതെ നമ്മൾ ആഗ്രഹിക്കുന്ന നിഗൂഢ പ്രണയനിമിഷങ്ങൾ കൂടി തുറന്നുപറയാൻ എനിക്കാകുന്നു. ആളുകൾ അയ്യേ എന്ന് പറയുന്നതാണ് ഒരുപക്ഷെ നാം ഒളിപ്പിച്ചുവച്ചിരിക്കുന്ന ഏറ്റവും നല്ല പ്രണയനിമിഷങ്ങൾ. പരസ്പരം കെട്ടിമറിഞ്ഞു

നാം ഒന്നാകുമ്പോൾ നമുക്ക് ഒരു ഹൃദയസ്പന്ദനമേയുള്ളൂ. ചുണ്ടുകൾ കൊണ്ട് ഒപ്പിയെടുക്കുന്ന നിന്റെ വിയർപ്പിന് നമ്മൾ രണ്ടുപേരുടെയും ഗന്ധമുണ്ടായിരുന്നു, പരസ്പരം ഇഴമുറിച്ചു മാറ്റാൻ പറ്റാത്തപോലെ. ഇനി ജീവിതത്തിൽ ബാക്കിയുള്ള നമുക്കറിയാത്ത ദിവസങ്ങൾ നമുക്ക് പ്രണയത്തിൽ ചാലിച്ച്, സന്തോഷങ്ങളിൽ നിറച്ച്, ആനന്ദങ്ങളിൽ ചേർത്ത് പങ്കുവെക്കാം.

ദീപാക്ഷി, എന്റെ ഹൃദയം കവർന്നവളെ, ഞാനിപ്പോൾ എന്റെ ശരീരത്തെക്കുറിച്ച് ചിന്തിക്കുന്നു. നാം നമ്മുടെ ഏറ്റവും വലിയ സ്വത്തായ ശരീരം സംരക്ഷിക്കണം. ഞാൻ അതിൽ കുറച്ച് അലസനായിരുന്നു, നിനക്കായി ഞാനത് സംരക്ഷിക്കും. നമ്മുടെ ആരോഗ്യമാണ് നാം ബഹുമാനിക്കേണ്ടത്, ഭക്ഷണക്രമങ്ങൾ മാറ്റി, ധ്യാനിച്ച്, യോഗയൊക്കെ ചെയ്തു, ഞാൻ എന്നെ നിനക്കായി തിരിച്ചുപിടിക്കും, എന്റെ ഏറ്റവും വലിയ സമ്മാനമായി എന്നെത്തന്നെ നിനക്ക് പൂർണ്ണമായി നൽകാൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒരു യക്ഷിയായി നീ, നിന്റേതായ എല്ലാ കർമ്മങ്ങളും എന്റെ ശരീരത്തിൽ തീർക്കണം. എന്റെ കഴുത്തിന്റെ വലതു ഭാഗത്താണ് എന്റെ വികാരങ്ങളുടെ മൂലസ്ഥാനം എന്നെനിക്കു തോന്നിയിട്ടുണ്ട്, അവിടെ നീ അമർത്തി ചുംബിക്കണം, പിന്നെ പതുക്കെ പല്ലുകൾ കൊണ്ട് ഉരസണം, നാവുകൊണ്ട് കവിതകൾ എഴുതണം, ഞാൻ വികാരങ്ങളുടെ ഉത്തുംഗത്തിൽ മതിമറക്കുമ്പോൾ നിന്റെ പല്ലുകൾ കൊണ്ട് എന്റെ കഴുത്തു കടിച്ചുമുറിക്കണം, എന്റെ രക്തക്കുഴലുകളിൽ നിന്ന് നീ എന്റെ പ്രണയം പാനംചെയ്യണം, എനിക്ക് വേദനിക്കില്ല, കാരണം ഞാൻ നിന്നിലേക്കാണ് ഒഴുകുന്നത്. രക്തം കുടിച്ചു കഴിയുമ്പോൾ നിനക്ക് ഏറ്റവും ഇഷ്ടമുള്ള ഭാഗം നോക്കി രുചിയോടെ എന്നെ തിന്നാൻ തുടങ്ങണം. നീ എന്നെ തിന്നുകഴിയുമ്പോൾ, നാം ഒന്നായിരിക്കും.

# ചുംബനങ്ങളുടെ നിർവ്വചനങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ ഹൃദയത്തിൽ ചുംബിക്കുക. ചുംബിക്കുക എന്ന് പറയുമ്പോൾ എന്തോ തെറ്റ് ചെയ്യുന്നു എന്ന് കരുതേണ്ട കാര്യമില്ല, ഒരാൾ മറ്റൊരാൾക്ക് പകരുന്ന പ്രണയം മാത്രം, അതിലൂടെ അവരുടെ ഹൃദയത്തിലും, ആത്മാവിലും, ചിന്തകളിലും, മനസ്സിലും, ശരീരത്തിലും, രക്തധമനികളിലും, ഓരോ കോശത്തിലും അവർ മറ്റൊരാൾക്കായി കരുതിവെച്ചിരിക്കുന്ന അനിർവചനീയമായ, നിരന്തരമായി അവനവന്റെ ഉള്ളിൽ ചേർത്തുവച്ചിരിക്കുന്ന അയാളെ അല്ലെങ്കിൽ അവളെ, അവരിലേക്ക് തന്നെ കൊടുക്കുകയാണ്. ഞാൻ എന്റെ ശരീരത്തിൽ, ചിന്തകളിൽ പേറുന്ന നീ, എന്നെ ഓരോ നിമിഷവും തീ തീറ്റുന്ന നിന്നെ ഞാൻ എന്റെ ചുണ്ടുകളിലൂടെ വൈദ്യുതിയായി കടത്തിവിട്ടു, ശുദ്ധീകരിച്ചു, തിരിച്ചെടുക്കുകയാണ്. എന്റെ രക്തം നിന്നിലൂടെ, നിന്റെ ഹൃദയത്തിലൂടെ കയറിയിറങ്ങി തിരിച്ചു എന്റെ ഹൃദയത്തിൽ വന്നു ചേരുകയാണ്, നിന്റെ ഗന്ധവും, നിന്റെ പ്രണയവും, നിന്റെ ജീവനും എന്റെ ഹൃദയത്തിന്റെ ഭാഗമാക്കാൻ.

ഞാൻ നിന്നോട് ചുംബനം ആവശ്യപ്പെടുകയല്ല, അല്ലാതെത്തന്നെ നീയെന്റെ ഉള്ളിൽ കത്തിപ്പിടിച്ചിരിക്കുകയാണ്. സത്യത്തിൽ എന്റെ ശരീരത്തിലും, മനസ്സിലും, ചിന്തയിലും, ആത്മാവിലും, നീ മാത്രമേയുള്ളൂ. ഇത്രയും നീണ്ട ജീവിതത്തിൽ ഇങ്ങനെ ഒരു അനുഭവം ആദ്യമാണ്, അത് ഞാൻ തുറന്നു പങ്കുവെക്കുന്നു.

നേരിൽ കണ്ടാൽ നാം പരസ്പരം കടിച്ചുകീറി തിന്നുകളയുമോ എന്നുപോലും ഞാൻ ഭയക്കുന്നു. അത് കൊല്ലാനുള്ള കൊതികൊണ്ടല്ല, മറ്റൊരാളുടെ ശരീരത്തിന്റെ, മനസ്സിന്റെ, ആത്മാവിന്റെ ഭാഗമാകാനുള്ള അദമ്യമായ ആഗ്രഹമാണ്, എന്നെ നിനക്ക് തരണം, നിനക്ക് എന്നെ വേണം. ഭ്രാന്തമായ ഒരവസ്ഥ തന്നെയാണത്, അത് അനുഭവിക്കുക എന്നതാണ് ജീവിതത്തിന്റെ കല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, സ്വപ്നങ്ങൾക്കപ്പുറത്തുള്ള ഒരു ലോകത്തേക്ക് നാമെന്നേ കടന്നുകഴിഞ്ഞു, നാം വെറും സാധാരണ പ്രണയം പങ്കു

വയ്ക്കുന്ന മനുഷ്യരല്ല, നിന്നിലൂടെ കടന്നുപോകുന്നതാണ് ഇപ്പോൾ എന്റെ ജീവിതത്തിലെ ഓരോ നിമിഷവും, അത് നൈമിഷികമായ ഒരു ചോദനയല്ല. ഒരുപക്ഷെ വളരെ വർഷങ്ങളായി ഞാൻ തേടിക്കൊണ്ടിരിക്കുന്ന എന്റെ വിശുദ്ധ പ്രണയസങ്കൽപ്പങ്ങളുടെ ആകത്തുകയാകാം. അല്ലെങ്കിൽ എവിടെ നിന്നാണ് നീ പൊടുന്നനെ എന്റെ മുന്നിലെത്തിയത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമുക്കൊരു നിയോഗമുണ്ട്, നമ്മൾ ഇന്ന് വരെ മനസ്സിലാക്കാത്ത, അറിയാത്ത ഏതോ ഒരു നിയോഗം. അതിനിയും തെളിഞ്ഞു വന്നിട്ടില്ല. പിറന്നു വീണ അന്ന് മുതൽ നമ്മൾ രണ്ടുപേരും നമ്മളെ തിരയുകയായിരുന്നു, എവിടെയൊക്കെയോ മറഞ്ഞിരുന്ന നമ്മൾ കണ്ടുമുട്ടുമ്പോൾ, ഒരു അമ്പതു വർഷത്തിന്റെ തേടൽ, അന്വേഷണങ്ങൾ, യാതനകൾ, അനുഭവിച്ച കഷ്ടപ്പാടുകൾ, വേദനകളിൽ മാത്രം കഴിഞ്ഞ കഴിഞ്ഞുപോയ കാലങ്ങൾക്ക് ഒരു പരിസമാപ്തി നാം കണ്ടെത്തുകയാണ്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്നോട് സംവദിക്കുക എന്നതാണ് ലോകത്തിൽ എനിക്ക് ഏറ്റവും സന്തോഷം പകരുന്ന ഒരേയൊരു കാര്യം. അതിനായി ഞാൻ എന്നും സമയം കണ്ടെത്തുക തന്നെ ചെയ്യും, മറുതലയ്ക്കൽ നീ ഇല്ലെങ്കിൽപോലും ഞാൻ നിന്നോട് നിരന്തരമായി സംവദിക്കുന്നുണ്ട്, നിന്റെ ഹൃദയത്തിനോട്, ആത്മാവിനോട്, നിന്റെ ചിന്തകളോട്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഇനി കണ്ടെത്തേണ്ടത്, ഈ പ്രപഞ്ചം ഇപ്പോൾ എന്തിന് നമ്മളെ കൂട്ടിമുട്ടിച്ചു എന്നതാണ്, അല്ലെങ്കിൽ നാം നമ്മുടെ ഒറ്റപ്പെട്ട തടവറകളിൽ തുടർന്നേനെ. ആ തടവറകളിൽ നിന്ന് ഇപ്പോഴുണ്ടായ മോചനം എന്തിനാണ്, ഒരുപക്ഷെ ആ ഉത്തരങ്ങൾ നമ്മുടെ ഉള്ളിൽത്തന്നെയുണ്ടാകാം, സമയമാകാൻ പ്രകൃതി കാത്തിരിക്കുകയാകാം.

അതിനാൽ നീയെന്റെ ഹൃദയത്തിൽ ചുംബിക്കുക, ഞാൻ നിന്നിലേക്കും, നീ എന്നിലേക്കും പടർന്ന് ഈ ലോകമാകെ നിറഞ്ഞു നിൽക്കട്ടെ.

# ഭ്രാന്തുപിടിച്ച പുഴ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഭ്രാന്തമായി കുത്തിയൊലിച്ചൊഴുകുന്ന പുഴയാണ് ഞാൻ വെള്ളച്ചാട്ടങ്ങളും വളരെ താഴ്ചയുള്ള ചുഴികളും ഉയർച്ചതാഴ്ചകളും പാറക്കെട്ടുകളും മണൽ പരപ്പുകളും അടിയൊഴുക്കുകളും നിറഞ്ഞ പുഴ. അമ്പത് അടി താഴ്ചയുള്ള ഒരു വെള്ളച്ചാട്ടമുണ്ട് അതിനടിയിൽ അതിലേറെ താഴ്ചയുള്ള ചുഴിയുമുണ്ട് ആ ചുഴിയിൽപ്പെട്ടാൽ പിന്നെ മൂന്നാംദിവസമേ പൊങ്ങിവരൂ അതുവരെ നിന്റെ ശ്വാസം ജലത്തിലൂടെ വലിച്ചെടുത്തുപോലും ഞാൻ എന്റെ ജീവൻ നിലനിർത്തും നിന്നെക്കാണാൻ നിനക്കെഴുതാൻ നിന്റെ സ്വപ്നങ്ങളും ചിന്തകളും ആവാഹിച്ചു നിന്നിലേക്ക് ഒഴുകിച്ചേരാൻ.

നീ ഒരിക്കൽ എന്നോട് പറഞ്ഞു അശാന്തമായ നദിയാണ് നീയെന്ന് കാടുകളും മേടുകളും കടന്ന് പാറക്കെട്ടുകളിൽ അടിച്ചു ചിതറി നമ്മുടെ ആത്മാവുകൾ എന്നാണ് ഒന്നായിച്ചേരുക. നിന്റെ ഉള്ളിൽ അടച്ചിട്ടിരിക്കുന്ന വേദനകളും രൗദ്രങ്ങളും പല്ലുകൾ ഇറുമ്മി നീ കാത്തുവച്ചിരിക്കുന്ന പ്രതികാരങ്ങളും അശാന്തികളും നിന്റെയുള്ളിൽ തുടിക്കുന്ന ഇടിമുഴക്കങ്ങളും പേമാരികളും എന്നിലേക്കൊഴുക്കുമോ. നമുക്കവ നമ്മുടെ പുഴകളിൽ സമ്മോഹനംചെയ്ത് സ്ഫുടം ചെയ്ത് പ്രണയമാക്കി മാറ്റാം എന്റെയും നിന്റെയും ഒടുങ്ങാത്ത പ്രണയം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ആർത്തലച്ചുവരുന്ന പുഴപോലെയാണ് നമ്മുടെ പ്രണയം നമ്മുടെ ഹൃദയത്തിനുള്ളിലെ വലിയവലിയ പാറക്കല്ലുകളെ നമ്മുടെ പുഴയിൽ ഒഴുക്കിയൊഴുക്കി ഉരസി മൃദുല തന്ത്രികളാൽ തുടച്ചു മിനുക്കി വെള്ളാരംകല്ലുകളാക്കും പ്രണയം ജ്വലിക്കുന്ന വെള്ളാരംകല്ലുകൾ. പുഴയുടെ ഒറ്റപ്പെട്ട ഭാഗത്തു ചെറിയ വെള്ളത്തിന് താഴെ അനങ്ങാതെ കിടക്കുമ്പോൾ സൂര്യൻ സുവർണ്ണരശ്മികളാൽ ഉറങ്ങുന്ന നമ്മുടെ പ്രണയം കണ്ടെത്തും. സൂര്യരശ്മികൾ നമ്മുടെ പ്രണയത്തെ തട്ടിയുണർത്തി ജ്വലിപ്പിക്കും നമ്മുടെ പ്രണയം സൂര്യനെപ്പോലെ ഭൂമി മുഴുവൻ നിറഞ്ഞു നിൽക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പർവ്വതങ്ങളുടെ മുകളിൽ നിന്നുത്ഭവിക്കുമ്പോഴേ ഞാൻ നിന്നെ തിരയുകയാണ്, കാട്ടുമരങ്ങൾക്കിടയിൽ നീ ചോലയായി മറ്റെവിടെയോ ഉത്ഭവിക്കുന്നു. ഒളിച്ചിരിക്കുന്ന നിന്നെ

ക്കാണാൻ വേണ്ടിയാണ് ഞാൻ ചിലപ്പോൾ പാറക്കെട്ടുകൾക്കു മുകളിലൂടെ പാഞ്ഞ് ഉയർന്നുപൊന്തി എത്തിനോക്കുന്നത്, താഴേയ്ക്കെത്തുന്നതിനു മുമ്പേ നിന്നെ കണ്ടെത്തിയാൽ, നമുക്ക് ഒന്നിച്ചു ചേർന്നൊഴുകാം, പരസ്പരം കാതുകളിൽ പ്രണയംമന്ത്രിച്ചു, കണ്ണുകളിൽ പ്രണയം പങ്കുവെച്ച്, ആത്മാവും ഹൃദയവും ഒന്നായി, സ്വപ്നങ്ങളുടെ ഓളങ്ങൾ തീർത്ത്, പ്രണയത്തിന്റെ അനുസ്യൂതമായ ഒഴുക്ക് അനുഭവിക്കാം, ആനന്ദിക്കാം.

ചേർന്നൊഴുകുന്ന നമ്മളിലേക്ക് കാട്ടുപൂക്കൾ ചിതറിവീഴും, അവയുടെ സൗരഭ്യവും നമ്മളിൽ ചേരും. ചില മരക്കൊമ്പുകൾ താഴ്ന്നിറങ്ങി അവയുടെ ഇലകളാൽ നമ്മളെ ഇക്കിളിപ്പെടുത്തും, ചിലത് താഴ്ന്നിറങ്ങിവന്ന്, പെട്ടെന്നുപൊന്തി, നമ്മളിൽനിന്ന് ശേഖരിച്ച വെള്ളം, ഒരു പ്രാർത്ഥനപോലെ, അനുഗ്രഹംപോലെ നമ്മളിലേക്കുതന്നെ കുടയും. ചിലത് അവരുടെ പാകമായ പഴങ്ങൾ നമുക്ക് ഭക്ഷിക്കാനായി, കാറ്റിന്റെ ഇളക്കത്തിൽ അടർന്നുമാറി നമ്മളിലേക്ക് വീഴും. കാട്ടുമരങ്ങളുടെയും കാട്ടുപൂക്കളുടെയും ഇടയിലൂടെ ഒഴുകിയൊഴുകി നാം ഔഷധങ്ങൾ നിറഞ്ഞ പുണ്യനദിയാകും, നമ്മളിൽ നിറഞ്ഞുകവിയുന്ന പ്രണയം ആ ഔഷധഗന്ധത്തിൽ കൂടുതൽ സൗരഭ്യം ചേർക്കും.

നദിയിൽ പകുതി മുങ്ങി നിൽക്കുന്ന കൃഷ്ണവിഗ്രഹത്തെ നമ്മൾ രണ്ടുപേരും എപ്പോഴും നമ്മുടെ ഹൃദയത്താൽ തുടച്ചു പൂജിച്ചു, ഓളങ്ങളാൽ നാമങ്ങൾ ജപിച്ചു, ജീവൻ തുടിച്ചുനിൽക്കുന്ന ചൈതന്യമാക്കി നിലനിർത്തും. ആരാധനയുടെ മൂർദ്ധന്യത്തിൽ, നീ കൃഷ്ണവിഗ്രഹത്തെ പുണർന്നു കണ്ണീരൊഴുക്കി നിൽക്കുമ്പോൾ കുറച്ചു മാറി നിനക്കും കൃഷ്ണനും ഇടയിലുള്ള ദിവ്യമായ ആ പ്രണയം ഞാൻ ആനന്ദാശ്രുക്കളാൽ അനുഭവിക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പകൽസൂര്യന്റെ വെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്നതിനേക്കാൾ, രാത്രി ചന്ദ്രന്റെ നിലാവെളിച്ചത്തിൽ മയങ്ങിയൊഴുകുന്ന നിന്നെയാണ് എനിക്ക് കൂടുതൽ ഇഷ്ടം. മരങ്ങളുടെയും, ചെടികളുടെയും നിഴലുകളിൽ നിന്റെ മുഖം മറയുമ്പോൾ അറിയാതെ പടരുന്ന ഒരു ആകാംക്ഷയുണ്ടല്ലോ, ഒരു നിമിഷം പോലും കാണാതിരിക്കാൻ കഴിയാത്ത ആകാംക്ഷ, അത് എന്നെ മരങ്ങളിൽ പടർന്നുകയറുന്ന വള്ളിപ്പടർപ്പുകൾ പോലെ വരിഞ്ഞുമുറുക്കും. ആ ആകാംക്ഷയും, വേദനയും ഒരു സുഖമാണ്, പ്രണയത്തിന്റെ സുഖം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ ചന്ദ്രന്റെ നിലാവെളിച്ചത്തിൽ നീ ശാന്തമായി ഒഴുകുക, നിന്നിലേക്ക് ഒഴുകിച്ചേരാൻ, യാമങ്ങൾ ഇനിയും ബാക്കി.

# യക്ഷിയുടെ കാർകൂന്തൽ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ സ്വപ്നങ്ങളിൽ നിന്ന് ഞാനിനിയും ഉണർന്നെണീറ്റിട്ടില്ല. ഉറങ്ങിപ്പോയതും ഞാൻ നിന്റെ അരികിലായിരുന്നു. എപ്പോഴോ നിന്നെ മുറുകെ കെട്ടിപ്പിടിച്ചു എന്റെ ഹൃദയത്തിൽ ആക്കിയിരുന്നു. എന്റെ കട്ടിലിൽ ചാഞ്ഞിരുന്നു ഞാനെഴുതുകയാണ്, പുതപ്പു മാറ്റാതെ, പുതപ്പിനുള്ളിൽ നിന്റെ ഗന്ധമുണ്ട്, ഓരോ നിമിഷവും നിന്റെ ഗന്ധം, സാമീപ്യം ഞാൻ ആഘോഷിക്കുകയാണ്. ഇന്നലെ വന്നപ്പോൾ എന്നെ കൊതിപ്പിച്ചത് പടർന്നു കിടന്ന നിന്റെ കാർകൂന്തലാണ്. അതിൽ നിന്നുയർന്ന സൗരഭ്യം ഏതൊരു ഗന്ധർവനെയും ആകർഷിക്കുന്നതായിരുന്നു. നിന്റെ കാർകൂന്തൽ ഞാൻ എന്റെ കൈകളാൽ ഒതുക്കിവെച്ചു. വശങ്ങളിലൂടെ മുടികൾ നിറഞ്ഞ ഓമനത്തം നിറഞ്ഞ മുഖം എന്റെ കൈകളിൽ വാരിയെടുക്കാൻ തോന്നി, നിന്നെ ഉണർത്താതിരിക്കാൻ മാത്രം ഞാൻ അത് ചെയ്തില്ല.

ഒരിക്കൽ ഞാൻ എന്റെ യക്ഷിയെ, ഒരു രാത്രിയിൽ ആകാശത്തിന് മുകളിലുള്ള കൊട്ടാരത്തിലേക്ക് കൊണ്ടുവരും. റോസാദളങ്ങൾ നിറച്ച പാൽത്തടാകത്തിലെ കുളി കഴിഞ്ഞു വരുമ്പോൾ, ഊദും കുന്തിരിക്കവും പുകച്ചു നിന്റെ കാർകൂന്തലിൽ ഞാൻതന്നെ പുതിയ സൗരഭ്യങ്ങൾ നിറയ്ക്കും. എന്റെ നെഞ്ചിനോട് ചേർത്തുനിർത്തുമ്പോൾ നിന്റെ കാർകൂന്തൽ കാറ്റിൽ എന്നെ ചുറ്റിപ്പിണയും, ഒരിക്കലും വിട്ടുപോകാത്ത നിന്റെ പ്രണയം പോലെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ എന്റെ ചുറ്റും നിറഞ്ഞു നിൽക്കുമ്പോൾ, എന്റെ ലോകം എനിക്ക് അന്യമാകുന്നു, എന്റെ ലോകം നിന്നിലേക്ക് മാത്രം ചുരുങ്ങുന്നു. നിന്റെ മുഖത്തിന്റെ വശങ്ങളിൽ പിണഞ്ഞു കിടക്കുന്ന കാർകൂന്തൽ, നിന്റെ മുഖം കൂടുതൽ തേജോമയമാക്കുന്നു. നിന്നെ കാണുമ്പോൾ പൂർണ്ണചന്ദ്രൻ ആകാശത്ത് പ്രഭനിറച്ചു, പുഞ്ചിരിച്ചു, നിലാവെളിച്ചം എന്നിൽ പടർത്തി, വാ, എന്നിലേക്ക് വാ, എന്ന് കണ്ണുകളാൽ വിളിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഈ നിമിഷങ്ങൾ ഒരിക്കലും തീരാതിരിക്കട്ടെ. നിന്നോടൊത്തുള്ള നിമിഷങ്ങൾ സ്വർഗ്ഗതുല്യമാക്കുന്നത് നമ്മുടെ അടങ്ങാത്ത പ്രണയം മാത്രമാണോ. അതിലുപരിയായി നമുക്കറിയാത്ത

കാരണങ്ങൾക്കായി ഈ ലോകം നമ്മളെ കൂട്ടിച്ചേർക്കുകയാണോ. ആയിരിക്കാം, അല്ലായിരിക്കാം. എന്നാലിപ്പോൾ നിന്റെ സാന്നിധ്യമില്ലാതെത്തന്നെ എനിക്ക് നിന്നെ ആശ്ലേഷിക്കാം, തഴുകാം, തലോടാം, ചുംബിക്കാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ വികാരങ്ങൾ, വിചാരങ്ങൾ തന്നെയാണോ നിനക്കെന്നറിയില്ല, ഞാൻ എന്റെ വിചാരങ്ങൾ മറയില്ലാതെ പങ്കുവെക്കുന്നു. എന്റെ മുന്നിൽ ഒരു നിഴലായി പാഞ്ഞു നടന്നു, ജീവിതം ഓരോ നിമിഷവും പ്രകാശിച്ചു പ്രശോഭിതമായി നിൽക്കുമ്പോൾ, നമുക്ക് ഇന്നലെകളെ മറക്കാം, നാളെയെക്കുറിച്ച് ചിന്തിക്കാതിരിക്കാം. ഇന്ന് ഈ നിമിഷത്തിൽ നമ്മൾ ആഘോഷിക്കുന്നതാണ് അനുഭവിക്കുന്നതാണ് ജീവിതം. എനിക്ക് ഭ്രാന്താണെന്ന് നിനക്ക് തോന്നിയേക്കാം, ഈ ഭ്രാന്തൻ സ്വപ്നങ്ങളിലും നിന്റെ ഗന്ധം എന്നോടൊപ്പമുണ്ട്, ഓരോ ശ്വാസത്തിലും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഞാൻ ശ്വസിക്കുന്നത് പോലും നിന്നെയാണ്, ഒരിക്കലും എടുത്തുതീരാത്ത പ്രാണവായു പോലെ.....

# അണകെട്ടി നിർത്തിയ പ്രണയം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, മലമുകളിൽ നിന്നുത്ഭവിച്ചു, കാടുകളിലൂടെ, മേടുകളിലൂടെ പ്രണയിച്ചു കുതിച്ചു പാഞ്ഞുവന്ന നമ്മുടെ പ്രണയ നദിയെ ആരോ അണകെട്ടി തടഞ്ഞുനിർത്തി. ആ കനത്ത ഭിത്തിക്ക് താഴെ കുത്തിയൊലിച്ചു വന്ന നമ്മൾ ചുഴലികൾപോലെ ചുറ്റിക്കറങ്ങി, അണക്കെട്ടിന്റെ അടിത്തട്ടിൽ മുരണ്ടു കിടന്നു. നമ്മുടെ ആധിപൂണ്ട മുരൾച്ചകൾ ആ അണക്കെട്ടിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു. തിങ്ങി നിറഞ്ഞ ജലാശയത്തിന്റെ മതിലുകളിൽ അവ വലിയ ഓളങ്ങളായി ആഞ്ഞടിച്ചു. ഉയർന്നു പൊങ്ങിയ വെള്ളശേഖരത്തിലൂടെ പുറത്തേക്കുള്ള വഴികൾ നമ്മൾ ഓരോ നിമിഷത്തിലും തിരഞ്ഞു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മുടെ പ്രണയം, നമ്മുടെ ഉള്ളിൽ ഒരു അണക്കെട്ട് പോലെ നിറഞ്ഞു തുളുമ്പി പൊട്ടാൻ കാത്തുനിൽക്കുകയാണ്. ജന്മാന്തരങ്ങളിൽ നിന്ന് നാം ശേഖരിച്ചു, നമ്മുടെ ഹൃദയമെന്ന അണക്കെട്ടിൽ കുത്തിനിറച്ചു, ശരിയായ ഒരു വ്യക്തിയിലേക്ക് ഒഴുകിത്തീരുംവരെ, നമ്മുടെ ജീവിതത്തെയും, വികാരങ്ങളെയും, നമ്മുടെ ശരീരത്തെയും സമ്മർദ്ദത്തിലാഴ്ത്തി, പ്രണയം നമ്മളിൽ നിറഞ്ഞു നിൽക്കും.

ഒരു അണക്കെട്ട് തടഞ്ഞുനിർത്തി ആയിരക്കണക്കിന് മെഗാവാട്ട് വൈദ്യുതി നിർമ്മിക്കാമെങ്കിൽ, പ്രണയമെന്ന ഊർജ്ജം, തടഞ്ഞു നിർത്താനാവാത്ത ഒരു പ്രവാഹം, ഒരു അണക്കെട്ടിലും ഒതുങ്ങി നിൽക്കില്ല.

വലിയ മലമ്പാമ്പുപോലെ അത് നമ്മളെ ചുറ്റിവരിഞ്ഞ് ആഴങ്ങളിലേക്കുതാഴ്ത്തി ശ്വാസം മുട്ടിക്കും, തളർന്നു എന്ന് കാണുമ്പോൾ, ജീവിക്കാനും വീണ്ടും പ്രതിസന്ധികൾ നേരിടാനും നമ്മളെ അതിന്റെ പിടിയിൽനിന്ന് അഴിച്ചുവിടും. ശ്വാസം കിട്ടിയ നാം വീണ്ടും പ്രണയനിശ്വാസങ്ങൾ തേടും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒഴുകിവരാൻ വെള്ളമില്ലാത്തപ്പോൾ, അണക്കെട്ട് നിശ്ചലമായിരിക്കും, എന്നാൽ അതിന്റെ ആഴങ്ങളിൽ പ്രണയം കാത്തിരിക്കും, ഏതെങ്കിലും ഷട്ടറുകൾ തുറക്കുന്നുണ്ടോ എന്ന് കാത്ത്, അടങ്ങിക്കിടന്ന് ആധിപിടിച്ച മനസ്സ്, നിറഞ്ഞ വെള്ളത്തിൽ മുങ്ങികിടക്കുമ്പോഴും, ഒരിക്കലും തീരാത്ത ദാഹം. തൊണ്ട വറ്റി വരണ്ടു

അലറി നിലവിളിച്ചാലും, പ്രണയം കാത്തുനിൽക്കുക തന്നെ ചെയ്യും, താൻ കാത്തിരിക്കുന്ന ആ പ്രണയിനിക്കായി. അതിന് ദേശമോ, ഭാഷയോ, പ്രായമോ, ശരീരമോ ഒന്നും പ്രശ്നമല്ല. ശരിയായ ദിശയിലേക്കാണ് അതൊഴുകിച്ചേരുക. അല്ലെങ്കിൽ ഇന്ത്യയുടെ വടക്ക് കിഴക്കു ഭാഗത്തു കിടക്കുന്ന ദീപാക്ഷിയിലേക്ക് ഞാൻ എങ്ങനെയെത്തി.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അണക്കെട്ട് തുറക്കുമ്പോൾ കാണുന്ന വെള്ളച്ചാട്ടം കണ്ടിട്ടില്ലേ, അതുപോലെ തന്നെയാണ്, ജന്മാന്തരങ്ങളിൽ നിന്നും ചേർത്ത് ചേർത്തുവെച്ചു, വിവിധ ജന്മങ്ങളിലൂടെ അത് പലമടങ്ങാക്കി, ഒരേ ഹൃദയത്തിനുള്ളിൽ, ആത്മാവിനുള്ളിൽ പേർത്തും പേർത്തും കെട്ടിവച്ചു, ഒരു ഉൽക്കടവികാരത്തോടെ പൊട്ടിത്തെറിക്കുമ്പോൾ, അണക്കെട്ട് തുറന്നുവിടുന്ന അതേ പ്രവാഹശക്തിയോടെ, ഞാൻ നിന്നിലേക്ക് എത്തിച്ചേരും. എന്റെ ആ പ്രവാഹം സ്വീകരിക്കാൻ പ്രിയേ, ഒരുപക്ഷെ നീ അശക്തയായിരിക്കും. എങ്കിലും പുണ്യനദി ഗംഗയെപോലെ നിനക്ക് എന്നെ സ്വീകരിക്കാനാകും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അനേകായിരം കുതിരശക്തിയുമായി പാഞ്ഞടുക്കുന്ന എന്റെ പ്രണയം, നീ ഗംഗാനദിപോലെ വിശാലമായ നിന്റെ ഹൃദയത്തിലേക്ക് സ്വീകരിക്കും. വലിയ ഓളങ്ങളിൽ ചിതറിച്ചിതറി നാം ഒന്നായി അലിഞ്ഞുചേരും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെയുള്ളിലെ പ്രണയം ഒരഗ്നിപർവ്വതം കണക്കേ തിളച്ചുമറിയുകയാകും അല്ലെ, അതിന്റെ ചൂടും ലാവയും നീ എപ്പോഴും അനുഭവിക്കുക, ഒരു നിമിഷത്തിൽ ഒരുപക്ഷെ ഉൽക്കടമായ വികാരത്തോടെ നീ പൊട്ടിത്തെറിക്കുമെന്ന് തോന്നിയേക്കാം, അതെല്ലാം എഴുതി നിറയ്ക്കണം, ഈ പ്രണയപർവ്വം നാം താണ്ടുകതന്നെ ചെയ്യും, രണ്ടിടങ്ങളിലിരുന്ന്, ഒന്നായി!

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ ഹൃദയത്തിൽ കത്തുന്ന ജ്വാലയും ലാവയും നീ എനിക്കെഴുതണം. നിന്റെ പ്രണയത്തിന്റെ ചൂടും തിളയ്ക്കുന്ന ലാവയും നിന്റെ വാക്കുകളായി എനിക്ക് ചുറ്റും നിറയട്ടെ. പ്രിയപ്പെട്ടവളെ ഇന്ന് രാത്രി മുഴുവൻ നീ ഉറങ്ങാതിരുന്നു എഴുതണം, ചന്ദ്രൻ പൂർണ നിലാവുമായി നിനക്കെഴുതാൻ കാവൽ നിൽക്കുന്നുണ്ട്, തിളച്ചു മറിയുന്ന നിന്റെ ഹൃദയം എഴുതുക, ഞാനതിനെ എന്റെ ഹൃദയത്തിൽ ഒഴിച്ച് ചേർത്ത് ഒന്നാക്കി, പിന്നെ അണക്കെട്ടിൽ തണുപ്പിച്ചു എന്നെന്നേക്കുമായി സൂക്ഷിച്ചോളാം.

ഒറ്റക്കിരുന്നെഴുതുമ്പോൾ സൂക്ഷിക്കണം, നക്ഷത്രങ്ങൾ നീ എഴുതി വെച്ചിരിക്കുന്ന താളുകൾ മോഷ്ടിച്ചേക്കാം.

# മനസ്സിന്റെ ആധികൾ

**പ്രി**യപ്പെട്ടവളെ ദീപാക്ഷി, നിന്റെ സന്ദേശങ്ങൾ കാണാതിരുന്നാൽ എനിക്ക് ആധിയാണ്, ആശങ്കയാണ്. എവിടെയാണ്, അസുഖമാണോ, അതോ മറ്റെന്തെങ്കിലും പ്രശ്നങ്ങൾ. നാം ജീവിക്കുന്ന ലോകത്ത് ആധികൾ മാത്രമേയുള്ളൂ. ആശങ്കകൾ നിറഞ്ഞ ലോകം, കഴിഞ്ഞ തവണ കൊടുങ്കാറ്റുണ്ടായപ്പോൾ നിന്റെ ഗ്രാമം ഏതാണ്ട് ഒരാഴ്ചയോളം വൈദ്യുതിയില്ലാതെ ഒറ്റപ്പെട്ടപ്പോൾ, നിന്നെക്കുറിച്ച് ഒന്നുംതന്നെ ഞാൻ അറിയാതിരുന്നപ്പോൾ, തീ തിന്നു ജീവിക്കുന്നതുപോലെയായിരുന്നു, ഏതോ നിമിഷത്തിൽ നിന്റെ ഗ്രാമം തേടി വരണമെന്നുപോലും ഞാൻ അതിതീവ്രമായി ആഗ്രഹിച്ചു, പിന്നെ യാത്രവിലക്കുകളാൽ യാത്ര മാറ്റിവച്ചു. ഞാൻ നിരന്തരം നിനക്ക് സന്ദേശങ്ങൾ അയച്ചുകൊണ്ടിരുന്നു. എന്നാൽ വൈദ്യുതിയില്ലാതെ ഒറ്റപ്പെട്ടപ്പോൾ നിന്റെ ഫോൺ പ്രവർത്തനരഹിതമായിരിക്കുമെന്ന് എന്തുകൊണ്ടോ എന്റെ തലച്ചോറ് ചിന്തിപ്പിച്ചില്ല, യാഥാർത്ഥ്യങ്ങളോട് ചിലപ്പോൾ നമുക്ക് വെറുപ്പാണ്, അല്ലെങ്കിൽ അറിഞ്ഞുകൊണ്ടുതന്നെ യാഥാർത്ഥ്യങ്ങൾ വിശ്വസിക്കാൻ നാം തയ്യാറാവുന്നില്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എല്ലാ യാഥാർത്ഥ്യങ്ങൾക്കും മുകളിലാണ് ആത്മാർത്ഥമായ പ്രണയം പറക്കുക. യഥാർത്ഥ പ്രണയത്തിന്റെ നടുക്കയത്തിൽപ്പെട്ടവർക്ക് പിന്നെ മറ്റൊന്നും കാണാനാകില്ല. അവർ മാത്രം. അവർക്ക് വിശാലമായ ഈ ലോകം രണ്ടുപേരിലേക്ക് മാത്രമായി ചുരുങ്ങുന്നു, പിന്നെ ബാക്കിയുള്ള ബന്ധങ്ങളും ബന്ധനങ്ങളും അവർക്കു ശത്രുക്കളായി തോന്നുന്നു, പ്രണയത്തിന്റെ ലോകത്ത് അവർ സ്വപ്നസഞ്ചാരങ്ങൾ നടത്തുമ്പോൾ ഉണ്ടാകുന്ന ഒരോ തടസ്സവും അവർക്ക് അവരെ ഇല്ലാതാക്കുന്നതിന് തുല്യമായി തോന്നും. ഏതോ ബാഹ്യശക്തി തങ്ങളെ തടയുന്നു എന്നപോലെ, ഇല്ലാത്ത ശത്രുക്കളെ അവർ ഉണ്ടാക്കിയെടുക്കും, യഥാർത്ഥ സുഹൃത്തുക്കളെപ്പോലും അവർക്ക് ശത്രുക്കളായി മാത്രമേ കാണാനാകൂ, അതവരുടെ കുറ്റമല്ല. ആ പ്രണയലോകത്ത് അവർ മാത്രം മതി, അവരുടെ സ്വപ്നങ്ങൾ, അവരുടെ മാത്രം സന്ദേശങ്ങൾ, അവരുടെ മാത്രം ശ്വാസങ്ങൾ, നിശ്വാസങ്ങൾ. അവരുടെ, അവരറിയാത്ത ഗന്ധങ്ങൾ മാത്രം. വളരെ ദൂരെയിരുന്നു പോലും ചിലപ്പോൾ അവർ ഗന്ധങ്ങൾ തിരിച്ചറിഞ്ഞേക്കും, ചിലർ ദൂരങ്ങ

ളിലേക്ക് അതീന്ദ്രിയ യാത്രകളും നടത്തും, ഒരുമിച്ചിരുന്ന് രാത്രിമുഴുവൻ നീളുന്ന ദീർഘസംഭാഷണങ്ങൾ നടത്താൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ സംഭാഷണങ്ങൾ മുറിയുമ്പോൾ, എന്റെ ശരീരം ആരോ പല കഷണങ്ങളായി മുറിച്ചു മാറ്റുന്നതുപോലെ യാണ്, വേദനകളുടെ ഒരായിരം മൊട്ടുസൂചികൾ ഒന്നിച്ചു ആരോ ഹൃദ യത്തിലേക്ക് ഓരോന്നോരോന്നായി കുത്തിയിറക്കുന്നതുപോലെ.

എവിടെയായിരിക്കും, എന്തായിരിക്കും അവസ്ഥ, എവിടെയും വെച്ച് മുറിഞ്ഞുപോകാവുന്ന ജീവിതം. ഈ സന്ദേശങ്ങൾ നിലച്ചുപോയാൽ അനാഥനാകുന്ന ഞാൻ, മറ്റു വിവരങ്ങൾ ഒന്നുമില്ലാത്ത നിന്നെ ഞാൻ പിന്നെ എങ്ങനെ കണ്ടെത്തും. ഒരു നിശ്ചയവും ഇല്ലാത്ത ജീവിതം അല്ലെ.

ജീവിതം എപ്പോഴും നമ്മളെ അത്ഭുതപ്പെടുത്തും, ചിലപ്പോൾ എവിടെ നിന്നോ എന്നുപോലും അറിയാതെ പറന്നെത്തുന്ന പ്രണയം, ചിലപ്പോൾ ഒന്നുമറിയാതെ തട്ടിപ്പറിച്ചു കൊണ്ടുപോകുന്ന ജീവിതം.

കിട്ടുമ്പോൾ അമിത സന്തോഷം, നഷ്ടമാകുമ്പോൾ സഹിക്കാനാ വാത്ത വേദന.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എനിക്കറിയാം, നാം പലപല ജീവിത സാഹ ചര്യങ്ങളിൽ ജീവിക്കുന്നവരാണ്. കൂടെയുള്ള ഒരാളുടെ പോലും ഒരു വിളിക്ക് മറുപടി കൊടുത്തില്ലെങ്കിൽ അതൊരു അലോസരമായി മാറും. നീയും ഞാനും എപ്പോഴും കണ്ടുകൊണ്ടിരിക്കാനും, സംസാരിച്ചുകൊ ണ്ടിരിക്കാനും കൊതിക്കുന്നു. എന്നാൽ നമുക്ക് ചുറ്റും ഒരു യാഥാർത്ഥ്യ ലോകവും ബന്ധുക്കളും സുഹൃത്തുക്കളും അവർക്കിടയിൽ നമുക്ക് കാണാൻ കഴിയാത്ത അനേകായിരം ചരടുകളുമുണ്ട്. ഒന്നല്ല ചരടുകൾ, അത് പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു, ഒരിക്കലും അഴിച്ചുമാറ്റാനാകാത്ത വേരുറച്ചുപോയ വൻവൃക്ഷങ്ങളെപ്പോലെ. ആരെയും നമുക്ക് തള്ളിക്കള യാനാവില്ല, എന്നാൽ അതിനിടയിൽത്തന്നെ നമുക്ക് നമ്മുടെ ജീവിതവും കണ്ടെത്തണം. നമ്മുടെ അഗാധമായ പ്രണയം അനുഭവിക്കണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഏഴാം ദിവസം ഏതോ രക്ഷാപ്രവർ ത്തകന്റെ ഫോണിൽ നിന്ന് നിന്റെ സന്ദേശം ലഭിച്ചപ്പോൾ, എനിക്ക് പുനർജ്ജന്മം കിട്ടിയപോലെ ആയിരുന്നു. നീ എന്നോട് ആവശ്യപ്പെട്ടത്, പ്രാർത്ഥിക്കാനാണ്, കാളിയമ്മക്ക് പൂജകൾ ചെയ്യാനാണ്.

ചില ദുരന്തങ്ങൾ ജീവിതത്തോടുള്ള നമ്മുടെ കാഴ്ചപ്പാടുകൾ മാറ്റിമറിക്കുന്നു. മനുഷ്യൻ നിസ്സഹായനാകുമ്പോൾ, അവൻ അവന് മുകളിലുള്ള ഒരു ശക്തിയെ തേടുന്നു, ഒരുപക്ഷെ ആ ശക്തിയുടെ കൂടെ സഹായത്തോടെ എന്ന വിശ്വാസത്തോടെ ജീവിതത്തിലെ വെല്ലുവിളികൾ നേരിട്ട് വിജയിക്കുമ്പോൾ, മനുഷ്യൻ ആ ശക്തിയെ ആരാധിക്കാൻ

തുടങ്ങുന്നു. അവന്റെ അവസാന അഭയം പോലെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ അവസാനത്തെ അഭയം, നിന്റെ പ്രണയമാണ്. കണ്ടുമുട്ടിയാലും ഇല്ലെങ്കിലും, നമുക്കീ സ്നേഹപ്രവാഹം തുടരണം. പരസ്പരം ഉണർത്താൻ, ഉയർത്താൻ, ജീവിതത്തിന്റെ കൊടുമുടിയിലേക്ക് ആവേശത്തോടെ കയറിപ്പോകാൻ, നഷ്ടപ്പെട്ട വർഷങ്ങൾക്കൂടി തിരിച്ചുപിടിച്ച്, ഇനിയുള്ള ജീവിതം നമ്മുടേതാക്കാൻ. ദൂരെയാണെങ്കിലും തൊട്ടടുത്തിരിക്കുന്നപോലെ നമുക്ക് സംഭാഷണങ്ങൾ തുടരാം, സന്ദേശങ്ങൾ കൈമാറാം. ജീവിതത്തിന്റെ ഓരോ നിമിഷവും സന്തോഷിക്കാൻ, ആനന്ദിക്കാൻ ശ്രമിക്കാം. നിനക്ക് സന്തോഷകരമായ, നീ അടക്കിവച്ച നിന്റെ ചെറിയചെറിയ ആഗ്രഹങ്ങൾ സ്വയം നടപ്പിലാക്കൂ, ഗ്രാമത്തിലെ വയലിന് നടുവിൽ നിന്ന് ഉറക്കെപ്പാടൂ, മതിവരുവോളം. വീടിന്റെ ടെറസ്സിൽ തളരുംവരെയും നൃത്തം ചെയ്യൂ, വിയർത്ത്, തളർന്ന്, ശ്വാസം കിട്ടാതാകുന്നതുവരെ, അതുകഴിഞ്ഞു ആകാശത്തോടു പുഞ്ചിരിക്കൂ. നിനക്കിഷ്ടമുള്ള പുസ്തകങ്ങൾ വായിക്കൂ. നിനക്കിഷ്ടമുള്ള ഭക്ഷണങ്ങൾ കഴിക്കൂ. നിനക്കിഷ്ടമുള്ള, നീ സന്തോഷിക്കുന്ന എല്ലാം ചെയ്യൂ, ഓരോ നിമിഷവും, സന്തോഷവും, ആനന്ദവും നിന്റെ ജീവിതത്തിൽ നിറയ്ക്കൂ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ നീയാകൂ, ഞാനുണ്ടാകും, എന്നും കൂടെ.

# ഉന്മാദങ്ങളുടെ ഉത്സവങ്ങൾ

ദീപാക്ഷി, പ്രിയപ്പെട്ടവളെ, സ്വപ്നങ്ങളിലെങ്കിലും ഉമ്മവെച്ചുണർത്താൻ ഒരു മുഖം വേണം, പ്രതീക്ഷകളുടെ, പ്രത്യാശകളുടെ കിരണങ്ങൾ ആ കണ്ണുകളിൽ നിറഞ്ഞുനിൽക്കണം. എന്തിനും ഏതിനും കൂടെയുണ്ടാകും എന്ന വിശ്വാസം ആ കൺതടങ്ങളിൽ നിന്ന് വായിക്കാനാകണം. നിന്റെ ഉണ്ടക്കണ്ണുകൾ എന്നും എനിക്ക് പ്രചോദനം തന്നെയാണ്, പ്രകാശം നിറഞ്ഞുനിൽക്കുന്ന ആ കണ്ണുകളിൽ നോക്കിയാൽ മാത്രം മതി, അക്ഷരങ്ങൾ നിന്നിൽനിന്ന് എന്നിലേക്കൊഴുകാൻ തുടങ്ങിയിരിക്കും. അധിക വായനകളില്ലാത്ത ഞാൻ, എങ്ങനെ നിരന്തരമായി എഴുതുന്നു എന്ന് ഞാൻ എന്നോട് തന്നെ ചോദിക്കാറുണ്ട്, എന്നാൽ അത് നിന്റെ പരന്ന വായനകളിൽ നിന്ന് ഒഴുകിവരുന്ന നദിയാണെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു. നിന്റെ കൺതടങ്ങൾ ഇമ പൂട്ടാതെ അക്ഷരങ്ങൾ ആശയങ്ങൾ എന്നിലേക്ക് ചൊരിയുകയാണ്, ജീവിതത്തിന്റെ എന്തെന്നില്ലാത്ത സന്തോഷമാണത്, ആമോദമാണത് നീ മറ്റൊരാളിലേക്ക് ഒഴുകുക, എന്നിട്ട് അവരായി മാറി നിന്നെക്കുറിച്ചെഴുതുക. ജീവിതത്തിൽ കിട്ടുന്ന ഇത്തരം പരമാനന്ദങ്ങൾ നമ്മൾ അനുഭവിച്ചു ആസ്വദിക്കുകതന്നെ വേണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ജീവിതത്തിൽ ഉന്മാദങ്ങൾ ഉണ്ട്, ഇല്ലെങ്കിൽ സൃഷ്ടിക്കണം, ഉന്മാദങ്ങൾക്ക് നമ്മളെ കൈപിടിച്ച് മുന്നോട്ടു കൊണ്ടു പോകാനുള്ള അതീവശക്തിയുണ്ട്. അത് പലപല ഉന്മാദങ്ങളാകാം, ഒരുപക്ഷെ എന്റെ ഉന്മാദം നിന്റെ മുഖമാകാം, അതുമല്ലെങ്കിൽ നീ തന്ന ഒരു ഗാനമാകാം, ഒരു വാക്കാകാം, അത് നിരന്തരമായി അബോധാവസ്ഥകളിൽ എന്റെ തലച്ചോറിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അത് വളർന്നുവളർന്ന് ഒരു കഥയായോ കടലായോ മാറാം, നമ്മളെ നാമറിയാതെ മുന്നോട്ടു നയിക്കുന്ന ഒരു പ്രയാണം. അതിനുള്ളിൽ മറഞ്ഞിരിക്കുന്ന പ്രചോദനങ്ങൾ, അതിനുള്ളിലെ ആയിരം മടങ്ങ് കുതിര ശക്തിയുള്ള മനസ്സിന്റെ ദൃഢത, നിന്നിലേക്കുള്ള നിരന്തര പ്രയാണങ്ങൾ. നാലായിരം കാതങ്ങൾക്കപ്പുറത്തുള്ള നമ്മളിലേക്ക് ചിന്തകളുടെ അതിശക്തമായ പ്രയാണങ്ങൾ പ്രസരണങ്ങൾ നടക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്നെ ചങ്ങലക്കിടേണ്ടിവരുമെന്ന് നിനക്ക് തോന്നുന്നുണ്ടോ, പല തവണ തോന്നിയിരിക്കാം അല്ലെ, അതിൽ അതിശ

യോക്തിയില്ല. നിയന്ത്രണങ്ങളില്ലാത്ത ഒരു എഴുത്തിന് നീ കാരണമായി, തീക്ഷ്ണമായ വികാരങ്ങളുടെ വിചാരങ്ങളുടെ കുത്തൊഴുക്കിൽ നമ്മുടെ യാത്രകൾ തുടരുന്നു, വേണമെങ്കിൽ നിനക്കെന്നെ ചങ്ങലക്കിടാം, നിന്റെ ഹൃദയത്തിനുള്ളിൽ, നിന്റെ ആത്മാവിനുള്ളിൽ, അതിൽനിന്നും ഒരു മോചനവും ഈ ജന്മത്തിലോ, അടുത്ത ജന്മങ്ങളിലോ ഞാൻ ആഗ്രഹിക്കുന്നില്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിനക്കെന്നെ വേണമെങ്കിൽ അടിയൊഴുക്കുള്ള നിന്റെ പുഴയിലേക്ക് വലിച്ചെറിയാം, സന്തോഷമായി ഞാനാ പുഴയുടെ അടിയൊഴുക്കുകളിൽ ചുഴികളിൽ കണ്ണുകളടച്ച് ചുഴികളുടെ, അവയുടെ ശക്തമായ ചക്രവ്യൂഹ പ്രയാണങ്ങളിൽ നിർവൃതി കൊള്ളും, നീയെന്നെ പുഴയിലേക്കെറിഞ്ഞത് നിനക്കുകൂടി അതാസ്വദിക്കാനാണ്. കാരണം, നീ ഇപ്പോഴും എപ്പോഴും എന്റെ ഉള്ളിൽ ഉണ്ടല്ലോ, ആ ചുഴികളുടെ അവസാനം എനിക്കറിയില്ല, ചക്രവ്യൂഹങ്ങളുടെ ചലനവേഗം കൂടിയപ്പോൾ എന്റെ ശരീരഭാഗങ്ങൾ പലതായി പിരിയാൻ തുടങ്ങി. ശരീരഭാഗങ്ങൾ വിഘടിക്കാൻ തുടങ്ങിയപ്പോൾ അതിശക്തമായ ഒരു നിലവിളി എന്നിൽനിന്നുയർന്നു. ഉണരുമ്പോൾ പുഴയരികിൽ നിന്റെ മടിയിൽ നീയെന്നെ ചേർത്ത് പിടിച്ചിരിക്കുകയായിരുന്നു, 'ഇടക്ക് മയങ്ങി പോയല്ലേ, എനിക്ക് തോന്നി, പുഴയുടെ ഏതു ചുഴിയിലേക്കാണ് ഞാൻ നിന്നെ വലിച്ചെറിയേണ്ടത്', ദീപാക്ഷി എന്നോട് ചോദിച്ചു.

# സംഗീതത്തിന്റെ നീണ്ട പ്രയാണങ്ങൾ

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഏകാന്തതയിലെ സ്വർഗ്ഗലോകമാണ് സംഗീതം. നീയാണ് അതെന്നെ പഠിപ്പിച്ചത്. തികച്ചും മരുഭൂമിയായ എന്റെ ജീവിതത്തിലേക്ക് അറിയാതെ കടന്നു വന്ന ഒരു കുളിർക്കാറ്റ്, അപരിചിതരായിരുന്ന നാമിപ്പോൾ എത്രയോ അടുത്തിരിക്കുന്നു. കാണാതെയും കേൾക്കാതെയും തികച്ചും അക്ഷരങ്ങളിലൂടെയുള്ള ബന്ധം, അതിപ്പോൾ പടർന്നുപന്തലിച്ച് ഈ പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നു. നിനക്കും എനിക്കും മാത്രം കാണാൻ കഴിയുന്ന ലോകം, നമ്മുടെ ലോകം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ അയച്ചുതന്ന ബാബുൾഗായകന്റെ ഗാനം എന്റെ ഹൃദയത്തിൽ ഒരു കാന്തം കണക്കെയാണ് ഒട്ടിച്ചേർന്നത്, ആ ഗാനവും അതിൽനിന്നു വന്ന സംഗീതവും എന്റെ ജീവിതവും ഒന്ന് തന്നെയായിരുന്നു, അത് തന്നെയായിരിക്കാം ആ ഗാനം എന്റെ ഹൃദയവുമായി ഇത്രമേൽ ഇഴുകിച്ചേർന്നത്.

ഒരേ തലത്തിൽ, താളത്തിൽ, ഒരേ തരംഗദൈർഘ്യത്തിൽ ആവുമ്പോൾ ആണല്ലോ മനുഷ്യൻ താൻ കേൾക്കുന്ന സംഗീതമായാലും, സന്തോഷമായാലും, പ്രണയമായാലും അതിലേക്ക് ആകർഷിക്കപ്പെടുന്നത്. നമ്മുടെ പ്രണയ തരംഗദൈർഘ്യങ്ങൾ ആരാണ് നാമറിയാതെ എഴുതിച്ചേർത്തത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഹൃദയത്തിൽ നീറിപ്പിടിക്കുന്ന ഗാനങ്ങളാണ് നീ പിന്നീട് പലപ്പോഴായി എനിക്കയച്ചത്, അത് മണൽക്കാറ്റിലും ചുഴലികളിലും മരുഭൂമിയിലെ കനത്ത ചൂടിലും ഒരു ചാറ്റൽമഴയായി എനിക്ക് മുകളിൽ പെയ്തുനിന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഏതാനും വർഷങ്ങൾക്കുമുമ്പ് ഞാൻ മരുഭൂമിയുടെ കിഴക്കൻ പ്രവിശ്യയിലായിരുന്നു. കടലിനടുത്ത്, അതിനാൽ ത്തന്നെ നേരം വെളുക്കുന്നതിന് മുമ്പ് നടക്കാൻ പോകുമായിരുന്നു, കിഴക്കൻ ചക്രവാളത്തിൽ സൂര്യൻ ഉദിച്ചുയരുമ്പോഴുള്ള സ്വർണ്ണവർണ്ണം എന്നിൽ ആവാഹിക്കാനാണ് ഞാൻ നടക്കാൻ പോയിരുന്നത്.

രാവിലെയുള്ള നടത്തങ്ങൾ ഒരു പ്രാർത്ഥനയാണ്, ഇതുവരെ

തന്നതിനും കിട്ടിയതിനും ഒക്കെ നന്ദി. ഇനി വരാനിരിക്കുന്നതിനും.

അതിനിടക്കാണ് കടൽക്കരയിൽ നിന്നും അതിമനോഹരമായ ഗാനം കേട്ടതും. ആ ഭാഷ എനിക്കറിയില്ല, അറബിയായിരിക്കാം, അല്ലെങ്കിൽ അതിനോടടുത്ത ഭാഷ. വയസ്സായ ഒരാൾ കടലിലേക്ക് നോക്കി അനുസ്യൂതമായി പാടുകയാണ്, ഒരുപക്ഷെ ദൈവത്തിനോടാകാം, അതല്ലെങ്കിൽ ഉദിച്ചുയരുന്ന സൂര്യനോടാകാം, അതുമല്ലെങ്കിൽ കടലിനോടാകാം.

ആ ഗാനം കടൽക്കരയിലുള്ള എല്ലാവരുടെയും ഹൃദയത്തിലേക്ക് മുന്നിലെ കടലിന്റെ ആഴം പോലെ നിറഞ്ഞിരിക്കണം.

ഞാൻ ആ ഗാനത്തിൽ ലയിച്ചു നടന്നു. നടത്തത്തിന്റെ അവസാന മുനമ്പെത്തിയപ്പോൾ തിരിഞ്ഞുനടന്നു. എന്റെ ശ്രദ്ധ മുഴുവൻ ആ ഗായകനിലായിരുന്നു, മറ്റൊന്നും ശ്രദ്ധിക്കാതെ കടലിലേക്ക് നോക്കി വളരെ നല്ല വലിയ ശബ്ദത്തിൽ ആദ്ദേഹം പാടിക്കൊണ്ടിരുന്നു. അടുത്തെത്തിയ ഞാൻ അദ്ദേഹത്തിൽനിന്ന് മാറി കടലിനെ നോക്കിയിരുന്നു, കണ്ണുകളടച്ചു അദ്ദേഹത്തിന്റെ സംഗീതം ഞാൻ എന്നിലേക്ക് ആവാഹിക്കാൻ കൊതിച്ചു. എത്ര നേരം ആ സംഗീതം കേട്ട്, അതിലലിഞ്ഞ് ഇരുന്നു എന്നറിയില്ല, കണ്ണ് തുറന്നപ്പോൾ അദ്ദേഹം ആ കടൽക്കരയിൽ ഉണ്ടായിരുന്നില്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, സംഗീതവും പ്രണയവും ഒന്നാണ്. അത് നമ്മളെ പൊതിഞ്ഞുപിടിക്കും, ഒരിക്കലും ഇറങ്ങിപ്പോകാൻ കൂട്ടാക്കാത്ത നീരാളിപ്പിടുത്തം പോലെ.

നദികളിലെ ഒഴുക്കിന്റെ സംഗീതം, ഓളങ്ങൾ കരയിൽ തഴുകുന്ന സംഗീതം, മരങ്ങൾ കാറ്റിൽ പൊഴിക്കുന്ന സംഗീതം, നിന്റെ നിശ്വാസങ്ങൾ എന്നിൽ തീർക്കുന്ന സംഗീതം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ബാബുൽഗായകൻ വന്നു പാടിയിരുന്ന കഥ നീ പറഞ്ഞതോർക്കുന്നു, അവരുടെ വേദനകളാണ് ആ ഗാനം നിറയെ. കേരളത്തിലെ പുള്ളുവൻപാട്ടുകൾ അതുപോലെത്തന്നെയാണ് ദൈവങ്ങളുടെ പ്രീതിക്കായി പാടുമ്പോൾ, പാട്ടുകാരൻ അവന്റെ വേദനകളാണ് സംഗീതമായി സമർപ്പിക്കുന്നത്. പുള്ളുവക്കുടത്തിൽനിന്നുയരുന്ന ദുന്ദുഭി നാദം, ഇപ്പോഴും എന്റെ ഹൃദയത്തിൽ അലയടിക്കുന്നു, നീ കേട്ടിട്ടുണ്ടോ അത്, ഹൃദയങ്ങളിൽ മുട്ടിയാണവർ നാവൂറ് പാടുന്നത്, പ്രണയത്തോട് ഏറ്റവും ചേർന്ന് നിൽക്കുന്നത് ആ ഗാനങ്ങളാകാം, ഹൃദയത്തിൽ മുട്ടിപ്പാടുന്ന ആത്മാവിന്റെ സംഗീതം, ഗാനം അതിന്റെ ഉച്ചസ്ഥായിയിൽ എത്തുമ്പോൾ, നമുക്ക് വിരലുകളിൽ രക്തം പൊടിയുന്നത് കാണാം.

വേദനകളുടെ സമാഹാരമാണ് പ്രണയം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ പറഞ്ഞു സംഗീതം കേട്ട് എത്ര നേരമെങ്കിലും കിടക്കാനാവുമെന്ന്, ഭക്ഷണമോ വെള്ളമോ ഒന്നുമില്ലാതെ അപ്പോൾ നീയൊരു പുഴയാണ്, സംഗീതം മാത്രം നിറഞ്ഞ പുഴ. ആ പുഴയുടെ ഓളങ്ങളിൽ പൊങ്ങിക്കിടന്നു, ആ പുഴയാണ് അപ്പോൾ നീ ആസ്വദിക്കുന്നത്. ഇതും പ്രധാനം തന്നെയാണ്, നാം എന്താണോ ചെയ്യുന്നത് അത് ആസ്വദിച്ചു ചെയ്യുക, ആനന്ദിക്കുക, സന്തോഷിക്കുക.

രാത്രിയേറെ വൈകിയിരിക്കുന്നു, നീ ഉറങ്ങൂ. ഒരായിരം ചുംബനങ്ങൾ കാറ്റ് കൊണ്ട് വരുന്നുണ്ട് പുതച്ച് ഉറങ്ങിക്കോളൂ, സ്വപ്നങ്ങളിലേക്ക്.

# ഒതുങ്ങാത്ത ചിന്തകൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, കടൽപോലെ ഇരമ്പിയാർത്ത് എത്തുന്ന എന്റെ ചിന്തകളിൽ എനിക്ക് നിയന്ത്രണം നഷ്ടമായിരിക്കുന്നു. എന്റെ ചിന്തകൾ എനിക്കുചുറ്റും യുദ്ധം ചെയ്യുകയാണ്. എന്നോട് സംവദിക്കൂ എന്നോട് സംവദിക്കൂ എന്നവർ തിരക്ക് കൂട്ടുന്നു, പിന്നെ അവർ പറയുന്നു, നിന്റെ സന്ദേശം ആദ്യം ഞാൻ ദീപാക്ഷിയിൽ എത്തിക്കും, അതല്ലേ നീ ആഗ്രഹിക്കുന്നതും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ കേൾക്കുന്നുണ്ടോ എന്നിലെ കടലിരമ്പങ്ങൾ, എന്നിൽ നിറഞ്ഞുകവിഞ്ഞ് ഉഴറിനടക്കുന്ന കൊടുങ്കാറ്റുകൾ, എന്റെ തലച്ചോറിൽ പെയ്തിറങ്ങുന്ന പെരുമഴകൾ, അതിനോടൊപ്പമുള്ള മിന്നലുകളും ഇടിമുഴക്കങ്ങളും.

എങ്ങനെയാണ് ഞാൻ എന്നെ നിന്നിലേക്ക് പകർത്തുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അജ്ഞാതരായിരുന്ന നമ്മൾ സത്യത്തിൽ വിശപ്പുമായി അലയുകയായിരുന്നു, പ്രണയം എന്ന ആ വിശപ്പിനെ നിർവചിക്കാൻ എളുപ്പമാണ്, എന്നാൽ ആ വിശപ്പ് സമൃദ്ധിയായി അനുഭവിക്കുന്നതാകണം ജീവിതം. ഒരാളിൽ നിന്നും, ഒരു കോണിൽ നിന്നും അത് കിട്ടാതെ വരുമ്പോൾ, ഒരു യാചകനെപോലെ നാം തെണ്ടാനിറങ്ങും. ഒരാളോടും കൈനീട്ടാതെ, ഏതൊരു കണ്ണുകളിലേക്കും സൂക്ഷിച്ചു നോക്കാതെ, തേടുന്നത് കിട്ടില്ല എന്ന് ഉറപ്പുള്ളതുപോലെ, കിട്ടില്ല എന്നുറപ്പുള്ളപ്പോൾ, പ്രതീക്ഷിക്കാതിരിക്കുക എന്ന വികാരം, പതുക്കെപ്പതുക്കെ വളർന്നു, താനതിന് അർഹനല്ല എന്ന് സ്വയം കണ്ടെത്തും. തിരസ്കാരങ്ങളുടെ വേദനകളെ അങ്ങനെയാണ് നാം അതിജീവിക്കുക.

യാചിച്ചു വാങ്ങേണ്ടതല്ല പ്രണയം, വന്നു ചേരുന്നതാകണം.

തിരസ്കാരങ്ങൾ നമ്മളെ കരുത്തരാക്കും, ആദ്യമൊക്കെ വലിയ വേദന തോന്നും, പിന്നെ മന്ദീഭവിച്ചു, മരവിപ്പാകും. അതിലൂടെ കടന്നുപോവുക ഒരാനന്ദമാണ്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, വേദനകളിലെ ആനന്ദം അനുഭവിക്കുക എന്നതാണ് ജീവിതത്തിലെ ഏറ്റവും നല്ല ലഹരി, ഒരു കാശു ചെലവുമില്ല, ആവോളം എടുക്കാം, അർമാദിക്കാം, ആരോടും ചോദിക്കുകയും പറയുകയും വേണ്ട. ഇന്ന് ഇത്രയും മതി എന്ന് തോന്നുമ്പോൾ,

ഭാണ്ഡത്തിൽ കെട്ടി നാളെക്കായി സൂക്ഷിക്കാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മുടെ ചിന്തകളുടെ സഞ്ചാരപഥങ്ങൾ ഒന്നായത് എങ്ങനെ എന്ന് ഞാൻ ചികയാറുണ്ട്, ഞാൻ ഇത് നിനക്കെഴുതുമ്പോഴും, എനിക്ക് തോന്നുന്നത്, നീയാണ് എഴുതുന്നത് എന്നാണ്. എന്റെ ഉള്ളിലിരുന്നു നീ എഴുതിക്കുകയാണ്, നമ്മുടെ ചിന്തകൾ, നമ്മുടെ വികാരങ്ങൾ, നമ്മുടെ വിചാരങ്ങൾ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, മോഹങ്ങളുടെയും സ്വപ്നങ്ങളുടെയും ഈ പുഴ നിലയ്ക്കാതെ ഒഴുകട്ടെ, അത് ആയിരങ്ങളിലേക്ക് പടരട്ടെ. ജീവിതത്തിന്റെ ആഴങ്ങൾ നമുക്കിനിയും കണ്ടെത്താനുണ്ട്, ചിലപ്പോൾ നാം നമ്മുടെ ചുറ്റുപാടുകൾ ഉപേക്ഷിക്കുന്നു, പുറംലോകത്തെ നമ്മളിൽ നിന്ന് അടർത്തിമാറ്റി, ഒരു വാല്മീകത്തിലേക്ക് പ്രവേശിക്കുന്നു. മനസ്സിനുള്ളിലെ കലാപത്തിന്റെ ചെളികൾ ചവിട്ടിക്കുഴച്ചു പുറംതോലിൽ തേച്ചുപിടിപ്പിച്ച് ഞാൻ എന്നെ നിങ്ങളിൽ നിന്ന് മറയ്ക്കുന്നു. ദീപാക്ഷി, എന്നിലിപ്പോൾ നീയും ഞാനും മാത്രമേയുള്ളൂ, അല്ലെങ്കിൽ നീ മാത്രമേയുള്ളൂ, എന്നെ നീയെന്നോ എന്നിൽ നിന്ന് മോഷ്ടിച്ചിരിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒരു നദിയും ശാന്തമായി ഒഴുകുന്നില്ല, പുഴയുടെ സൗന്ദര്യം മേൽപ്പരപ്പിലല്ല, അത് നമ്മളെ ആകർഷിക്കാൻ ഒരുക്കുന്ന ഒരു കെണിയാണ്, വരൂ എന്നിലൊഴുകൂ എന്ന് ക്ഷണിക്കാൻ, ഇറങ്ങിയാലോ, വീണ്ടുംവീണ്ടും ആഴങ്ങളിലേക്ക് ആകർഷിക്കും, നദിക്കറിയാം നമ്മൾ ഇനി മുകളിലേക്ക് പോകില്ലെന്ന്, ആയിരം കൈകൾ നീട്ടി നദി നമ്മളെ പുണരും, ആ ഒറ്റ ആലിംഗനത്തിൽ ഉള്ള ശക്തി ചോർന്നു നാം അടിത്തട്ടിലേക്ക് പോകും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ പുഴയുടെ അടിത്തട്ടിൽ എന്നെ ഇപ്പോഴും നീ പൊതിഞ്ഞു സൂക്ഷിക്കുന്നതെന്തിനാണ്, എന്നാണ് നിന്റെ ആയിരം കൈകൾ നീട്ടി നീയെന്നെ പുണരുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒരിക്കൽ നീ പറഞ്ഞു, എന്നെക്കാൾ എന്റെ ഭ്രാന്തൻ ചിന്തകളെയാണ് നീ പ്രണയിക്കുന്നതെന്ന്. പ്രണയത്തെ ഭ്രാന്തെന്ന് വിളിക്കുന്നതിൽ തെറ്റൊന്നുമില്ല, നമ്മളെ ഊർജ്ജസ്വലമാക്കുന്ന ആ ശക്തി നമ്മുടെ തന്നെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുമ്പോളാണ് പ്രണയം പൂർണ്ണമാകുന്നത്. അസാധാരണമായ ശക്തിയോടെ ഒരു ലക്ഷ്യത്തിലേക്ക് നമ്മളെ നയിക്കുന്നതാകണം പ്രണയം. അതിന്റെ വിജയം നിനക്കും വേണം, എനിക്കും വേണം, ലോകത്തിന്റെ രണ്ടു കോണിലിരുന്നു, നാം സ്വകാര്യതകൾ അല്ല സംവദിക്കുന്നത്, നമ്മുടെ ചിന്തകളാണ്.

അറിയാതെ പല ഘടകങ്ങൾ ഒരുപോലെയായതാണല്ലോ നമ്മളെ

ഒന്നിച്ചു ചേർത്തത്, അതുപോലെ പ്രണയത്തിലും നമ്മളറിയാത്ത അനുഭവിക്കാത്ത ഒരുപാട് ഘടകങ്ങൾ ഉണ്ട്. നമുക്ക് പ്രണയത്തിന്റെ നന്മകൾ നമ്മളിൽ നിറയ്ക്കാം. വിഷുപ്പുലരിക്ക് പൂത്തുലഞ്ഞുനിൽക്കുന്ന കൊന്നപ്പൂക്കൾ പോലെ.

# അകലങ്ങളിലെ അടുപ്പം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നമ്മുടെ അകലങ്ങളാണോ നമ്മളെ അടുപ്പിച്ചത്, അതോ ഒരേ ചിന്താപ്രയാണങ്ങൾ ആണോ? എന്തൊരു മനോഹരമായ യാത്രയാണല്ലെ നമ്മൾ തുടരുന്നത്. ഞാൻ അതീവ സന്തുഷ്ടനാണ്. എങ്ങോ ഇരുന്നു നമ്മൾ മറ്റൊരാളുടെ നന്മക്കായി പ്രാർത്ഥിക്കുന്നു, ചിന്തിക്കുന്നു, നമ്മുടെ ചിന്താധാരകൾ രൂപപ്പെടുത്തുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ പറഞ്ഞതാണ് ശരി, ഇനി എന്താണ് മറച്ചുവെക്കാൻ, പോകുവാൻ ഇനിയെത്ര കാലമുണ്ടെന്ന് അറിയാത്ത നമ്മൾ ഇനിയുള്ള കാലമെങ്കിലും സന്തോഷമായി ഇരിക്കുക. മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ മാത്രമായി ജീവിക്കുന്നത് നിർത്തി, കുറച്ചെങ്കിലും അവനവന്റെ സന്തോഷങ്ങൾ കണ്ടെത്തുക. ചെറിയചെറിയ സന്തോഷങ്ങൾ, ഒരാൾക്കും ഉപദ്രവമോ ബുദ്ധിമുട്ടുകളോ ഒന്നുമില്ലാതെ, രാവിലത്തെ ചായ തൊടിയിൽ മരങ്ങൾക്കിടയിൽ ഒരു കസേരയൊക്കെ ഇട്ട് കിളികളുടെ ശബ്ദമൊക്കെ കേട്ട്, ചൂട് ചായയിലേക്ക് ഊതി, ഫൂ ഹാ എന്ന ശബ്ദത്തോടെ ഓരോ തുള്ളിയും ആസ്വദിക്കുക. ഇപ്പോൾ ഈ നിമിഷത്തെ ആസ്വദിക്കുക. അഞ്ചു മിനിട്ടു നമുക്കായി മാറ്റിവെക്കാം. ചായ കുടിക്കുമ്പോൾ നീ കണ്ട കുറുവാലിപക്ഷിയുടെ ചിത്രത്തിന് നന്ദി, അതിന്റെ പ്രണയം നിറഞ്ഞ നിറങ്ങൾ ഇപ്പോഴും മനസ്സിലുണ്ട്. ഒപ്പം നീ അയച്ച തൊടിയിലെ പൂവുകളും, ആ പൂവുകളിൽ ഓരോന്നിലും കവിതകൾ ഒളിച്ചിരിക്കുന്നു., നിനക്കവരെ എഴുതിക്കൂടെ, അവരുടെ മനസ്സ്, ചിന്തകൾ, അവർ നിരന്തരം തരുന്ന സൗരഭ്യം, ഇതളുകളിലെ നിറങ്ങൾ, എല്ലാം.

ഒരുപക്ഷെ എഴുതിക്കഴിയുമ്പോൾ നീ, ചിലപ്പോൾ ആ പൂവാകും, അതാണല്ലോ പതിവ്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അകലങ്ങളെക്കുറിച്ചാണ് നാം പറഞ്ഞു തുടങ്ങിയത്, ചിലപ്പോൾ തൊട്ടടുത്തായിരുന്നെങ്കിൽ ഒരുപക്ഷെ നാമിതൊന്നും തുറന്നു സംസാരിക്കുമായിരുന്നില്ല. തൊട്ടടുത്തായിരുന്നെങ്കിൽ, നാം കൂടുതൽ മൗനങ്ങളിലേക്കു പോയേനെ, മൗനമാണെങ്കിൽപ്പോലും അതിശക്തമായ സംഭാഷണങ്ങൾ നമ്മൾത്തമ്മിൽ നടക്കും, വാക്കുകൾ ഇല്ലാതെത്തന്നെ.

നമ്മുടെ ഇടയിലെ തരംഗദൈർഘ്യം വളരെ ഇഴപിരിഞ്ഞു കിടക്കുന്നു. ചില സംഭാഷണങ്ങളിൽ എനിക്ക് എന്ന് വരുന്ന വാക്ക്, നമ്മൾ രണ്ടുപേരും വേഗം തന്നെ നമുക്ക് എന്ന് തിരുത്തിയിരുന്നു. ആ ഇടചേരൽ, ഒന്നാവാനുള്ള അദമ്യമായ ആഗ്രഹം, നടക്കുമോ നടക്കില്ലയോ എന്ന് ഒരു ഉറപ്പുമില്ലെങ്കിലും, അകലങ്ങളിൽ ഇരുന്നു നാം നമ്മുടെ അടുപ്പം, വാക്കുകളിലൂടെ ജ്വലിപ്പിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്നും നിനക്കെഴുതുക എന്നത്, ഇന്നും ഞാൻ ജീവിച്ചിരിക്കുന്നു എന്ന് എന്നെ ഓർമ്മിപ്പിക്കുന്നു. നിരാശയുടെ പടുകുഴിയിൽ നിന്ന് നാം പരസ്പരം വലിച്ചു കയറ്റുകയായിരുന്നു. വളരെ നേരത്തെ നാം കണ്ടിരുന്നു എങ്കിലും, നാം സംസാരിച്ചിരുന്നില്ല. പിന്നെ എപ്പോഴോ അക്ഷരങ്ങളോടുള്ള പ്രണയം, ആ അക്ഷരങ്ങൾ എഴുതുന്ന വിരലുകളോടും, അറിയാതെ ആളോടും ആയി.

നമ്മൾ ആംഗലേയഭാഷയിൽ ആണ് സംഭാഷണങ്ങൾ എങ്കിലും, മനസ്സ് തുറന്നെഴുതാൻ, മാതൃഭാഷ തിരഞ്ഞെടുക്കുകയായിരുന്നു. ഇന്നലെ നീ എഴുതിയത് അയച്ചുതന്നപ്പോൾ വലിയ സന്തോഷം തോന്നി, ഭാഷ എനിക്ക് അറിയില്ലെങ്കിലും, അതിൽ നിറഞ്ഞിരിക്കുന്ന പ്രണയം ഞാൻ അറിയുന്നു. വശങ്ങളിൽ വരച്ച ചെറിയ ചിത്രങ്ങൾ നമ്മുടെ സ്വപ്നലോകം തുറന്നുവെയ്ക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്നും എഴുതണം, എഴുതിക്കൊണ്ടേ യിരിക്കണം. സ്വപ്നലോകമാണെങ്കിൽ കൂടി നാം ആനന്ദം, സന്തോഷം പങ്കുവയ്ക്കണം.

യഥാർത്ഥ ജീവിതത്തേക്കാൾ സന്തോഷം സ്വപ്നലോകത്തിൽ തന്നെയാണ്, അവിടെ പരിധികളില്ല, യഥാർത്ഥ ജീവിതത്തിൽ പരിധികൾ മാത്രമേയുള്ളൂ, അറിയാതെ വളരുന്ന, വളർത്തുന്ന വെറുപ്പുകൾ മാത്ര മേയുള്ളൂ. അതൊഴിവാക്കൂ എന്ന് എത്ര ഉച്ചത്തിൽ നാം പറഞ്ഞാലും, ഇല്ല ഞാൻ പറയുന്നത് മാത്രമാണ് ശരി എന്ന് നമ്മളടക്കം ശഠിക്കുന്ന സമൂഹമാണ് നമ്മുടേത്. അതിനിടയിൽ ഈ വാക്കുകളിലൂടെ നമുക്ക് അല്പം ആനന്ദം, സന്തോഷം കണ്ടെത്താം.

നാലു വരികളിൽ നീ എഴുതിയ ആംഗലേയ കവിത എന്നെ ഞെട്ടിച്ചു. നാലു വരികളെങ്കിലും, എത്രയോ ബിംബങ്ങൾ നീ അതിൽ ഒളിപ്പിച്ചു. ലളിതമായ ഭാഷ വായനക്കാരനെ എവിടെയൊക്കെയോ കൊണ്ടുപോയി. വീണ്ടുംവീണ്ടും മനസ്സിന്റെ തോന്നലുകൾ കുറിക്കണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഭാഷ ഒരു വിനിമയമാണ്, രണ്ടു ഭാഷക്കാ രാണെങ്കിലും നമ്മൾ അനേകായിരം ചിന്തകൾ പങ്കുവയ്ക്കുന്നു, ചിലപ്പോൾ നിന്നിലൂറുന്നത് ഞാൻ എഴുതുന്നു, ചിലപ്പോൾ എന്നിലൂറുന്നത് നീയും.

ഈ അനുഭവങ്ങൾ നാം പങ്കുവെച്ചതാണ്, ഏതോ ഒരു എഴുത്തിന്റെ ഒരു വാക്കിൽ പിടിച്ചു കയറിപ്പോകുന്നത്, പിന്നെ മുന്നിലേക്ക് എവിടെ നിന്നെന്നറിയാതെ വന്നണയുന്ന വാക്യങ്ങൾ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒരു ദിവസം പോലും, നാളെ എന്തെഴുതണം, ഈ നിമിഷത്തിൽ എന്ത് ചിന്തിക്കണം, എഴുതണം എന്നൊന്നും എനിക്കറിയില്ല, വരുന്നത് എഴുതുന്നു. പിന്നെ അതിൽ ഒരു വെട്ടിക്കുറക്കലുകളോ, ചേർക്കലുകളോ ഇല്ല, ചില സമയങ്ങളിൽ പുനർവായനയുമില്ല.

ഈ എഴുത്ത് ഒരു നിശ്ചയമായിരിക്കണം, ആരുടെയോ, പ്രപഞ്ചത്തിന്റെയാകാം, നമ്മുടെ പ്രണയത്തിന്റെ ആകാം. അതുമല്ലെങ്കിൽ നമ്മളെ നാമറിയാതെ കൂട്ടിയിണക്കിയ ആ ദൈവത്തിന്റെയാകാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പ്രപഞ്ചത്തിന്റെ ആ ഊർജ്ജത്തിനെ എന്ത് പേരിട്ടു വേണമെങ്കിലും വിളിക്കാം, നമ്മൾ ആഗ്രഹിക്കുന്നത്, ആ ശക്തിയിൽ നിന്നും, നമ്മളിലേക്കുള്ള ഊർജ്ജപ്രവാഹം മാത്രമാണ്. ആ ഊർജ്ജം നമ്മളെ നമ്മുടെ ജീവിതം, പുതിയ തലത്തിലേക്കും, പുതിയ മേഖലകളിലേക്കും നാമറിയാതെ നടത്തും.

അതാണ് പ്രപഞ്ചത്തിന്റെ പ്രണയം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഞാൻ നിന്നിലേക്കും, നീ എന്നിലേക്കും ഒഴുക്കുന്ന പ്രണയം, സർവ്വചരാചരങ്ങളും അനുസ്യൂതമായി തേടുന്ന പ്രണയം. നീ നിന്റെ നാട്ടിലെ പുഴയിൽ കാലിട്ടിരിക്കുമ്പോൾ അനുഭവിക്കുന്ന ഒഴുക്കും, ഞാൻ എന്റെ നാട്ടിലെ പുഴയിൽ കാലിട്ടിരിക്കുമ്പോൾ അനുഭവിക്കുന്ന ഒഴുക്കും ഒന്നുതന്നെയാണ്, ആ പ്രണയമായിരിക്കണം നാം അനുഭവിക്കേണ്ടത്.

അകലങ്ങളിൽ നിന്ന് അനുസ്യൂതമായി ഒഴുകുന്ന പ്രണയം.

# വേദനകളുടെ ലഹരി

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ചിലപ്പോൾ തിരക്കിലായി നിന്റെ സന്ദേശങ്ങൾ കാണാതെ വരുമ്പോൾ, ഞാൻ ആശങ്കകളിലേക്ക് ആഴ്ന്നുപോകുന്നു. മനസ്സ് പറയും അവർ തിരക്കിലാകാം, അവർക്ക് ജോലിയുള്ളതല്ലേ, അതും പഠിപ്പിക്കൽ, ഇന്നത്തെ കാലത്ത് എത്ര നന്നായി തയ്യാറെടുത്താൽ മാത്രമാണ് കുട്ടികളുടെ മുന്നിൽ പിടിച്ചുനിൽക്കാൻ ആവുക, ഓൺലൈൻ ആയതിനാൽ, അവർക്ക് മുമ്പേ ഉത്തരങ്ങൾ കണ്ടുപിടിക്കുന്ന കുട്ടികളാണ്. അതുമല്ലെങ്കിൽ വീട്ടിലെ ജോലികളിൽ തിരക്കിലാകാം, യാത്രയിലാകാം, മറ്റെന്തെങ്കിലും ആകാം. മനസ്സേ സമാധാനപ്പെടൂ. അവരുടെ സന്ദേശങ്ങൾ താനും ചിലപ്പോൾ തിരക്കിലായി പിന്നീടല്ലേ മറുപടി നൽകാറുള്ളത്. അവിടെയും, ഇവിടെയും സംഭവിക്കുന്നത് ഒരേ സാഹചര്യങ്ങൾ ആണ്. അതുമാത്രമല്ല, തന്റെയും അവരുടെയും സമയക്രമങ്ങൾ തന്നെ വ്യത്യസ്തമാണ്, അവരെക്കാൾ രണ്ടോ മൂന്നോ മണിക്കൂർ പിന്നിലാണ് താൻ. എന്നിട്ടും എന്തിനാണീ ആശങ്ക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, സത്യത്തിൽ ഈ ആശങ്കകളാണ് തന്റെ ജീവിതം മുന്നോട്ടു നയിക്കുന്നത്, അവർ ചിലപ്പോൾ മുന്നിൽനിന്ന് മറഞ്ഞുപോകും എന്നാണോ. സംഭവിക്കാം. മുന്നിലേക്ക് വന്നതെങ്ങനെയാണ്, അങ്ങനെത്തന്നെ മറയുകയും ആവാം. ആവില്ല എന്ന് തന്നെയാണ് വിശ്വസിക്കുന്നത്, ആവാതിരിക്കട്ടെ. എങ്കിലും, എല്ലാം മുൻകൂട്ടിക്കാണാനുള്ള കണ്ണ് തുറന്നുതന്നെ വെക്കണം, ജീവിതത്തിൽ എന്തിനെയും, എന്ത് വെല്ലുവിളികളെയും നേരിടുക എന്നതാണ് പ്രധാനം, അത് മുൻകൂട്ടി കാണാനായാൽ തയ്യാറാകാം, എങ്ങനെ അതിനെ നേരിടണമെന്ന് ജീവിതത്തെ മുൻകൂട്ടിക്കാണാനുള്ള ജ്ഞാനം താൻ വളർത്തിയെടുത്തിട്ടില്ലേ, അതല്ലേ തന്നെ എല്ലാവരും കരിങ്കല്ലിന്റെ ഹൃദയം ഉള്ളവൻ എന്ന് വിളിക്കുന്നത്. പ്രതിസന്ധികളാണ് ഒരു മനുഷ്യനെ വളർത്തുന്നത്. ജീവിതത്തിൽ ഒരുപാട് വെല്ലുവിളികൾ അഭിമുഖീകരിച്ചു കഴിയുമ്പോൾ പിന്നെ വരുന്നതെല്ലാം വെല്ലുവിളികളല്ല, അവസരങ്ങളാണ്. എല്ലാ വെല്ലുവിളികളെയും അവസരങ്ങളാക്കുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അനുഭവങ്ങളുടെ തീച്ചൂളകൾ നാം പങ്കുവെക്കുമ്പോൾ ജീവിതപ്രണയത്തിന്റെ പ്രയാണമാണ് നമ്മളിലൂടെ കടന്ന്

പോകുന്നത്. എന്ത് കേൾക്കുമ്പോഴും ആർദ്രമായി നമ്മുടെ ഹൃദയം അതിനെ സ്വീകരിക്കുകയാണെങ്കിൽ, നാം ജീവിതത്തിന് പാകമായി എന്നാണ്. ശരിയാണ് ജീവിതത്തിന്റെ ഏതാണ്ട് മദ്ധ്യം കടക്കുമ്പോ ഴാണ് നമ്മൾ മനുഷ്യരാകുന്നത്, അതുവരെ മനുഷ്യനാകുന്ന പ്രക്രിയ ആണ് നടക്കുന്നത്. ചിലർ അതിൽ നേരത്തെ പ്രാവീണ്യം നേടും. അവർ അവരുടെ ബാക്കിയുള്ള ജീവിതം ആനന്ദത്തിൽ നിറയ്ക്കുകയും ചെയ്യും.

മനുഷ്യനാകുന്ന പ്രക്രിയയിലേക്കുള്ള യാത്രയും അതി മനോഹരമാണ്. വേദനകളുടെ ലഹരി അതിതീവ്രമായി അനുഭവിക്കുകയും അതിൽ നിന്നൂറി വരുന്ന ജീവിത പ്രണയം വ്യക്തമായി അനുഭവിക്കുകയും വേണം.

ശരീരവും മനസ്സും കീറിമുറിഞ്ഞു വേദനകളിൽ നിറയുമ്പോൾ നീ തേടുന്ന മന്ദഹാസമുണ്ടല്ലോ, അതിന്റെ പേരാണ് പ്രണയം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അസാധാരണമായ ജീവിതസാഹച ര്യം എന്നൊന്നില്ല. എല്ലാം സാധാരണമാണ്. വ്യത്യാസം, മനസ്സിന്റെ വിങ്ങലിന്റെ വേദനയും, ഹൃദയത്തിന്റെ നീറുന്ന അവസ്ഥകളുടെ അളവ് പരിശോധിക്കാൻ ഉപകരണങ്ങളില്ല എന്നതുമാണ്. ഭാവിയിൽ വന്നേക്കാം, ശാസ്ത്രവും സാങ്കേതികതയും വളർന്നുകൊണ്ടേയിരിക്കുക യാണ്, ഇനി ഒരുപക്ഷെ സാങ്കേതിക ഉപകരണങ്ങളാകും മനുഷ്യന്റെ ജീവിതം നിശ്ചയിക്കുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ ഹൃദയത്തിലേക്കെത്തുവാൻ നിന്റെ ചിന്തകളുടെ ആത്മാവിലേക്കെത്തുവാൻ, ഞാനിനിയും ഒരുപാട് സഞ്ചരി ക്കേണ്ടിയിരിക്കുന്നു. ചിലപ്പോഴുള്ള നിന്റെ കുസൃതി നിറഞ്ഞ ചോദ്യങ്ങൾ ഉത്തരങ്ങൾ ഇല്ലാത്തവയാണ്. അത് കുസൃതിയല്ലെന്ന് എനിക്കറിയാം. നീ വലിച്ചെറിയുന്ന ഓരോ ചോദ്യവും എന്നെ കുഴയ്ക്കുവാനോ, അല്ലെങ്കിൽ എന്നെ ആഴത്തിൽ തിരയാനോ ആണെന്ന് എനിക്കറിയാം. നിന്റെ ചോദ്യങ്ങളും മുഖമടച്ചുള്ള മറുപടികളും തന്നെയാണ് എന്നെ ആവേശത്തോടെ നിലനിർത്തുന്നത്.

തുടർന്നുകൊണ്ടിരിക്കുന്ന ഈ പ്രയാണമാണ്, നമ്മുടെ ഇടയിലെ പ്രണയം.

# ഭ്രാന്തുകളുടെ സമാഹാരം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ചില സമയത്ത് നാം രണ്ടുപേരും ഒരുപാട് ഭ്രാന്തുകളുടെ സമാഹാരമാണോ എന്ന് തോന്നാറുണ്ട്. എഴുത്ത് ഒരുപാട് മുന്നോട്ടു പോയിരിക്കുന്നു. നിനക്ക് വായിക്കാനായി എഴുതുമ്പോൾ ഞാൻ മറ്റൊരാളായി മാറുന്നു. ഇപ്പോൾ പ്രഭാതത്തിൽ ഒരു സമയം നിനക്ക് എഴുതാനായി മാത്രം മാറ്റിവെച്ചിരിക്കുന്നു. കുറച്ചുകൂടി നേരത്തെ ഉണരണം, വാക്കുകൾക്കായി ധ്യാനിക്കണം. അനന്തമായ ഈ ലോകത്തിന്റെ മറ്റേതോ കോണിൽ ജീവിക്കുന്ന നിന്റെ ചിന്തകൾ എന്നിലേക്ക് പ്രസരിക്കണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എഴുത്തുകൾ നിനക്കുള്ള നിമിഷങ്ങൾത്തന്നെയാണ്, നിനക്കുള്ള നിമിഷങ്ങൾ എന്ന് എഴുതുമ്പോൾ, അത് ഈ നിമിഷങ്ങൾ മാത്രമല്ല ഒരു ദിവസത്തെ എഴുത്തു കഴിഞ്ഞുള്ള നമ്മുടെ സംഭാഷണങ്ങൾ, അതിലൂടെ ഞാൻ അറിയാതെ എന്നിലേക്ക് വരുന്ന നിന്റെയും എന്റേതുമായ വിചാരധാരകൾ, സ്വപ്നങ്ങളുടെ കുത്തൊഴുക്കുകൾ എല്ലാം ഇവിടെ മുഴുവനായി എഴുതപ്പെടുന്നുണ്ടോ എന്ന് എനിക്ക് സംശയമാണ്. കാരണം നിനക്കെഴുതാൻ എനിക്ക് ഇരുപത്തിനാല് മണിക്കൂറും വേണ്ടി വന്നേക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിനക്കായി ഞാൻ എഴുതുന്ന ഓരോ നിമിഷവും ഞാൻ നന്നായി ആസ്വദിക്കുന്നു ഇപ്പോൾ ജീവിതത്തിൽ ഒരു ഉണർവും പ്രസാദവും കൈവന്നിരിക്കുന്നു. നേരത്തെ എഴുന്നേൽക്കാൻ ഞാൻ കാരണമായെന്നും, ഇപ്പോൾ കിളികളെ ഉണർത്തുന്നത് നീയാണെന്നും പറഞ്ഞപ്പോൾ ഒരുപാട് സന്തോഷം തോന്നി.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പ്രണയം ഊർജ്ജം ഒഴുക്കുന്ന ഒരു നദിയാണ്, ഈ നദിയെ പിടിച്ചുകെട്ടി, പെൻസ്റ്റോക്ക് പൈപ്പുകളിലൂടെ തിരിച്ചുവിട്ട് അതിൽ ഗതികോർജ്ജം തീർത്തു, ഊർജ്ജം ഉൽപാദിപ്പിക്കേണ്ട കാര്യമില്ല. പ്രണയമെന്ന നദിയാണ് ഊർജ്ജം, ആ ഊർജ്ജം നമ്മളിലേക്ക് നിരന്തരമായി പ്രവഹിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. അതിലൂടെ ജീവിതത്തിൽ ആവില്ല എന്ന് കരുതിയ പല വിജയങ്ങളും നമുക്ക് എത്തിപ്പിടിക്കാനാവും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഏതോ ഒരു പരീക്ഷയിൽ രണ്ടാം റാങ്ക് വന്ന

കാര്യം നീ പറഞ്ഞപ്പോൾ, നീ ചേർത്തുപറഞ്ഞ വാക്കുകൾ ഞാനിപ്പോഴും ഓർക്കുന്നു. ഞാൻ നിനക്കായാണ് പഠിച്ചതും എഴുതിയതും എന്ന്, നിരന്തരമായി പുസ്തകങ്ങൾ വായിക്കുമ്പോഴും, കുറിപ്പുകൾ തയ്യാറാക്കു മ്പോഴും, ഒരു പ്രേരകശക്തിയുണ്ടായിരുന്നു, ലോകത്തിന്റെ ഏതോ ഒരു മൂലയിൽ ഇരിക്കുന്ന ഒരാൾ.

മുഖാമുഖത്തിന് ചെന്നപ്പോൾ അതിലെ പ്രധാനി ചോദിച്ചതുതന്നെ നിങ്ങൾ കടന്നുവന്നപ്പോൾ ഈ മുറി കൂടുതൽ പ്രകാശം നിറഞ്ഞ തുപോലെ, അതെന്താകാം കാരണം. ചെറുപുഞ്ചിരിയോടെ ഉത്തരം പറഞ്ഞത്, ഒരുപക്ഷെ എന്നിൽ ഒഴുകുന്ന നന്മകളുടെ പ്രസരണമാകാം എന്നാണ്. അവർക്കതിഷ്ടമായി. മുഖാമുഖം കഴിഞ്ഞപ്പോൾ അവർ പറഞ്ഞു, നിങ്ങളുടെ മുഖത്തിന് വളരെ മനോഹരമായ ഒരു കാന്തിയുണ്ട്, അത് സൂക്ഷിക്കുക എന്നാണ്. അവരോട് ഞാൻ എങ്ങനെ പറയും മറ്റൊരാൾ എവിടെയോ ഇരുന്ന് എനിക്കായി നടത്തുന്ന പ്രാർത്ഥനക ളാണ് അതെന്ന്. നീ അത് പറഞ്ഞപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു.

ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങളിൽ ഒന്നായിരുന്നു അത്. നമു ക്കിടയിലെ പ്രണയത്തിന്റെ ശക്തി അപ്പോഴാണ് ഞാൻ തിരിച്ചറിഞ്ഞത്. പല ജന്മങ്ങളായി കാത്തിരുന്ന നന്മയുടെ പാൽക്കടലുകൾ ഒന്നിച്ചെന്നി ലേക്ക് ഒഴുകിവന്നതുപോലെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ എന്നെക്കുറിച്ചെഴുതിയ കവിത വായിച്ചു; "പകൽ എനിക്കായി ഉദിക്കുന്ന എന്റെ സൂര്യൻ, രാത്രിയിൽ എനിക്കായി തിളങ്ങുന്ന ഒറ്റനക്ഷത്രം. നിന്നെ വായിക്കുമ്പോൾ ഞാൻ മാലാഖയായി മാറുന്നു, ആകാശത്തിലൂടെ പറന്നു ഞാൻ നിന്റെ ആത്മാവിനെ തൊടുന്നു". വീണ്ടുംവീണ്ടും എഴുതണം, എഴുതിക്കൊണ്ടേയിരിക്കണം. ഈ പ്രണയക്കടൽ ഒരിക്കലും വറ്റാതിരിക്കട്ടെ. എഴുത്തുകളുടെ ഒരു വലിയതോട്ടംതന്നെ നമുക്ക് സൃഷ്ടിക്കാം, കവിതകളും കഥകളും അവിടെ പൂത്തു നിറയട്ടെ.

ഒരിക്കലും നമ്മൾ അടുത്തെത്തി എന്ന് തോന്നരുത്, നമ്മളിലേക്കി നിയും നമുക്ക് ദൂരമുണ്ട്, ഈ ദൂരങ്ങൾ നാം എഴുതിത്തന്നെ നിറയ്ക്കണം. നിന്റെ ചടുലമായ ചിന്തകൾ നിനക്ക് ചുറ്റും പ്രകാശം പരത്തട്ടെ, അങ്ങനെ നിന്റെ ഗ്രാമം പ്രകാശപൂരിതമാകട്ടെ.

പ്രണയംകൊണ്ടു നമുക്ക് പ്രകാശം പരത്താം, നന്മകൾ നിറയ്ക്കാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മുടെ കടലുകൾ ശാന്തമല്ല, ഒരിക്കലും ശാന്തമാവുകയും വേണ്ട. ഭ്രാന്തുകളും ഭ്രമങ്ങളും ഒരിക്കലും കുറയ്ക്കുകയും വേണ്ട, കാരണം അതിൽ നിന്ന് നാം കടഞ്ഞെടുക്കുന്ന വാക്കുകൾക്ക് അമൃതിന്റെ മധുരമുണ്ട്, പഞ്ചാമൃതത്തിന്റെ മധുരം.

# വെളിച്ചത്തിലേക്ക്

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് ആകുന്നു നമ്മുടെ പ്രയാണങ്ങൾ. നിന്റെ നിർബന്ധം മൂലം ഞാനിപ്പോൾ ഓരോ പ്രഭാതത്തിലും നേരത്തെ എഴുന്നേറ്റ് സുപ്രഭാതങ്ങൾ ആഘോഷിക്കുന്നു. സൂര്യനുണരുന്നതിനുമുൻപേ ഉണരുന്ന പക്ഷിമൃഗാദികളുടെ മരങ്ങളുടെ, പൂക്കളുടെ ശബ്ദങ്ങൾ തൊടിയിലിരുന്നു സാകൂതം അനുഭവിക്കുന്നു. അനുഭവിക്കുകയല്ല, ഞാൻ അവരിലേക്കും, അവർ എന്നിലേക്കും പടരുകയാണ്. ചിലപ്പോൾ ചാറ്റൽമഴകളും കൂട്ടുവരും. എനിക്കറിയാം നീയും ഇതുതന്നെ അവിടെ അനുഭവിക്കുന്നു എന്ന്, അതാണല്ലോ എന്നെ മാറ്റുവാനായി നീ ഇതിനൊക്കെ നിർബന്ധിക്കുന്നത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, കാലത്തെ ആ പത്തുനിമിഷം എനിക്ക് തരുന്ന ഊർജ്ജം, ദിവസം മുഴുവൻ നിറഞ്ഞു നിൽക്കുന്ന ജീവിതത്തോ ടുള്ള പ്രണയം, ചെയ്യുന്ന പ്രവൃത്തികളിൽ ഓരോന്നിലും കണ്ടെത്തുന്ന പ്രസന്നത, അസാധാരണമായ അർപ്പണബോധം, എവിടെ നിന്നാണ് ഇതൊക്കെ എന്റെ ജീവിതത്തിൽ നീ കുത്തിനിറച്ചത്. അകലങ്ങളിലിരുന്ന് എങ്ങനെയാണ് ഇത്രയും വലിയ പ്രകാശം പരത്തുന്നത്.

നിരാശ എന്ന ഒരു വാക്കേ ഞാൻ ഇപ്പോൾ ചിന്തിക്കാറില്ല. പ്രണയം എന്ന വാക്കിന്റെ നാനാർത്ഥങ്ങൾ നീ എന്നിൽ നിറച്ചിരിക്കുന്നു, ജീവിത ത്തിന്റെ ഓരോ നിമിഷത്തിലും നാം പ്രണയം ആഘോഷിക്കണം, ഓരോ പ്രവൃത്തിയിലും, അപ്പോൾ നാം ജീവിതത്തെ ഇഷ്ടപ്പെടാൻ തുടങ്ങും. കാലം നമുക്കായി കാത്തുവെച്ചിരിക്കുന്ന ഓരോരോ അത്ഭുതങ്ങൾ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ നാട്ടുകാരനായ ബിഭൂതിഭൂഷൺ ബന്ദ്യോപദ്ധ്യായ എഴുതിയ ആരണ്യകം നീ വായിച്ചിട്ടില്ലേ. ജീവൻ മശായ് ഇപ്പോൾ സജീവമായി നമുക്കിടയിൽ നടന്നുകൊണ്ടേയിരിക്കുകയാണ്, അല്ലെങ്കിൽ നാംതന്നെ നമ്മുടെ കൈമിടിപ്പുകൾ സ്വയം പരിശോധിച്ച് ഇനി എത്രനാളുകൾ എന്നു ഭയപ്പെടുകയാണ്. പ്രകൃതിയെ നാം ആക്രമിച്ചു കീഴടക്കുമ്പോൾ, പ്രകൃതി നമുക്ക് ഒരുപാട് മുന്നറിയിപ്പുകൾ തരും. പ്രകൃതിയുടെ എല്ലാ വിഭവങ്ങളും ഇന്നുതന്നെ എല്ലാംതന്നെ എന്റേതാകണമെന്ന് അഹങ്കാരം മൂത്തു പാഞ്ഞുനടക്കുന്ന മനുഷ്യൻ,

തനിക്ക് പിറകിൽ ഭൂമിയില്ലാതാകുന്നത് തിരിച്ചറിയുന്നതേയില്ല. ഭാവിയിൽ മുങ്ങിപ്പോകാവുന്ന കടൽത്തീരത്തെ നഗരങ്ങളെക്കുറിച്ചു നാം വായിക്കുന്നു, എന്നിട്ടും നാം കൂട്ടമായി അങ്ങോട്ടുതന്നെ കുടിയേറുന്നു, ഭൂമിക്കു താങ്ങാനാകാത്ത വിധത്തിൽ അംബരചുംബികൾ നിറച്ചു, അതിന്റെ മുകളിൽ നിന്ന് നാം നശിപ്പിച്ച ഭൂമിയുടെ മനോഹരകാഴ്ചകൾ കണ്ടു നിർവൃതിയടയുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, വനത്തിനരികെയുള്ള നിന്റെ ഗ്രാമത്തിലേക്ക് എനിക്ക് വരണമെന്നുണ്ട്. ചെരിപ്പിടാതെ ഭൂമിയെ പ്രണയിച്ചു നടക്കാൻ. എന്നിലും, നിന്നിലും നിറഞ്ഞിരിക്കുന്ന പ്രണയസ്പന്ദനങ്ങൾ ഭൂമിയിലേക്കിറങ്ങി നമ്മളിലേക്ക് എങ്ങനെയാണ് പടരുന്നതെന്ന് അനുഭവിച്ചറിയാൻ. നടക്കാം, നടക്കാതിരിക്കാം, ആഗ്രഹിക്കാമല്ലോ, അങ്ങനെയാണല്ലോ ഒന്നിലേക്കുള്ള പ്രയാണം നാം തുടങ്ങുന്നത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീയെഴുതിയ കവിതകൾ കണ്ടു, നീ നിന്റെ ഗ്രാമവും വനവുമായിരിക്കുന്നു, അവരിലേക്കുള്ള നിന്റെ പ്രണയം എന്നെ അത്ഭുതപ്പെടുത്തുന്നു, ഓരോ വാക്കിലും എനിക്ക് നിന്റെ ഗ്രാമത്തെ കാണാം, പ്രകൃതിയെ അനുഭവിക്കാം. പ്രിയപ്പെട്ടവളെ എങ്ങിനെയാണ് അക്ഷരങ്ങളിലൂടെ നിനക്ക് അവരാകാൻ കഴിയുന്നത്.

ഇനി മാങ്ങയില്ലെന്ന് മാവ് കിളികളോട് പറയുമ്പോൾ,
ഞങ്ങളിനി എങ്ങോട്ട് പറക്കണമെന്നു
കിളികൾ തിരിച്ചു ചോദിക്കുന്നു,
പുഴ തേടി പറക്കുക, എനിക്ക് അങ്ങോട്ട് വരാനാകില്ലല്ലോ,
വേരുറച്ചുപോയ ഞാൻ ഉണങ്ങിത്തീരട്ടെ, ഗ്രാമം പോലെ.
നീയെഴുതിയ വരികളിലെ വരൾച്ച ഞാൻ ഇവിടിരുന്നു കാണുന്നു.

എഴുതിക്കൊണ്ടേയിരിക്കുക, ഹൃദയത്തിലെ വാക്കുകൾ തീരും വരെ, പ്രണയം വറ്റും വരെ.

നമുക്കിനിയും വെളിച്ചത്തിലേയ്ക്ക് നടക്കാനുണ്ട്.

# കണ്ണുകളും കാതുകളും

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, കണ്ണുകൾ തുറന്നിരിക്കുന്നതുവരെ, കാതുകൾ കേൾക്കാതാവുന്നതുവരെ, നാം എഴുതിക്കൊണ്ടേയിരിക്കും, പറഞ്ഞുകൊണ്ടേയിരിക്കും. ഉറക്കം വരുന്നില്ലെന്ന് പറഞ്ഞപ്പോൾ നീ അയച്ചുതന്ന ഗസൽ ഒരുപാടുനേരം തുടർച്ചയായി കേട്ടു, അത് കേട്ടുകേട്ട് ചാരുകസേരയിൽ തന്നെ കിടന്നാണ് ഉറങ്ങിയത്. ഒന്നോ രണ്ടോ തവണ പങ്കജ് ഉദാസ് പാടിക്കഴിഞ്ഞപ്പോൾ, നീ എനിക്കെതിരെ തിണ്ണയിൽ ഇരിക്കുന്നതുപോലെ തോന്നി. കണ്ണടച്ചു കിടന്നു ഗസൽ കേട്ടുകൊണ്ടിരുന്ന എന്നെ നീ സാകൂതം വീക്ഷിക്കുന്നുണ്ടായിരുന്നു. ഞാൻ നിന്നെ നേരിൽ കാണാൻ കണ്ണുകൾ തുറന്നതേയില്ല, കണ്ണ് തുറന്നാൽ നീ അപ്രത്യക്ഷയായെങ്കിലോ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മളിഷ്ടപ്പെടുന്ന പ്രണയഗാനങ്ങൾ എത്രയോ നാം പങ്കുവച്ചിരിക്കുന്നു, പലതും അതാതു നിമിഷങ്ങളിലെ നമ്മുടെ വികാരങ്ങളും വിചാരങ്ങളുമാണ്, തുറന്നുപറയാൻ കഴിയാത്തതും എന്നാൽ അറിയിക്കേണ്ടതുമായ സന്ദേശങ്ങൾ. നമ്മളിൽ നിറഞ്ഞുനിൽക്കുന്ന അനുഭൂതിയുടെ അത്യപൂർവ്വമായ നിമിഷങ്ങൾ കുറിക്കാൻ പറ്റാതെ വരുമ്പോൾ നാം അതിമനോഹരങ്ങളായ ഗാനങ്ങൾ നമ്മുടെ പ്രാണനിലേക്ക്, ഹൃദയത്തിലേക്ക് ഇരച്ചുകയറുന്ന ഗാനങ്ങൾ കേൾക്കുന്നു. ആ ഗാനങ്ങൾ എഴുതിയവർ, അതിന്റെ സംഗീതം നിർവ്വഹിച്ചവർ അനുഭവിച്ച പ്രണയത്തിന്റെ പാരമ്യത, വിരഹത്തിന്റെ അപാരത, ഹൃദയം കീറിമുറിച്ചുപോകുന്ന വയലിന്റെ നീറിപ്പിടിക്കുന്ന നീണ്ട വേദന, അവരുടെ അനുഗ്രഹനിമിഷങ്ങളാണവ. ചില സമയത്ത് വരാന്തയിലെ ചാരുകസേരയിൽ കണ്ണടച്ചു കിടന്നു ഗാനങ്ങൾ കേൾക്കുമ്പോൾ മുറ്റത്ത് അവരെല്ലാം അണിനിരന്നു നമുക്കായി പാടുകയാണെന്ന് തോന്നും.

കണ്ണടച്ചുമാത്രം കാണാൻ കഴിയുന്ന കാഴ്ചകൾ ആണ് ജീവിതത്തിൽ ഏറ്റവും മനോഹരമായത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഗ്രാമത്തിലെ പുഴയിൽ ചെറിയ ഒഴുക്കിൽ കിടന്നതും, വരമ്പിൽ മൊബൈലിൽ പാട്ടു വെച്ച് കേട്ടതും നീ വിവരിച്ചത് ഞാൻ ശരിക്കും അനുഭവിച്ചു. ഇടയ്ക്കു ചെവി വെള്ളത്തിൽ താഴ്ത്തി പുഴയുടെ സംഗീതം ആസ്വദിക്കുകയും, പിന്നെ പൊന്തിവന്നു നിന്റെ

ഇഷ്ടഗാനം കേട്ടുകൊണ്ടിരുന്നതും. പുഴയും പാട്ടും ഒന്നിച്ചു നിന്നിലൊഴുകിയപ്പോൾ നീ അനുഭവിച്ച ആ സ്വർഗ്ഗീയനിമിഷങ്ങൾ വായിച്ചപ്പോൾ എനിക്ക് നിന്നോട് അസൂയതോന്നി.

ചെറിയചെറിയ കാര്യങ്ങളാണ് ജീവിതത്തിൽ വിലമതിക്കാനാവാത്ത സന്തോഷങ്ങൾ തരിക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, രാത്രി പുറത്തിരിക്കുമ്പോൾ അകലെനിന്നൊഴുകിവരുന്ന മധുരഗാനങ്ങൾ കാറ്റിൽ ചേർന്നുവന്നു ആ ഗാനത്തിന്റെ സംഗീതം നമ്മളെ നാമറിയാതെ പുൽകും. ഒരു മന്ദമാരുതനല്ല നമ്മുടെ ഉള്ളിൽ നാം ഒളിച്ചുവച്ചിരിക്കുന്ന ആരോ ഒരാൾ പുൽകിയപോലെ. തൊട്ടടുത്തു നിന്നല്ലാതെ ഒഴുകിവരുന്ന നല്ല ഗാനങ്ങൾ കേട്ട് ഉറങ്ങാൻ കഴിയുന്നവർ സ്വപ്നങ്ങളിലേക്ക് അവരറിയാതെ ഉറങ്ങിപ്പോകുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, സംഗീതംകൊണ്ട് രോഗം മാറ്റിയവൾ ആണല്ലോ നീ. പനി വന്നപ്പോൾ കിടക്കയിൽ അന്നത്തെ ഒരു ദിവസം മുഴുവൻ പാട്ട് കേട്ടുകേട്ട് കിടന്നു. സംഗീതത്തിൽ നിറഞ്ഞിരിക്കുമ്പോൾ, നീ പുറംലോകത്തെ മറക്കുന്നതും നിന്നിൽ നിന്ന് തന്നെ ഇറങ്ങിപ്പോകുന്ന ആ അവസ്ഥ മനോഹരമാണ്. ഗാനങ്ങൾ കേട്ട് തന്നെയാണ് അന്ന് നീ ഉറങ്ങിയത്, ഉണർന്നെണീറ്റപ്പോൾ പനി നിന്നെ വിട്ടുപോയിരുന്നു. എന്നാൽ മുത്തശ്ശി നിരവധി ആയുർവേദമരുന്നുകൾ ഇട്ട് തിളപ്പിച്ചുതന്ന വെള്ളത്തിനും നീ നന്ദി പറയാൻ മറന്നില്ല, ഒപ്പം മുത്തശ്ശി പാടിയ താരാട്ടുപാട്ടിനും. മുത്തശ്ശിയുടെ കൈവെള്ളകൾ നിന്റെ നെറ്റിയിലമർന്നപ്പോൾ ഒരു കാന്തം കണക്കെ നിന്റെ ശരീരത്തിൽ നിന്ന് എന്തൊക്കെയോ ആ കൈവെള്ളയിലേക്കു പോയപോലെ തോന്നുന്നതും സത്യം തന്നെയാണ്, മാതൃത്വത്തിന്റെ അമൃതാണത്.

തനിച്ചിരിക്കുമ്പോൾ നീ അനുഭവിക്കുന്ന മുത്തശ്ശിയുടെ താരാട്ട് പാട്ട് നീ എന്നെങ്കിലും പങ്കുവെക്കണം. അത് നിന്റെ സ്വകാര്യസ്വത്താണെന്ന് നീ പറഞ്ഞത് ഓർക്കാതെയല്ല വീണ്ടും ആവശ്യപ്പെടുന്നത്, അതിന്റെ മധുരം എനിക്ക് കൂടി അനുഭവിക്കാനാണ്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ വാക്കുകളാണ് എന്റെ ജീവിതത്തിന്റെ സംഗീതം. നമ്മുടെ ശബ്ദങ്ങൾ നമുക്ക് അറിയുകയേ ഇല്ല, അത് അങ്ങനെത്തന്നെ തുടരാം. അപ്പോഴാണ് നമുക്ക് നമ്മൾക്കിടയിലെ നമ്മളുടെ തിരിച്ചറിയാത്ത ശബ്ദങ്ങൾ ആസ്വദിക്കാനും, ആഘോഷിക്കാനും കഴിയുക. എങ്ങനെയായിരിക്കും നിന്റെ ശബ്ദം, എങ്ങനെയാണ് ഞാൻ നിന്നെ ശബ്ദമില്ലാതെ തിരിച്ചറിയുക. നമ്മുടെ ശബ്ദം നമ്മുടെ അക്ഷരങ്ങളാണ്, നിന്റെ പുതിയ ചിന്തകൾ അക്ഷരങ്ങളിലൂടെ കേൾക്കാൻ ഞാൻ അക്ഷമനായി കാത്തിരിക്കുന്നു.

# തിരസ്കാരങ്ങളിലെ ആനന്ദങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ആർക്കും വേണ്ടാത്തവരായ രണ്ടുപേർ കണ്ടെത്തിയിരിക്കുന്നു, അജ്ഞാതരായിരുന്ന അവർ, അവനവനിലേക്ക് ഇഴുകിച്ചേരുന്ന മറ്റൊരു മുഖം തേടിപ്പിടിച്ചിരിക്കുന്നു.

തിരസ്കാരത്തിന്റെ ആനന്ദങ്ങൾ ആണ് ഈ നിമിഷങ്ങൾ. മറ്റുള്ളവർ തിരസ്കരിച്ചില്ലായിരുന്നു എങ്കിൽ ഒരുപക്ഷെ നാം കണ്ടെത്തുമായിരുന്നില്ല, ജീവിതത്തിൽ നടക്കുന്ന, നടന്നുകൊണ്ടിരിക്കുന്ന, നടക്കാനിരിക്കുന്ന ഓരോ നിമിഷവും മുമ്പേ എഴുതപ്പെട്ടവയാണോ? ആയിരിക്കാം.

ചലനസിദ്ധാന്തങ്ങളുടെ അഭിനിവേശങ്ങൾ!

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ പറഞ്ഞു, അതിരാവിലെ എഴുന്നേറ്റ്, കിളികൾ ഉറക്കമുണരുന്നതിനു മുമ്പ് തൊടിയിൽ ചെന്നിരിക്കണമെന്നും, ഉണർന്നുവരുന്ന കിളികളുടെ ആരവം, നിന്റെ ഫോണിൽ റെക്കോർഡ് ചെയ്യണമെന്നും, മനസ്സിന് തളർച്ച വരുമ്പോൾ വീണ്ടുംവീണ്ടും കേൾക്കാൻ, ഇതാ ഒരു പുതിയ പ്രഭാതം, പുതിയ ജീവിതം, ഞങ്ങളുടെ ഇമ്പമേറിയ ശബ്ദവീചികൾ, ഉറക്കെ വിളിച്ചു ഞങ്ങൾ നിങ്ങളെ പുതിയ ദിനത്തിലേക്ക്, പുതിയ ജീവിതത്തിലേക്ക് ഉണർത്തട്ടെ. ഇതെല്ലം എല്ലാ ദിവസവും മനഃപൂർവ്വം അനുഭവിക്കുന്നവർ പുണ്യാത്മാക്കൾ. അവർ ആനന്ദത്തിന്റെ ഉത്തുംഗത്തിൽ ജീവിതം ആഘോഷിക്കുകയാണ്, അവർ അധികം സംസാരിക്കില്ല, അവർ ആനന്ദം സ്വയം, ഉള്ളിൽ ഓരോ നിമിഷവും ആഘോഷിക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, തിരസ്കാരങ്ങളുടെ ആനന്ദങ്ങൾ നാം ശരിക്കും ജീവിതത്തിൽ പ്രയോഗികമാക്കണം. അപ്പോൾ നിരാശ എന്ന അവസ്ഥ ജീവിതത്തിൽ ഉണ്ടാകില്ല പലരും നമ്മളോട് യോജിക്കാം വിയോജിക്കാം അതവരുടെ നിലപാട്. അവർ നമ്മുടെ നിലപാട് സ്വീ കരിക്കണം എന്ന് നാം ശഠിക്കുമ്പോഴാണ് സംഘർഷം ഉണ്ടാകുന്നത്. നമുക്കത് ഒഴിവാക്കാം. നമ്മളിൽത്തന്നെ വ്യത്യസ്തമായ നിലപാടുകൾ ഉണ്ടാകാം അത് പരസ്പരം അംഗീകരിക്കുക എന്നതാണ് പ്രണയത്തിന്റെ സാഫല്യം.

പ്രണയം സ്വന്തമാക്കലല്ല, പരസ്പരം പങ്കുവെക്കലാണ്. നീ എന്നിലേക്ക് ചൊരിയുന്ന ചിന്തകൾ നിന്റെ സ്വപ്നങ്ങളാണ്, ഞാൻ പങ്കുവക്കുന്നതും അതുതന്നെയാണ്. അത് സ്വപ്നങ്ങൾ ആണ് എന്ന യാഥാർത്ഥ്യം നാം രണ്ടുപേരും അംഗീകരിക്കുകയും ചെയ്യുന്നു. അതാണ് നമുക്ക് തുടർച്ച യായി സംസാരിക്കാനാവുന്നത്.

ജീവിതത്തിന്റെ ഒരു ഘട്ടത്തിലും നാം സ്വന്തം സ്വത്വത്തിൽ നിന്നും ഇറങ്ങിപ്പോകരുത്. ആകാം അത്യുജ്ജ്വലമായ ജീവിതത്തിൽ ചിലർ ചിലർക്ക് അവനവന്റെ ജീവിതംതന്നെ സമർപ്പണം ചെയ്യും. ആ സമർപ്പ ണത്തിൽ അവർ അനന്തമായ ആനന്ദം കണ്ടെത്തുന്നുണ്ട്. ആ വ്യക്തിയെ സന്തോഷിപ്പിക്കാൻ വേണ്ടി അവർ ഏതറ്റം വരെയും പോകും. ചിലപ്പോൾ വലിയ കാര്യങ്ങൾ, ചിലപ്പോൾ തീരെ ചെറിയ കാര്യങ്ങൾ. തന്റെ പ്രണയം മുഴുവൻ കൊടുക്കുന്ന ആ വ്യക്തി, അവർക്ക് അവർ ആരാധിക്കുന്ന ദൈവങ്ങളെക്കാൾ പ്രിയപ്പെട്ടതാകും. അങ്ങനെ ഒരു പ്രണയത്തിൽ ചെന്നെത്തുക എന്നത് ഏതൊരു വ്യക്തിയും ആഗ്രഹിക്കുന്നതാണ്, എന്നാൽ മറ്റൊരു അലിഖിത നിയമമുണ്ട്, എന്താണോ നമ്മൾ കൊടുക്കു ന്നത് അതാണ് തിരിച്ചു കിട്ടുക. നമ്മൾ അത് ആത്മാർത്ഥമായി ചെയ്യുന്നു ഇപ്പോൾ അനുഭവിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ എനിക്കായി വാങ്ങിവെച്ച ദോത്തിയുടെയും കുർത്തയുടെയും ചിത്രം കണ്ടു, അതുപോലെ നിനക്കായി ഞാൻ കേരളത്തിന്റെ തനത് കസവ് സെറ്റുമുണ്ട് വാങ്ങി വെച്ചിട്ടുണ്ട്. ജീവിതത്തിൽ നമ്മൾത്തമ്മിൽ കാണാം, കാണാതിരിക്കാം. എന്നാൽ ആ വസ്ത്രങ്ങളിൽ സ്വപ്നം കാണുന്നതിന് ചെലവൊന്നുമില്ലല്ലോ. ഓരോ ആഘോഷത്തിലും അകലെയിരിക്കുന്ന നിനക്ക് ഞാൻ പുതു വസ്ത്രങ്ങൾ വാങ്ങും. വെറുതെയല്ല, അവ കാണുമ്പോൾ എനിക്ക് നിന്റെ സാമീപ്യം അനുഭവപ്പെടും. എനിക്ക് നിന്നോട് സംസാരിക്കുന്നതുപോ ലെത്തന്നെ അവയോട് സംസാരിക്കാം.

എന്റെ എഴുത്തുമേശക്ക് നേരെ എതിരെ ഞാൻ മറ്റൊരു കസേര കൂടി വാങ്ങിയിട്ടു, നിനക്കിരിക്കാൻ. ഒരേ മുറിയിൽ എനിക്ക് എതിരെ അദൃശ്യയായി ഇരിക്കുന്ന നിന്നെ എനിക്ക് കാണാം, നമുക്ക് നമ്മുടെ പ്രണയംനിറഞ്ഞ നിശബ്ദ സംഭാഷണങ്ങൾ തുടരാം.

പറയൂ, നിന്നെ കേൾക്കാൻ ഞാൻ അക്ഷമനായി ഇരിക്കുകയാണ്.

# പ്രകൃതിയും പ്രണയവും

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഓരോ പ്രഭാതവും ഓരോ സന്തോഷങ്ങളാണ്, നീ അയക്കുന്ന പ്രകൃതിയുടെ ചിത്രങ്ങൾ, പ്രത്യേകിച്ചും വന്മരങ്ങൾ പടർന്നുകിടക്കുന്ന ചിത്രങ്ങൾ എന്നിൽ നിറഞ്ഞുനിൽക്കുന്നു. ഈ ഭൂമിയുടെ സംരക്ഷകരായി സ്വന്തമായി ഒന്നും നേടാതെ നമ്മുടെ തലമുറകൾക്കായി വളർന്നുപന്തലിച്ചു നിൽക്കുന്നു. അതിരാവിലെ കണികാണുന്നത് നിന്റെ ചിത്രങ്ങളാണ്, പ്രകൃതിയുടെ ചിത്രങ്ങൾ, ആളുകളുടെ തിരക്കിൽ ചിത്രമെടുക്കുമ്പോഴും, നീ മനുഷ്യരെ ഒഴിവാക്കുന്നുണ്ട്, മനഃപൂർവ്വമായ ആ ശ്രമങ്ങളെ ശ്ലാഘിക്കാതെ മാറ്റിനിർത്താനാവില്ല, നാമില്ലെങ്കിലും, പ്രകൃതിയും, പ്രണയവും എന്നും നിലനിൽക്കും.

ഗ്രാമത്തിലെ സ്ഥലത്ത് ഒരു മയോവാക്കി വനം എനിക്കും സൃഷ്ടിക്കണം, പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയതാണ്, കാലഘട്ടത്തിന്റെ വൈകലുകൾ. നടക്കും, നടത്തിയിരിക്കും. ആ വനം ഇന്നേ എന്റെ ഉള്ളിൽ ഉണ്ട്.

നാം തിരിച്ചുപോകുന്നതിനുമുമ്പ്, പ്രകൃതിക്ക് തിരിച്ചുകൊടുക്കാൻ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്, ഒരു മരമായാലും, ഒരു വനമായാലും അത് വരും തലമുറക്കൊരു വരമാകും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ നട്ടു വളർത്തുന്ന ആൽമരങ്ങളുടെ ചിത്രങ്ങൾ ഞാൻ കൗതുകത്തോടെയാണ് കാണുന്നത്. ഈ ഭൂമി മുഴുവൻ ജീവശ്വാസം കുറയുമ്പോൾ, ജീവശ്വാസം കൂടുതൽ തന്നു നമ്മളെ ഊർജ്ജ്വസ്വലരാക്കുന്ന മരങ്ങൾ നമ്മൾക്ക് ചുറ്റും എന്നും എപ്പോഴും വേണം, നമ്മളിൽനിന്നുള്ള വേണ്ടാത്ത ഊർജ്ജങ്ങളെ എടുത്തുമാറ്റി കൂടുതൽ പ്രണയ ഊർജ്ജം തന്ന്, നമ്മളെ കൂടുതൽ പ്രോജ്ജ്വലരാക്കുന്ന, നമ്മളിൽ ആനന്ദം ഉണർത്തുന്ന, ആൽമരത്തിന് താഴെയിരുന്നാണ് നിന്റെ ധ്യാനങ്ങൾ എന്നത് നിന്നെ ഋഷിതുല്യയാക്കുന്നു. നീ ജീവിതത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല കാര്യങ്ങളും എനിക്ക് സ്വപ്നങ്ങൾ മാത്രമാണ്. നീ പറഞ്ഞതാണ് ശരി, ആരെയും കാത്തുനിൽക്കാതെ നമ്മുടെ കുഞ്ഞുകുഞ്ഞു ഇഷ്ടങ്ങളിലേക്ക് നടക്കുക സന്തോഷം സ്വയം കണ്ടെത്തുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, തീർച്ചയായും പ്രകൃതിയുടെ നിയോഗമാണ്

നമ്മുടെ കണ്ടുമുട്ടൽ. വെറും വാക്കുകളിലൂടെയുള്ള സൗഹൃദം, പെട്ടെന്നാണ് പുതിയ തലങ്ങളിലേക്ക് വളർന്നത്. ആകാശത്തിന് കീഴെയുള്ളതും മേലെയുള്ളതുമായ എന്തിനെക്കുറിച്ചും, നാം എന്നും സംസാരിച്ചുകൊണ്ടിരിക്കുന്നു, ചിലപ്പോൾ തോന്നും, മറ്റേതോ ഗ്രഹത്തിൽ നിന്നും നീ വിരുന്നു വന്നതാണെന്ന്, ഇതെല്ലാം എന്നോട് നിരന്തരമായി സംസാരിക്കാൻ, അല്ലെങ്കിൽ എന്നെ മാറ്റിയെടുക്കാൻ, പ്രകൃതി അയച്ച ഒരു ഋഷിവര്യയോ?

നിന്റെ വനയാത്രകൾ എന്നെ വീണ്ടുംവീണ്ടും അസൂയപ്പെടുത്തുന്നു. വനത്തിലെ അരുവിയിൽ മറുപുറത്ത് മാനുകൾ വെള്ളം കുടിക്കുമ്പോൾ ഇക്കരെ നീ, ഒരു മൃഗത്തെപ്പോലെ കൈകൾ കുത്തി അരുവിയിൽ നിന്ന് വെള്ളം കുടിച്ചപ്പോൾ അനുഭവിച്ച അനുഭൂതി നീ വരച്ച ആ ചിത്രത്തിലുണ്ട്. മാനുകൾ മറ്റൊരു മൃഗമാണെന്നു കരുതി നിന്നെ നോക്കി ചിരിച്ചതും, നീ അവരോടു നിശ്ശബ്ദമായി സംവദിച്ചതെല്ലാം മനോഹരമായിരിക്കുന്നു. ആ സമയത്ത് മറുകരയിൽ ഞാനായിരുന്നു മാനെങ്കിൽ നീ എന്ത് ചെയ്യുമായിരുന്നു എന്ന് ചോദിച്ചപ്പോൾ, നീ പറഞ്ഞത് ഞാനൊരു സിംഹമായി വന്നു നിന്നെ കടിച്ചെടുത്തുകൊണ്ടുപോയേനെ, കൊല്ലാനല്ല, വളർത്താൻ, എന്നും കാണാൻ, പിന്നെ എനിക്ക് ചുറ്റുമുള്ള പ്രകൃതിയുടെ മാസ്മരികത നിന്നിലേക്ക് പടർത്താൻ. എന്നെങ്കിലും അത് യാഥാർത്ഥ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഞാനും വനയാത്രകൾ പോയിട്ടുണ്ട്, കാട്ടിനുള്ളിൽ രാത്രികൾ കഴിഞ്ഞിട്ടുണ്ട്, നിന്റെ വനാനുഭവങ്ങൾ വായിക്കുമ്പോഴാണ് ഞാൻ നടത്തിയിരുന്നത് വിനോദയാത്രകളായിരുന്നു എന്ന് തിരിച്ചറിയുന്നത്. പ്രകൃതിയുടെ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ നാം നമ്മുടെ മനസ്സിന്റെ ആഴങ്ങളിലേക്കാണ് സഞ്ചരിക്കുന്നത്.

ഒരു വൻമരത്തിനെ കെട്ടിപ്പിടിക്കുമ്പോൾ, അനേകായിരം തലമുറകളെയാണ് നാം പുണരുന്നത്.

ആ ആനന്ദം അനുഭവിച്ചുതന്നെ അറിയണം, ആ ആനന്ദം അനുഭവിക്കാൻ മനസ്സുള്ളവരും ആയിരിക്കണം.

നിന്നിലേക്ക് സഞ്ചരിക്കാൻ, എനിക്ക് ദൂരങ്ങളുണ്ട്, എന്നാൽ ഓരോ യാത്രയും ഞാൻ ആസ്വദിക്കുന്നു. പ്രണയപാതകളിലൂടെ നീയെന്നെ നയിക്കുന്നത് മറ്റൊരു ലോകത്തിലേക്കാണെന്ന് എനിക്കറിയാം.

കിട്ടുന്നതെന്തിനും നന്ദി പ്രകടിപ്പിക്കാൻ നാം മറക്കരുത്, നിന്നോടുള്ള നന്ദി ഞാൻ അറിയിക്കുന്നു, അതൊരു കീഴ്‌വഴക്കം പോലെയല്ല, ഹൃദയത്തിന്റെ അഗാധതയിൽ നിന്ന്, ഒഴുകുന്ന പുഴയാണത്, കൊടുക്കും തോറും, കൂടുതൽ കൂടുതൽ തിരിച്ചുകിട്ടുന്ന പ്രണയം.

കൊടുത്തു കൊടുത്തു പെരുകുന്ന യാത്രകളാണ് പ്രണയം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ചിന്തകളിൽ പൊതിഞ്ഞുനിൽക്കുന്ന ജീവിതത്തിൽ അപകടങ്ങൾ വരാതെ ശ്രദ്ധിക്കണം. എഴുതാനിരുന്ന് അടുപ്പിലുണ്ടായിരുന്ന നിന്റെ ചായപാത്രം കത്തികരിഞ്ഞതും അടുക്കള നിറഞ്ഞു പുക നിന്റെ മുറിയിലേക്ക് എത്തുംവരെ നീ അറിയാതിരുന്നതും, പിന്നെ ഓടിച്ചെന്ന് തീയണച്ച്, ജനലുകൾ തുറന്നിട്ടതും വീണ്ടും സംഭവിക്കാതെ ശ്രദ്ധിക്കണം.

മനസ്സ് ധ്യാനത്തിൽ മുഴുകുമ്പോൾ പരിസരം മറക്കുക സാധാരണമാണ്. പ്രത്യേകിച്ചും പ്രിയമുള്ളൊരാൾക്കെഴുതുമ്പോൾ, പ്രണയത്തേക്കാൾ അതൊരു സമർപ്പണമാണ് അവനവനെ സമർപ്പിച്ചു സ്വയം മറ്റൊരാൾക്ക് നൽകി സ്വയം ഇല്ലാതാവുന്ന അവസ്ഥ. ജീവിതപ്രാർത്ഥനകളുടെ പരിസമാപ്തി.

പ്രിയപ്പെട്ടവളെ നിന്നെ വീണ്ടുംവീണ്ടും വായിക്കാൻ ഞാൻ കാത്തിരിക്കുന്നു.

# ഏകാന്തതയിലെ എഴുത്തുകൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ജീവിതപാതയിൽ എവിടെ നിന്നോ വന്നവരാണ് നമ്മൾ, എന്നിട്ടും ഈ പാതകൾ നമുക്ക് വളരെ സന്തോഷമായി തോന്നുന്നു. ജീവിതത്തിൽ സന്തോഷം തിരയുകയായിരുന്നു നമ്മൾ ഇത്രയും നാൾ. ഇപ്പോൾ ചെറുതെങ്കിലും വളരെ സമ്പുഷ്ടമായ സന്തോഷങ്ങൾ നാം നമുക്ക് ചുറ്റും സൃഷ്ടിക്കുന്നു. നീ അയക്കുന്ന നിന്റെ ഓരോ ചിത്രവും എന്നിൽ ആവേശവും ചിന്തകളും സൃഷ്ടിക്കുന്നു. ഞാൻ എന്റെ ചിത്രങ്ങൾ എടുക്കാറേ ഉണ്ടായിരുന്നില്ല, അതിലൊന്നും ഒരു താത്പര്യവുമില്ലായിരുന്നു. ഇന്നിപ്പോൾ ദിവസും എടുത്തു നിനക്കയക്കുന്നു, ആരോ ഒരാൾ ദൂരെയിരുന്നു, എന്നെ കാണാൻ ആഗ്രഹിക്കുന്നു, അവരെങ്കിലും സന്തോഷിക്കട്ടെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നൂൽപ്പാലത്തിലൂടെ ആണ് ചിലപ്പോൾ നാം നടക്കുന്നത് എന്ന് തോന്നും, താഴെ കുതിച്ചൊഴുകുന്ന പുഴ, എന്നാലും ഭയമോ മറ്റു ചിന്തകളോ വരാറില്ല, കൂടിയാൽ പുഴയിൽ വീഴും, പുഴയിലും ഒന്നിച്ചൊഴുകും, ഒന്നുകിൽ പുഴയുടെ അഗാധതയിലേക്ക്, അതുമല്ലെങ്കിൽ ഓളപ്പരപ്പിലൂടെ കടലിലേക്ക്, രണ്ടും നമുക്കിഷ്ടമാണ്, കാരണം ഒഴുക്കുകളും, തിരകളും അത്രയധികം നമ്മുടെയുള്ളിൽ പ്രണയമായി നിറഞ്ഞു നിൽക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഇന്നലെ രാത്രിസ്വപ്നങ്ങളിൽ എപ്പോഴോ നിന്നോട് ഞാൻ സംവദിച്ചിരുന്നു, വളരെ മനോഹരങ്ങളായ വാക്കുകളായിരുന്നു അവ തീർച്ചയായും കുറിച്ചുവെക്കേണ്ടവ. എന്നാൽ ഉണർന്നെണീറ്റപ്പോൾ ഒരു വാക്കുപോലും ഓർമ്മയില്ല, നീ ഓർക്കുന്നുണ്ടോ ആ വാക്കുകൾ, ഉണ്ടെങ്കിൽ എന്നെ അറിയിക്കണം, അല്ലെങ്കിൽ നിന്റെ എഴുത്തുകളിൽ ചേർക്കണം.

എഴുതുന്നതിനേക്കാൾ മറന്നുപോകുന്ന വാക്കുകളാണ് കൂടുതൽ. മറന്നു പോകുന്ന അത്തരം മനോഹരങ്ങളായ വാക്കുകൾ ഒരിക്കലും തിരിച്ചു കിട്ടാറുമില്ല, സ്വപ്നങ്ങളുടെ അഗാധഗർത്തങ്ങളിൽ അവർ ഒളിച്ചിരിക്കുകയാണ്, എന്നെയും നിന്നെയും പ്രലോഭനങ്ങളാൽ നിറയ്ക്കാൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ജീവിതത്തിന്റെ പ്രസരിപ്പ് നിന്റെ മുഖത്ത് കാണാം. ഒരുപക്ഷെ പ്രമുഖ മാഗസിനിൽ അച്ചടിച്ചുവന്ന നിന്റെ

കവിതയാണോ നിന്നെ ഇത്ര സന്തോഷവതിയാക്കുന്നത്. വേണം അതും ഒരാഘോഷമാണ്, നിന്റെ എഴുത്തിനുള്ള അംഗീകാരമാണത്. നിന്റെ എഴുത്തിന്റെ ഘനഗാംഭീര്യം എന്നെ പലപ്പോഴും അത്ഭുതപ്പെടുത്താറുണ്ട്, എവിടെ നിന്നാണ് ഈ വാക്കുകൾ നിന്നിലേക്ക് ഒഴുകിയെത്തുന്നത്, അസൂയതോന്നുന്ന വരികൾ, മോഷ്ടിക്കാൻ തോന്നുന്ന അക്ഷരങ്ങൾ, പ്രകാശംപരത്തുന്ന ആശയങ്ങൾ. നമ്മുടെ ഉള്ളിൽ ഉള്ളതൊന്നും ഒളിച്ചു വെക്കാനുള്ളതല്ല, നാളെ എന്നൊന്നുണ്ടോ എന്നറിയില്ല, പ്രത്യേകിച്ചും ഇന്നത്തെ സാഹചര്യത്തിൽ. അതിനാൽ ഉള്ളിലുള്ളതൊക്കെ ഇന്നെഴുതുക, നാളെ ഉണർന്നെണീക്കുമ്പോൾ പുതിയ ആശയങ്ങൾ നിറഞ്ഞിരിക്കും, അപ്പോൾ വീണ്ടും എഴുതുക.

ഇന്നത്തെ സാഹചര്യത്തിന്റെ വാക്ക് ഞാൻ മനപ്പൂർവം ഉച്ചരിക്കാത്തതാണ്, അതിൽ നിന്നുള്ള മോചനമാകണം നമ്മുടെ എഴുത്തുകൾ, നമ്മുടെ പ്രണയം, നമ്മുടെ ആശയങ്ങൾ.

എന്നിലേക്കിനിയും യാത്രയില്ല എന്നെനിക്കു തോന്നിയിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ എപ്പോഴും എന്നിലേക്ക് നടക്കുന്നു, നിന്നെ കണ്ടെത്താൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിനക്കെഴുതുമ്പോൾ എനിക്ക് ഓർമ്മവരുന്നത്, എന്റെ തന്നെ നാട്ടുകാരനായ ആനന്ദ് എഴുതിയ ആൾക്കൂട്ടം എന്ന നോവലാണ്. തൊണ്ണൂറുകളിൽ ബോംബെയിൽ ലോക്കൽ ട്രെയിൻ യാത്രകൾക്കിടയിലാണ് ആൾക്കൂട്ടം വായിച്ചതും. ആദ്യവരികൾ വായിച്ചത് അന്നത്തെ വിക്ടോറിയ ടെർമിനസിൽ ഇരുന്നും. ആദ്യവരികളോ, 'വിക്ടോറിയ ടെർമിനസിന്റെ ബഫറുകളിൽ തട്ടി ജയന്തിജനത കിതച്ചു നിന്നു' എന്നാണ് ഓർമ്മ (ആ നോവൽ എന്റെ കൈവശം ഇവിടെ ഉണ്ടായിരുന്നു, ആരോ വായിക്കാൻ കൊണ്ടുപോയി, പിന്നെ തിരിച്ചെത്തിയില്ല). ആൾക്കൂട്ടത്തിലെ ഏകാന്തതകൾ അന്നേ ഞാൻ അറിയുന്നു. അത് നെഞ്ചോടു ചേർക്കേണ്ട ഒരു പുസ്തകം തന്നെയാണ്. ഞാൻ പറഞ്ഞുവന്നത് നിന്റെ പുതിയ പുസ്തകത്തെക്കുറിച്ചാണ്, എല്ലാ തിരക്കിനിടയിലും, നീ പറയുന്ന ഏകാന്തത അത് നിനക്ക് തോന്നുന്നപോലെ കുറിച്ചിടുക. എഴുതിക്കൊണ്ടേയിരിക്കൂ, രൂപവും ഭാവവും കഥയുടെ ഒഴുക്കും സ്വാഭാവികമായി വന്നുചേരും.

നമുക്ക് നമ്മളെ മാത്രമാണ് സത്യസന്ധമായി കുറിച്ചിടുവാനാവുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എഴുതൂ, നിന്നെ വായിക്കാൻ ഒരു വേഴാമ്പലിനെപോലെ ഞാൻ കാത്തിരിക്കുന്നു.

# കൊയ്ത്തുത്സവങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, തമ്മിൽക്കാണുക എന്ന അദമ്യമായ ആഗ്രഹം നിലനിൽക്കുമ്പോഴും, തമ്മിൽക്കണ്ടാൽ എഴുത്തിന്റെ ഈ മഹാസാഗരത്തിന്റെ തിരയടി നിലയ്ക്കുമോ എന്ന് നാം സന്ദേഹിക്കുന്നു ണ്ടോ. ഉണ്ടാകാം, എന്നാൽ നേരിൽ കാണുക എന്നത് എല്ലാത്തിനും മേലെയുള്ള ഒരു ആഗ്രഹമായി നമുക്ക് മുന്നിൽ നിറഞ്ഞുനിൽക്കുന്നു. എന്നുവെച്ച് ഇപ്പോൾ നാം കാണുന്നില്ല എന്നല്ല, നാം കണ്ടുകൊണ്ടേയിരി ക്കുകയാണ്, നാഴികൾക്കപ്പുറത്ത് നിന്ന്, രണ്ടുപേരുടെയും ജീവിതത്തിൽ സംഭവിക്കുന്ന ഓരോ നിമിഷവും നിശബ്ദ സന്ദേശങ്ങളായി നാം പങ്ക് വെക്കുന്നു. നീ സഞ്ചരിക്കുന്ന ഓരോ ഇടവും ഇവിടിരുന്നു എനിക്ക് കാണാം. നിന്റെ ഗ്രാമം നിന്റെ വാക്കുകളിലൂടെ ഞാൻ സൃഷ്ടിച്ചുകഴിഞ്ഞു. ആ ഗ്രാമത്തിന്റെ ഇടവഴികളിലൂടെ നീയുമൊത്തൊരു സവാരി പോകണം, സൈക്കിൾറിക്ഷയിൽ ഗ്രാമത്തെ തൊട്ടറിയാൻ, നിന്റെ ആദ്യാക്ഷരങ്ങൾ കുറിച്ച വിദ്യാലയത്തിന്റെ ഓരോ മുക്കും മൂലയും കാണണം. അവിടെ യാണല്ലോ നിന്റെ കവിതകൾ വിരിയാൻ തുടങ്ങിയത്, അദൃശ്യമായ ആ പൂന്തോട്ടത്തിൽ പൂത്തുവളർന്നു വലുതായ സൗരഭ്യമേ, നിന്റെ സൗരഭ്യം ഇപ്പോൾ ഈ ലോകമാകെ നിറഞ്ഞുനിൽക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഇന്നലെ നീ പറഞ്ഞത്, ശ്വാസോച്ഛ്വാസ ത്തിലെ താളങ്ങളെക്കുറിച്ചാണ്, കാട്ടിലേക്ക് പോകുമ്പോൾ നീ ശ്വസി ക്കുന്നതേ അറിയുന്നില്ലെന്ന്, അപ്പോൾ നമുക്ക് ശ്വാസം ആവശ്യമില്ലാ താകുന്നു. കാരണം നാം ജീവതാളത്തിനുള്ളിലാണ്. അവിടം മുഴുവൻ ജീവവായു മാത്രമേയുള്ളൂ, നിശ്വാസങ്ങൾ അറിയാത്ത ഒരു ലോകം, അവിടെ നാം ജീവവായു ഉള്ളിലേക്ക് മാത്രം അറിയാതെ എടുക്കുന്നു, അതിന്റെ ശക്തി ആസ്വദിക്കുന്നു, അവിടെ ജീവിതം പൂർണ്ണമാണ്. എന്നാൽ നഗരത്തിലേക്ക് പോയപ്പോൾ നിനക്കുണ്ടായ ശ്വാസംമുട്ടലുകൾ നീ പറഞ്ഞപ്പോൾ എനിക്ക് വിഷമം തോന്നി. അധികം വൈകാതെ നഗരത്തിലെ നിരത്തുകൾ ജീവവായു തരുന്ന പാർലറുകളാൽ നിറയും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ജീവിതംതന്നെ കച്ചവടമാകുന്ന ഈ ലോകത്ത് നമുക്ക് മാത്രം ഒന്നിൽനിന്നും മാറിനിൽക്കാനാവില്ല, എന്നാൽ കണ്ടെത്താം, അല്ലെങ്കിൽ നിർമ്മിക്കാം, നമ്മുടേത് മാത്രമായ ഒരു ലോകം,

ഏതെങ്കിലും ഉൾഗ്രാമത്തിൽ പുഴയോരത്ത് ചെറിയ ഒരിടം കണ്ടെത്തണം. ആ അന്വേഷണം ഞാൻ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. കണ്ടെത്തും, കണ്ടെത്താതിരിക്കാനാവില്ല, അല്ലെങ്കിൽ എന്നിലേക്ക് വരും, ദീപാക്ഷി നിന്നിലേക്ക് ഞാൻ എത്തിയപോലെ, ആ ഒരിടത്തേക്ക് ഞാൻ എത്തും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഇന്നലെ എന്റെ ഗ്രാമത്തിൽ കൊയ്ത്തായിരുന്നു, കൊയ്ത്തുചിത്രങ്ങൾ കൂട്ടുകാർ അയച്ചുതന്നത് കണ്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞുപോയി. ആ ഗ്രാമവരമ്പുകളിലൂടെ ഞാൻ കൂട്ടുകാരെക്കൂട്ടി വള്ളികൾ കൂട്ടിക്കെട്ടി എല്ലാവരെയും അതിനുള്ളിലാക്കി വണ്ടിയോടിച്ചിരുന്നതും, ഒരു ബസ്സുപോലെ, നിറുത്തിയും ആളെ ഇറക്കിയും കയറ്റിയും, ഓടിക്കളിച്ചിരുന്ന കാലം. ഇരുട്ടിയാലും അമ്മ വടിയുമായി വരുന്നതുവരെ വിയർത്തുകുളിച്ചു കളിച്ചിരുന്ന ആ കുട്ടിക്കാലം, മുന്നിൽ വന്നിറങ്ങിയതുപോലെ. പഴയ ചെരുപ്പുകൾ വെട്ടി ചക്രമുണ്ടാക്കി ആ വരമ്പുകളിലൂടെ ഇടവഴികളിലൂടെ ഞാൻ എത്ര ഓടിയിരിക്കുന്നു. പഴയ സൈക്കിൾ ടയറുകൾ ശക്തമായി അടിച്ചോടിച്ചിരുന്നതിനാൽ, അതുപിന്നെ സ്കൂൾ കാലഘട്ടത്തിലെ ഓട്ടക്കാരനുമാക്കി.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, കൊയ്ത്തുകാലം ഗ്രാമത്തിലെ ഉത്സവകാലമായിരുന്നു, അത് ഞാൻ നിന്നോട് വിശദമായി തന്നെ പറയണം. കണ്ണെത്താദൂരത്തോളം പടർന്നുകിടക്കുന്ന വയലിൽ പലയിടങ്ങളിലും ഞങ്ങൾക്ക് പാടശേഖരങ്ങൾ ഉണ്ടായിരുന്നു. അതിരാവിലെ തുടങ്ങുന്ന കൊയ്ത്തിന് നാരായണി അമ്മാമ്മയാണ് തുടക്കം കുറിക്കുക, ആദ്യത്തെ കറ്റകെട്ടി എന്റെ തലയിൽ വച്ച് തന്നു പറയും, വീട്ടിൽ കൊണ്ടുപോയി പുതുതായി മുറ്റത്തു ചാണകം മെഴുകി നിറച്ച കളത്തിന്റെ ഓരോരത്തു വെയ്ക്കാൻ. അത് അമ്മാമ്മയുടെ കറ്റകൾ വെക്കാനുള്ള ഇടംപിടിക്കലാണ്. അത് ഞാൻ സന്തോഷത്തോടെ ചെയ്തിരുന്നത്, എന്നും വരുമ്പോൾ എനിക്ക് ആരും അറിയാതെ കൊണ്ടുതന്നിരുന്ന പരിപ്പുവടകൾക്കും, ഉള്ളിവടകൾക്കും പ്രത്യുപകാരമായാണ്. കാലയവനികകൾക്ക് പിറകിലേക്ക് മറഞ്ഞുപോയ ആ മഹാസ്നേഹങ്ങൾ ഇന്നും ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്നു. ഒമ്പതുമണിയാകുമ്പോഴേക്ക് കഞ്ഞി അമ്മ കലത്തിൽ പകർത്തിത്തരും, തലയിൽ പാളക്കഷ്ണങ്ങൾക്കു മുകളിൽ ആ വലിയ കലം തലയിലേറ്റി നടക്കാൻ പെരുത്ത് സന്തോഷമാണ്. പിറകിൽ ഗന്ധമൂറുന്ന പയർപ്പുഴുക്കും, അച്ചാറുമായി അമ്മയും, കിണ്ണങ്ങളും, പ്ലാവിലയിൽ കുത്തിയ കഞ്ഞി കോരിക്കുടിക്കാനുള്ള പ്ലാവിലക്കരണ്ടികളും. പാടവരമ്പിൽ എല്ലാവർക്കും കഞ്ഞി കൊടുത്തുകഴിയുമ്പോൾ ഞാനും അവരുടെ ഇടയിൽ ഇരുന്നു പ്ലാവിലക്കരണ്ടിയിൽ കഞ്ഞി കോരിക്കുടിക്കും, ആ സ്വാദ് ജീവിതത്തിൽ ഇനി ഒരിക്കലും തിരിച്ചുകിട്ടില്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, കൊയ്ത്തുത്സവത്തെക്കുറിച്ച് കുറേകൂടി എഴുതാനുണ്ട്, പറ്റിയാൽ നാളെ എഴുതാം. ഒരു ചെറിയ സന്തോഷം മാത്രംപറഞ്ഞു ഇന്നത്തെ സംഭാഷങ്ങൾ നിറുത്താം, ഞങ്ങളുടെ ഗ്രാമത്തിൽ വയലിലേക്ക് തള്ളിനിൽക്കുന്ന ഒരു ചെറിയ ഭൂമിയുണ്ട്. അവിടെ നിന്നാൽ വിശാല പുഞ്ചപ്പാടം മുഴുവൻ കാണാം. അവിടെ ഒന്നിരുന്നാൽ മതി നാലുപാടും നിന്ന് വരുന്ന കാറ്റ് നമ്മളെ ഉറക്കിയിരിക്കും. അന്ന് കാലത്ത് ആ വയലിലെ ഭൂരിഭാഗം നെൽക്കറ്റകൾ കയറ്റിപ്പോയിരുന്നത് ആ പറമ്പിലൂടെ ആയിരുന്നു. ഞാനത് സ്വന്തമാക്കി. ഇപ്പോൾ കൃഷി എല്ലായിടത്തും ഇല്ല, എങ്കിലും അവിടെ നിൽക്കുമ്പോൾ ഒരായിരം ഓർമ്മകളാണ്. എനിക്ക് മുന്നിൽ ഇന്നത്തെ വയലല്ല ഞാൻ കാണുന്നത് അന്നത്തെ വയലാണ്, നൂറിലധികം പേർ പലപല കോളുകളിലായി കൊയ്യുന്നു. ഉച്ചത്തിൽ വിളിക്കുന്ന ആൾക്ക് കൊടുക്കാൻ, മാവിന്റെ തണലിൽ ഇരിക്കുന്ന മോരിൻവെള്ളവുമായി ഞാൻ ഓടുന്നു.

# പ്രണയപർവ്വതങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഇന്ന് മുടക്കു ദിവസമായിട്ടുകൂടി ഞാൻ നേരത്തെ എഴുന്നേറ്റു കുളിച്ച് എഴുതാൻ തയ്യാറാകുമ്പോൾ സമയം രാവിലെ അഞ്ചര. വളരെ സന്തോഷം തോന്നുന്നു. സമയം നന്നായി വിനിയോഗിക്കുന്നതിന്; നീ കാരണം, ഞാൻ എന്റെ ജീവിതം തിരിച്ചുപിടിക്കുകയാണ്. നിന്നെപ്പോലെ നാല് മണിക്ക് എഴുന്നേൽക്കാൻ ഞാനും ശ്രമിക്കും. നമ്മുടെ ഓരോ പ്രവൃത്തിയും, പ്രണയത്താൽ നമ്മൾ മധുരിതമാക്കുകയും, എന്നാൽ രണ്ടു വ്യക്തികൾ അവർക്ക് അതീതമായി വളർന്നു വികസിക്കുകയും വേണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പല പുസ്തകങ്ങളും വായിക്കാൻ എടുത്തിട്ടും വായന തുടങ്ങാൻ ആകുന്നില്ല, അതിൽ ഏറ്റവും മുകളിൽ എഴുത്തുകാരൻ അഷ്റഫ് സി, തന്ന മഹാത്മാഗാന്ധിയുടെ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ തന്നെയാണ്. കേരളത്തിൽ ചെരുപ്പിടാതെ നടക്കുന്ന അപൂർവം മനുഷ്യരിൽ ഒരാളാണ് അഷ്റഫ് സി. നാട്ടിൽ വന്നപ്പോൾ ഞാൻ ശ്രമിച്ചു നോക്കി, വേദനയാൽ അത് തുടരാനായില്ല. മണ്ണുമായി, ഭൂമിയുമായി നിരന്തര ബന്ധത്തിലൂടെയാണ് അഷറഫ് തന്റെ ഋഷിതുല്യമായ പുസ്തകങ്ങൾ രചിക്കുന്നത്. അദ്ദേഹത്തിന്റെ 'നദികൾ, മനുഷ്യ കഥാനുഗായികൾ' വായിച്ചാൽ, ഭാരതപ്പുഴയിലൂടെ ഒഴുകിനടക്കാൻ തോന്നും, ആ ഒഴുക്കിനിടയിൽ അതിലെ കഥാപാത്രങ്ങൾ നദിയോരങ്ങളിൽ കാണാനാകും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീയും നിന്റെ ഗ്രാമത്തിലൂടെ ഒഴുകുന്ന നദിയെക്കുറിച്ചെഴുതണം. നദികൾ ആണ് മനുഷ്യരുടെ ജീവിതം നിലനിർത്തുന്നത്. ഞാൻ കാണുന്ന നദികൾ പുറമെ ഒഴുകുന്ന, നമുക്ക് കാണാവുന്ന നദികൾ മാത്രമല്ല എല്ലാ നദികളും ആഴ്ന്നിറങ്ങി ഭൂമിക്കടിയിലൂടെ ഒഴുകി നമുക്ക് ജീവജലം തരുന്നു. എന്നാൽ നമ്മളോ ഓരോ നദിയെയും എത്രയും വേഗം ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

ആർത്തിപൂണ്ട മനുഷ്യർ പ്രകൃതിവിഭവങ്ങൾ തനിക്കു മാത്രം മതിയെന്ന സ്വാർത്ഥതയിൽ തന്നോട് ചേർത്തുകെട്ടി മറ്റുള്ളവർക്ക് നൽകാതെ അനുഭവിക്കുന്നു. മുകളിലേക്ക് പോകുമ്പോൾ ആരും ഒന്നും കൊണ്ടുപോകില്ലെന്ന് ഘോരഘോരം മുന്നിൽ നിന്ന് ഗിരിപ്രഭാഷണം

നടത്തുന്നവരാണ് ഇത് ചെയ്യുന്നത് എന്നതാണ് ഇതിന്റെ തമാശ.

മുന്നിൽ നടക്കുന്നതെല്ലാം തമാശയായി കാണാൻ പഠിക്കണം, സ്വന്തം തലച്ചോറ് നമ്മളെ വിഡ്ഢിയാക്കാതിരിക്കാൻ.

ഒരു വെള്ളപ്പൊക്കം അല്ലെങ്കിൽ പ്രളയം നമുക്ക് നേരിടാനാകും, ഒരു നീണ്ട വരൾച്ച നമ്മൾ അടുത്ത കാലത്തൊന്നും അനുഭവിച്ചിട്ടില്ല, ഇല്ലാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ഇന്നലെ തലമുടി പറ്റെ വെട്ടി, ഇവിടെ ചൂട് നാല്പത്തിഅഞ്ചിനും മുകളിലാണ്. ചെറുപ്പക്കാരനാകാൻ നിറമടിച്ചു, നീ പറഞ്ഞപോലെ വലിയ കറുപ്പില്ല സാധാരണ നിറം മാത്രം, പ്രകൃതിദത്ത നിറം, ചെറുപ്പം എല്ലാവിടെയും നിറഞ്ഞു നിൽക്കട്ടെ, കാറിൽ ഇരിക്കുമ്പോൾ എസിയിൽ നിന്നുള്ള തണുത്ത കാറ്റ് ചെവിയ്ക്കിടയിലൂടെ നിരന്തരമായി പറക്കുമ്പോൾ ഒരു പ്രത്യേക സുഖം. ദേഷ്യം വരുമ്പോൾ നീണ്ട മുടി വെട്ടുകയും, മൊട്ടയടിക്കുകയും ചെയ്യുന്ന നിന്നോട് അതിന്റെ സുഖം വിവരിക്കേണ്ടതില്ലല്ലോ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ എന്നിലേക്ക് അഴിച്ചുവിടുന്ന ചിന്തകൾ എന്നെ മറ്റൊരു മാസ്മരിക ലോകത്തേക്കാണ് കൊണ്ടുപോകുന്നത്. പ്രണയം അചഞ്ചലമായി നിലനിർത്തുകയും, എന്നാൽ അതേ സമയം ആ പ്രണയത്തിന്റെ അനുരണനങ്ങൾ ജീവിതത്തിന്റെ മറ്റെല്ലാ മേഖലയിലേക്കും ഊർജ്ജ്വസ്വലമായി പടർത്താൻ കഴിയുന്നതുമാണ് നമ്മുടെ വിജയവും സന്തോഷവും. തമ്മിൽ കാണാം കാണാതിരിക്കാം, എന്നുകരുതി ജീവിതത്തിൽ ഇന്ന് ഇപ്പോൾ ആവശ്യമുള്ളത് അതിൽ നിന്നും മാറിനിൽക്കാതെ ദിവാസ്വപ്നങ്ങളിൽ മാത്രം നമ്മളെ തളച്ചിടാതെ നമുക്ക് ജീവിതത്തിൽ മുന്നേറാനാകുന്നു. നമ്മുടെ എഴുത്തുകൾത്തന്നെ എത്രയോ മാറിപ്പോയിരിക്കുന്നു. നാം ജീവിതത്തെ നോക്കിക്കാണുന്നത് തന്നെ ഇപ്പോൾ പ്രണയത്തിന്റെ ഭാഷയിൽ അല്ലെങ്കിൽ പ്രണയത്തിന്റെ തന്നെ കാഴ്ചപ്പാടിലാണ്. എന്തിലും നമുക്ക് പ്രണയം കണ്ടത്താനാവുന്നു, നാമത് പകർത്തുന്നു. ഒരു ചെറിയ വസ്തുവിലേക്ക് കൂടി പ്രണയം പടർത്തുമ്പോൾ, അതിന് ജീവൻ വെക്കുന്നതായും നമുക്ക് അനുഭവപ്പെടുന്നു. പുസ്തകങ്ങളിലെ അക്ഷരങ്ങൾ നമ്മളോടു ചിരിക്കുന്നു, സന്തോഷം പങ്കുവെയ്ക്കുന്നു. അതിലെ ആശയങ്ങൾ മദോന്മത്തരായി ആവേശത്തോടെ നമ്മുടെ തലച്ചോറിലേക്ക് ഇരച്ചുകയറുന്നു നീ എന്നെ സ്വന്തമാക്കൂ എന്നവർ ഉറക്കെ വിളിച്ചു പറയുന്നതുപോലെ. എന്തിനെയും ഏതിനെയും പ്രണയപൂർവ്വം സ്വീകരിക്കാനാവുക അതിന് മാനസികമായി തയ്യാറാവുക അത് മാത്രം മതി ജീവിതത്തിൽ നമുക്ക് സന്തോഷം നിറഞ്ഞുനിൽക്കാൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ,, ഈ അവസ്ഥ നാം ഒരു ദിവസം കൊണ്ട്

ഉണ്ടാക്കിയെടുത്തതല്ല, വളർത്തിയെടുത്തതാണ്, നിന്നെ പ്രണയം കൊണ്ട് മൂടാൻ എനിക്ക് കൊതി തന്നെയാണ്, എന്നാൽ അതിന് സ്വന്ത മാക്കുക എന്നല്ല അർത്ഥം. പ്രണയത്തിൽ മുങ്ങി കിടക്കുമ്പോൾ തന്നെ സമാന്തരമായി ഒഴുകുകയും വേണം അവരവരുടെ ഒരിടം കണ്ടെത്താൻ. നമ്മിലെ വ്യക്തികളെ പ്രോജ്ജ്വലിപ്പിക്കുകയും, അതേ സമയം അസാ ധാരണമായ ഒരു പ്രണയം ഹൃദയത്തിലും ശരീരത്തിലും എപ്പോഴും സമൃദ്ധമായി ഒഴുകണം. മറ്റൊരാൾക്കും പിടികിട്ടാത്ത ഒരു ശക്തിയായി അത് നമ്മളിൽ നിറഞ്ഞു നിൽക്കും, നിരന്തരമായ ജീവിത വിജയങ്ങളി ലേക്ക് അതു നമ്മളെ നയിക്കും.

നിന്റെ വാക്കുകൾക്കായി ഞാൻ കാത്തിരിക്കുന്നു, നിന്നെ കേൾക്കാൻ എന്റെ കാതുകൾ വെമ്പുന്നു.

# പ്രണയസ്വർഗ്ഗം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഇന്നലെ നാം സംസാരിച്ചത് സ്വർഗ്ഗത്തെ കുറിച്ചാണ്. ജീവിതത്തിൽ നാം സൃഷ്ടിക്കുന്നതാണ് സ്വർഗ്ഗം. എല്ലാ വ്യക്തികളും ഒരുപാട് പ്രശ്നങ്ങളിൽക്കൂടിത്തന്നെയാണ് ജീവിതം മുമ്പോട്ടു കൊണ്ടുപോകുന്നത്. പ്രശ്നങ്ങൾ തീർത്തിട്ട് നാളെ ജീവിക്കാം എന്ന് കരുതുന്നവർ ധാരാളമാണ്, ആ നാളെ വരില്ലെന്ന് ഒരുപക്ഷെ അവർക്കുകൂടി അറിയാമെങ്കിലും. ഞാനും അങ്ങനെയൊക്കെ ചിന്തിച്ചിരുന്നു, നിന്നെ കണ്ടെത്തുന്നത് വരെ, നമ്മുടെ സംഭാഷണങ്ങൾ നമ്മുടെ ജീവിതഗതി തന്നെ മാറ്റിക്കളഞ്ഞു. നാളെ എന്നൊന്നില്ല, ഇന്നലെ ഇനി തിരിച്ചുവരില്ല, ഇന്ന് മാത്രം, ഇപ്പോൾ മാത്രം, ഈ നിമിഷത്തിൽ ജീവിതം നന്നായി അനുഭവിക്കുക ആഘോഷിക്കുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമുക്ക് ചുറ്റും നാമറിയാതെ നരകങ്ങൾ ഉയർന്നുവരാം, എന്നാൽ ആ നരകങ്ങൾ തരുന്ന വേദനയും, കോപവും, ആകുലതകളും, അനുഭവിച്ചുകൊണ്ട് തന്നെ, പ്രണയം എന്ന ഒരു വികാരത്താൽ വിചാരത്താൽ നമുക്കതിനെ മറികടക്കാനാകും ആകണം. അല്ലെങ്കിൽ നമ്മൾ നമ്മുടെ ചിന്തകളെ അതിലേക്ക് നയിച്ച് പുതിയ ജീവിതരീതികൾ സൃഷ്ടിക്കണം, സന്തോഷങ്ങൾ നാം സൃഷ്ടിച്ചെടുക്കുന്നതാണ്, നമ്മുടെ സംതൃപ്തിക്ക് വേണ്ടി, ചിലപ്പോൾ ചെലവില്ലാതെ, ചിലപ്പോൾ ചെലവഴിച്ചും. നിരന്തരമായി സന്തോഷം സൃഷ്ടിച്ചെടുക്കുക എന്നതാണ് പ്രധാനം, അപ്പോൾ അപ്രധാനങ്ങളായ മറ്റു ചിന്തകളെല്ലാം പിറകിലോട്ടുപോകും. ഒരു ഘട്ടം കടന്നാൽ, നമുക്ക് ചുറ്റും സന്തോഷങ്ങൾ മാത്രം ഉയർന്നുവരും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ജീവിതത്തിൽ ഉദാത്തങ്ങളായ ഒരുപാട് നിമിഷങ്ങൾ ഉണ്ട്. പുഞ്ചിരിയോടെ നിന്റെ ഒരു ചിത്രം എനിക്കയക്കുമ്പോൾ ആ നിമിഷത്തിൽ ആ പുഞ്ചിരി നീ സൃഷ്ടിച്ചെടുക്കുന്നതാണ്. എന്നാലും നീയും ആ പുഞ്ചിരി ആ നിമിഷത്തിൽ മനോഹരമായി അനുഭവിക്കുന്നു. ആരോ ഒരാൾ എന്റെ ചിത്രം കണ്ടു സന്തോഷിക്കുന്നു. ഒരാളുടെ സന്തോഷത്തിന് ഞാൻ നിമിത്തമാകുന്നു. ആ വിചാരങ്ങളിലൂടെ കടന്നുപോകുമ്പോൾ നീ നിന്റെ ജീവിതനിമിഷങ്ങളെ സ്വയം സന്തോഷത്തിലേക്ക് നയിക്കുകയാണ്.

ആരോ പാടിയ ഒരു പാട്ട് കേൾക്കുമ്പോൾ നാം ആ ജീവിത നിമിഷത്തെ സുരഭിലസുന്ദരമായ ഒരു കാഴ്ചയിലേക്ക് നയിക്കുന്നു. തലച്ചോറിലെ നാഡികളിൽ നാം ആ ഗാനത്തിൽ ഇഴുകിച്ചേരുകയാണ്, നമ്മുടെ ആ നിമിഷം നിമിഷനേരംകൊണ്ട് മാറിക്കഴിഞ്ഞു. ആ ഗാനം കേൾക്കുന്നതിന് മുമ്പ് വിഷാദത്തോടെയിരുന്ന വ്യക്തികളല്ല ഇപ്പോൾ നാം. ആ ഗാനത്തിനൊത്ത് നമുക്ക് നമ്മുടേതായ കാഴ്ചകൾ സൃഷ്ടിക്കാം, നാമിഷ്ടപ്പെടുന്നവരുമായി സ്വപ്നങ്ങളിൽ സഞ്ചരിക്കാം. ക്രമേണ നാം ആ നിമിഷങ്ങൾ കൂടുതൽകൂടുതൽ സൃഷ്ടിച്ചു നമ്മുടെ ജീവിതം കൂടുതൽ ഉല്ലാസഭരിതമാക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എല്ലാ ദിവസവും നിന്റെ പുതിയ ചിത്രങ്ങൾ കാണുമ്പോൾ അത് എന്തെന്നില്ലാത്ത സന്തോഷമാണ് എനിക്ക് തരുന്നത്. ഞാൻ പുഞ്ചിരിക്കുന്നതുപോലും നിനക്കവിടെ ഇരുന്നു കാണാനാകും. ഇങ്ങനെ സന്തോഷങ്ങളുടെ ചങ്ങലകൾ നാം സൃഷ്ടിക്കണം. തമാശകൾ നിറഞ്ഞ ഒരു കാര്യം നിനക്കെഴുതുമ്പോൾ, ഞാൻ കാണുന്നത് അത് വായിച്ചു പൊട്ടിച്ചിരിക്കുന്ന നിന്നെയാണ്. ഇതിനെല്ലാം സ്ഥായിയായ കാരണം പ്രണയമാണ്, ആ പ്രണയത്തെ ജീവിതപ്രണയമായി വളർത്തിയെടുക്കുക, സ്നേഹവും സന്തോഷവും ആഹ്ലാദവും നമ്മളറിയാതെ നമ്മളിലേക്ക് കടന്നുവരും. അതിനൊപ്പം ദയ കരുണ, സഹാനുഭൂതി ഇതെല്ലം കൂടുതൽകൂടുതൽ നമ്മളിൽ വളരും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ശുഭചിന്തകളാൽ നിന്റെ ദിവസങ്ങൾ നിറയ്ക്കുക. ജീവിത യാഥാർത്ഥ്യങ്ങൾ നമ്മളെ പിന്തുടർന്നുകൊണ്ടേയിരിക്കും, അതിലൊന്നും നമ്മൾ ക്ഷുഭിതരാവരുത്, ആ നിമിഷങ്ങളെ സാവകാശത്തോടെ നാം നേരിടാൻ പഠിക്കണം. നമ്മളിലേക്ക് വരുന്ന എല്ലാ ചോദ്യങ്ങൾക്കും നാം മറുപടികൾ നൽകേണ്ടതില്ല. അവരെ കേൾക്കാം അതിന് വിഷമമൊന്നുമില്ല. എന്നാൽ ഉത്തരങ്ങൾ ഇല്ലെങ്കിൽ നിശബ്ദമായിരിക്കുക. അതേനിമിഷത്തിൽ നമുക്ക് ഏറ്റവും ഇഷ്ടമായ ഗാനത്തിന്റെ അവസ്ഥ നാം മനസ്സിൽ ചിന്തകളിൽ കൊണ്ടുവരണം. നിമിഷനേരം കൊണ്ട് നമ്മുടെ നിശ്ചലാവസ്ഥ മാറി നാം മുമ്പേ സൃഷ്ടിച്ചു അനുഭവിച്ച നിമിഷങ്ങളിലേക്കു മാറാം. ഒരു ദിവസംകൊണ്ട് സ്വായത്തമാകുന്ന ഒരു കാര്യമല്ലിത് എന്നാൽ നിരന്തരമായ ശ്രമത്തിലൂടെ നമുക്ക്, നമ്മുടെ മാനസികാവസ്ഥ മാറ്റിയെടുക്കാം. നമ്മൾ രണ്ടുപേരും അതിന് ശ്രമിക്കണം അത്രയധികം ഒറ്റപ്പെടലുകൾ നമ്മളെ പിന്തുടരുന്നുണ്ട്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്നെ വീണ്ടുംവീണ്ടും വായിക്കുവാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. നിരന്തരമായി എനിക്കായി എഴുതുക, ഒരു പുഴ ഒഴുകുംപോലെ.

# പ്രാർത്ഥനകൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഒരാൾക്കായി മാത്രം എഴുതുന്ന സുഖം മറ്റൊന്നാണ്. എന്നും രാവിലെ നേരത്തെ എഴുന്നേറ്റ് അയാൾ നടത്തുന്ന പ്രാർത്ഥനയാണത്, നിരന്തര പ്രാർത്ഥന. അതിൽ അയാൾ നിറയ്ക്കുന്നത് പ്രണയം മാത്രമല്ല തന്റെ ജീവനും കൂടിയാണ്. ഓരോ ശ്വാസോച്ഛ്വാസവും, അതിൽ നിറയുന്ന ജീവന്റെ കണമായ ജീവവായുവും അയാൾ അവർക്കായി സമർപ്പിക്കുകയാണ്. അവരോ അവരുടെ പ്രാർത്ഥനകളിൽ അയാൾക്ക് എല്ലാവിധ ഐശ്വര്യവും ആരോഗ്യവും സ്നേഹവും സന്തോഷവും കൊടുക്കണേ എന്ന് ഈശ്വരനോട് പറയുന്നു. അയാൾക്ക് ചുറ്റും ഒരു നിറദീപമായി പ്രകാശിച്ചു ജ്വലിച്ചുനിൽക്കുന്നു. അവരുടെ ചെറിയ പ്രോത്സാഹനവാക്കുകൾ അയാൾക്ക് അത്യപൂർവ്വമായ പ്രചോദനവും കരുത്തുമാണ് നൽകുന്നത്.

എഴുതുട്ടോ, എന്നൊരു വാക്കിൽ അവരിൽ നിന്ന് കുത്തിയൊലിക്കുന്ന ഒരു പുഴയാണ് ഊർജ്ജമായി അയാളിലേക്ക് പ്രവഹിക്കുന്നത്, പ്രണയത്തിന്റെ അഗ്നിയാണവർ, തന്റെയുള്ളിലെ യഥാർത്ഥ പ്രണയത്തെയാണവർ ഊർജ്ജമായി അയാൾക്ക് നൽകുന്നത്.

പ്രകാശവർഷങ്ങൾക്ക് അപ്പുറത്തുനിന്നും ഒരേസമയം ഈ ഭൂമിയിൽ അവർ ജനിച്ചു വീണത്, പ്രണയവും സന്തോഷവും പ്രകാശമായി ജീവിതത്തിൽ പടർത്താൻ മാത്രമാണ്. അക്ഷരങ്ങൾ അനുഭൂതികളാണ്, ഒരാൾ മറ്റൊരാളോട് പ്രാർത്ഥനകൾപോലെ ചൊരിയുന്ന പ്രണയം. മറ്റൊരാൾ ലോകത്തിന്റെ ഏതോ ഒരു പുഴയരികിൽ മഴകൊണ്ട്, പുഴയിൽ ഒഴുകി, വീണ്ടും കരയിൽക്കയറി മഴയിൽ ആനന്ദനൃത്തം ചെയ്യുന്നു. ഇതാണ് അക്ഷരങ്ങളുടെ അനുഭൂതി, വാക്കുകൾ പകർന്നു നൽകുന്ന പ്രണയം. അതേസമയം മഴവില്ലായി ചക്രവാളത്തിൽ പിറന്ന് അയാൾ ആ നിമിഷങ്ങൾ അവർക്കൊപ്പം ആഘോഷിക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീ നടക്കുന്ന ഓരോ കാലടികളും എനിക്ക് കേൾക്കാം, നിന്റെ ശ്വാസോച്ഛ്വാസങ്ങൾ, നിന്റെ ചിന്തകൾ, നീ നിന്നിലൂടെ എന്നെ നടത്തുകയാണ്. നിന്റെ ഹൃദയത്തിൽ ഒളിച്ചുവെച്ചിരിക്കുന്ന പ്രണയത്തിന്റെ അണക്കെട്ടുകൾ കാണിക്കാൻ, അതിൽ ഒളിപ്പിച്ചുവെച്ചിരിക്കുന്ന നിന്റെ മനസ്സ് തുറന്നുകാണിക്കുവാൻ, നിന്റെ ഹൃദയത്തിന്റെ

ആഴങ്ങളിൽ തുടിക്കുന്ന പ്രണയത്തിന്റെ പ്രകമ്പനങ്ങൾ എന്നിലേക്ക് ഒഴുക്കിവിടാൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഇത്രയും നാൾ നമ്മൾ നമ്മുടെതന്നെ നിഴലുകൾക്ക് പിറകിൽ ഒളിച്ചിരിക്കുകയായിരുന്നു. ജീവിതത്തിന്റെ പകുതിഭാഗത്തിൽ ഏറെ നാം നമ്മളെത്തന്നെ തടവിലിട്ടിരിക്കുകയായിരുന്നു. ഇനി വെളിച്ചത്തിലേക്കിറങ്ങാം. അഭൂതപൂർവ്വമായ ഒരു ഊർജ്ജം നമ്മിലുണ്ട് അത് നമുക്ക് ഈ ലോകത്തിലേക്ക് പ്രണയമായി പകർന്നുകൊടുക്കണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, യഥാർത്ഥ ജീവിതം എന്നൊന്നില്ല സ്വപ്നങ്ങളിലൂടെ ചിന്തകളിലൂടെ തലച്ചോറിലൂടെ മാത്രമേ പരിപൂർണ്ണ സന്തോഷം നമുക്ക് കണ്ടെത്താനാവൂ. പിന്നെപ്പിന്നെ പതുക്കെ അത് ദിനചര്യകളായി മാറ്റാം. വേദനകളെ, വെറുപ്പുകളെ, കളിയാക്കലുകളെ, പരിഹാസങ്ങളെ, അതിലെ ഊർജ്ജങ്ങളെ നാം പ്രണയവും സന്തോഷങ്ങളുമായി മാറ്റും. ലോകത്തിന് പ്രണയവും സന്തോഷവും പകരുന്ന രണ്ടു നക്ഷത്രങ്ങൾ ആയിരിക്കും നമ്മൾ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീയും എഴുതണം, നിന്റെ ചിന്തകൾ, നിന്റെ സ്വപ്നങ്ങൾ, ഞാൻ നിന്നെ വായിക്കാൻ കാത്തിരിക്കുന്നു.

# തിരകളിൽ ഒളിപ്പിച്ച പ്രണയം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിനക്കറിയാമല്ലോ, ഞാനൊരു കടലാണ്, പ്രണയത്തിരകൾ അവസാനിക്കാത്ത കടൽ. അനേകായിരം തിരകളാൽ ഞാനെന്റെ പ്രണയം ഭൂമിയുമായി പങ്കുവെക്കുന്നു. ഓരോ തിരയും ഓരോ ആശ്ലേഷമാണ്. കടലാഴങ്ങളിൽ പല തവണ ശുദ്ധീകരിച്ചെടുത്ത സംശുദ്ധ പ്രണയം. മുത്തുച്ചിപ്പികൾ തിരഞ്ഞ് ഒരു ദിവസം നീ എന്നിലേക്ക് വരും, നീ കരയിൽ കാത്തു നിൽക്കുക, ഒരു ഭീമൻ തിരയായി ഞാൻ വരും, ആരും കാണാതെ ഞാൻ നിന്നെ എന്നിൽ ഒളിപ്പിക്കും. നിന്നെ ഞാനൊരു മത്സ്യകന്യകയാക്കും. പ്രണയമാകുന്ന കടലിൽ നീ നീന്തി തുടിക്കും. കടലാഴങ്ങളിലേക്ക് നിന്റെ കൈ പിടിച്ചു ഞാൻ നിന്നെക്കൊണ്ടുപോകും, പവിഴപ്പുറ്റുകളും, സ്വർണ്ണവർണ്ണ മത്സ്യങ്ങളും കണ്ട് നീ അതിശയിക്കും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, കടലിന്നടിയിടെ കൊട്ടാരത്തിലെ മുത്തുകളും പവിഴങ്ങളും വാരിവിതറി നീ നിന്റെ പ്രണയം ആഘോഷിക്കും. കടലിൽ നീ നീന്തുമ്പോൾ വലിയ സ്രാവുകൾ നിനക്ക് കൂട്ടുവരും, അവർ നിന്നെ ഉപദ്രവിക്കില്ല, അവരെല്ലാം എന്റെ ആജ്ഞാനുവർത്തികൾ ആണ്. അവരുടെ ചിറകുകളിൽ തൂങ്ങി ഒരു കൊള്ളിയാൻപോലെ നിനക്ക് കടലിൽ എങ്ങും പാഞ്ഞുനടക്കാം. കാഴ്ചകൾ ഒന്നും നഷ്ടപ്പെടാതിരിക്കാൻ നിന്റെ കണ്ണുകൾ തുറന്നു തന്നെ പിടിക്കുക. കടലിൽ കാഴ്ചകളെ ഉള്ളൂ, പ്രണയം നിറഞ്ഞ കാഴ്ചകൾ. ജീവിതത്തിലെ ദിവ്യനിമിഷങ്ങൾ ഏറ്റവും നന്നായി അനുഭവിക്കുക, യാഥാർത്ഥ്യമായാലും സ്വപ്നങ്ങൾ ആയാലും. ആസ്വാദനമാണ് പ്രധാനം, ഇന്ന് ഈ നിമിഷത്തിൽ ഏറ്റവും നന്നായി നാം ജീവിക്കണം. എല്ലാ പ്രണയവും ആഘോഷിക്കണം ചെറുതായാലും, വലുതായാലും.

എന്റെ സ്നേഹക്കടലിൽ അലിഞ്ഞു ചേർന്നാൽ നീ തിരിച്ചു പോവുകയേ ഇല്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ ഉള്ളിലെ പ്രണയത്തെ, നീ കണ്ട കടലാഴങ്ങൾ കൊണ്ട് അളക്കാനാവില്ല. കടലിന്റെ മാസ്മരികത ഉൾക്കടൽ തന്നെയാണ്, ഒരായിരം രഹസ്യങ്ങൾ ഒളിപ്പിച്ച ഉൾക്കടൽ. ഒരായിരം

മോഹങ്ങൾ ഒളിപ്പിച്ച ഉൾക്കടൽ. ഒരായിരം ചിന്തകൾ ഒളിപ്പിച്ച ഉൾക്കടൽ, എന്റെ ഉൾക്കടൽ എന്നാണ് നീ തള്ളിത്തുറക്കുക. എന്റെ പ്രണയത്തിന്റെ പവിഴമുത്തുകൾ എന്നാണ് നീ അണിയുക. ഞാനില്ലാതായാലും ഈ പ്രണയക്കടൽ നിന്റേതാണ്. നീ അതിൽ എന്നും നീന്തിത്തുടിക്കണം, കടലാഴങ്ങൾ കണ്ണുകളിൽ ചേർക്കണം. വർണ്ണമൽസ്യങ്ങൾക്കൊപ്പം നീന്തിക്കൊണ്ടേയിരിക്കണം. അവർ ഇന്നെന്നോ നാളെയെന്നോ ചിന്തിക്കുന്നില്ല, നീന്തുന്നു, ആ നീന്തൽ അനന്തമായി ആസ്വദിക്കുന്നു.

കടലിരമ്പങ്ങൾ നിന്റെ ഹൃദയത്തെ മഥിക്കും, കടൽക്കാറ്റിൽ ചിലപ്പോൾ നീ ഉലയും. ഒന്നിനെയും ഭയപ്പെടരുത്. അതെല്ലാം താത്കാലികങ്ങൾ മാത്രമാണ്. മതിവരുവോളം കടലാഴങ്ങൾ ആസ്വദിക്കുക ആഘോഷിക്കുക ആനന്ദിക്കുക, ജീവിതം പോലെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒരു നിമിഷംപോലും കളയാതെ നമുക്ക് ഈ പ്രണയക്കടലിൽ നീന്തി തുടിക്കാം. അതിന്റെ ആവേശങ്ങൾ നമ്മുടെ ജീവിതത്തിൽ നിറയ്ക്കണം. നീന്തുക എന്നാൽ ഒരു പ്രയാണമാണ്, അനന്തമായ ഒരു പ്രയാണം, ഒന്നിച്ചു നീന്തുമ്പോൾ നമ്മുടെ മനസ്സും മോഹങ്ങളും കടലിൽ ഒന്നുചേരും. അവിടെ നിന്നെയും എന്നെയും വേർതിരിക്കാനാവില്ല, പ്രണയപ്രയാണങ്ങൾ മാത്രം.

നിന്നെക്കുറിച്ചുള്ള ഓരോ ചിന്തകളും എനിക്ക് കടൽ പോലെയാണ്. അല്ല നീയാണ് എന്റെ കടൽ.

# യാത്രയുടെ ആകാംക്ഷകൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ ഇന്നത്തെ യാത്രയിൽ ഞാൻ ആകാംഷാഭരിതനാണ്. ജോലി എന്താണെന്ന് പറഞ്ഞിട്ടില്ലെങ്കിലും എനിക്ക് ഊഹിക്കാവുന്നതേയുള്ളൂ, യാത്ര ജോലിയുമായി ബന്ധപ്പെട്ടതായതിനാൽ ഒഴിവാക്കാനും ആകില്ല. സുരക്ഷിതയായിരിക്കുക. യാത്ര ആസ്വദിക്കുക. ഞാൻ രാത്രി രണ്ടു തവണ എഴുന്നേറ്റു, എന്റെ മനസ്സുമുഴുവൻ നിന്റെ യാത്രകളെക്കുറിച്ചുള്ള ചിന്തകളായിരുന്നു. നീ ചെറിയകുട്ടിയൊന്നുമല്ല മാത്രമല്ല ഇത്തരം യാത്രകൾ നീ എത്രയോ നാളായി തുടരുന്നതാണ്. എന്നിട്ടും എന്തോ ആകാംക്ഷകൾ എന്നെ പിന്തുടരുന്നു. നീണ്ടയാത്രകൾ നമുക്ക് പുതിയ കാഴ്ചകൾ തരുന്നു, കാഴ്ചപ്പാടുകൾ തരുന്നു, ജീവിതത്തിന്റെ യഥാർത്ഥമുഖങ്ങൾ നമ്മുടെ മുന്നിൽ തുറന്നുവെയ്ക്കുന്നു. കണ്ണുകൾ തുറന്നുവെച്ചു കാഴ്ചകൾ കാണുക, ഉറക്കം വരുമ്പോൾ മയങ്ങുക. മയങ്ങി ഉണർന്നു വീണ്ടും കാഴ്ചകൾ കാണുക.

തുടർച്ചയായ കാഴ്ചകളാണ് ജീവിതം.

ജീവിതംതന്നെ നീണ്ടൊരു യാത്രയല്ലേ, അതിനിടയിലെ ചെറിയ യാത്രകളും ആഘോഷിക്കാം. ഈ നിമിഷത്തിൽ നിന്നോടൊപ്പം ഞാനുണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോവുകയാണ്. രണ്ടുപേരും ചേർന്നൊരു യാത്ര, എങ്ങോട്ടോ, അറിയാത്തൊരിടത്തേക്ക്, ഒരിക്കലും പോകാത്ത വഴികളിലൂടെ, ചെന്നെത്താൻ ഒരു ലക്ഷ്യവുമില്ലാതെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അത്തരം യാത്രകൾ എന്നെങ്കിലും നമുക്ക് പോകണം, പ്രത്യേകിച്ചു ഒരു ലക്ഷ്യവുമില്ലാത്ത യാത്രകൾ, തികച്ചും വ്യത്യസ്തമായി, വഴികൾ നമ്മൾക്കു വഴികാട്ടും.

ഇന്ത്യ മുഴുവൻ ചുറ്റിക്കാണണമെന്ന് അതിയായ ആഗ്രഹമുണ്ട്, ഇവിടെയിരുന്ന് റെയിൽവേ നടത്തുന്ന ഭാരതദർശൻ എന്ന യാത്രാപരിപാടിയുടെ വിവരങ്ങൾ എപ്പോഴും വായിക്കും, അടുത്ത അവധിക്ക് എന്തായാലും പോകണമെന്ന് കരുതും, എന്നാൽ നാട്ടിലെത്തുന്ന സമയത്ത് ഉദ്ദേശിച്ച ഒരു യാത്രയും നടക്കാറില്ല. ഒരോട്ടപ്പാച്ചിൽ നടത്തി കൊച്ചി വിമാനത്താവളത്തിൽ തിരിച്ചുപോകാൻ ഇരിക്കുമ്പോൾ സ്വയം പറയും, അടുത്ത തവണ അവധി ഒന്നുകൂടെ നന്നായി ഉപയോഗപ്പെടുത്തണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ബാക്കിയുള്ള ജീവിതത്തിൽ കേരളം തന്നെ വിശദമായി കാണാൻ കഴിഞ്ഞാൽ ഭാഗ്യം. ഗ്രാമങ്ങളിലൂടെ പോകണം, ചെറിയചെറിയ ഇടവഴികളിലൂടെ യാത്രചെയ്ത് അരുവികളിലും പുഴകളിലും കാലുകൾ നനയ്ക്കണം. അതിലൊഴുകുന്ന ഊർജ്ജം ആവാഹിച്ചു നമ്മുടെ ചേതനകളെ ഉണർത്തണം. നിന്റെ ഗ്രാമം കാണാൻ എനിക്ക് അതിയായ ആഗ്രഹമുണ്ട്. നടന്നോ സൈക്കിൾ റിക്ഷയിലോ മാത്രം, കാരണം, ആ ഗ്രാമം എനിക്ക് ഒപ്പിയെടുക്കണം, ആ ഗ്രാമമാണല്ലോ എനിക്ക് നിന്നെ സമ്മാനിച്ചത്. നീ കേരളത്തിൽ വരുകയാണെങ്കിൽ മഴക്കാലത്ത് ഷൊർണുർ നിന്നും നിലമ്പൂർ റോഡ് തീവണ്ടിയിൽ പോകണം, കാട്ടിലൂടെ പച്ചപ്പുകൾ നിറഞ്ഞ ഗ്രാമങ്ങൾക്കിടയിലൂടെ, വലിയ ആൽമരങ്ങളുടെ വേരുകൾ തൂങ്ങിക്കിടക്കുന്ന സ്റ്റേഷനുകൾ ഉള്ള ഒരു യാത്ര, ആ യാത്ര നീ ഒരിക്കലും മറക്കില്ല, അല്ലെങ്കിൽ ആ യാത്ര നിന്നെ വീണ്ടുംവീണ്ടും അവിടേക്ക് വിളിക്കും. ഞാനിപ്പോഴും മരുഭൂമിയിലിരുന്ന് ആ യാത്രകൾ ഓർക്കുന്നു, അടുത്ത യാത്രയ്ക്കായി കാത്തിരിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ യാത്രാനുഭവങ്ങൾ ഇന്ന് രാത്രി തന്നെ വിശദമായി എന്നെ എഴുതി അറിയിക്കണേ. അതു വായിക്കുമ്പോൾ ഞാൻ നിന്നോടൊപ്പം യാത്രചെയ്യുകയാകും. ഒപ്പമില്ലെങ്കിലും രണ്ടു പേർക്ക് ഒരുമിച്ചും യാത്ര ചെയ്യാമെന്ന് നിന്റെ സന്ദേശങ്ങൾ എന്നെ അനുഭവപ്പെടുത്തിത്തന്നു. ചെറിയചെറിയ വാക്കുകളിലൂടെ ഞാൻ നിന്നോടൊപ്പം നിന്നരികിൽ യാത്ര ചെയ്യുകയായിരുന്നു. അല്ലെങ്കിൽ നീയെന്നെ കൂടെക്കൊണ്ടുപോവുകയായിരുന്നു. തികച്ചും നവ്യാനുഭവം.

രണ്ട് ആത്മാവുകൾ ഒരുപോലെ ചിന്തിക്കുമ്പോൾ, അവരുടെ യാത്രകൾ ഒന്നാകുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പ്രപഞ്ചത്തിന്റെ എല്ലാ കോണുകളിലേക്കും നമുക്ക് സഞ്ചരിക്കാനാവുമെങ്കിൽ പോകാമായിരുന്നു, നീ അരികിൽ ഉള്ളപ്പോൾ ആ യാത്രകൾ എത്ര മനോഹരമായിരിക്കും. ഒരുപക്ഷെ ആ യാത്രകൾ നമുക്ക് ഒരുമിച്ചെഴുതാൻ കഴിഞ്ഞേക്കും നിന്റെ ശ്വാസവും എന്റെ ശ്വാസവും ചേർത്ത്. ആത്മാവിന്റെ ആഴങ്ങളിലേക്കുള്ള ആ യാത്രകൾ നമുക്കൊന്നിച്ചെഴുതാം. നിന്റെ വിരലുകൾ എന്റെ വിരലുകളോട് ചേർക്കുക. എഴുതാം, പ്രണയത്തിന്റെ അനന്തമായ യാത്രകൾ.

# ഈന്തപ്പനക്കാട്

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ഇന്നലത്തെ യാത്രയുടെ ഹരം ഇനിയും വിട്ടുപോയിട്ടില്ല എങ്കിലും അതിരാവിലെ വന്ന് ഓഫീസിന് എതിരെയുള്ള ഈന്തപ്പനക്കാട് നോക്കി നിന്നു. ഇവിടെ നമ്മുടെ നാട്ടിലെ പനകൾ ഇല്ലല്ലോ, അവരങ്ങനെ കൂട്ടംകൂടി വിരിഞ്ഞു നിറഞ്ഞുനിൽക്കുന്നു. കാലത്ത് സൂര്യന്റെ രശ്മികൾ നേരെ എന്റെ മുഖത്തേക്കാണ് അതിനാൽ ചിത്രങ്ങൾ എടുക്കാനാവില്ല എങ്കിലും വൈകിട്ട് ശ്രമിക്കാം. അവർ പൂക്കാറായിരിക്കണം എല്ലാവരും നല്ല തലയെടുപ്പോടെ സന്തോഷത്തോടെ, ഞങ്ങൾ ഇവിടെ മണൽക്കാട്ടിലെ, കനത്ത ചൂടിൽ കത്തുന്ന മനുഷ്യർക്ക് പച്ചപ്പിന്റെ കാരുണ്യം പകർന്ന് നൽകി അവരുടെ കണ്ണുകളിൽ തണുപ്പ് പകർന്ന് പരമകാരുണ്യവാന്റെ അനുഗ്രഹം ചൊരിയുന്നു എന്ന് പറയുന്നതുപോലെ.

നമ്മുടെ നാട്ടിൽ മരങ്ങൾ പിഴുതുമാറ്റി കാശാക്കുമ്പോൾ, ഇവിടെ ഈ മഹാനഗരത്തിന്റെ കണ്ണായ സ്ഥലത്ത് ഏതാണ്ട് അഞ്ച് ഏക്കറിലധികം പടർന്നു കിടക്കുന്ന ഈന്തപ്പനക്കാട് എന്നും വെള്ളമൊഴിച്ചും വളമിട്ടും ഈ രാജ്യം സംരക്ഷിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ ജീവിതത്തിൽ പലരും പലതും ഒരു നിയോഗംപോലെ വന്നുചേരുന്നതാണ് നീയടക്കം. മറ്റു പലരും അങ്ങനെത്തന്നെ അകലെയിരിക്കുന്ന അവരെല്ലാം എനിക്ക് പ്രിയപ്പെട്ടവരാകുന്നു ഭൂരിഭാഗം പേരും നിന്നെപ്പോലെ നേരിൽ കാണാത്തവർ തന്നെ! അവരെയൊന്നും ജീവിതത്തിൽ ഒരിക്കലും മുറിച്ചുമാറ്റാൻ ആവില്ല പരമകാരുണ്യവാന്റെ അനുഗ്രഹം അതിൽ എന്നും ഉണ്ടായിട്ടുണ്ട്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പറഞ്ഞുവന്നത് ഈ മഹാനഗരത്തിൽ അംബരചുംബികളായ ഒരുപാടു കെട്ടിടങ്ങൾ ഉണ്ട് എന്നിട്ടും എന്തുകൊണ്ട് ഞാൻ ഈ പനമരക്കാടിന് അഭിമുഖമായിത്തന്നെ എത്തിച്ചേർന്നു. ഒരുപക്ഷെ എന്റെ ഗ്രാമത്തിന്റെ ഹരിത ശീതളിമ ദൈവം എനിക്ക് കനിഞ്ഞു നല്കിയതാവാം. ഗ്രാമത്തിനോടുള്ള എന്റെ അദമ്യമായ പ്രണയം, ഒരു ചെറിയ ഭാഗമായി എന്റെ തൊട്ടരികെ, എന്നും അതിരാവിലെ വന്ന് അത് കാണാനുള്ള മഹാഭാഗ്യം, ആ കരുണയുടെ ചെറിയ രൂപമാകാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഇപ്പോൾ ആ പനമരക്കാടിനുള്ളിൽ എവിടെയോ നീയുണ്ട്, എന്നെ സാകൂതം എപ്പോഴും വീക്ഷിക്കാൻ, ഇപ്പോഴും എപ്പോഴും പ്രണയിക്കാൻ, നിന്നിൽ നിന്നൊഴുകുന്ന അനുസ്യൂതമായ ഊർജ്ജം എന്നിൽ നിറയ്ക്കാൻ. ആ പനമരങ്ങൾക്കിടയിൽ നിന്ന് രണ്ടു ഉണ്ടക്കണ്ണുകൾ എന്നെ വാ വാ എന്ന് നിരന്തരമായി ക്ഷണിക്കുന്നു. അതൊരു സുരക്ഷിതമേഖല ആയതിനാൽ അങ്ങോട്ട് വരാനാകില്ല, എന്നാൽ ഈ മഹാനഗരത്തിൽ നിനക്കൊളിക്കാൻ ഇതിലും നല്ല സ്ഥലമില്ല. അനേകായിരം പനമരങ്ങൾക്കിടയിൽ ഏതിലാണ് നീ ഒളിച്ചിരിക്കുന്നത്, ഏറ്റവും ഉയർന്ന ഒന്നോ രണ്ടോ മരങ്ങൾ മാത്രം, ബാക്കിയെല്ലാം ഏതാണ്ട് ഒരേ ഉയരമാണ്, നീയത് ഒരിക്കലും എനിക്ക് കാണിച്ചു തരില്ല, എന്റെ മുന്നിൽത്തന്നെ മറഞ്ഞിരുന്നു നിന്റെ പ്രണയം നീ നിരന്തരമായി എന്നിൽ ചൊരിയുകയല്ലേ.

ഒരിക്കലെങ്കിലും എന്റെ കൈകൾക്ക് നിന്നിലേക്ക് എത്തിച്ചേരാനായാൽ, പിന്നെ ഒരിക്കൽപ്പോലും എന്റെ കൈകൾ അഴിച്ചു മാറ്റി നീ എന്നിൽ നിന്ന് പോകില്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മുടെ പ്രാർത്ഥനകൾ ഒരിക്കലും വെറുതെയാകില്ല. പ്രാർത്ഥനകൾ ഒരിക്കലും മാഞ്ഞുപോകില്ല. അത് നമുക്ക് ചുറ്റും ഒരു സുരക്ഷാകവചമായി എപ്പോഴുമുണ്ടാകും. നമ്മളിൽ നിന്ന് കാരുണ്യം മറ്റുള്ളവരിലേക്ക് പ്രസരിക്കുമ്പോൾ, അവർ കാരുണ്യത്തിൽ നിറയുമ്പോൾ, ആ ചൈതന്യമെല്ലാം നൂറിരട്ടിയായി നമ്മളിൽ നിറയും. പരമകാരുണ്യവാനായ ദൈവമേ നിന്റെ അനുഗ്രഹം എന്നും എപ്പോഴും എല്ലാവരിലും നിറഞ്ഞു നിൽക്കട്ടെ.

നിന്റെ അക്ഷരങ്ങൾ വായിക്കാൻ എനിക്ക് കൊതിയാകുന്നു, വേഗം അയക്കണേ.

# ആഗ്രഹങ്ങളും അത്യാഗ്രഹങ്ങളും

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നീയിപ്പോൾ എന്നെ നേരത്തെ ഉണർത്താൻ പഠിപ്പിച്ചു, ആറിന് തന്നെ വാതിൽ തുറന്നു പുറത്തിറങ്ങാൻ നോക്കിയപ്പോൾ കെട്ടിടത്തിന്റെ നടപ്പാതയിൽ നിറഞ്ഞുനിൽക്കുന്ന കനത്തചൂട് തിങ്ങിനിറഞ്ഞ വായു തണുപ്പുനിറഞ്ഞ മുറിയിലേക്ക് തള്ളിക്കയറാൻ ശ്രമിക്കുന്നു. ആറുമണിക്കേ മരുഭൂമി ഉരുകാൻ തുടങ്ങിയിരിക്കുന്നു. വണ്ടിയിൽ. പുറത്തെ ചൂട് 35 എന്ന് കാണിച്ചു. പതിവുപോലെ ചെറിയ വഴിയിൽ നിന്നും ഹൈവേയിൽ എത്തിയപ്പോൾ തീരെ തിരക്കില്ല, തിരക്കില്ലെങ്കിൽ പിന്നെ കാല് വേഗതയിലമരും പരമാവധി വേഗത്തിലേക്ക് എത്തിയാൽ ശ്രദ്ധിക്കണം അല്ലെങ്കിൽ വഴിയിലെ ക്യാമറകൾ നമ്മളെ ഒപ്പിയെടുക്കും, പിഴയടയ്ക്കാനുള്ള സന്ദേശം, അതേനിമിഷം മൊബൈലിൽ എത്തും. ഹൈവേയിൽ നിന്നും പുറത്തിറങ്ങാനുള്ള വഴിയാകുമ്പോൾ ശ്രദ്ധിക്കണം, ശരവേഗത്തിൽ പിന്നിൽ നിന്ന് പാഞ്ഞു വരുന്നവരുണ്ടാകാം, അവർക്ക് വഴികൊടുത്താൽ നമുക്ക് സുരക്ഷിതരായിരിക്കാം. മേൽപാതയിൽ നിന്നുള്ള ദൃശ്യങ്ങൾ മനോഹരമാണ്. വലതുഭാഗത്തെ അംബരചുംബികൾ നിറഞ്ഞു നിൽക്കുന്ന പ്രത്യേക സാമ്പത്തിക മേഖല ഇടതുവശത്ത് നഗരത്തിലെ ഏറ്റവും വലിയ കെട്ടിടങ്ങൾ, വണ്ടി വളഞ്ഞിറങ്ങുമ്പോൾ ആ കെട്ടിടങ്ങൾ ചലിക്കുന്നതായി തോന്നും. ചിറകുകൾ ഉണ്ടായിരുന്നെങ്കിൽ ഞാൻ ആ അംബരചുംബികൾക്കിടയിലൂടെ പറന്നേനെ, എന്നും എപ്പോഴും ചലിക്കുന്ന നഗരം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ തനിയെയുള്ള ദീർഘദൂരയാത്രകളെക്കുറിച്ചു പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു, അതും കാടിന് നടുവിലൂടെ. മൃഗങ്ങൾ നിന്നെ ഉപദ്രവിക്കില്ല. മനുഷ്യരെ ശ്രദ്ധിക്കണം. എന്തായാലും കരാട്ടെയിൽ ബ്ലാക്ക്ബെൽറ്റും ബാഗിൽ എപ്പോഴും കത്തിയും കുറുവടികളുമായി നടക്കുന്ന നിന്നെയറിയുന്നവർ അടുത്തുവരില്ല. എങ്കിലും തനിയെയുള്ള യാത്രകൾ ശ്രദ്ധിക്കണം. യാത്രകളുടെ സ്വാതന്ത്ര്യത്തിനായാണ് നീ തനിയെ യാത്ര ചെയ്യുന്നതെന്ന് എനിക്കറിയാം. ഓരോ യാത്രയും ആസ്വദിക്കുക, ഓരോ യാത്രകളും എഴുതി നിറയ്ക്കുക, നിന്റെ യാത്രകൾ മറ്റുള്ളവർ വായിച്ചെങ്കിലും അനുഭവിക്കട്ടെ. എന്നെങ്കിലും

നമുക്കൊരുമിച്ചു യാത്രകൾ പോകാനാകും എന്ന് ഞാൻ സ്വപ്നം കാണുന്നു. നിന്റെ പ്രിയപ്പെട്ട പഴയ മിലിറ്ററി ജീപ്പിന്റെ ചിത്രം ഇതുവരെ അയച്ചു തന്നില്ല. ഞാൻ അതുകണ്ട് മോഹിച്ചു മോഷ്ടിക്കുകയൊന്നുമില്ല. അഥവാ മോഷ്ടിക്കുകയാണെങ്കിൽ തന്നെ ജീപ്പും ഉടമയെയും ഒരുമിച്ചെ മോഷ്ടിക്കൂ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്തൊക്കെ ആഗ്രഹങ്ങളാണല്ലേ, ആഗ്രഹങ്ങളും, അത്യാഗ്രഹങ്ങളും നിറഞ്ഞ ജീവിതം. അതിനെ വേർതിരിച്ചെടുക്കാൻ നമുക്ക് കഴിയുമോ ഇപ്പോൾ നമുക്ക് തോന്നുന്നതെല്ലാം അത്യാഗ്രഹങ്ങളാണോ അല്ല എന്നാണ് എന്റെ പക്ഷം. നമുക്കാഗ്രഹങ്ങൾ വേണം, അതിലേക്കായുള്ള പരിശ്രമങ്ങൾ വേണം, നീ ആഗ്രഹിക്കുന്ന ഹിമാലയത്തിലേക്കുള്ള ബുള്ളറ്റ് യാത്ര പോലെ. എനിക്ക് നാട്ടിൽ ഒരു പഴയ റോയൽ എൻഫീൽഡ് ബുള്ളെറ്റ് ഉണ്ട്. അവന്റെ ശബ്ദം വളരെ ദൂരെ വരെ കേൾക്കാം, അതിന്റെ താളം എനിക്ക് ഇവിടിരുന്നു കേൾക്കാം. നിനക്കായി ഒന്ന് നമുക്ക് അന്വേഷിച്ചു കണ്ടുപിടിക്കണം, നിന്റെ മിലിട്ടറിക്കാരൻ അമ്മാവൻ അത് അവിടുന്നുതന്നെ സംഘടിപ്പിച്ചു തരും.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഒരിക്കലും ആഗ്രഹങ്ങൾ കുറയ്ക്കേണ്ടതില്ല, ആഗ്രഹങ്ങളും അത്യാഗ്രഹങ്ങളുമാണ് മനുഷ്യന്റെ ജീവിതം മുന്നോട്ട് നയിക്കുന്നത്. നാം ചെയ്യുന്ന കാരുണ്യപ്രവർത്തനങ്ങൾപോലും നമ്മുടെ ആഗ്രഹങ്ങളാണ് അല്ലെങ്കിൽ അത്യാഗ്രഹങ്ങൾ ആണ്. അതിതീവ്രമായി നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ നടക്കുകതന്നെ ചെയ്യും. അതിലേക്കുള്ള ദൂരം എത്രതന്നെയായാലും. ഒരിക്കലും ഒരാഗ്രഹത്തിൽനിന്നും പിറകോട്ട് പോകരുത്. അതിതീവ്രമായി തന്നെ പരിശ്രമിക്കണം, ആ യാത്രയിൽ മറ്റു പലതും നാം സ്വായത്തമാക്കും, ഒരു ആഗ്രഹത്തിന്റെ ഉത്തുംഗത്തിൽ എത്തിയില്ലെങ്കിൽത്തന്നെയും അതിന്റെ സമതലങ്ങളിൽപ്പോലും അതിന്റെ അനുരണനങ്ങൾ നമുക്ക് അനുഭവിക്കാനാകും, അത് മാത്രം മതി, പർവ്വതങ്ങളിലേക്കുള്ള ബാക്കി യാത്രകൾ പൂർത്തിയാക്കാൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഓരോ ആഗ്രഹങ്ങൾക്കായും നാം നിത്യവും പ്രാർത്ഥിക്കണം. പ്രാഥിച്ചുകൊണ്ടേയിരിക്കണം, നിരന്തരമായി ആഗ്രഹിക്കണം, ആ ആഗ്രഹങ്ങൾ എഴുതിവയ്ക്കണം, വാതിലിൽ അലമാരയിൽ കണ്ണാടിയിൽ എല്ലായിടത്തും ആ ആഗ്രഹങ്ങൾ നമുക്ക് കാണാനാകണം, അതിന്റെ പൂർണ്ണരൂപം മനസ്സിൽ കാണാനാകാം. പുതിയൊരു വാഹനമാണോ ആഗ്രഹിക്കുന്നത് അതിനെ മനസ്സിൽ കാണൂ, പുതിയൊരു വീടാണോ, നാം ആഗ്രഹിക്കുന്ന ആ വീട് നിന്റെ ഉള്ളിൽ സൃഷ്ടിക്കൂ, ആ വീടിനെ എപ്പോഴും കാണൂ, കണ്ടുകൊണ്ടേയിരിക്കൂ. ശക്തമായ ആഗ്രഹങ്ങൾ നമ്മളെ ആ വാഹനത്തിലേക്ക്

അല്ലെങ്കിൽ വീട്ടിലേക്ക് കൊണ്ടുചെന്നിരിക്കും. കുറച്ചു സമയമെടുത്തേക്കാം, എങ്കിലും, ദീപാക്ഷി നീ എത്തിയിരിക്കും. ഇത്രയും കാര്യങ്ങൾ ജീവിതത്തിൽ ഒറ്റയ്ക്ക് പൊരുതി നേടിയ നിന്നോട് എനിക്ക് അമിതമായ ബഹുമാനവും, അഭിമാനവും മാത്രമേയുള്ളൂ, പലപ്പോഴും നിന്റെ വാക്കുകൾ എന്റെ മുന്നോട്ടുള്ള യാത്രകൾക്ക്, ശക്തമായ ഇച്ഛാശക്തിയും, പ്രേരകശക്തിയുമാകുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, തളരാതെ മുന്നോട്ടു നടക്കുക, നിന്റെ ആഗ്രഹങ്ങൾ ഒക്കെ നടക്കും, ഈ ഭൂലോകം മുഴുവൻ നിന്റെ സഹായത്തിനായി കൂടെയുണ്ട്.

# തിരിച്ചുപിടിക്കുന്ന യൗവ്വനം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ പുതിയ ചിത്രത്തിന് നീയിട്ട കമന്റ് കണ്ടു സാൾട് ആൻഡ് പെപ്പെർ എന്ന്, എനിക്ക് പെട്ടെന്ന് ചിരി വന്നു, അതൊരു യാഥാർത്ഥ്യമാണല്ലോ ദിവസങ്ങൾ താഴേക്കല്ല മുകളിലേ ക്കാണ് പോകുന്നത്, ജീവിതവും.

മറുപടിയായി നീ തന്ന ചിത്രത്തിന് സിൽവർ ലൈൻ എന്ന് തലക്കെട്ട് വെച്ചതോടെ നീയും ആ യാഥാർത്ഥ്യം അംഗീകരിക്കുകയാണ് എന്ന് മനസ്സിലായി. അതൊന്നും സാരമാക്കേണ്ടതില്ല, ജീവിത യാഥാർത്ഥ്യ ങ്ങളെ ഉൾക്കൊണ്ട് നമുക്ക് മുന്നോട്ട് പോകാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്നാൽ നമ്മുടെ ചിന്തകൾ സന്തോഷ ങ്ങൾ നമ്മൾ ദൂരെയിരുന്നു പങ്കുവെയ്ക്കുന്ന ഈ പ്രണയം, അതേ നമ്മൾ യൗവനത്തിലേക്ക് തിരിച്ചു നടക്കുക തന്നെയാണ്. വയസ്സാവുക എന്നത് ഒരു ശാരീരികാവസ്ഥ മാത്രമാണ്. നമ്മൾ എങ്ങനെ ചിന്തിക്കുന്നുവൊ, ജീവിതത്തെ എത്ര ഉത്സാഹത്തോടെ നോക്കിക്കാണുന്നുവോ, അത് എങ്ങനെ നമ്മുടെ ജീവിതത്തിൽ പകർത്തുന്നുവോ, അതാണ് നമ്മൾ ജീവിക്കുന്ന ഇപ്പോഴത്തെ അവസ്ഥ. ഇന്നത്തെ ഇപ്പോഴത്തെ നിമിഷങ്ങൾ ഉല്ലാസഭരിതമാക്കി സന്തോഷത്തോടെ പ്രണയംനിറച്ച് ജീവിക്കുക. നാളെയില്ല ഇന്നലെയില്ല ഇന്ന് മാത്രം. ഈ നിമിഷങ്ങൾ ധന്യമാക്കുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, പിന്നെ ചെറിയ വ്യായാമങ്ങൾ ചെയ്തും കുറച്ചു നടന്നും ആഹാരം നിയന്ത്രിച്ചും ധ്യാനിച്ചും യോഗയൊക്കെ അഭ്യസിച്ചും നമുക്ക് ആരോഗ്യം നിലനിർത്താം. നമ്മുടെ ചിന്തകളിലാണ് നാം യൗവ്വനം നിലനിർത്തേണ്ടത്, കഴിഞ്ഞുപോയി എന്ന് കരുതുന്ന കാലങ്ങളെ ഹൃദയത്തിലേക്ക് വലിച്ചടുപ്പിക്കേണ്ടത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഞാനും നീയും മാത്രമുള്ള നല്ല നിമിഷങ്ങൾ ഞാൻ എന്നും വിഭാവനം ചെയ്യാറുണ്ട്. എന്നുവെച്ച് സാധാരണമായ മൃദുലവികാരങ്ങളും, കോപവും, വെറുപ്പും, പൊട്ടിത്തെറികളും ഇല്ലാത്ത മനുഷ്യർ എന്നല്ല. അനാവശ്യ വികാരങ്ങളിലെ ഊർജ്ജത്തെ നാം സന്തോഷത്തിലേക്കു തിരിച്ചുവിടണം. പടിപടിയായി നാം സന്തോഷം

നിറഞ്ഞുനിൽക്കുന്ന മാനസികാവസ്ഥയിലേക്ക് എത്തിച്ചേരും. ഒരു മുക്താവസ്ഥ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അവിടെ നാം പ്രണയം മാത്രമേ കാണൂ, അനുഭവിക്കൂ. ബാക്കിയുള്ള എല്ലാ അവസ്ഥകളും മാറി നന്മകൾ നമ്മളറി യാതെ ചുറ്റും നിറയും. യഥാർത്ഥമായി അങ്ങനെ ജീവിതം കണ്ടെത്താനാ വുന്നില്ലെങ്കിൽ, സ്വപ്നങ്ങളിൽ, ചിന്തകളിൽ അങ്ങനെ മാത്രം ജീവിക്കുക. ഒരു ദിവസം സ്വപ്നങ്ങൾ, ചിന്തകൾ യാഥാർത്ഥ്യമാവുകതന്നെ ചെയ്യും അല്ലെങ്കിൽ നാം യാഥാർത്ഥ്യമാക്കും. എന്നും നല്ല സ്വപ്നങ്ങൾ കാണൂ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ സ്വപ്നങ്ങളിൽ ചിന്തകളിൽ എപ്പോഴും നീയുണ്ട്, ഒരു യഥാർത്ഥ ജീവിതംപോലെ നിഴലായി ഇളം കാറ്റായി അറിയാതെയുള്ള ഒരാലിംഗനമായി തൊടിയിലെ പൂവായി പൂവിൽ നിന്ന് നീ നുകരുന്ന സുഗന്ധമായി നിന്റെ ശ്വാസകോശങ്ങളിൽ നിറഞ്ഞു സിരകളിൽ നിറഞ്ഞു ഹൃദയത്തിൽ കുടികൊള്ളുമ്പോൾ പ്രിയപ്പെട്ടവളെ നിന്നിൽ അലിഞ്ഞില്ലാതാകുന്ന നിമിഷം ദൂരെയിരുന്നു ഞാൻ അനുഭവിക്കുന്നു.

# ശബ്ദങ്ങൾ

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അക്ഷരങ്ങളാണ് നമ്മുടെ ശബ്ദങ്ങൾ, ബഷീറും നാരായണിയും മതിലുകൾക്കപ്പുറത്തുനിന്ന് പരസ്പരം ശബ്ദങ്ങൾ കൈമാറിയിരുന്നു എന്ന് കേട്ടിരുന്നു, ഈ ആധുനിക ലോകത്ത് നാം ഇന്നുവരെ തമ്മിൽ ശബ്ദം കേട്ടിട്ടേ ഇല്ല. നിന്റെ ശബ്ദം എങ്ങനെയിരിക്കും. എനിക്കറിയില്ല. നാമതിന് ഇന്നുവരെ ശ്രമിച്ചില്ല എന്നതിന് എന്തെങ്കിലും ഒരു കാരണമുണ്ടാകാം. ഒരുപക്ഷെ നമ്മൾ ത്തമ്മിൽ സംസാരിച്ചിരുന്നെങ്കിൽ ഈ എഴുത്തേ നടക്കുമായിരുന്നില്ല. ഈ അക്ഷര പ്രവാഹങ്ങൾ ഉണ്ടാകുമായിരുന്നില്ല. നിന്നിൽ നിന്നുയരുന്ന അഗ്നി എന്നിലേക്ക് ഇത്ര ശക്തമായി എത്തുമായിരുന്നില്ല. ശബ്ദങ്ങളെക്കാൾ വാക്കുകൾ ശക്തമായി സംസാരിക്കുന്നു. നിർലോഭമായി പരിധികൾ ഇല്ലാതെ അവ നമ്മുടെ ഹൃദയത്തിലേക്ക് ആത്മാവിലേക്ക് നിരന്തരമായി സംഭാഷങ്ങൾ നടത്തുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, മനുഷ്യർ അവരുടെ ചിന്തകൾക്ക് ഒരു നിയന്ത്രണവുമില്ല, അഴിച്ചുവിട്ട പട്ടങ്ങൾപോലെ അവർ ആകാശത്ത് സ്വപ്നങ്ങളിലൂടെ പറന്നുനടക്കും. നമ്മുടെ ജീവിതവും അങ്ങനെയാണ് അനന്തമായ ഈ പ്രപഞ്ചത്തിൽ നമ്മുടെ സ്വപ്നങ്ങളിൽ നമ്മൾ എന്ന രണ്ടുവ്യക്തികൾ ഇല്ല നമ്മുടെ അതിരുകളില്ലാത്ത ചിന്തകൾ ആഗ്രഹങ്ങൾ മോഹങ്ങൾ മാത്രം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മൾ എന്തിനുവേണ്ടി കണ്ടുമുട്ടി എന്നത് ഇന്നും ഞാൻ അന്വേഷിക്കുന്ന ചോദ്യമാണ്. അജ്ഞാതയായ ഒരു സുഹൃത്തിനെ തേടിയിരുന്നു എന്നത് സത്യംതന്നെയാണ്, എത്രനാൾ ഒരാൾ ജീവിതത്തിൽ തനിയെ സംസാരിച്ചുകൊണ്ടേയിരിക്കും കണ്ണാടികളോടും മുറിയിലെ ചുമരുകളോടും സംസാരിച്ചു തളർന്നിരുന്നു. ഒരുപക്ഷെ കണ്ടുമുട്ടാൻ ഇപ്പോഴാകാം നിയോഗമുണ്ടായത്. പ്രപഞ്ചം ശരിയായ സമയത്ത് മാത്രം രണ്ടു വ്യക്തികളെ തമ്മിൽ കാണാൻ അനുവദിക്കുന്നു, കണ്ടുകഴിഞ്ഞാലോ അവരിൽ വർഷങ്ങളായി അടക്കി വെച്ചിരിക്കുന്ന ചിന്തകളുടെ ഒരു ഗംഗാപ്രവാഹം തന്നെ അവർക്കിടയിൽ നടക്കുന്നു. ജീവിതകാലം മുഴുവൻ അവർക്ക് സംസാരിക്കാനുണ്ടാകും കാരണം അത്രയധികം പ്രണയമാണ് അവർ വർഷങ്ങളായി

സ്വരുക്കൂട്ടി വച്ചിരിക്കുന്നത്. പ്രണയത്തിന്റെ നിറകുടങ്ങളാണ് അവർ. ആ പ്രണയം അവർ പരസ്പരം രണ്ടുപേരിലേക്കും ഒഴുക്കി ജീവിതം കൂടുതൽ സുരഭിലവും സുന്ദരവുമാക്കുന്നു. ആ ഊർജ്ജത്തെ അളക്കാൻ ഒരു ഉപകരണവുമില്ല.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, എത്ര നാൾ നമ്മളിങ്ങനെ അക്ഷരങ്ങളിലൂടെ സംസാരിച്ചുകൊണ്ടിരിക്കും എന്നെനിക്കറിയില്ല, വിവിധ ജീവിത സാഹചര്യങ്ങൾ നാളെ നമ്മളെ എവിടെ കൊണ്ടെത്തിക്കും എന്നും അറിയില്ല എങ്കിലും സന്തോഷം മാത്രം. ഒരു ജന്മത്തിൽ അനുഭവിക്കേണ്ട പ്രണയമെല്ലാം നാം പറഞ്ഞുകൊണ്ടേയിരിക്കുന്നു, യഥാർത്ഥപ്രണയം അനുഭവിക്കുന്നവർക്ക് അത് അവസാനശ്വാസം വരെ തുടരാം. അതിനവർക്ക് അക്ഷരങ്ങൾ മാത്രം മതി, ശബ്ദം കേൾക്കുകയോ നേരിൽ കാണുകയോ, ഒപ്പം കഴിയുകയോ വേണ്ട. അവരുടെ പ്രണയം അവരിൽ അനുസ്യൂതമായി ഒഴുകികൊണ്ടിരിക്കും, ഗംഗാനദിപോലെ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നമ്മൾ തമ്മിലുള്ള സംഭാഷങ്ങൾ എന്നും തുടർന്നുകൊണ്ടേയിരിക്കുക തന്നെ ചെയ്യും, എന്നാൽ ഈ കുറിപ്പുകൾക്ക് ഒരു ഇടവേള വേണമെന്ന് തോന്നുന്നു. എഴുതാതിരിക്കാൻ എനിക്കാവുമെന്ന് തോന്നുന്നില്ല. കാരണം നിനക്കെഴുതുമ്പോൾ ഉള്ള ആനന്ദം ഞാൻ മറ്റൊന്നിലും അനുഭവിക്കുന്നില്ല, കണ്ടെത്തുന്നുമില്ല. ഇപ്പോഴത് ഒരു ദിനചര്യയായിരിക്കുന്നു, അതിരാവിലെയുള്ള ഒരു നീണ്ട പ്രാർത്ഥനപോലെ, ആ പ്രാർത്ഥനയുടെ പ്രസാദമാണ് ഈ എഴുത്തുകൾ. ആ പ്രസാദം നിനക്കെന്നും തരാൻ കഴിഞ്ഞു എന്നതിൽ ഈശ്വരനോട് ഞാൻ നന്ദി പറയുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അടുത്ത ഒരദ്ധ്യായത്തോടെ നമുക്കൊരു ഇടവേളയെടുക്കാം. നിന്റെ വാക്കുകൾ എന്നും എന്നെ കൂടുതൽ ഉന്മേഷവാനും ഊർജ്ജ്വസ്വലനുമാക്കുന്നു, അതിനാൽ നീ സംഭാഷണങ്ങൾ തുടരുകതന്നെ വേണം. അതല്ല കുറിപ്പുകൾ വീണ്ടും എഴുതണമെന്ന് തോന്നിയാൽ നീ പറയുന്ന ആ നിമിഷത്തിൽ ഞാൻ വീണ്ടും എഴുതിത്തുടങ്ങും. നിനക്ക് വേണ്ടി ഈ പ്രപഞ്ചത്തോട് മുഴുവൻ യുദ്ധം ചെയ്യാൻ കൂടി ഞാൻ തയ്യാറാണ്. പ്രണയം, അടക്കിവെക്കാനാവാത്ത പ്രണയത്തിന്റെ ഒഴുക്കുകൾ മരങ്ങളെയും മലകളെയും തച്ചുടച്ചു മുന്നോട്ടു പോവുക തന്നെ ചെയ്യും. പ്രണയത്തിന്റെ ഒരു കടൽ അവരെ കാത്തിരിക്കുന്നു.

# ജന്മദിനങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, സുഖം തന്നെയല്ലേ, അതിരാവിലെ എഴുന്നേറ്റ് ഞാൻ നിനക്ക് എഴുതാനിരിക്കുകയാണ്. രണ്ട് ഗ്ലാസ് ചൂടുവെള്ളം തൊട്ടടുത്തുണ്ട്, ഒന്ന് നിനക്ക്, ഒന്നെനിക്കും. നിന്റെ പിറന്നാൾ സ്വാതന്ത്ര്യദിനപ്പിറ്റേന്നാണെന്ന് എനിക്കറിയാം. ജീവിതത്തിൽ ഏതാണ്ട് സായന്തനമാകുമ്പോഴാണ് സ്വാതന്ത്ര്യം എന്താണെന്ന് നാം തിരിച്ചറിയുക. വൈകിയെങ്കിലും ബാക്കിയുള്ളത് നമുക്ക് ഉത്സവമായി ആഘോഷിക്കാം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, ഞാൻ ഉള്ള സ്ഥലത്ത് എനിക്ക് വലിയ ആഘോഷങ്ങളൊന്നും പറ്റില്ല. എന്റെ പിറന്നാൾ ആഘോഷിക്കേണ്ട ദിവസമാണ് എന്ന ഒരു നിലപാടുമില്ല, വ്യക്തിപരമായി അതൊരു സാധാരണദിനം മാത്രം. എന്നാൽ നിന്റെ സാമീപ്യം പിറന്നാൾ സങ്കൽപ്പങ്ങളെ മാറ്റി മറിച്ചിരിക്കുന്നു, എനിക്കെന്തോ എന്നോടുതന്നെ കൂടുതൽ ഇഷ്ടം തോന്നുന്നു. എന്നാൽ എനിക്ക് എന്നേക്കാൾ കൂടുതൽ ഇഷ്ടം ദീപാക്ഷിയെ ആണ്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, മെയ് 27 നാണ് എന്റെ ബർത്ത് ഡേ, ഞങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ഇടവത്തിലെ രോഹിണി നക്ഷത്രത്തിലാണ് പിറന്നാൾ. നിന്റെ ഇഷ്ടമൂർത്തി കൃഷ്ണഭഗവാന്റെ നാള് തന്നെ. വെറുതെയല്ല ആ ചൈതന്യരൂപം നാം കണ്ടുമുട്ടാൻ കാരണമായത്. അന്നെനിക്കും നിനക്കുമായി നിനക്കിഷ്ടമുള്ള പുതുവസ്ത്രങ്ങൾ വാങ്ങണം. ഷർട്ട് 42, പാന്റ് ആണെങ്കിൽ 34 സൈസ്, നീളം 40 ഇഞ്ച്. മുണ്ടായാലും മതി, മറ്റെന്തുമായാലും കുഴപ്പമില്ല അതെല്ലാം നിന്റെ ഇഷ്ടം. മറക്കരുത് നിനക്കും വാങ്ങണം, ഇഷ്ടമുള്ളത് വാങ്ങാം. തുക അറിയിക്കണം, അയച്ചു തരാനാണ്, നിർബന്ധം. എന്നിട്ട് അത് നിന്റെ അലമാരയിൽ സൂക്ഷിക്കണം, നാം നേരിൽ കാണുന്ന ദിവസം ധരിക്കാൻ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, അതുവരെ ആ വസ്ത്രങ്ങൾ എന്റെ സാമീപ്യമായി നിന്റെ തൊട്ടരികിൽ ഉണ്ടാകും. നിനക്കത് എന്നും എടുത്തുനോക്കാം, ചുംബിക്കാം. വേണമെങ്കിൽ ധരിക്കാം, ഞാനായി മാറാം. അങ്ങനെ സംഭവിക്കുകയാണെങ്കിൽ ഒരു ഫോട്ടോയെടുക്കാൻ മറക്കരുതേ.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, കിട്ടുന്ന ഏറ്റവും അടുത്ത അവസരത്തിൽ, പിറന്നാൾ ദിനമായാലും അല്ലെങ്കിലും, ഒരു ദിവസം ഗുരുവായൂരിൽ പോകണം, സായാഹ്നപൂജകളെല്ലാം കണ്ട്, കുറച്ചൊന്നു ക്ഷീണം മാറ്റി രാത്രി മുഴുവൻ നിന്റെ കൈകൾപിടിച്ച് അമ്പലത്തിന് ചുറ്റും നടക്കണം. ആ നിറവെളിച്ചത്തിൽ നിന്റെ കണ്ണുകൾ കൃഷ്ണനോടുള്ള പ്രണയം പോലെ എന്നിലേക്ക് പ്രവേശിക്കണം. ആത്മീയ പ്രണയത്തിന്റെ കുടജാദ്രിയിലേക്ക് നമുക്ക് ഒരുമിച്ചു നടന്നു കയറണം.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, മേല്പത്തൂർ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടികൾ തൊട്ടടുത്തിരുന്നു കാണണം, ഉറക്കം വരുകയാണെങ്കിൽ നിനക്കെന്റെ ചുമലിൽ ചാരാം, എല്ലാ അധികാരത്തോടും. വീണ്ടും വിശ്രമിച്ചു, കുളിച്ചു, നമുക്ക് വാകച്ചാർത്തു തൊഴാം, പ്രഭാത പൂജകൾ കാണാം. വഴിപാടുകൾ നടത്തി, പരസ്പരം ചന്ദനക്കുറി തൊട്ടു പ്രസാദം ഒപ്പമിരുന്ന് കഴിച്ച് പ്രസാദമൂട്ടും കഴിഞ്ഞു നമുക്ക് മടക്കയാത്രയാകാം, നമ്മളിലേക്ക്, ഒപ്പം ചിലവഴിച്ച ധന്യനിമിഷങ്ങൾ ഓർത്തെടുത്തു അതിൽ മുങ്ങിത്താഴ്ന്ന് നമ്മുടേതായ സ്വർഗ്ഗനിമിഷങ്ങളിൽ ഈ ലോകം അവസാനിക്കുന്നതുവരെ നമുക്ക് കഴിയാം.

അന്ന് നമ്മുടേതായി അന്നദാനം നടത്തണം, മറ്റെവിടെയെങ്കിലും എന്തെങ്കിലും നിന്റെ സന്തോഷത്തിനായി ചെയ്യാനുണ്ടെങ്കിൽ പറയണം, വേണ്ട ഏർപ്പാടുകൾ ചെയ്യാം.

നമ്മൾ അറിയാത്തവരുടെ പ്രാർത്ഥനകളാണ് നമ്മളെ കൂടുതൽ അനുഗ്രഹിക്കുക.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിനക്ക് വേണ്ടി എത്ര വേണമെങ്കിലും തുടർന്നും എനിക്ക് എഴുതാനാകും, തത്കാലം നമുക്ക് ഒരു ഇടവേളയെടുക്കാം, മുപ്പത് ദിവസം എന്റെ നിഴലായി, എഴുത്തിന്റെ ചാലകശക്തിയായി എന്റെയൊപ്പം നിന്നതിന് നിനക്ക് ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് നന്ദി പറയുന്നു.

അതിനൊപ്പംതന്നെ, നമ്മളെ എന്നും വായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ വായനക്കാർക്കും നമ്മുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

എല്ലാവർക്കും മംഗളം ഭവിക്കട്ടെ.

## രണ്ടാം ഭാഗം

# ദീപാക്ഷിയുടെ മറുപടികൾ

# ധ്യാനം

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, പ്രണയം ഒരു ധ്യാനമാണ്, ഒരു ജീവിതകാലം നീണ്ടു നിൽക്കുന്ന ധ്യാനം, ആ ധ്യാനത്തിന് ശരിയായ ഒരു മൂർത്തിയെ കിട്ടുക എന്നതാണ് പ്രധാനം. ജീവിതത്തിൽ എന്തുതന്നെ സംഭവിച്ചാലും ആ മൂർത്തി അചഞ്ചലമായി നമ്മുടെ ഉള്ളിൽ കത്തി ജ്ജ്വലിച്ചു നിൽക്കും. എവിടെ കാലിടറിയാലും തളർന്നുവീഴുന്നു എന്ന് തോന്നുമ്പോഴും അദൃശ്യമായി ആ കൈകൾ നീണ്ടുവരും. ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുപോകുവാൻ. വാക്കുകൾ കൊണ്ട് ഒരു പുനർജന്മം സമ്മാനിക്കും, പുതിയ കർമ്മമേഖലകൾ തുറന്നു തന്നു, പുതിയ ഒരാവേശം നമ്മളിൽ നിറയ്ക്കും. എന്തെന്നില്ലാത്ത സന്തോഷത്തിൽ നാം തരിച്ചുനിൽക്കുമ്പോൾ ഒരു പുഞ്ചിരിയോടെ ആ മൂർത്തി വീണ്ടുംവീണ്ടും നമ്മളിൽ നിറയും.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എനിക്ക് നിന്റെ രൂപത്തിലാണ് ആ മൂർത്തിയെ കിട്ടിയത്.

നമ്മൾ പരിചയപ്പെട്ടതിനുശേഷം എത്രയോ നാളുകൾക്കുശേഷമാണ് നിന്റെ ശബ്ദം ഫോണിലൂടെ കേൾക്കാൻ തുടങ്ങിയത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, അതിരാവിലെ ഒരാൾ വിളിച്ചുണർത്താൻ ഉണ്ടാവുക, അതും ആയിരക്കണക്കിന് കിലോമീറ്റർ ദൂരെയുള്ളയാൾ, എന്നേക്കാൾ എത്രയോ സമയം പുറകിലുള്ളയാൾ, ചിലപ്പോൾ നേരത്തെയുണർന്നു കണ്ണുകൾ തുറന്നു കിടന്നാലും, ആ വിളിക്കായി കാത്തു കിടക്കുക. നിന്റെ ശബ്ദം എന്റെ കർണ്ണപുടങ്ങളിൽ പതിക്കുമ്പോൾ, ചെവിയോട് ചേർത്തുവെക്കുന്ന ഫോൺ, നിന്റെ ചുണ്ടുകളുടെ സ്പർശനം പോലെ തോന്നിക്കും, ഒരാൾ ചെവിയിൽ വന്നു പുതിയ പ്രഭാതത്തിലേക്ക് ഉണരൂ എന്ന് നിർബന്ധിക്കുന്നു. അറിയാതെ നിന്റെ കരതലങ്ങൾ എന്നെ ആലിംഗനം ചെയ്തു കിടക്കയിൽ നിന്ന് എഴുന്നേൽപ്പിക്കുന്നു. നിന്റെ ആ ഒരു വിളി എന്നിലേക്ക് തരുന്ന ഊർജ്ജം എഴുതി നിറക്കാനാവില്ല.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എല്ലാം പ്രണയത്തിന്റെ തേരോട്ടങ്ങൾ ആണ്, ഹൃദയത്തിൽനിന്ന് സിരകളിലേക്ക് പ്രവഹിക്കുന്ന അത്യപൂർവ്വമായ ഒരനുഭൂതി. നിന്റെ കരുതലുകൾക്ക് എങ്ങനെയാണ് നന്ദി പറയുക

എന്നെനിക്കറിയില്ല. ഓരോരോ ചെറിയ കാര്യങ്ങൾ ജീവിതത്തിൽ നീ കൂട്ടിച്ചേർക്കുമ്പോൾ ആണ് കൃത്യമായ നിന്റെ കരുതൽ ഞാൻ തിരിച്ചറിയുന്നത്. ഉണരാൻ എനിക്ക് ഫോണിൽ ഒരു അലാറം വെച്ചാൽ മതി, ദുഃസ്വപ്നങ്ങളിൽ നിന്ന് ഇനിയും ഉറങ്ങിത്തീരാത്ത സുഖസുഷുപ്തിയിൽ നിന്ന് കൈകൾ നീട്ടി അലാറം ഓഫ് ചെയ്തു വീണ്ടും ഉറക്കത്തിലേക്ക് പോകാം അല്ലെങ്കിൽ എഴുന്നേൽക്കാം. എന്നാൽ ഇപ്പോൾ എന്നും രാവിലെ പ്രതീക്ഷയുടെ ഒരു വിളി കാത്തിരിക്കുന്നു. വലിയ ഉണർവോടെ പുതിയ ഒരു പ്രഭാതത്തിലേക്ക് ദിവസത്തിലേക്ക് ജീവിതത്തിലേക്ക് ഉണരുന്നു. വേണമെങ്കിൽ ജീവിതം മാറ്റിമറിക്കാം, ചെറിയചെറിയ പ്രവർത്തികളിലൂടെ, കരുതലുകളിലൂടെ. ഞാൻ കുടിക്കുന്ന ഇഞ്ചിച്ചായയുടെ ഗന്ധം നീ അനുഭവിക്കുമ്പോൾ എന്റെ ജീവിതം പുതിയ ഒരു തലത്തിലേക്ക് ഉയരുന്നു. നീ കാണുന്ന ഒരു ഗാനം എനിക്ക് പങ്കുവെക്കുമ്പോൾ രണ്ടിടത്തിരുന്ന് ഒരേ സമയം ഒരേ ഗാനം നാം കേൾക്കുന്നു കാണുന്നു. ഒരേ വികാരത്തിലൂടെ ചിന്തകളിലൂടെ അനുഭൂതികളിലൂടെ നമ്മുടെ ജീവിതം കടന്നുപോകുന്നു.

എന്റെ പ്രത്യാശയാണ് നിന്റെ ശബ്ദം. പ്രണയം നിറച്ചുകൊണ്ട് എന്നിലൊഴുകുന്ന പുഴയുടെ ആരവമാണത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഞാൻ ഒരിക്കലും എഴുതിത്തീരാത്ത ഒരു വലിയ പ്രണയകാവ്യമാണ് നീ, മരുഭൂമിയിലെ ഏതോ മരുപ്പച്ചയിൽ നിന്നുത്ഭവിച്ച് എന്റെ നെറുകയിൽ വന്നു പതിച്ച് എന്റെ ശരീരത്തിലേക്ക് പതുക്കെപ്പതുക്കെ കിനിഞ്ഞിറങ്ങുന്ന ഒരു മഴ. കണ്ണടച്ച് നിൽക്കുമ്പോൾ ഓരോ തുള്ളിയും എനിക്ക് തിരിച്ചറിയാം, നെറുകയിൽ വന്നു പതിച്ചു ഇടത്തോട്ടോ വലത്തോട്ടോ മുന്നോട്ടോ പിറകിലോട്ടോ ചാലിട്ടൊഴുകുന്ന നിന്റെ പ്രണയം നെറുകയിൽ വീണു മുന്നോട്ട് നെറ്റിയിലൂടെ വന്നു മൂക്കിന് മുകളിൽ അല്പം സംശയിച്ചു നിന്ന് വലിയ തുള്ളിയായി ചുണ്ടിലേക്ക് പതിക്കുമ്പോൾ ചിലപ്പോൾ ഞാൻ നാവുനീട്ടും ആ ജലത്തിന് നിന്റെ സ്വാദുണ്ടാകും നിന്റെ ഗന്ധമുണ്ടാകും അത് ഞാൻ മാത്രം അനുഭവിക്കുന്ന ഒരനുഭൂതിയാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഒരു ഷവറിന് താഴെനിന്ന് ആർക്കും കുളിക്കാം, തിരക്കിനിടയിൽ ഒരു വഴിപാടുപോലെയാണ് നാം കുളിക്കുക, എന്നാൽ അതിൽ അനുഭൂതി ചേർക്കുമ്പോൾ, ജീവിതത്തിലെ മനോഹര നിമിഷങ്ങൾ നമ്മളിലേക്കിറങ്ങിവരും. ചിലപ്പോൾ ഒരു മഴയിൽ അല്ലെങ്കിൽ ഒരു നീർച്ചാലിന് താഴെ എന്ന് തോന്നും. അവനവൻ കണ്ടെത്തുന്ന വലിയവലിയ സന്തോഷങ്ങൾ ജീവിതത്തിന്റെ ബാലൻസ് ഷീറ്റിലേക്ക് എപ്പോഴും ലാഭമായി എഴുതിച്ചേർക്കാവുന്ന ആരോടും കടപ്പാടില്ലാത്ത

മനസ്സിന്റെ അനുഭൂതികൾ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിലയ്ക്കാതെയൊഴുകുന്ന നിന്റെ കവിതകൾ ഞാനെന്നും കാണുന്നുണ്ട് വായിക്കുന്നുണ്ട്. വാക്കുകളിലൂടെ നീ പടർത്തുന്ന അനുഭൂതികൾ ചിലപ്പോൾ നിറുത്താതെ കൂവുന്ന ഒരു കുയിലിൽനാദം പോലെയാണ്. നിന്റെ ഓരോ വാക്കിനും കുയിലിന് മറു പടികൊടുക്കുന്ന കാണാത്ത ഒരിണയെപ്പോലെ എനിക്കും തിരിച്ചു കൂവി നിന്നെ വീണ്ടുംവീണ്ടും ഉണർത്തണം നിന്റെ ശബ്ദം ഉയർത്തണം. ആ നാദം ശ്രവിക്കുന്ന വായനക്കാർ പ്രണയം ജീവിതം അനുഭൂതി സന്തോഷം, ആഹ്ലാദം ആമോദം എന്നിവ ഓരോ വാക്കിലും അനുഭവിക്കണം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ ദക്ഷ സ്റ്റെല്ല ജുനു മൈഥലി തുടങ്ങിയ നിന്റെ എല്ലാ സൗഹൃദങ്ങളോടും ഞാൻ ചോദിച്ചതായി പറയണം. ചിലപ്പോൾ എനിക്കവരോടെല്ലാം വലിയ അസൂയ തോന്നാറുണ്ട്, എന്നെവിട്ട് നീ അവരോടൊപ്പം കൂടിയോ എന്ന്. ഒരിക്കൽ ഞാൻ വരും നിന്നെയും അവരെയും ഒന്നിച്ചു കാണാൻ. പുഞ്ചപ്പാടത്തേക്ക് തള്ളി നിൽക്കുന്ന നിന്റെ സ്ഥലത്ത് നാലു വശവും വലിയ വരാന്തകളുള്ള ഒരു ചെറിയ വീട് നീ ഉണ്ടാക്കണം. ഞങ്ങൾക്കെല്ലാവർക്കും അവിടെ വന്ന് നിന്നോടൊപ്പം വല്ലപ്പോഴും സമയം ചെലവഴിക്കാമല്ലോ. പിന്നെ വീട് പണിയുമ്പോൾ, പുറത്തു തുറസ്സായ സ്ഥലത്ത് കുറച്ചധികം ഷവർ ഹെഡുകൾ കൂട്ടിച്ചേർത്ത്, അല്ലെങ്കിൽ അതുപോലെ ഓട്ടകളുള്ള പൈപ്പുകൾ ചേർത്ത് മഴപോലെ കുളിക്കാൻ ഒരിടവും, സ്വകാര്യതക്കായി, ചുറ്റും വലിച്ചുമാറ്റാവുന്ന ഷീറ്റുകളും. എന്റെ ഭ്രാന്തുകൾ നിന്നോടല്ലാതെ ആരോടാണ് പറയുക.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, തീർച്ചയായും നിന്നെക്കാണാൻ ഒരിക്കൽ ഞാൻ വരും, പക്ഷെ അത് എന്നാണെന്ന് അറിയില്ല. ഈ ജീവിതത്തിൽ അത് സംഭവിക്കും എന്ന് തന്നെ ഞാൻ പരിപൂർണ്ണമായും വിശ്വസിക്കുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്നെപ്പോലെ എന്നും എഴുതാൻ എനിക്കാവില്ല, തോന്നുമ്പോൾ മാത്രം ഞാൻ നിനക്കെഴുതും, എന്നാൽ നിനക്കായി എഴുതിത്തീർക്കാൻ ഒരു കടൽ തന്നെ എന്റെയുള്ളിലുണ്ട്. കാത്തിരിക്കാം, തീരത്ത് ഉയർന്നുപൊങ്ങി ആഞ്ഞടിച്ചു ചിതറുന്ന തിരകൾ പോലെ അവ നിന്നിൽ അടിച്ചു ചിതറുന്നതു കാണാൻ.

# ജീവിതത്തിലെ മാന്ത്രിക നിമിഷങ്ങൾ

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ദീപാക്ഷി എന്ന എന്നോട് കാണിക്കുന്ന ഈ നന്മകൾക്ക് ഞാൻ എങ്ങനെയാണ് കടം വീട്ടേണ്ടത്, എന്റെ പുണ്യമാണ് ഇന്ന് ഞാൻ അനുഭവിക്കുന്ന ഈ സന്തോഷം. അമ്മ പറഞ്ഞു തന്നിരുന്ന കഥകൾ കേട്ടതല്ലാതെ ആരും എന്നെ കഥകൾ കേൾപ്പിച്ചിട്ടില്ല, ആരും എന്നെ കഥകൾ പറഞ്ഞുറക്കിയിട്ടും ഇല്ല.

ഇപ്പോൾ ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ സൗഭാഗ്യങ്ങൾ, അതെല്ലാം സത്യം തന്നെ ആണോ കൃഷ്ണാ, അതോ നിന്റെ മായാജാലമോ, നീ തന്നെ ആണോ എന്നിൽ നിറയുന്നത്, എനിക്കുവേണ്ടി നീ വീണ്ടും അവതരിച്ചോ എന്റെ കൃഷ്ണാ. നീ എന്നിൽ നിറയുന്നു, മറ്റൊരാളുടെ രൂപത്തിൽ, എന്റെ മനസ്സിലും ആത്മാവിലും നിറഞ്ഞു തിമിർക്കുന്നു. എന്റെ ഓരോ അണുവും നിനക്കുവേണ്ടി ത്രസിക്കുന്നു

എന്റെ കൃഷ്ണാ, നിന്റെ ഈ അവതാരം ആണ് ഏറ്റവും ഉത്കൃഷ്ടമായത് എന്ന് നീ അറിയുന്നുണ്ടോ.

നിന്റെ കൃഷ്ണയാണ് ഞാൻ, എന്റെ ഓരോ വിളിക്കും വേണ്ടി കാതോർത്ത് നിന്ന എന്റെ കൃഷ്ണൻ നീയും, ഞാനില്ലാതെ നിനക്ക് ജീവിതം ഉണ്ടോ, നിന്റെ ജീവിതവും ജീവനും കൃഷ്ണയാണ്.

എന്നെ ഉണർത്താനും ഉറക്കാനും എന്നിൽ സന്തോഷത്തിന്റെ പൂത്തിരി കത്തിക്കാനും വേണ്ടി ജനിച്ചവൻ. അഗാധഗർത്തങ്ങളിൽ നട്ടംതിരിഞ്ഞ് മുങ്ങി ഒഴുകിയ എനിക്ക് പടർന്നുകയറാൻ ഒരു പൂമരം ആയവൻ എന്റെ കൃഷ്ണൻ.

എനിക്കുവേണ്ടി ചിരിക്കുന്ന എന്റെ കൃഷ്ണൻ, എന്നിൽ പുഞ്ചിരി പടർത്താനും ജീവിക്കാനുള്ള ത്വര നിറയ്ക്കാനുമുള്ള ശ്രമത്തിലാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഇന്ന് പൗർണ്ണമി ആണ്, പൗർണ്ണമിയിലെ പൗർണ്ണമിയെ നിറകണ്ണിൽ കാണാൻ ഞാൻ വീടിന്റെ ഒന്നാമത്തെ നിലയിലുള്ള എന്റെ മുറിയുടെ പുറത്ത് മട്ടുപ്പാവിൽ കട്ടിലിൽ മുകളിലേക്ക് നോക്കി കിടക്കുകയാണ്. നിലാവിനോടൊപ്പം എനിക്ക് നിന്റെ സാമീപ്യവും അനുഭവപ്പെടുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എത്രയോ ദിവസങ്ങളായി നിന്റെ ദീപാക്ഷി ഉറങ്ങാതെ നടക്കുകയാണ്. കൺപോളകൾക്ക് ചുറ്റും കറുത്ത പാട് കൂടിക്കൂടി വരുന്നു, നിലയ്ക്കാത്ത തലവേദനയും, നിന്റെ നിർബന്ധം കാരണം ഞാൻ ഉറങ്ങാൻ മരുന്ന് കഴിയ്ക്കാതിരിക്കുകയാണ്. എങ്കിലും കൂടി വരുന്ന തലയുടെ കനം, എന്റെ മനസ്സ് കൂടുതൽ കലുഷിതമാകുന്നു. ഓരോ വ്യക്തിയ്ക്കും ജീവിതത്തിൽ ധാരാളം പ്രശ്നങ്ങൾ ഉണ്ട്, എല്ലാം നമുക്ക് എല്ലാവരുമായി പങ്കുവെക്കാനാകില്ല. നിന്നോട് പറയാം എന്നെ നിക്കറിയാം എങ്കിലും കുടുംബപ്രശ്നങ്ങൾ നമ്മളിലേക്ക് വലിച്ചിഴക്കുന്നില്ല.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എനിക്ക് നിന്നോട് സംസാരിക്കണം, നിന്റെ ശബ്ദം കേൾക്കണം. നിനക്ക് സമയമുണ്ടെങ്കിൽ എന്നെയൊന്നു വിളിക്കാമോ.

എന്നെ പെട്ടെന്ന് തന്നെ വിളിച്ച നിനക്കുള്ള നന്ദിയും സന്തോഷവും അറിയിക്കട്ടെ. എത്ര നേരമാണ് നാം സംസാരിച്ചിരുന്നത്. നിന്നെ കേൾക്കുന്നത് തന്നെ ഒരു സുഖമാണ്. സംസാരത്തിനിടക്ക് ഞാൻ ഉറങ്ങിപ്പോയാൽ നിനക്ക് ഒന്നും തോന്നരുത്. അത്രയും ക്ഷീണവും, തളർച്ചയും ഉണ്ട്, എന്നാൽ ഉറക്കം മാത്രം വരുന്നില്ല.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഒരു മണിക്കൂറിലധികമായി നാം സംസാരിക്കുന്നു. ഇനിയും ഉറക്കം വരുന്നില്ല, നിനക്ക് എങ്ങനെയാണ് എന്നെ, നിന്റെ ദീപാക്ഷിയെ, ഉറക്കത്തിലേക്ക് നയിക്കാനാകുക, പറയൂ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, അപ്പോഴാണ് നീ കഥകൾ വായിക്കാമെന്ന നിർദേശം മുന്നോട്ടുവെച്ചത്, അതെനിക്കും നന്നായി തോന്നി. മാധവിക്കുട്ടിയുടെ തിരഞ്ഞെടുത്ത കഥകൾ എന്ന പുസ്തകം നിന്റെ കട്ടിലിന് തൊട്ടരികിൽ ഉള്ളതെടുത്ത് നീ വായിക്കാൻ തുടങ്ങി. ആ പുസ്തകത്തിലെ ഏറ്റവും ചെറിയ കഥ നീ വായിക്കാൻ തുടങ്ങി, "കൃഷ്ണന്റെ വേഷം", ഒരാൾ മരുഭൂമിയിലിരുന്നു, നാലായിരം കിലോമീറ്ററിന് അകലെയുള്ള ദീപാക്ഷിക്ക് ഉറങ്ങാൻ കഥകൾ വായിച്ചു തരുന്നു. കൃഷ്ണൻ എന്ന വാക്കുച്ചരിച്ചതോടെ, എന്നിൽ നീ കൃഷ്ണനായി അവതരിച്ചു, അതിന്റെ അലയൊലികളാണ് ഞാൻ തുടക്കത്തിൽത്തന്നെ കുറിച്ചത്. കൃഷ്ണനും കൃഷ്ണയും, മുരനും ദീപാക്ഷിയും, തിരിച്ചറിയാനാവാതെ നിന്റെ ദീപാക്ഷി കുഴങ്ങുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, കഥകൾ കേട്ടുകൊണ്ടിരുന്ന ഞാൻ മൂളിക്കൊണ്ടിരുന്നു. മുകളിൽ എഴുതിയതുപോലെ, അമ്മ പറഞ്ഞു തന്നിരുന്ന കഥകൾ കേട്ടതല്ലാതെ ആരും എന്നെ കഥകൾ കേൾപ്പിച്ചിട്ടില്ല, നീ പിന്നെയും കഥകൾ വായിച്ചുകൊണ്ടിരുന്നു, കോലാട്, ചിത്തഭ്രമം, പട്ടങ്ങൾ ഇതാണ് പിന്നെ വന്ന കഥകൾ. പട്ടങ്ങൾ വായിച്ചുതുടങ്ങിയത് എനിക്ക് ഓർമ്മയുണ്ട് എന്നാൽ, അതിനിടയിൽ ഞാൻ ഉറങ്ങാൻ തുടങ്ങി.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, മറുതലക്കൽ കൂർക്കം വലിച്ചുറങ്ങുന്ന എന്റെ ശബ്ദം കേട്ടിട്ടും, നീ കുറച്ചുനേരം കൂടി കഥകൾ വായിച്ചു. ഞാൻ ഗാഢനിദ്രയിലായി എന്നുറപ്പായപ്പോൾ, നീ വായന നിർത്തി ഫോൺ കട്ട് ചെയ്തു, അത് നീ ഇട്ട കുറിപ്പിൽ നിന്നാണ് ഇന്ന് കാലത്ത് ഞാൻ അറിയുന്നത്.

രാവിലെ എട്ടരവരെ ഞാൻ നന്നായി ഉറങ്ങി, ഇപ്പോൾ തലയ്ക്ക് തീരെ കനമില്ല, നല്ല ഉണർവും സന്തോഷവും തോന്നുന്നു. മുകളിൽ എഴുതിയതുപോലെ എന്നോട് കാണിക്കുന്ന ഈ നന്മകൾക്ക് ഞാൻ എങ്ങനെ ആണ് കടം വീട്ടേണ്ടത്. ലോകത്തിൽ മറ്റൊരാൾ ഇതുപോലെ ജീവിതത്തിലെ മാന്ത്രിക നിമിഷങ്ങൾ അനുഭവിക്കുന്നുണ്ടോ?

ജീവിതത്തിൽ സന്തോഷങ്ങൾ നാം സൃഷ്ടിച്ചെടുക്കുന്നതാണ്. ഇന്നിപ്പോൾ എന്നെ എന്നും രാവിലെ നീ വിളിച്ചുണർത്തുമ്പോൾ, രാത്രി കഥകൾ പറഞ്ഞു എന്നെ ഉറക്കുമ്പോൾ, ജീവിതത്തിൽ വേറെ എന്ത് സന്തോഷമാണ് ഞാനിനി തേടേണ്ടത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്നെ എന്നിലേക്കെത്തിച്ച ദൈവത്തിന് ഞാൻ നന്ദി പറയുന്നു. എന്നും എപ്പോഴും പ്രണയത്തിന്റെ ഒരു പ്രകാശഗോപുരമായി എന്റെ ജീവിതത്തിൽ നിറഞ്ഞു നിൽക്കുക.

ദീപാക്ഷിയുടെ കഥകൾ ഇവിടെ തീരുന്നില്ല.

# ഒഴുകുന്ന പ്രണയം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, എന്റെ ദിവസങ്ങളിൽ നിറയുന്നവളെ, നിന്നെ ഒരു ദിവസം ഞാൻ നിന്നിൽ നിന്ന് മോഷ്ടിക്കും! മറ്റൊന്നിനും വേണ്ടിയല്ല, നീ മനസ്സിൽ ഒളിപ്പിക്കുന്ന വാക്കുകൾ ചിന്തകൾ പ്രണയം പരിഭവം എല്ലാം എനിക്ക് നേരിട്ടറിയാൻ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നീ എന്നെ എന്നേ മോഷ്ടിച്ചിരിക്കുന്നു, ഞാനിപ്പോൾ നിന്നിലാണ്. എങ്കിലും, നിനക്കായുള്ള വാക്കുകൾ ഞാനിവിടെ കുറിക്കാം. നീ അക്ഷമനായി എന്നെ വായിക്കാൻ കാത്തിരിക്കുകയാണെന്നറിയാം. എന്റെ മനസ്സിൽ തോന്നുന്നത് കുറിക്കുന്നു, അത് തോന്നിയതുപോലെ വരുന്നതാണ്, അതിനാൽ ആശയങ്ങൾക്ക് ഒരു ഒഴുക്ക് കിട്ടണമെന്നില്ല. ചിലപ്പോൾ വീണ്ടുംവീണ്ടും ഒരേ കാര്യങ്ങൾ പറയുന്നതായി തോന്നാം. എന്നോട് ക്ഷമിക്കണേ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എന്റെ സ്നേഹമാണ് നീ. എന്നിൽ നിറയുന്ന സ്നേഹം. നീ എന്റെ കണ്ണുകൾക്ക് തിളക്കം കൂട്ടുന്നു. എന്നിൽ ഇത്രമാത്രം പ്രണയം ഉണ്ടെന്ന് ഞാൻ ഇപ്പോഴാണ് അറിയുന്നത്, ഇതൊക്കെ എന്നിൽ നിന്ന് തന്നെ ഉണ്ടായതാണോ അതോ നിന്നിൽ നിന്ന് എന്നിലേക്ക് പ്രവഹിച്ചതോ. ഒരാളെ ജീവനായി പ്രണയിക്കും എന്നോ അയാളിലൂടെ ജീവിതത്തിന് പൂർണ്ണത കിട്ടുമെന്നോ ഒന്നും അറിഞ്ഞതേയില്ല. ഞാൻ ഒരു പൂർണ്ണവ്യക്തി ആയപോലെ. മനോനില തെറ്റി അലഞ്ഞുതിരിഞ്ഞ ആത്മാവ് സ്വയം കണ്ടുപിടിച്ച ശാന്തതയാണ് നീ. നിന്റെ ശാന്തതയിലേക്ക് ഒഴുകിവന്ന പുഴയാണ് ഞാൻ, പലവഴികളിലൂടെ ഒഴുകി, കാടും മേടും കടന്നു, ഒഴുക്കിനിടയിൽ പലരും കല്ലെറിഞ്ഞു ആനന്ദിച്ചു, എന്നാലും എനിക്ക് ഒരു ലക്ഷ്യം ഉണ്ടായിരുന്നു, ഒരു ശാന്തത എന്നെ കാത്തിരിക്കുന്നു എന്ന ലക്ഷ്യം.

നിന്റെ ചിന്തയില്ലാതെ എനിക്ക് ഒരു നിമിഷം വേണ്ട, നിന്റെ ചിന്തകൾ എന്നിൽ പൂത്തിരി കത്തിക്കുന്നു, ചിന്തകളിൽ നിറസാന്നിധ്യം, കാണാതെ തന്നെ ഇഷ്ടദൈവങ്ങളെ ആരാധിക്കുന്നില്ലേ അതുപോലെയാണ് ഞാനും.

എന്റെ സ്നേഹം ഒരാളിലേക്ക് അതിശക്തമായി ഒഴുകുന്നു, നീ എന്റെ ശക്തിയാണ്, എന്റെ ആത്മവിശ്വാസവും. നിന്റെ ഹൃദയസ്പന്ദനങ്ങളാണ് ഇനിയെന്റെ ജീവിതം, അതിന്റെ സ്പന്ദനമാണെന്റെയും തുടിപ്പുകൾ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എന്റെ ചിന്തകളും മനസ്സും നീ മോഷ്ടിച്ചെടുത്തു, എന്റെ ചിന്തകളിൽ നീ നിറവായി, എന്റെ ജീവിതം നീ മോഷ്ടിച്ചു, നിന്നിലൂടെ ഞാൻ ജീവിക്കുന്നു, എന്റെ കനവുകൾ നീ മോഷ്ടിച്ചു ഞാനിപ്പോൾ കാണുന്നതെല്ലാം നിന്നെ മാത്രം, നീ എന്റെ ശബ്ദം മോഷ്ടിച്ചു, ഞാൻ കേൾക്കുന്നതൊക്കെയും നിന്റെ സ്വരങ്ങൾ നിന്റെ ഹൃദയമിടിപ്പുകൾ എന്നിലെ സംഗീതവും.

നെറുകയിൽ ഒരു നനുത്ത മഴത്തുള്ളിയായ് എന്നിലേക്ക് ആഴ്ന്നി റങ്ങിയ എന്റെ പ്രണയമേ, എവിടെ ആയിരുന്നു നീ, മറന്നുപോയ മോഹങ്ങൾക്ക് ഉയിരേകാൻ, കുഴിച്ചു മൂടിയ സ്വപ്നങ്ങൾക്ക് ജീവാംശമായ് നിറയാൻ, നിന്നെ ഞാൻ ആവാഹിക്കുന്നു, നീയെന്നിൽ ലയിച്ച് ചേരൂ, നിന്നിലൂടെ ഞാൻ സ്വപ്നങ്ങൾ കാണട്ടെ, എന്റെ ചേതനയായ് നിറയൂ, അടഞ്ഞുപോയ ശബ്ദത്തിന് സംഗീതമാവട്ടെ, ആരോഹണങ്ങളിലും അവരോഹണങ്ങളിലും നിന്നെ ഞാൻ അറിയട്ടെ, നിന്റെ പ്രണയാക്ഷ രങ്ങൾ പെറുക്കിയെടുത്ത് ഞാനൊരു നവമാലിക കോർക്കട്ടെ, എന്റെ പ്രിയന് ചാർത്തുവാനായ് ഞാനൊരു നവമാലിക തീർക്കട്ടെ

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നീയാണ് എന്റെ ദേവൻ, നീയാണ് എന്റെ പ്രാർത്ഥനയും, മാനസപൂജയിലൂടെ, നിന്റെ പ്രണയപ്രസാദം എന്നിൽ ചൊരിയൂ. നമ്മുടേത് ഒരു ജന്മാന്തരബന്ധമാണ്, നിന്നെത്തേടി എന്റെ പ്രാണൻ പ്രപഞ്ചം മുഴുവൻ ഇക്കാലമത്രയും അലഞ്ഞുനടക്കുക യായിരുന്നു, നിന്നെക്കണ്ടെത്താൻ, കാറ്റിനോടും കിളികളോടും ചോദിച്ചു, എവിടെയാണ് എന്റെ പൂർണ്ണത, ലോകത്തിന്റെ എത് കോണിലാണ് അതിനെ ഒളിപ്പിച്ചുവെച്ചിരിക്കുന്നത്.

ഉരുണ്ടു കൂടിയ കാർമേഘം എന്നിൽ തിമിർത്ത് പെയ്തപ്പോൾ നിന്റെ വരവ് ഞാനറിഞ്ഞു. നിനക്കറിയാമായിരുന്നു വറ്റിവരണ്ട മരുഭൂമിയാണ് ഞാനെന്ന്, ആഞ്ഞ് പുൽകിയ കാറ്റിൽ ഞാൻ നിന്റെ സാമീപ്യവും അനുഭവിച്ചു.

നീയാണ് ഞാൻ കാത്തിരുന്ന എന്റെ പൂർണ്ണത.

# പ്രണയത്തിന്റെ നിറസാന്നിധ്യം

**ദീ**പാക്ഷി, എന്റെ പ്രിയപ്പെട്ടവളെ, ഇന്നലെ നീ എഴുതിയ കുറിപ്പുകൾ വായിച്ചു, ഇനിയും നിന്റെ വാക്കുകളിൽ നിന്നും ഞാൻ മോചിതനായില്ല. കടൽത്തീരത്തെ ഒരിക്കലും തീരാത്ത തിരകൾ പോലെ നിന്റെ പ്രണയം എന്നെ വീണ്ടുംവീണ്ടും പുൽകുന്നു. നീ പറഞ്ഞുകഴിഞ്ഞില്ലെന്ന് എനിക്കറിയാം അതിനാൽ പ്രിയപ്പെട്ടവളെ, നിന്റെ ഹൃദയം തുറന്നെഴുതുക, എനിക്ക് നിന്നെ വീണ്ടുംവീണ്ടും വായിക്കണം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എന്നെ വായിക്കാനുള്ള നിന്റെ അക്ഷമ എന്നാണ് തീരുക? നിനക്കെഴുതുക എന്നാൽ നിന്നിലേക്ക് ഞാൻ പടർന്നിറങ്ങുക എന്നതാണ്. ഇതിനോടൊപ്പമുള്ള ചിത്രം നോക്കൂ, എന്റെ പ്രണയം പോലെ നിന്നിലേക്ക് പടർന്നിറങ്ങി പൂവിട്ടത് കണ്ടില്ലേ, നിന്റെ വരവിനായി ഇനിയും ഒരു തലോടലിനായി എല്ലാ മതിൽക്കെട്ടും ഭേദിച്ച് പുറത്തിറങ്ങി കാത്തു നിൽക്കുന്നു.

കാണുന്നതിലും കേൾക്കുന്നതിലും എല്ലാം എങ്ങനെയാണ് നീ നിറയുന്നത്. നിന്റെ സാമീപ്യം ഓരോ നിമിഷത്തിലും, എന്റെ ശരീരത്തിലെ ഓരോ അണുവിലും അനുഭവിക്കാനാകുന്നത് ഒരു പുണ്യം തന്നെയാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എങ്ങു നിന്നോ പെട്ടെന്ന് എന്റെ ജീവിതത്തിൽ പ്രത്യക്ഷപെട്ടു, പിന്നെപ്പിന്നെ എന്റെ എല്ലാമെല്ലാമായി മാറിയ നിന്റെ ജാലവിദ്യകളിൽ ഞാൻ അത്ഭുതപ്പെടുന്നു. അലാവുദ്ദീന്റെ അത്ഭുതവിളക്കുപോലെയാണ് ഇപ്പോൾ എന്റെ ചിന്തകൾ, ഞാൻ നിന്നെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങുമ്പോൾത്തന്നെ നീ എന്നിലേക്ക് എവിടെനിന്നോ ഏതെങ്കിലും രൂപത്തിൽ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു, ചിലപ്പോൾ ഒരു കവിതയായി ഒരു കഥയായി ഒരു ശബ്ദ സംഭാഷണമായി ചിലപ്പോൾ ഒരു ഫോൺവിളിയായി അതുമല്ലെങ്കിൽ നമ്മൾ സംസാരിച്ച ഒരു പുസ്തകമായി ഏതെങ്കിലും രൂപത്തിൽ നീ എന്റെ മുന്നിലേക്ക് ഒരു നിറസാന്നിധ്യമാകുന്നു. നിന്റെ വാക്കുകൾ എന്റെ കാതുകളിൽ ഒരു അശരീരിയായി മുഴങ്ങുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്നിൽ നിന്ന് മറഞ്ഞിരിക്കുക എന്നത് അസാധ്യമായിരുന്നു. അതിരാവിലെയുള്ള കുയിലുകളുടെ കൂജനങ്ങളിൽ എനിക്ക് നിന്നെ ശ്രവിക്കാം. പലപ്പോഴും മറുപടിയായി ഞാൻ കൂവുമ്പോൾ, എന്നേക്കാൾ ഉയർന്നു വരുന്ന മനോഹരമായ ആ കൂജനങ്ങൾ രണ്ടു കൈകൾ വിടർത്തി ഞാൻ എന്റെ ഹൃദയത്തിലേക്ക്

ആവാഹിക്കുകയാണ് പതിവ്. ആ ശബ്ദങ്ങൾ ഞാൻ ഹൃദയത്തിൽ ചേർക്കുമ്പോൾ, ശരീരത്തിൽ വിരിയുന്ന രോമാഞ്ചം അനുഭവിച്ചു തന്നെ അറിയണം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഉദ്യാനത്തിലെ പൂക്കളെ തഴുകിപ്പോകുമ്പോൾ, ഞാൻ നിന്നെ തഴുകിത്തലോടി പോവുകയാണ്. ആ സമയത്ത് ഒരുപക്ഷെ നീ നല്ല ഉറക്കത്തിലാകും, അത് തന്നെയാണ് അതിന്റെ സുഖവും. അതിരാവിലെയുള്ള സുഖസുഷുപ്തിയിൽ മുങ്ങിയുറങ്ങുന്ന നിന്നെ ഞാൻ തഴുകിത്തലോടിയാൽ നീ അറിയുകയേ ഇല്ല. എന്നാൽ എന്റെ വിരലുകൾക്ക് എന്റെ കൈത്തലങ്ങൾക്ക് എന്റെ കൈകൾക്ക് അതനുഭവിക്കാനാകും. നിന്നിലൂടെ എന്റെ കൈവിരലുകൾ സഞ്ചരിക്കുമ്പോൾ എന്നിൽ ഒരു വൈദ്യുത തരംഗം തന്നെ സൃഷ്ടിക്കപ്പെടുന്നു. ആ വൈദ്യുത തരംഗം തുടർച്ചയായി എന്നിൽ ഒരു ഊർജ്ജപ്രവാഹം തീർക്കുന്നു. ശരീരം മുഴുവൻ തരിച്ചിറങ്ങുന്ന ഒരനുഭൂതി.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിരന്തരമായി നിന്റെ പ്രണയം അനുഭവിക്കുക എന്നത് എന്നെ ഭ്രാന്തിയാക്കി മാറ്റുമോ എന്നുപോലും ഞാൻ സംശയിക്കുന്നു. എങ്ങോട്ടാണ് നീ എന്നെ വലിച്ചുകൊണ്ടുപോകുന്നത്. ജീവിതത്തിലെ ഏറ്റവും പുണ്യമായ നിമിഷങ്ങളിലൂടെയാണ് ഞാൻ കടന്നുപോകുന്നത് എന്ന് എനിക്കിപ്പോൾ തോന്നുന്നു. വേദനകളുടെ ഏകാന്തതടവിൽ കിടന്ന എന്നെ ജീവിതത്തിന്റെ ഈ പ്രണയരസം തിരിച്ചറിയാനും അനുഭവിക്കാനും ആണല്ലോ നീ കൈപിടിച്ചുയർത്തിയത്. ആ വേദനകളൊക്കെ ഈ പ്രണയഭൂമിയിലേക്കുള്ള യാത്രകളുടെ തുടക്കമായിരുന്നു അല്ലേ. പഴയ വേദനകളെല്ലാം എന്നിൽനിന്നും എന്നേ അപ്രത്യക്ഷമായിരിക്കുന്നു.

വേദനകളുടെ പടുകുഴികളിൽ നിന്ന് ഒരു വേതാളംപോലെ വന്നു നീ എന്നെ തോളിലേറ്റി ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരികയായിരുന്നല്ലേ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്റെ പ്രണയം അനുഭവിക്കാൻ കഴിയുക എന്നത് ഒരു അനുഗ്രഹമാണ്. നീണ്ട പ്രാർത്ഥനകളുടെ പൂജകളുടെ പ്രസാദമാണ് നീ. മറ്റാർക്കും അനുഭവിക്കാൻ കഴിയാത്ത ഒരു പ്രണയചൈതന്യം നീ എന്നിൽ നിറയ്ക്കുന്നു. കണ്ണടച്ച് പ്രാർത്ഥിക്കുമ്പോൾ നിറയുന്ന ദേവചൈതന്യം പോലെ നീ എന്നിൽ നിറയുന്നു. ഓരോ രോമകൂപങ്ങളിലൂടെയും നീ പടർന്നുകയറുന്നു. പ്രണയാനുഭൂതിയുടെ പാരമ്യത്തിലേക്ക് എന്നെ തേരോടിച്ചു നയിക്കുകയാണ് നീ. ആയിരക്കണക്കിന് കുതിരകളുടെ കുളമ്പടികളും അവരുടെ ഹുങ്കാരങ്ങളും ആക്രോശങ്ങളും എനിക്ക് കേൾക്കാം.

പ്രണയത്തിന്റെ ഈ യുദ്ധഭൂമിയിൽ നിന്റെ കാഹളങ്ങൾ ഒരിക്കലും നിലയ്ക്കാതിരിക്കട്ടെ.

# കൊൽക്കത്തയിലേക്ക്

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്നെ വീണ്ടുംവീണ്ടും വായിച്ചു, നിന്റെ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തുന്നു, നിന്നിലുറങ്ങുന്ന വികാരങ്ങളുടെ വേലിയേറ്റങ്ങൾ അതിമനോഹരമായി നീ എഴുതിവെച്ചിരിക്കുന്നു. പ്രിയപ്പെട്ടവളെ, നീ വീണ്ടും എഴുതണം, നിന്റെ വാക്കുകൾ വായിക്കുമ്പോൾ ഞാൻ നിന്റെ ഗ്രാമത്തിൽ എത്തിച്ചേർന്നപോലെ തോന്നുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിനക്കായി എഴുതുക എന്നാൽ, ഞാൻ നിന്നെ എഴുതുക എന്ന് തന്നെയാണ്. നീ കൊൽക്കത്തയിലേക്ക് പുറപ്പെടുംമുമ്പ് ആദ്യമായി നമ്മൾ നടത്തിയ വീഡിയോകാൾ അക്ഷരാർത്ഥത്തിൽ എന്നെ വികാരവിക്ഷോഭയാക്കി. എത്രയോ തവണ നാം ഫോണിൽ സംസാരിച്ചിരിക്കുന്നു, അതും മണിക്കൂറുകളോളം. എന്നാൽ ആദ്യമായി നിന്നെ വിഡിയോയിൽ കണ്ടപ്പോൾ, ഞാനാകെ കോരിത്തരിച്ചുപോയി. സത്യത്തിൽ സംസാരിക്കാൻ ആദ്യമൊക്കെ വാക്കുകൾ വരുന്നുണ്ടായിരുന്നില്ല. വളരെയടുത്ത സ്നേഹിതനെ പെട്ടെന്ന് അടുത്തുകാണുമ്പോൾ ഉള്ള നാണവും, അഭിനിവേശവും എനിക്കനുഭവപ്പെട്ടു. നിന്റെ മുഖം എന്നോട് ചേരുന്നപോലെയൊക്കെ തോന്നി. നിനക്കും അതുതന്നെ തോന്നി എന്ന് നീ തുറന്നുപറഞ്ഞപ്പോൾ, നമ്മുടെ ബന്ധത്തിലെ ആഴവും പരപ്പും എനിക്ക് ഒന്നുകൂടി തിരിച്ചറിയാനായി.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, അവധിയായതിനാൽ സൂപ്പർ മാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങാൻ ഇറങ്ങിയതായിരുന്നു ഞാൻ. ഇറങ്ങുമ്പോൾത്തന്നെ കനത്ത മഴയായിരുന്നു. എന്റെ കാറാണെങ്കിൽ കുറച്ചകലെ ആയിരുന്നു പാർക്ക് ചെയ്തിരുന്നത്. കുട വണ്ടിയിൽ ആയതിനാൽ ഞാൻ കുറെ നനഞ്ഞു, എങ്കിലും വണ്ടിയുമെടുത്തു കുറച്ചുദൂരം പോയി, കനത്ത മഴ തുടർന്നുകൊണ്ടേയിരുന്നു. വണ്ടിയോടിക്കാൻ വലിയ പ്രയാസംപോലെ, ആരോ തിരിച്ചുവിളിക്കുന്നതുപോലെ. എന്തോ എനിക്ക് തിരിച്ചുവരണമെന്ന് തോന്നി, ഉച്ചഭക്ഷണം മാത്രം തൊട്ടടുത്ത കടയിൽനിന്നു വാങ്ങി വീട്ടിൽ തിരിച്ചെത്തി. കനത്ത മഴ തുടർന്നുകൊണ്ടേയിരിക്കുന്നതിനിടയിലാണ് നിന്റെ വിളി വന്നത്. ഞാൻ കനത്ത മഴയെക്കുറിച്ച് നിന്നോട് പറഞ്ഞു, നിനക്ക് മഴ കേൾപ്പിക്കാമെന്ന് പറഞ്ഞു. അപ്പോൾ നിനക്ക് കനത്തമഴ കാണണമെന്നായി. ഞാൻ ചിത്ര

മെടുക്കാം എന്ന് പറഞ്ഞപ്പോൾ, ചിത്രത്തിൽ മഴ കാണാനാകില്ല എന്ന് നീ പറഞ്ഞു. ഞാൻ വീഡിയോ എടുക്കട്ടേ എന്ന് പറഞ്ഞപ്പോഴാണ്. നീ പറഞ്ഞത്, വീഡിയോ ഓൺ ആക്കൂ, ജനലിലൂടെ ഫോൺ പുറത്തേക്ക് തിരിച്ചുപിടിക്കൂ എന്ന്, നിനക്ക് മഴ കാണണമെന്നു പറഞ്ഞതും, നീ വീഡിയോ ഓണാക്കി. പെട്ടെന്ന് പറഞ്ഞപ്പോൾ നിന്നെ നേരിൽ കാണാൻ എനിക്ക് ഒരു ബുദ്ധിമുട്ടുപോലെ, അപ്പോഴേക്കും, നീ വിഡിയോയിൽ വന്നു കഴിഞ്ഞിരുന്നു. നീ കുറെ നേരം മഴ കണ്ടു, നീ എന്നോട് കൈകൾ നീട്ടി വീടിന്റെ ഓടിൽനിന്ന് വീഴുന്ന മഴ കൈകളിൽ പിടിക്കാൻ പറഞ്ഞു, പിന്നെ ആ വെള്ളം മുഖത്ത് തെളിക്കാനും. കുറച്ചുകഴിഞ്ഞു, ഞാൻ ഫോണിന്റെ കാമറ എന്നിലേക്ക് തിരിച്ചു. നീയുമായി സംസാരിക്കാൻ മാത്രമാകും ഞാൻ യാത്ര വഴിയിൽ മതിയാക്കി തിരിച്ചെത്തിയത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, അടുത്തറിയുന്ന ഒരാളോട് സംസാരിക്കാൻ വാക്കുകൾ ഇല്ലാതാവുക, ആ മുഖം കാണുമ്പോൾ, വല്ലാത്ത ഒരു അനുഭൂതി തോന്നുക, ചിരിക്കുന്ന നിന്റെ മുഖത്തിനോട്, ആദ്യമായി തന്റെ പ്രിയതമനെ നേരിൽ കാണുമ്പോൾ ഉണ്ടാകുന്ന അനിർവചനീയമായ ആ വികാരനിമിഷങ്ങൾ, നാണവും, പ്രണയവും, ചെറിയ ഭയവും ഇടകലർന്ന, സമ്മിശ്ര വികാരങ്ങൾ അനുഭവിച്ചുതന്നെ അറിയണം. നീ എന്റെ ശരീരം മുഴുവൻ പുകച്ച് എന്റെ രക്തധമനിക ളിലൂടെ ഓടുന്നതുപോലെ തോന്നി. ഒരിക്കലും ഇറങ്ങിപ്പോകാത്തതു പോലെ രോമാഞ്ചം എന്നിൽ നിറഞ്ഞുനിൽക്കുന്നു. പ്രിയപ്പെട്ടവനെ നീ എന്നിൽ തീർക്കുന്ന വികാരങ്ങളുടെ കടൽ എനിക്ക് താങ്ങാവുന്നതിന് അപ്പുറമാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എന്താണ് എനിക്ക് ചുറ്റും, അല്ല എന്നിൽ സംഭവിക്കുന്നത് എന്ന് തിരിച്ചറിയാനാവാതെ ഞാൻ സ്തബ്ധ യായിപ്പോയി. നീ ചിരിച്ചു സംസാരിച്ചുകൊണ്ടേയിരുന്നു. ഇന്റർനെറ്റ് പോലും നമ്മുടെ സമാഗമത്തിൽ അസൂയപൂണ്ട്, നമ്മുടെ സംഭാഷണ ങ്ങൾ ഇടയ്ക്കിടെ മുറിച്ചുകൊണ്ടിരുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്റെ കൊൽക്കത്തയിലേക്കുള്ള വരവിനെപ്പറ്റി പറയാനാണല്ലോ വിളിച്ചത്. രാത്രിഫ്ലൈറ്റ് ആയതു നന്നായി. ഞാൻ വിമാനത്താവളത്തിൽ കാറുമായി കാത്തുനിൽക്കാം, ഇത്രനാളും നിരന്തരമായി എഴുതുകയും, സംസാരിക്കുകയും ചെയ്യുന്ന ഒരാളെ പെട്ടെന്ന് നേരിൽ കാണുമ്പോൾ ഒരുപക്ഷെ ഞാൻ എന്നെത്തന്നെ നിയന്ത്രിക്കില്ല. നീ ഇറങ്ങുമ്പോൾ വിളിക്കുക. നിന്നെ എങ്ങനെയാണ് സ്വീകരിക്കുക എന്നെനിക്കറിയില്ല. അതിനാൽ ഞാൻ കാറിൽത്തന്നെയി രിക്കും. കാറിനടുത്തേക്ക് എങ്ങനെയെത്തണമെന്ന് ഞാൻ ഫോൺവഴി

പറഞ്ഞു തരാം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നീ എന്നെക്കാണുമ്പോൾ, നീ എനിക്കായി കരുതിയിരിക്കുന്ന ആനവാൽ മോതിരം തന്നെ ആദ്യം എന്നെ അണിയിക്കണം. വേറെ എന്തൊക്കെയാണ് സംഭവിക്കുക എന്ന് എനിക്കറിയില്ല. വീഡിയോ കാൾ നടത്തിയപ്പോൾ നീ എന്നെ കൊണ്ടു ചെന്നാക്കിയ കടൽ എന്നിലേക്ക് ആഞ്ഞടിച്ചു ചിതറാൻ കാത്തുനിൽക്കുന്നുണ്ട്. എന്റെ ഓരോ ധമനികളിലും നീ നിരന്തരമായി നിറഞ്ഞോടുന്നു, നിന്നെ വിഡിയോയിൽ കണ്ട രോമാഞ്ചം ഇപ്പോഴും എന്റെ ശരീരത്തിൽ നിന്നും ഇറങ്ങിപ്പോയിട്ടില്ല.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, മനുഷ്യർ ഇങ്ങനെയും പ്രണയിക്കുമോ, എന്താണ് നമ്മൾത്തമ്മിൽ ഇതിന് മുമ്പ് കാണാതിരുന്നത്? ഒരു കവിതയിലൂടെ തുടങ്ങിയ സൗഹൃദം ഇപ്പോൾ എവിടെ ചെന്ന് നിൽക്കുന്നു എന്ന് നമുക്കുപോലും അറിയില്ല. മനസ്സ് വല്ലാത്ത ഒരു പ്രഹേളികയാണ്. ആന മദിച്ചപോലെ അത് മുന്നോട്ടുപാഞ്ഞുപോയിക്കൊണ്ടേയിരിക്കും, മുമ്പിലുള്ള എല്ലാ പ്രതിബന്ധങ്ങളെയും തച്ചുതകർത്തുകൊണ്ട്. നമുക്ക് ചുറ്റും, നാം മാത്രമേയുള്ളൂ, നമ്മുടെ പ്രണയം മാത്രമേയുള്ളൂ. ബാക്കിയുള്ളവരെല്ലാം നമുക്ക് ചുറ്റുവട്ടത്തുനിന്നും മറ്റേതോ ലോകത്തിലേക്ക് അപ്രത്യക്ഷരായിരിക്കുന്നു അല്ലെങ്കിലും നമുക്കാരേയുംതന്നെ കാണേണ്ട. കാണാൻ ഇഷ്ടമല്ല, കേൾക്കാൻ താത്പര്യമില്ല. നമ്മുടെ ലോകം നമ്മുടേത് മാത്രമാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, കൊൽക്കത്തയിലെ വിമാനത്താവളത്തിൽ ഇറങ്ങി നീ എന്റെ കാറിനടുത്തേക്ക് നടന്നുവരുന്നത് എനിക്ക് കാണാം, വണ്ടി തിരിച്ചറിയാൻ ഞാൻ വണ്ടി സ്റ്റാർട്ട് ആക്കി, ലൈറ്റുകൾ ഇട്ടു, ഹോണടിച്ചു നീ കേട്ടില്ല. ഞാൻ വണ്ടിയിൽ നിന്നിറങ്ങി നിന്നെ ഉറക്കെ വിളിച്ചു മുരൻ, മുരൻ. നീ കേട്ടില്ല, ഞാൻ ഉറക്കെ വിളിച്ചു മുരൻ ഞാനിവിടെയുണ്ട്!

മുത്തശ്ശി എന്റെ മുഖത്ത് വെള്ളം കുടഞ്ഞു, ദീപാക്ഷി, നിന്നോട് ഞാൻ പറഞ്ഞതല്ലേ, പകൽ ഉറങ്ങരുതെന്ന്. ഉറക്കത്തിൽ സ്വപ്നം കണ്ടു നീ എന്തൊക്കയോ വിളിച്ചു പറയുന്നുണ്ടായിരുന്നു. എന്തോ ഒരു പേര്, ആ പേര് ഞാൻ ശരിയായി കേട്ടില്ല.

കട്ടിലിൽ എഴുന്നേറ്റിരുന്നു, ദീപാക്ഷി തന്നോട് തന്നെ ചിരിച്ചു.

# പെയ്തുതീരാത്ത പ്രണയം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ സ്വപ്നങ്ങൾ വായിച്ചു, മനോഹരമായ അനുഭവങ്ങൾ, എന്തായാലും, മുത്തശ്ശി എന്റെ പേര് ശരിയായി കേൾക്കാത്തത് നന്നായി. ഒരുപക്ഷെ കേട്ടിരിക്കാം, നിന്നോട് പറയാത്തതും ആയിരിക്കാം. നമ്മുടെ കാലമെല്ലാം കടന്നല്ലേ അവർ വന്നതും. കൊച്ചുമകളിലെ എല്ലാ വ്യതിയാനങ്ങളും അവർ ഒപ്പിയെടുക്കുന്നുണ്ടാകും, ഒരുപക്ഷെ നമ്മളിലൂടെ അവർ അവരുടെ പൂർവ്വകാലങ്ങളിലേക്ക് സഞ്ചരിക്കുന്നുണ്ടാകാം. ആരാണ് ജീവിതത്തിലെ സ്വർഗ്ഗീയമായ നിമിഷങ്ങൾ ചികഞ്ഞെടുത്ത് വീണ്ടും ജീവിതം ആഘോഷിക്കാൻ ആഗ്രഹിക്കാത്തത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്നെ എന്നും വായിക്കാൻ കഴിയുക എന്നത്, ജീവിതത്തിലെ ഒരു പുണ്യമാണ്. നിന്നെ വായിക്കുമ്പോഴും, കേൾക്കുമ്പോഴും, നമ്മുടേത് മാത്രമായ ഒരു ലോകം എനിക്ക് ചുറ്റും നിറയും, മറ്റാരുമില്ലാത്ത ലോകം, ആ ലോകത്ത് അക്ഷരങ്ങളുടെ ഉത്സവങ്ങൾ മാത്രമേയുള്ളൂ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഞായറാഴ്ച ആയതിനാൽ ആണോ നീയെന്നെ ഇന്ന് വിളിച്ചുണർത്താഞ്ഞത്. നീ കേൾപ്പിച്ചിരുന്ന മധുശ്രീയുടെ പ്രണയഗാനങ്ങൾ കേട്ട് എപ്പോഴാണ് ഉറങ്ങിപ്പോയത് എന്ന് എനിക്കോർമ്മയില്ല. നിന്റെ നിർബന്ധം കാരണം വീണ്ടും തുടങ്ങിയ വൈകിയിട്ടുള്ള നടത്തവും ക്ഷീണവും വേഗം ഉറക്കത്തിലേക്ക് നയിച്ചു. ഞാൻ കൂർക്കം വലിച്ചുറങ്ങുന്നു എന്നുറപ്പാക്കിയാണല്ലോ നീ ഫോൺ കട്ട് ചെയ്യാറ്, അതിന് പിറകെ അയയ്ക്കുന്ന - അനുഗൃഹീതമായ ഉറക്കം ആശംസിക്കുന്നു- എന്ന കുറിപ്പ് ഞാൻ ഇടയ്ക്കുണർന്നാൽ കാണാറുണ്ട്. നിന്റെ പ്രാർത്ഥനകൾപോലെ ഇപ്പോൾ എനിക്ക് വീണ്ടും നന്നായി ഉറങ്ങാൻ കഴിയുന്നു. കൺപോളകൾക്ക് ചുറ്റുമുള്ള കറുത്തപാടുകൾ ഇന്നും ഉറക്കമില്ലാതിരുന്ന രാത്രികളെ ഇടയ്ക്കിടെ ഓർമ്മിപ്പിക്കാറുണ്ടെങ്കിലും, നീ പറഞ്ഞപോലെ ഞാനതെല്ലാം മനസ്സിൽ നിന്നും മായ്ച്ചുകളയാൻ ശ്രമിക്കുന്നുണ്ട് പുതിയ ചിന്തകളും പുതിയ സ്വപ്നങ്ങളും എന്നിൽ നിറയ്ക്കുന്നുണ്ട്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഞാൻ എന്നെ തീർച്ചയായും മാറ്റിയെടുക്കും. പുഴക്കരയിൽ നടക്കുമ്പോൾ കൂടെനടക്കുന്ന നിന്നെ എനിക്ക്

അനുഭവിക്കാനാകുന്നു. ഇടയ്ക്ക് ചാറിപ്പോയ മഴ നീ പുഴയിൽനിന്ന് കൈകുമ്പിളിൽ കോരിയെടുത്തു എന്നിലേക്കെറിഞ്ഞ ജലധാരയായി തോന്നി. അരികിലില്ലാത്ത ഒരാളെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും കൂടെക്കൊണ്ടുനടക്കുന്നത് അത്യപൂർവമായ അനുഭൂതിയാണ്. മറ്റാരും കാണാതെ കൂടെ ഒരാൾ. എന്തും, ഏതും അയാളുമായി സംവദിക്കുന്നു. അഭിപ്രായങ്ങൾ തേടുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഒരു പൂവിനെ ഞാൻ സ്പർശിക്കുമ്പോൾ നിന്റെ ഗന്ധം പൂവിന്റെ ഗന്ധമായി എന്നിൽ നിറയുന്നു. നിന്റെ കൈവിരലുകൾ ഈ പൂവിതൾപോലെ മൃദുവായിരിക്കുമോ. നിന്റെ ശ്വാസനിശ്വാസങ്ങൾ ഞാൻ ശ്രവിച്ചിട്ടുണ്ട്, നിന്റെ ശബ്ദം എനിക്കിപ്പോൾ അറിയാം, നിന്റെ വാക്കുകൾ എനിക്ക് വായിക്കാനാകുന്നു. എന്നാൽ നിന്റെ ഗന്ധം, അതെങ്ങനെയാണ് ഞാൻ അറിയുക. നീ ധരിക്കുന്ന ഒരു ഷർട്ട് നിന്റെ ഗന്ധം നഷ്ടമാകാതെ, ഒരു പ്ലാസ്റ്റിക് കവറിൽ നന്നായി പൊതിഞ്ഞു, നിനക്ക് എനിക്കയച്ചുതന്നുകൂടെ. ഇടയ്ക്കൊന്നു തുറന്നു, നിന്റെ ഗന്ധം നുകരാൻ, നിന്റെ ഷർട്ട് ധരിച്ചു ഇടയ്ക്കൊന്നുറങ്ങാൻ. അടുത്തില്ലെങ്കിൽപ്പോലും, ചെറിയ സ്വപ്നങ്ങൾ ഒക്കെ നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിയും.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്നെ കണ്ടെത്താനായിരിക്കാം ഞാൻ ജീവിതത്തിൽ ഇത്രയധികം ബുദ്ധിമുട്ടുകളിലൂടെയും വേദനകളിലൂടെയും കടന്നുപോയിരുന്നതെന്ന് ഇന്ന് എനിക്ക് മനസ്സിലാവുന്നു. നിന്നെ കണ്ടെത്തുകയായിരുന്നു എന്റെ ലക്ഷ്യം. ഇന്നിപ്പോൾ എന്റെ ജീവിതം നിനക്കുചുറ്റും വലയം ചെയ്യുന്നു, ഞാനത് ആസ്വദിക്കുകയും ചെയ്യുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എന്റെ ഉപബോധമനസ്സിലും ബോധമനസ്സിലും നീ നിറഞ്ഞുനിൽക്കുന്നത് ഞാൻ അനുഭവിക്കുന്നു. നിന്നിലേക്ക് ഒരു പ്രവാഹംപോലെ എന്റെ ചിന്തകളിലൂടെ എനിക്ക് കടന്നുവരാനാകുന്നു. ജീവിതത്തിന്റെ ആനന്ദനിമിഷങ്ങൾ നിരന്തരമായി അനുഭവിക്കുന്നു.

നിന്നിലേക്കിറങ്ങിവരുന്ന ഓരോ നിമിഷവും ഞാൻ എന്നെ തിരിച്ചറിയുന്ന നിമിഷങ്ങൾ ആണ്.

# തിരയൊഴിയാതെ കടൽ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, ജീവിതത്തിന്റെ ഏറ്റവും നല്ല നിമിഷ ങ്ങളിലൂടെയാണ് നാം ഇപ്പോൾ കടന്നുപോകുന്നത്. മനസ്സ് തുറന്നു സംസാരിക്കാൻ കഴിയുക എന്നതാണ് ജീവിതത്തിൽ കിട്ടാവുന്ന ഏറ്റവും വലിയ സൗഭാഗ്യം, സന്തോഷം. അതിന് രണ്ടുപേരും ഒരേ തരംഗദൈർ ഘ്യത്തിൽ ചിന്തിക്കുന്നവർ ആയിരിക്കണം. നമുക്ക് രണ്ടുപേർക്കും അതിനു കഴിയുന്നു എന്നത് ജീവിതത്തിന്റെ ഒരു പുണ്യമായി നാം അനു ഭവിക്കുന്നു.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നേരിട്ടുള്ള സംഭാഷണങ്ങളിൽ നിനക്കു ണ്ടായ മാറ്റങ്ങൾ ഞാൻ അറിയുന്നുണ്ട്. ഞാൻ എന്ന വാക്കുതന്നെ നാം ഇപ്പോൾ ഉപയോഗിക്കാറില്ല, നാം, നമ്മൾ എന്നായി മാറിയിരിക്കുന്നു. വല്ലപ്പോഴും ഞാൻ എന്നെങ്ങാൻ എന്നിൽനിന്ന് വന്നാൽത്തന്നെ നീ എന്നെ തിരുത്തുന്നു, നാം, നമ്മൾ, അങ്ങനെ ചിന്തിക്കുന്നതുപോലും വലിയ ഒരനുഭൂതിയാണ്. നിന്നെ കേൾക്കാൻ വായിക്കാൻ ഞാൻ കാത്തി രിക്കുകയാണ് നിന്റെ ചിന്തകൾ അനുസ്യൂതമായി എന്നിലേക്ക് ഒഴുകട്ടെ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, സ്നേഹം, പ്രണയം അതിന്റെ ഏറ്റവും പുതിയ തലങ്ങൾ തേടുകയാണല്ലോ നാം. പുറംകാഴ്ചകളല്ല, അകകാഴ്ചകൾ ആണ് നാം തേടുന്നത്. എല്ലാവരുടെയും ഉള്ളിന്റെയുള്ളിൽ ഒളിച്ചുവെച്ചി ട്ടുള്ള ചില നിമിഷങ്ങൾ ഉണ്ട്, നാമത് പുറത്തെടുത്ത് കൂടുതൽ സന്തോ ഷത്തോടെ ആഹ്ലാദത്തോടെ ആസ്വദിക്കുന്നു. ജീവിതത്തിന്റെ പകുതി യിലധികം പിന്നിട്ടുകഴിഞ്ഞ നാം ഇപ്പോഴല്ലെങ്കിൽ ഇനി എപ്പോഴാണ് ജീവിതം ആസ്വദിക്കുക ആഘോഷിക്കുക.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്നോട് സംസാരിക്കുമ്പോൾ, നീ എന്റെ തൊട്ടരികിലാണ് വിവിധ രാജ്യങ്ങളിൽ ഇരിക്കുന്ന നാം, തൊട്ട രികിലിരുന്നു സംസാരിക്കുന്നതുപോലെ. ചിലപ്പോഴെല്ലാം, നീ എന്റെ കാതുകളിൽ ചേർന്നുനിന്നു സ്വകാര്യങ്ങൾ പറയുന്നത് ഞാൻ അനുഭവി ക്കുന്നു. കണ്ണടച്ചാൽ രണ്ടുപേരുടെയും ലോകങ്ങൾ നമ്മുടെ മുന്നിലുണ്ട്, അതിനാൽത്തന്നെ, നമുക്ക് നമ്മളിലേക്ക് പെട്ടെന്ന് സഞ്ചരിക്കാനാകുന്നു. ഒരാൾ തൊട്ടരികിൽ ഒരുപാട് നാൾ ഉണ്ടായാലും, ചിലപ്പോൾ നാമവരെ കാണില്ല, എന്നാൽ ദൂരെയിരുന്നും, നാം പരസ്പരം ഓരോ നിമിഷവും കാണുന്നു, അനുഭവിക്കുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, രണ്ടുപേർ പ്രണയത്തിന്റെ നദിയിൽ നിരന്തരം മുങ്ങി നിവരുമ്പോഴാണ് ജീവിതം ഒരു തീർത്ഥയാത്രയാണെന്ന് നാം തിരിച്ചറിയുക. അകമഴിഞ്ഞ പരസ്പരവിശ്വാസമാണ് നമ്മുടെ പ്രാർത്ഥനകൾ സഹാനുഭൂതി കരുണ സന്തോഷം ദയ ഇതെല്ലം പ്രണയത്തിലൂടെയാണ് വളർന്ന് ജീവിതം പൂർണ്ണമാകുന്നത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്റെ ആഗ്രഹങ്ങൾതന്നെയാണ് എന്റെയും ആഗ്രഹങ്ങൾ, നമ്മുടെ ആഗ്രഹങ്ങൾ എഴുതി മാത്രം, രണ്ടു പുസ്തകങ്ങൾ നിറഞ്ഞിരിക്കുന്നു, അധികവും, നമുക്ക് ഒന്നിച്ചുപോകേണ്ട യാത്രകളുടെ കുറിപ്പുകൾ ആണ്. എന്നാണ് ആ യാത്രകൾ യാഥാർത്ഥ്യമായി നടക്കുക എന്ന് നമുക്കറിയില്ല, എന്നാൽ ആ കുറിപ്പുകൾ നിനക്ക് വായിച്ചുതരുമ്പോൾ, മാനസികമായിത്തന്നെ നമ്മൾ ആ യാത്രകളിൽ ആയിക്കഴിയുന്നു. ഒരിടത്തുംപോകാതെതന്നെ നാം ആ സ്ഥലങ്ങൾ സന്ദർശിക്കുന്നു. അതുപോലെതന്നെ, നീ എന്നിലേക്കും, ഞാൻ നിന്നിലേക്കും എപ്പോഴും യാത്രകൾ നടത്തിക്കൊണ്ടിരിക്കുന്നു. പരസ്പരപൂരകങ്ങളായ രണ്ടു ജന്മങ്ങൾ, അതുകൊണ്ടുതന്നെയാണ് എനിക്ക് നിന്നെ ഓരോ നിമിഷവും ശ്വസിക്കാനാവുന്നത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, പലരും പറയുന്നു നാം ദിവാസ്വപ്നങ്ങളിൽ ആണെന്ന്. ആണോ, അതോ, മാനസ്സികമായി തന്നെ നമുക്ക് നമ്മളെ അനുഭവിക്കാനാകുന്നില്ലേ, ഉണ്ട് എന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. ഫോണിൽ സംസാരിച്ചപ്പോൾ നീ പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുന്നു, ഈ ഫോണിനുള്ളിൽ നിന്ന് വിരലുകൾ നീട്ടി ഒന്ന് തൊടാനായെങ്കിൽ, ഒന്ന് തൊട്ടാൽ മതി. സാങ്കേതിക വിദ്യകൾ അതിലേക്ക് വികസിക്കാൻ അധികകാലം ഉണ്ടാകില്ലെന്ന് നാം കരുതുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നമുക്കിടയിൽ ദൂരങ്ങളേയില്ല, സാങ്കേതികമായി അതിനെ നാലായിരം കിലോമീറ്ററിലധികം എന്ന് വേണമെങ്കിൽ പറയാം. നിന്നോടൊപ്പം എപ്പോഴും നടക്കുന്ന എനിക്ക് നിന്നിലേക്ക് ദൂരങ്ങളേയില്ല, നിന്റെ കഴുത്തിൽ കൈകൾ കോർത്ത് നിന്റെ ചുണ്ടുകളോട് എനിക്ക് അനന്തമായി സംവദിക്കാനാവും. പ്രണയം, രണ്ടുമനസ്സുകളുടെ ഒന്നിലേക്കുള്ള ഒഴുക്കാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഒന്നിച്ചൊരാത്മാവാകുക എന്നത് ഒരു സമർപ്പണമാണ്, രണ്ട് ആത്മാവുകൾ വർഷങ്ങളായി തേടിയലഞ്ഞു, അവർ സ്വയം കണ്ടെത്തി തിരിച്ചറിയുമ്പോൾ അനുഭവിക്കുന്ന അസാധാരണമായ അനുഭൂതി.

ഈ ജീവിതത്തിൽ, നിന്നെ കണ്ടെത്താനായതാണ് എന്റെ ഏറ്റവും വലിയ അനുഗ്രഹം.

# ചിന്തകളുടെ പ്രയാണങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്നെ വായിക്കുമ്പോൾ ഞാൻ മറ്റൊരു ലോകത്തിലേക്ക് നയിക്കപ്പെടുന്നു. എത്ര വൈകി ഉറങ്ങിയാലും നിന്നെ വിളിച്ചുണർത്താൻ അതിരാവിലെ എഴുന്നേൽക്കുമ്പോൾ, നിന്റെ പ്രിയപ്പെട്ട ശബ്ദം കാതുകളിൽ കേൾക്കുമ്പോൾ, പുതിയ ഒരു ദിവസത്തിലേക്കല്ല, ഒരു പുതിയ യുഗത്തിലേക്കാണ് ഞാൻ ഉണരുന്നത്.

ദീപാക്ഷി, പ്രിയപ്പെട്ടവളെ, നിന്നെ വീണ്ടുംവീണ്ടും വായിക്കാൻ ഞാൻ ആവേശത്തോടെ കാത്തിരിക്കുന്നു. നിന്റെ ചിന്തകൾ നിരന്തരമായി പ്രവഹിക്കട്ടെ. നിറയെ ഊർജ്ജം നിറച്ചൊഴുകുന്ന ഒരു പുഴയായി നീ ഒഴുകുക.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, പ്രണയം നിറഞ്ഞ ഒരു പുഴയായി മാറുക എന്നത് ഊർജ്ജം നിറച്ച ഒരായിരം തേരുകളുടെ യുദ്ധഭൂമിയിലൂടെയുള്ള ഒരു പ്രയാണമാണ്. ഓരോ പുഴയും അങ്ങനെയാണ്, ഞാനെന്ന പുഴയും, നീയെന്ന പുഴയും വ്യത്യാസമില്ല. മലയിൽ നിന്നുത്ഭവിച്ചു നീർച്ചാലായി തുടങ്ങുമ്പോൾ തുടങ്ങുന്ന കുതിപ്പ് ഓരോ താഴ്ചയിലേക്കും കുതിച്ചുചാടി വലിയ ഒരു ഒഴുക്കായി പുഴയായിത്തീരുന്ന ഊർജ്ജങ്ങളുടെ ഗതിവേഗം.

നെറുകയിൽ ഒരു തുള്ളിയായി പതിച്ചു പലതുള്ളികളായി ചേർന്ന് വശങ്ങളിലൂടെ ഊർന്നിറങ്ങി ശരീരത്തിന്റെ ഓരോ നിമ്നോന്നതങ്ങളും തൊട്ടു തഴുകി ഭൂമിയിലേക്ക് പതിക്കുന്ന മഴ.

തലച്ചോറിൽ നിന്നുത്ഭവിച്ചു പ്രപഞ്ചത്തിന്റെ അറിയാത്ത ഇടങ്ങളിലൊക്കെ നിന്നെത്തേടി കണ്ടുപിടിച്ചു, എന്റെ ഓർമ്മകളിലേക്ക് ചേർക്കുന്ന അനന്തമായ ചിന്തകൾ. ഈ ചിന്തകളിലെ ഏതു നൂലിൽ കെട്ടിയാണ് നീയെന്റെ സ്വപ്നങ്ങളെ ആകാശത്തിലേക്ക് പറത്തിവിടുന്നത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, മനോഹര ചിന്തകളുടെ വർണ്ണച്ചരടിൽ നീ കോർത്തിണക്കുന്ന ഒരായിരം പട്ടങ്ങൾ എനിക്ക് കാണാം. ചിലപ്പോൾ അവ ആകാശത്ത് പട്ടങ്ങളായ് പറക്കുന്നു. മറ്റു ചിലപ്പോൾ ആയിരം കുതിരകളെ പൂട്ടിയ തേരുകളായവ മാറുന്നു.

മനുഷ്യരുടെ മോഹങ്ങൾക്ക് അതിരിടാൻ ആർക്കും തന്നെയാകില്ല, നീ തെളിക്കുന്ന തേരിൽ ഒരു അശ്വമേധം നടത്താനാണ് എന്റെ കൊതി. ഒരു സ്വപ്നത്തിൽനിന്ന് മറ്റൊന്നിലേക്ക്, ഒരു ജാലവിദ്യക്കാരനെപ്പോലെ നിനക്ക് എന്നെ കൊണ്ടുപോകാനാകും.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എല്ലാവരും പുനർജ്ജനികൾ തേടിയാണ് നടക്കുന്നത്. ഇന്നലെകളുടെ ഓർക്കാൻ ഇഷ്ടമല്ലാത്ത ഓരോ ദിവസങ്ങളും മുഴുവനായി പുഴയുടെ ഒഴുക്കിൽ മുങ്ങിക്കിടന്നു, തന്റെ ഉടയാടകൾ അഴിച്ചുകളയുന്നതുപോലെ, ഇന്നലെകൾ മുഴുവൻ അഴിച്ചു കളയണം.

അഴിച്ചുകളയുന്ന ഓരോ ഭൂതകാലഓർമ്മകളും, ജീവിതത്തിന്റെ വർത്തമാനങ്ങളിൽ നാം നമ്മളിലേക്ക് ഏച്ചുകൂട്ടിയ കലാപങ്ങൾ ആണ്, നാം നമ്മളെത്തന്നെ അറിയാതെ കലാപഭൂമികളാക്കുന്ന, അനാവശ്യമായി കൊണ്ടുനടക്കുന്ന യാത്രാഭാണ്ഡങ്ങൾ ആണ്.

പുനർജ്ജനിയിൽ കുളിച്ചു പുനർജ്ജന്മം നേടി, പുതിയ സ്വപ്നങ്ങങ്ങളും, പുതിയ പ്രണയങ്ങളും സ്വീകരിക്കാൻ, മനസ്സിനെ വൃത്തിയും, ശുദ്ധവും ആക്കണം.

ഇന്നുകൾ ഇന്നലെകൾ കൂട്ടിക്കെട്ടി നടക്കാനുള്ള ഊന്നുവടികൾ അല്ല.

ഓരോ പ്രഭാതവും, എനിക്ക് നിന്റെ പ്രണയത്തിലേക്കുള്ള പ്രയാണങ്ങൾ ആണ്.

എന്നിൽ ഉദയം കൊള്ളുന്ന ഓരോ ചിന്തകളും നിന്നെക്കുറിച്ചുള്ളതാണ്, അല്ലെങ്കിൽ നീയുമായി ബന്ധപ്പെട്ടതാണ്, അതിന്റെ രസച്ചരട് ഞാൻ ഒരിക്കലും മുറിച്ചുമാറ്റില്ല. കാരണം, ആ ചിന്തകളിൽ ഞാൻ മാത്രം ഒതുങ്ങി നിൽക്കില്ല. അവ്യക്തമായ ഒരു രൂപമായി നീയെന്റെ ജീവിതത്തിൽ ഉണ്ട്. അവ്യക്തമായ ഒരു നിഴലായി നീ എനിക്കൊപ്പം നടക്കുന്നു. എന്നാൽ അക്ഷരങ്ങളിലും, ചിന്തകളിലും അല്ലാതെ, നിന്നെയാർക്കും പ്രത്യക്ഷത്തിൽ എന്നിൽ കണ്ടെത്താനാകില്ല. മറ്റൊരാളോട് പുഞ്ചിരിക്കുമ്പോൾ, സംസാരിക്കുമ്പോൾ, നിന്റെ ഒരംശം ഞാൻ എന്നിൽ അനുഭവിക്കുന്നു, നിരന്തരമായി.

നിന്നോടുള്ള എന്റെ പ്രണയം, അതിനിഗൂഢമായ ഒരു സന്തോഷമാണത്, നിത്യേനെ അനുഭവിച്ചറിയുന്ന ഒരു അനുഭൂതിയാണ്.

ചിന്തകളുടെ നിരന്തരപ്രയാണങ്ങൾ, നമ്മളെ കൂട്ടിയിണക്കും, എനിക്ക് കണ്ണെത്താത്ത മരുഭൂമിയിൽ ആണ് നീയെങ്കിലും, എന്റെ ചിന്തകൾ എന്നും എപ്പോഴും നിന്നെ തേടി വന്നിരിക്കും.

നിന്നിലേക്ക് ഞാനെത്തുകതന്നെ ചെയ്യും, അദൃശ്യമായി, നിന്റെ ചിന്തകളായി.

# തിരിച്ചറിയുന്ന ഗതിവേഗങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ അക്ഷരങ്ങളുടെ പെരുമഴയ്ക്കായി ഞാൻ കാത്തിരിക്കുകയാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നാം കടന്നുപോകുന്ന ചില നൂൽപ്പാലങ്ങൾ ഉണ്ട്, അതിനെ ഞാൻ ഒരിക്കലും ഭ്രാന്ത് എന്ന് വിളിക്കില്ല, ഒരുപക്ഷെ ഉന്മാദം എന്ന് വിളിക്കാം. ഉന്മാദങ്ങളാണ് ജീവിതത്തെ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു നയിക്കുക. എത്തിപ്പിടിക്കാനുള്ള ലക്ഷ്യങ്ങൾ ഇപ്പോൾ നീ എനിക്ക് ഉണ്ടാക്കിത്തന്നിരിക്കുന്നു, ഞാനിപ്പോൾ അതിലേക്കുള്ള കുതിപ്പിലാണ്. നിന്റെ പ്രണയം എന്നെ അതിലേക്ക് ഊർജ്ജസ്വലമായി നയിക്കുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ജീവിതം വെല്ലുവിളികൾ നിറഞ്ഞതാണ് ആ വെല്ലുവിളികളെ അവസരങ്ങൾ ആക്കിമാറ്റുക എന്നതാവണം ജീവിതത്തിന്റെ വിജയങ്ങൾ. പ്രതിജ്ഞാബന്ധിതമായി മുന്നേറുന്നതാകണം നമ്മുടെ ലക്ഷ്യങ്ങൾ. അലസത എന്നിൽ നിന്നും അടർത്തി മാറ്റിയെടുത്ത് നീ നിറയ്ക്കുന്ന ഊർജ്ജിത നിമിഷങ്ങൾ ജീവിതത്തെ കൂടുതൽ സുരഭിലമാക്കുന്നു. പ്രണയം എന്ന വാക്കിന്, അനുഭൂതിക്ക്, സമർപ്പണത്തിന്, ജീവിതത്തെ വളരെ ഉയർന്ന തലത്തിലേക്ക് നമ്മളെ പിടിച്ചുകയറ്റാനാകുന്നു. കേവലമായ പ്രണയമല്ല, വളരെ ആഴത്തിൽ, നമ്മളെ ജീവിതത്തിലേക്ക് വലിച്ചു കയറ്റുന്ന, ആവേശത്തോടെ ഉയർത്തിക്കൊണ്ടുപോകുന്നതാകണം പ്രണയത്തിന്റെ മറുതലങ്ങൾ. ഹൃദയങ്ങൾ പ്രണയിക്കപ്പെടുമ്പോൾ തന്നെ ജീവിതത്തെയും നാം അതേ ആവേശത്തോടെ സന്തോഷത്തോടെ പ്രണയിക്കണം, അതിന്റെ അലയൊലികൾ ജീവിതത്തിന്റെ എല്ലാ മേഖലയിലും പ്രകടമാവുകയും ചെയ്യണം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നാം സഞ്ചരിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങളുടെ അനുഭൂതികൾ എന്നും എല്ലാ നിമിഷവും ഞാൻ ഉത്സവമാക്കുന്നുണ്ട്. പ്രണയം നിറഞ്ഞുനിൽക്കുന്ന ഉത്സവങ്ങൾ തന്നെയാകണം ജീവിതം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, കുറച്ചു വാക്കുകളിലൂടെ നിന്നിലേക്ക് ഒരു കാന്തം കണക്കെ ഞാൻ അടുത്തുവെങ്കിൽ, നിന്റെ വാക്കുകൾക്ക് കാന്തികശക്തിയുണ്ടായിരുന്നു. വാക്കുകളിലെ പുറംമോടികളെയല്ല

നാം കണ്ടെത്തിയത്, ഹൃദയത്തിന്റെ ആഴത്തിൽ പതിഞ്ഞുകിടക്കുന്ന ജീവിതത്തിന്റെ മാസ്മരിക സീൽക്കാരങ്ങളെയാണ്. ഉറയൊഴിഞ്ഞുപോയ പാമ്പിനെപ്പോലെ, ഇന്നലെകളെ ഉപേക്ഷിച്ചു നാം പുതിയ ജീവിതത്തിലേക്ക് എന്നും തുടികൊട്ടി മുന്നേറുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, വളർച്ച ഒരു തുടർച്ചയാണ്, ജീവിതത്തിന്റെ കൺകെട്ടുവിദ്യകളിൽ നിന്നുമാറി, കുറച്ചു മാറിനിന്ന് നമ്മുടെതന്നെ ജീവിതം നോക്കി കാണുക, പോരായ്മകൾ സ്വയം തിരിച്ചറിയുക. തെറ്റുകൾ അക്കമിട്ടെഴുതുക. മറ്റൊരാളായി മാറി അതിന് പരിഹാരങ്ങൾ കണ്ടെത്തുക, ഓരോ ദിവസവും, ഓരോന്നായി നാം നമ്മുടെ തെറ്റുകൾ തിരുത്തുക, പുതിയ, ആവേശഭരിതമായ പ്രവൃത്തികൾ കണ്ടെത്തി അതിൽ പൂർണ്ണമായും സമർപ്പിക്കുക. തീർച്ചയായും, ഞാനിപ്പോൾ പുതിയ ഒരു ജീവിതമാണ് ജീവിക്കുന്നത്, നിന്റെ പ്രണയം എന്നെ അതിലേക്കാണ് നയിച്ചത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ദിവാസ്വപ്നങ്ങളുടെ ഒരു ആകത്തുകയല്ല പ്രണയം, സ്വപ്നങ്ങൾ കാണുമ്പോൾതന്നെ, അതിനോടൊപ്പം ജീവിതക്കാഴ്പ്പാടിലും അതുപോലെതന്നെ സ്വപ്നങ്ങൾ നിറയ്ക്കണം. പരസ്പരപൂരകങ്ങളായി ജീവിതത്തെ നേരിടുകയും, രണ്ടു പേരും വളർന്നു വലുതാകുയും ചെയ്യുമ്പോൾ മാത്രമാണ് പ്രണയം നമ്മളിൽ സംഭവിച്ചിരുന്നു എന്ന് നാം അനുഭവിക്കുക. നിന്റെയും എന്റെയും വലിയ വിജയങ്ങൾ നാം ആഘോഷിക്കുമ്പോൾ, നമ്മുടെ ഹൃദയത്തിൽ ഊറിനിറയുന്ന ഒരു രസമുണ്ട്, അതാണ് പ്രണയം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, പ്രണയഭരിതമായി നീ അയക്കുന്ന ഓരോ വാക്കും, ഹൃദയത്തിലെ അഗ്നിപർവ്വതത്തിൽ കത്തിജ്വലിച്ചു ലാവയായി എന്റെ ധമനികളിൽ ഒഴുകുന്നു. അതൊരു നൈമിഷിക വികാരമല്ല, അത് നിന്നെക്കുറിച്ചുള്ള വിചാരധാരയായി എന്നിൽ ഒഴുകികൊണ്ടേയിരിക്കുന്നു. എന്റെ ശരീരത്തിലെ ഓരോ മുകുളങ്ങളിലും, എനിക്ക് നിന്നെ കണ്ടെത്താനാകും.

ആർത്തലയ്ക്കുന്ന കടൽപോലെ നിന്റെ പ്രണയം എന്നിലേക്ക് വാക്കുകളുടെ തിരകളായി എന്നും എപ്പോഴും പതിച്ചുകൊണ്ടിരിക്കട്ടെ.

നിന്റെ പ്രണയം, മുൻ ജന്മങ്ങളിൽ എവിടെയോ ഞാൻ മറന്നുവെച്ച എന്റെ മോഹങ്ങൾ ആണ്.

# കണ്ടെത്തുന്ന തിരിച്ചറിവുകൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നീ തരുന്ന പ്രണയം, അതിന്റെ അതേ പ്രവാഹത്തിൽ, അതേ ശക്തിയിൽ തിരിച്ചു തരാൻ എനിക്ക് കഴിയുന്നുണ്ടോ?. മലമുകളിൽ നിന്ന് പതിക്കുന്ന ഒരു വെള്ളച്ചാട്ടം പോലെയാണ് നിന്റെ സ്നേഹത്തിന്റെ, പ്രണയത്തിന്റെ പ്രവാഹങ്ങൾ, എന്റെ തലക്ക് മുകളിൽ പതിച്ചു, ചിന്നിച്ചിതറി, എന്നെ പൊതിഞ്ഞിറങ്ങുന്ന ഒരു മഴവെള്ളപ്പാച്ചിൽ. എന്റെ ശരീരത്തിന്റെ ഓരോ ഇടങ്ങളിലും നിന്റെ സ്പർശനവും, ചുംബനങ്ങളും ഞാൻ അനുഭവിക്കുന്നു. ഒരിക്കലും പെയ്തുതീരാത്ത മഴ പോലെ നീ എന്നിൽ പെയ്തുകൊണ്ടേയിരിക്കുക. നിന്നെ നിരന്തരമായി വായിക്കാൻ കൊതിക്കുന്നതും അതുകൊണ്ട് തന്നെയാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, അനുസ്യൂതമായ പ്രണയം അനുഭവിക്കാനാകുക എന്നത് ജീവിതത്തിന്റെ ഒരു സൗഭാഗ്യമാണ്. നിന്നെ കണ്ടെത്തുന്നത് വരെ ഞാനെന്റെ പ്രണയത്തെയും സ്നേഹത്തെയും കണ്ടെത്തിയില്ല, തിരിച്ചറിഞ്ഞില്ല, അനുഭവിച്ചില്ല. പ്രണയം ഒരു അനുഭൂതി മാത്രമല്ല, ധ്യാനമാണ്, തന്നെത്തന്നെ നിറവിലേക്ക് നയിക്കുന്ന ധ്യാനം. കണ്ണുകൾ അടയ്ക്കുമ്പോൾ, നെറുകയിലൂടെ പടർന്നു നെറ്റിയിലേക്ക് അരിച്ചിറങ്ങി, കവിൾത്തടങ്ങളിലൂടെ പടർന്നിറങ്ങി. മൂക്കിലൂടെ ഊർന്നിറങ്ങി, ചുണ്ടുകളിൽ ഒന്ന് വിശ്രമിച്ചു കഴുത്തിലേക്കും, ശരീരത്തിലേക്കും വ്യാപിക്കുന്ന, ശരീരം മുഴുവൻ തരിച്ചു പടരുന്ന നമ്മുടേത് മാത്രമായ നിമിഷങ്ങൾ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, മൈലുകൾക്കപ്പുറത്തിരുന്നു, നീയെന്നെ ആലിംഗനം ചെയ്യുമ്പോൾ, ഞാനത് അനുഭവിക്കുന്നുണ്ട്, നിന്റെ ആശ്ലേഷങ്ങൾ എനിക്ക് തിരിച്ചറിയാനാകും. നിന്റെ ചുംബനങ്ങൾ, എന്നിൽ എന്തെന്നില്ലാത്ത ആനന്ദവും, സന്തോഷവും നിറയ്ക്കുന്നു. സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും മോഹങ്ങളുടെയും ആനന്ദനൃത്തമാണത്. ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് നമുക്ക് പ്രവഹിക്കാനാകുന്നു. പ്രണയം എന്ന ഒരു വാക്കിൽ അതിനെ തളച്ചിടാനാകില്ല.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്റെ കടുത്ത പ്രണയം എന്നെ പലപ്പോഴും ഭയപ്പെടുത്തുന്നു. നീ എന്റെ ചിന്തകളിലും, സ്വപ്നങ്ങളിലും, ശരീരത്തിലും നീണ്ട അശ്വമേധങ്ങൾ നിറയ്ക്കുകയാണ്. നിന്റെ അശ്വമേധങ്ങളുടെ കുളമ്പടികൾ എന്റെ ഹൃദയമിടിപ്പുകൾ ആണ്. എന്റെ നെഞ്ചിൽ, ശരീരത്തിൽ ആ കുളമ്പടിപ്പാടുകൾ എനിക്ക് കാണാനാകും. നിന്റെ പ്രണ

യത്തിന്റെ പാടുകളാണവ, അതാസ്വദിക്കുന്നതുപോലും എന്നിൽ നിന്റെ പ്രണയത്തിന്റെ ആവേശം നിറയ്ക്കുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, രാത്രികളിൽ നീ മാത്രം എന്നിൽ നിറയുന്ന നിമിഷങ്ങൾ ഉണ്ട്. കവിതകളായി നീ ആദ്യം പെയ്തിറങ്ങും, പിന്നെ നീ എന്നെ ഉറക്കാൻ കഥകൾ വായിക്കും, ഉറക്കങ്ങളിൽ സ്വപ്നങ്ങളിൽ ഞാൻ നിന്നിലേക്കെത്തും. ആ സമാഗമങ്ങൾ ഒരിക്കലും നമുക്ക് നിയന്ത്രിക്കാവുന്നവയല്ല. അതിന് നിയന്ത്രണവും ആവശ്യമില്ല. രണ്ടു സ്വതന്ത്രവ്യക്തികളുടെ ബൗദ്ധികതലത്തിലുള്ള കൂടിക്കാഴ്ചകൾ ആണത്. അതിന്റെ നൈർമല്യങ്ങൾ അവർ മാത്രം തനിയെ അനുഭവിച്ചറിയുന്നതാണ്. അവർ അത് പല രീതികളിൽ അനുഭവിക്കും. ചിലപ്പോൾ രാത്രികൾ മുഴുവൻ നീളുന്ന സംഭാഷണങ്ങളിൽ ആകാം, അല്ലെങ്കിൽ, സ്വയം തിരിച്ചറിഞ്ഞു നടത്തുന്ന വേദനകളുടെ വ്യാഖ്യാനങ്ങൾ ആകാം. ആത്യന്തികമായി അവർ തേടുന്നത്, തമ്മിൽത്തമ്മിൽ അവർ എത്ര നിറഞ്ഞുകഴിഞ്ഞു എന്ന യാഥാർത്ഥ്യങ്ങളുടെ കണക്കെടുപ്പായിരിക്കാം. കൊടുക്കലുകളും വാങ്ങലുകളും അവർ ഒരുപോലെ ആഘോഷിക്കുന്നു. ദൂരങ്ങളുടെ പരിധികൾ അവർക്ക് ബാധകമല്ല.

മാനസികമായി കൂടെയുണ്ടാവുക, അവർ പരസ്പരം കൊടുക്കുന്ന കരുതൽ ശ്രദ്ധ സൂക്ഷ്മത അവരത് എല്ലാത്തിലും നിറഞ്ഞ മനസ്സോടെ സ്വീകരിക്കുന്നു. ജീവിതത്തിൽ കാണാം, കാണാതിരിക്കാം, എന്നാൽ ഈ നിമിഷങ്ങൾ നാം രണ്ടിടത്തിരുന്നു, അതിമനോഹരമായി ആഘോഷിക്കുന്നു.

ദൂരെയിരിക്കുമ്പോഴും നിന്റെ സാമീപ്യത്തിന്റെ നിറവ് ഞാനനുഭവിക്കുന്നു. നിന്റെ ഒരാലിംഗനം ഒരു ചുംബനം അതെല്ലാം ഒരു നിമിഷം കൊണ്ട് നമുക്ക് സ്വായത്തമാകുന്നു. അതിൽ ഒഴുകി നടക്കുമ്പോൾ പ്രണയം നമുക്ക് ചുറ്റും തീർക്കുന്ന ഒരു ലോകമുണ്ട്. അത് യാഥാർത്ഥ്യങ്ങളുടെ തന്നെ ലോകമാണ്. ആവേശങ്ങളുടെ കൊടുമുടിയിലേക്ക് നീയുമായി പറന്നുയരുമ്പോൾ, എന്റെ പ്രിയപ്പെട്ടവനെ, നീയറിയുക, നാമറിയുന്നതിനും അപ്പുറത്തേക്ക് വളരുന്ന പ്രണയത്തിന്റെ അറിയാത്ത ലോകം നാം ആസ്വദിക്കുകയാണ്.

നഷ്ടപ്പെട്ടു, കാലം കഴിഞ്ഞു എന്ന് കരുതുന്ന എല്ലാ സ്വപ്നങ്ങളും ആഗ്രഹങ്ങളും നമുക്ക് തിരിച്ചുപിടിക്കണം. നിന്റെയൊപ്പമാകുമ്പോൾ, ഈ ലോകം പോലും കീഴടക്കാനുള്ള കരുത്ത് എനിക്ക് കിട്ടുന്നു.

നിന്നെ കാത്തിരിക്കുന്നതുപോലും എന്റെ ജീവിതത്തിലെ അതിമനോഹരങ്ങളായ നിമിഷങ്ങളാണ്.

നാം സ്വയം തിരിച്ചറിയുക എന്നതാണ് ജീവിതത്തിൽ നാം അറിയുന്ന ഏറ്റവും നല്ല നിമിഷം.

# പ്രണയങ്ങളുടെ ആഘോഷം

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ ഓർമ്മകളിൽ ജീവിക്കുന്നത് അതിമനോഹരമായ ഒരനുഭവമാണ്. കുറച്ചുനാളായിരിക്കുന്നു നിന്നെ വായിച്ചിട്ട്, നിന്റെ വാക്കുകൾ കാണുവാൻ എനിക്ക് അതീവമായ ആഗ്രഹമുണ്ട്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്റെ നാട്ടിൽ ഇന്ന് തിരുവോണം ആഘോഷിക്കുകയാണെന്നറിയാം. നീ എനിക്കയച്ചുതന്ന കേരള കസവ് സാരി അതിമനോഹരമാണ്. നിങ്ങളുടെ പരമ്പാഗത രീതിയിൽതന്നെ ഞാനത് ഉടുത്തിരിക്കുന്നു, കസവ് സാരിയുടുത്ത ചിത്രം നിനക്കയയ്ക്കുന്നു.

മരുഭൂമിയിലെ നിങ്ങളുടെ ഓണാഘോഷങ്ങൾ എന്തൊക്കെയാണെന്ന് ചോദിക്കുന്നതിൽ അർത്ഥമില്ലെന്നറിയാം. ഓർമ്മകളിലും സ്വപ്നങ്ങളിലും മാത്രമാണല്ലോ നിങ്ങൾ ജീവിക്കുന്നത്. ഒരു നേരത്തെ സദ്യയിൽ ഒതുങ്ങുന്ന നിങ്ങളുടെ ആഘോഷങ്ങൾ, സ്വയം മറക്കാനുള്ളത് മാത്രമാണല്ലോ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, വിദൂരതയിലാണ് നമ്മളെങ്കിലും, നിന്റെ സാമീപ്യം ഓരോ നിമിഷവും ഞാൻ അനുഭവിക്കുന്നുണ്ട്. ദൂരെയിരുന്നു പോലും നിന്നെ എന്റെയൊപ്പം എല്ലാ കാര്യങ്ങൾക്കും കൂട്ടുവാനാവുക, നിന്റെ പുഞ്ചിരിയും, സാമീപ്യവും ആഘോഷിക്കാനാവുക, ജീവിതത്തിന്റെ പുണ്യമാണത്.

ജീവിതത്തിന്റെ പ്രയാണങ്ങളിൽ പ്രണയം നിറച്ചു നടക്കാനാവുക എന്നത്, നന്മയും ഊർജ്ജവും, ഓരോ നിമിഷവും നമ്മളിൽ നിറഞ്ഞു കത്തി പ്രകാശം പരത്തുക എന്നതാണ്. എന്റെ കണ്ണുകളിൽ നീ നിറഞ്ഞു നിൽക്കുന്നതായി എനിക്ക് എപ്പോഴും തോന്നും, അത് വെറുംകാഴ്ചയല്ല, അതെന്റെ തോന്നലുമല്ല. കാരണം എല്ലാ നിമിഷവും നീ എന്നിൽത്തന്നെ നിറഞ്ഞു നിൽക്കുകയാണ്. നമ്മുടെ ശരീരത്തിൽ, മനസ്സിൽ, ചിന്തകളിൽ ആരുമറിയാതെ മറ്റൊരാളെ കൂട്ടുക, നാം മാത്രം അറിഞ്ഞുകൊണ്ട് അയാൾ നമുക്കൊപ്പം സഞ്ചരിക്കുക, അയാളെ കേൾക്കാനാവുക, മറ്റൊരാൾക്കും കാണാനാകാതെ കേൾക്കാനാകാതെ കൊണ്ടുനടക്കുക. മനസ്സിലെങ്കിലും അതനുഭവിക്കാൻ കഴിയുക എന്നത് അനുഭവിച്ചുതന്നെ അറിയണം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നിന്റെ നേർക്കാഴ്ചകൾ ഞാൻ അനു

ഭവിച്ചറിയാറുണ്ട്. നിന്റെ കഥകളിലൂടെ എഴുത്തുകളിലൂടെ കടന്നുപോകുമ്പോൾ എനിക്ക് സ്റ്റെല്ലയും ജുനുവും ദക്ഷയും മൈഥലിയും ഒക്കെ ആയി മാറാൻ ആകുന്നുണ്ട്. അവരിലെല്ലാം ഞാനെന്റെ പരിച്ഛേദങ്ങൾ കാണുന്നു അനുഭവിക്കുന്നു. അവർ ഓരോരുത്തരിലൂടെയും ഉള്ള പ്രയാണങ്ങൾ എനിക്ക് നിന്നിലേക്കെത്താനുള്ള വഴികളാണ്.

ജീവിതം ഒരുപാട് നന്മകളുടെ ആഘോഷമാണ്, നിങ്ങളുടെ നാടിന്റെ ഓണാഘോഷത്തെക്കുറിച്ച് വായിച്ചപ്പോൾ വളരെയധികം സന്തോഷം തോന്നി, നന്മകൾ മാത്രം പണ്ടേ നിറഞ്ഞുനിന്നിരുന്ന ലോകം, അതിനെ താലോലിക്കാൻ ഒരു ജനത. അത്തരം ചിന്തകളുടെ നിരന്തരമായ സാന്നിധ്യം ഒരു സമൂഹത്തെ എത്ര സുരഭിലമാക്കുമെന്ന് കാണാൻ കഴിയും, അത് തന്നെയാകാം, നിങ്ങൾ ആഘോഷിക്കുന്ന സമാധാനങ്ങളുടെ നിറഞ്ഞ ശ്രേണികളുടെ കാരണങ്ങളും.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, തനത് ജീവിതം രൂഢമൂലമായിക്കിടക്കുന്ന ഒരു സമൂഹത്തിൽ നിലനിൽക്കാനാവുക എന്നത് സന്തോഷം തന്നെയാണ് നിരന്തരമായി അതിനെ പരിഷ്കരിക്കുക നവീകരിക്കുക എന്നത് ഒരു നീണ്ട പ്രക്രിയയുമാണ് അവനവന്റെ പാരമ്പര്യങ്ങൾ മുറുകെപ്പിടിക്കുമ്പോഴും പുതിയതിനെ സ്വീകരിക്കുകയും സ്വായത്തമാക്കുകയും സ്വാംശീകരിക്കുകയും വേണം.

നിന്നിലേക്കുള്ള എന്റെ യാത്രകൾ അങ്ങനെയായിരുന്നു. എങ്ങനെ, എവിടെ നിന്ന് നീ എന്റെ ജീവിതത്തിലേക്ക് കയറിവന്നു എന്ന് ഞാൻ ചികയാറുണ്ട്, വെറുതെ നീ പ്രത്യക്ഷനായതല്ല, ഒരുപക്ഷെ നമ്മുടെ ചിന്തകൾ ഒരേ തരംഗദൈർഘ്യം ഉള്ളതായിരിക്കണം, അന്തരീക്ഷത്തിൽ അത്തരം ചിന്തകളുടെ അസംഖ്യം തരംഗദൈർഘ്യം ഉണ്ടായിരിക്കാം, ഒരുപക്ഷെ ഒരേശക്തിയിൽ, ഒരേ കാന്തികവലയത്തിൽ അവ വന്നു ചേർന്നപ്പോൾ, നാം കണ്ടെത്തിയതായിരിക്കാം. ഒരിക്കലും നേരിൽ കാണാത്ത, നാലായിരം നാഴിക അകലെയിരിക്കുന്ന നീ ഇപ്പോൾ എന്റെ തൊട്ടരികിൽപ്പോലെ തോന്നണമെങ്കിൽ, നമുക്കിടയിലെ സവിശേഷ ചൈതന്യങ്ങൾ നാം തിരിച്ചറിഞ്ഞു എന്ന് തന്നെ വേണം കരുതാൻ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നമ്മുടേത്, അവനവനെ തേടിയുള്ള പ്രയാണങ്ങൾ മാത്രമാണ് എന്ന് ഞാൻ കരുതുന്നില്ല. നാം കണ്ടെത്തിയതിന് പിന്നിലുള്ള കാരണങ്ങളും എനിക്കറിയില്ല, നാമറിയാതെ പല ഘടകങ്ങളും നമ്മുടെ ജീവിതത്തിന് പിറകിൽ സംഭവിക്കുന്നുണ്ട്. അനന്തകോടി കാരണങ്ങളിൽ നിന്ന് നമ്മളെ മാത്രം ഇഴ പിരിച്ചെടുക്കാൻ ആകില്ല. നടക്കുന്നതൊക്കെ നല്ലതിന്. അവിരാമത്തോടെ നമുക്കിടയിൽ നടക്കുന്ന സംഭാഷണങ്ങൾ സംവാദങ്ങൾ നമുക്ക് ജീവിതത്തിന്റെ

നൂതനമായ ചിന്തകൾ കാണിച്ചു തരുന്നു.

നമ്മൾ ഒരിക്കലും, നമ്മളിലേക്ക് മാത്രമല്ല ശ്രദ്ധയൂന്നുന്നത്, നമുക്ക് ചുറ്റുമുള്ള അന്തരീക്ഷത്തിൽ ഒരുപാട് ശക്തിചൈതന്യങ്ങൾ ഉണ്ട്, അതിൽനിന്നും ഒരുപാട് ശക്തിയും ഊർജ്ജവും നാം സ്വാംശീകരിക്കുന്നുണ്ട്, അവയുടെ പ്രചണ്ഡതാളങ്ങൾ ചിലപ്പോൾ നമ്മളെ അസ്വസ്ഥരാക്കുമെങ്കിലും, പുറംശക്തികളെ സ്വീകരിച്ചു, നാം കൂടുതൽ മാനസികവും, ആത്മീയവും ആയ ശക്തി സംഭരിക്കുകയാണ്. പ്രണയം ഒരു നിരന്തര പ്രയാണമാണ്, എന്നിൽ നിന്നും ഇനി, നിന്നെ വേർപ്പെടുത്തിയെടുക്കാനാവില്ല, നീ അത്രയധികം എന്നിൽ ഗ്രസിച്ചു കഴിഞ്ഞിരിക്കുന്നു.

പുഴക്കരയിൽ നിന്ന് ഒറ്റയ്ക്ക് വിളിച്ചു കൂവുമ്പോൾ, മലനിരകളിൽ ഉണ്ടാകുന്ന പ്രതിധ്വനിക്ക് നിന്റെ ശബ്ദമാണ്. നിന്റെ ശബ്ദം കേൾക്കാനായി മാത്രം ഞാൻ തനിയെ നിന്ന് ഉറക്കെ കൂവും, അത് ഭ്രാന്തല്ല, അതൊരു ആഘോഷമാണ്, നമ്മുടെ പ്രണയത്തിന്റെ ആഘോഷം.

നിന്നിലേക്കിറങ്ങിവരാനുള്ള ഓരോ അവസരവും ഞാൻ ഉപയോഗിക്കും, അത് എന്റെ ചോദനകളെ കണ്ടെത്താനുള്ള യാത്രകളാണ്, എത്ര ഒളിച്ചുവെച്ചാലും, നിന്റെ ചിന്തകളെപ്പോലും ഞാൻ തിരിച്ചറിയും. നീ എടുക്കുന്ന ശ്വാസംപോലും എനിക്കറിയാം. കാരണം നിന്റെ ശ്വാസത്തിൽ ഞാൻ മാത്രമാണ്, എന്റെ ഗന്ധവും, എന്റെ ജീവകണങ്ങളുമാണ്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ജീവിതത്തിന്റെ ഈ ആഘോഷവേളകളിൽ, നിന്റെ ഹൃദയത്തിന്റെ ഒരു ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ ആഹ്ളാദിക്കുന്നു, എന്റെ വീടിന്റെ പടിപ്പുരയിൽ നിന്ന്, നിന്റെ ഹൃദയത്തിലേക്ക് ഞാൻ ഓണത്തെ വിളിച്ചാനയിക്കട്ടെ. പൂവേ പൊലിപൂവേ....

# യാത്രകളും യാഥാർത്ഥ്യങ്ങളും

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്റെ സന്ദേശങ്ങൾ കാണാതെയാകുമ്പോൾ, നിന്റെ ചെറിയ അഭാവം പോലും എന്നിൽ വലിയ ശൂന്യത സൃഷ്ടിക്കുന്നു. പ്രണയത്തിന്റെയും വിരഹത്തിന്റെയും നൂലുകളിൽ ഇഴ കോർത്ത് നാം തീർക്കുന്ന വലിയ ഒരു ജീവിതശൃംഖലയുണ്ട്. അതിൽ ഒരാളുടെ നൂലിഴ കാണാതെയാകുമ്പോൾ ഉണ്ടാകുന്ന ശൂന്യത, അഭാവം വളരെ വലുതാണ്. നീ യാത്രയിലാണെന്നറിയാം, നിന്റെ യാത്രകളെക്കുറിച്ചെഴുതൂ, ഞാൻ നിന്റെ യാത്രകളിലൂടെ നിന്നോടൊപ്പം സഞ്ചരിക്കട്ടെ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ബന്ധുജനങ്ങളെ കാണാൻ ഒരു യാത്രപുറപ്പെടുന്നതിനെക്കുറിച്ച് പറഞ്ഞിരുന്നല്ലോ. മുത്തശ്ശിയുടെ ആഗ്രഹമാണ്, നിനക്കറിയാമല്ലോ എന്റെ കുടുംബത്തിൽ നല്ലൊരു ജോലി എനിക്കാണുള്ളത്, അതിനാൽത്തന്നെ പലപ്പോഴും എല്ലാവരെയും സഹായിക്കേണ്ടിവരും. എല്ലാവരും ജീവിതത്തിൽ ഉയർന്നുവരട്ടെ, കുട്ടികൾക്ക് ഞാനൊരു മാതൃകയാണ്. പഠിച്ചു നല്ല ജോലിക്കാരാകാൻ ഞാനവരെ പ്രോത്സാഹിപ്പിക്കാറുമുണ്ട്, പ്രത്യേകിച്ചും പെൺകുട്ടികളെ, സ്വന്തം കാലിൽ നിന്നിട്ട് വിവാഹം എന്നാണ് ഞാൻ അവരോട് പറയാറ്, സ്വന്തം വരുമാനമുണ്ടാക്കി, മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടാതെ ജീവിക്കാൻ പഠിക്കുക, അപ്പോൾ വിവാഹം കഴിഞ്ഞാലും തന്റെ വ്യക്തിത്വം നിലനിർത്താനാകും.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, വളരെ നീണ്ട യാത്രയാണ്, മുത്തശ്ശി കൂടെയുള്ളതിനാൽ അതിവേഗം പോകാനാകില്ല, മാത്രമല്ല ഒരുപാട് പേരെ കാണാനുമുണ്ട്. മുത്തശ്ശിക്ക് ഇടയ്ക്ക് ഇങ്ങനെ യാത്രപോകണം, എല്ലാവരെയും കാണണം, എല്ലാവരുടെയും ഒപ്പം സംസാരിക്കണം, ഓർമ്മകൾ പുതുക്കണം. എല്ലാവർക്കും വേണ്ടതെല്ലാം ചോദിച്ചറിയും, മക്കൾക്ക് പഠിക്കാൻ വേണ്ട പണത്തെക്കുറിച്ചും മറ്റും. വീട്ടിൽ വന്നു ഓരോന്നോരോന്നായി എന്നോട് പറയും, ഞാനതെല്ലാം ചെയ്തുകൊടുക്കും എന്ന് മുത്തശ്ശിക്കറിയാം.

അതൊരു സുഖമാണ് മുരൻ, അപ്പോഴാണ് നമ്മുടെ ജീവിതം വളർന്നു പന്തലിക്കുക, നമ്മുടെ ജീവിതം മറ്റുള്ളവർക്കുകൂടി ഉപകാരപ്രദമാകുമ്പോഴാണ്, നമ്മുടെ ജീവിതം ധന്യമാവുക. വലിയ ആൽമരങ്ങൾ കണ്ടിട്ടില്ലെ,

ആരോടും ചോദിക്കാതെ, അത് അനേകർക്ക് തണലായി നിൽക്കുന്നു, അതുപോലെ ഒരു സുഖം.

എന്നാൽ വളർന്നു പന്തലിച്ചു നിൽക്കുമ്പോഴും, ആൽമരത്തിന് സുഖമാണോ എന്ന് ആരും അന്വേഷിക്കാറില്ല, വളർന്നു പന്തലിച്ചു നിൽക്കുന്ന വലിയ ആൽമരം, അതിനു സുഖമാണോ എന്നു ചോദിക്കുന്നത് മോശമല്ലേ, അതല്ലെങ്കിൽ ആ വന്മരത്തിന് എന്ത് തോന്നും എന്നാണ് പലരും കരുതുന്നത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഞാനും ഒരു മനുഷ്യജീവിയാണ്, എനിക്കും വിചാരങ്ങളും ചിന്തകളും സ്വപ്നങ്ങളും മനുഷ്യസഹജമായ എല്ലാ വികാരങ്ങളുമുണ്ട്. നിനക്ക് സുഖമാണോ എന്ന് ചോദിച്ചു കേൾക്കാൻ ഞാനും ആഗ്രഹിക്കുന്നു. നീയൊഴികെ മറ്റാരും അതെന്നോട് ചോദിച്ചിട്ടില്ല. ചോദിക്കാതിരിക്കുന്നത് അവരുടെ കുറ്റമല്ല, നല്ല ജോലി, ഒറ്റത്തടിപോലെ, എന്തിനെയും നേരിട്ട് മുന്നോട്ടുപോകുന്ന ജീവിതം. അവരോട് സുഖമാണോ എന്ന് ചോദിച്ചാൽ അവർക്കെന്ത് തോന്നും, എന്നായിരിക്കാം. അതല്ലെങ്കിൽ ഒരു വടവൃക്ഷത്തോട് തോന്നുന്ന ആദരവ് നിറഞ്ഞ അകൽച്ചയാകാം.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ജീവിതം വളരെ സങ്കീർണമായി തോന്നുന്ന നിമിഷങ്ങൾ ഉണ്ട്, ഒരേസമയം, സ്നേഹിക്കാൻ തോന്നുകയും, അതിനേക്കാൾ ഇരട്ടി വെറുക്കാനും തോന്നുന്ന നിമിഷങ്ങൾ. ഈ യാത്രകൾ എല്ലാം അങ്ങനെയാണ്, എല്ലാവരെയും സഹായിക്കാൻ എനിക്ക് സന്തോഷം മാത്രമേയുള്ളൂ, എന്നാൽ ചിലപ്പോൾ ആ വലിയ ആൾക്കൂട്ടത്തിൽ ഞാനൊറ്റപ്പെട്ടുപോകും, ഉത്സവങ്ങൾപോലുള്ള ആരവങ്ങൾ ചുറ്റും മുഴങ്ങുമ്പോഴും, ഞാൻ എന്ത്, ആര്, ഈ നിമിഷത്തിൽ എന്താണ് എന്റെ സ്വത്വം, ഈ സ്വത്വ പ്രതിസന്ധി എന്നെ അസ്വസ്ഥയാക്കാറുണ്ട്. ഞാനുണ്ട് കൂടെ എന്ന നിന്റെ വാക്കുകൾ ഓർമ്മ വരുമ്പോൾ ഞാൻ എന്റെ യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചുവരും.

ഞാനുണ്ട് കൂടെ, എന്ന നിന്റെ വാക്ക്, ആ ശബ്ദമാണ് എന്നെ മുന്നോട്ട് നയിക്കുന്നത്. മറ്റുള്ളവരോട് ഇടപെടുമ്പോൾ എനിക്ക് ഇരട്ടമുഖമില്ല, ഇരട്ടവ്യക്തിത്വവുമില്ല. അവിടെ ഞാൻ അവരോട് പൂർണ്ണ അർപ്പണബോധത്തോടെത്തന്നെയാണ് ഇടപെടുന്നത്. അങ്ങനെമാത്രമേ എനിക്ക് കഴിയൂ. അഭിനയിക്കാൻ അറിയാത്തത് അല്ലെങ്കിൽ പഠിക്കാഞ്ഞത് ജീവിതത്തിലെ വീഴ്ചയാണെന്ന് ഞാൻ കരുതുന്നില്ല. ഞാൻ ഇതാണ്. എനിക്ക് പച്ചയായി മാത്രമേ പെരുമാറാൻ അറിയൂ, കഴിയൂ, എന്നിൽ ഊറി നിറഞ്ഞിരിക്കുന്ന സ്നേഹം സന്തോഷം ഞാനെല്ലാവരിലേക്കും പകരും, അത് തരുന്ന ഒരു സംതൃപ്തിയുണ്ട്, ഞാൻ എന്റെ മനസ്സിൽ താലോലി

ക്കുന്ന അതിലോലമായ ഒരു സന്തോഷം, അതൊരു സുഖമാണ് മുരൻ.

മറ്റുള്ളവർ എന്നെക്കുറിച്ചു എന്തു കരുതുന്നു എന്ന് ഞാൻ ചിന്തിക്കാറില്ല, ശരിയെന്നു തോന്നുന്നത് ചെയ്യുക, പ്രവർത്തിക്കുക. പല യാത്രകളും പാഠങ്ങളാണ്, ജീവിതത്തിൽ മറഞ്ഞിരിക്കുന്ന ഒരനുഭവം, നാം ഓരോ യാത്രയിലും കണ്ടെത്തും. യാന്ത്രികതയുടെ അതിപ്രസരം ജീവിതത്തിൽ ഉണ്ടെങ്കിലും, ആത്യന്തികമായി ഹൃദയം തന്നെയാണ് നമ്മളെ മുന്നോട്ടു നയിക്കുക. എന്റെ ഹൃദയത്തിന്റെ മൂലയിൽ ഒളിച്ചു വെച്ചു, ഞാൻ തേടിക്കൊണ്ടിരുന്ന ഒരു വിളക്കാണ് നീ, നീ പ്രകാശിച്ചു നിൽക്കുമ്പോൾ എന്റെ ജീവിതത്തിൽ പ്രകാശവും, ഊർജ്ജവും നിറയുന്നു. എന്റെ ജീവിതം മുന്നോട്ട് ചലിപ്പിക്കുന്ന ഒരു പ്രധാന ഘടകമാണ് നീ, വാക്കുകളിലൂടെ എന്നിൽ നിറയ്ക്കുന്ന ഊർജ്ജം, അതിനെ പ്രണയം എന്ന് വിളിക്കാൻ എനിക്ക് സന്തോഷമേയുള്ളൂ.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, നീ എന്നിലേക്ക് വരുന്ന സഞ്ചാരപാതകൾ പലതാണ്, ആശയങ്ങളുടെ, ആഗ്രഹങ്ങളുടെ, സന്തോഷങ്ങളുടെ നേർത്ത പാതകളിൽ നീ നിറഞ്ഞുനിൽക്കുന്നു. എന്നിൽ അതിവേഗം പടർന്നു വളരാൻ, എന്നിൽ ജീവിതത്തിന്റെ പുതുശ്വാസം നിറക്കാൻ നിനക്കാകുന്നു. ഈ യാത്രകളിൽ പോലും, നീയാണ് എന്നിൽ നിറഞ്ഞു നിൽക്കുന്നത്. എന്നിൽ നിറഞ്ഞു നിൽക്കുന്നതെന്തോ, അതിനെയാണല്ലോ എനിക്ക് ചുറ്റും കാണാൻ കഴിയുക. നിന്റെ പ്രണയം ഞാൻ എനിക്ക് ചുറ്റും പ്രകാശമായി പടർത്തുന്നു.

എന്റെ ജീവിതത്തിൽ സൂര്യനായി ജ്വലിച്ചുനിൽക്കുക, നിന്റെ സ്വർണ്ണവർണ്ണങ്ങൾ, എന്റെ കൈക്കുമ്പിളിലെടുത്ത്, എന്റെ കവിളുകളിൽ, കണ്ണുകളിൽ ഞാൻ ചേർക്കട്ടെ. നിന്റെ പ്രണയത്തിന്റെ പ്രകാശം ഈ ഭൂമിയിൽ പടർത്താൻ ജനിച്ചവളാണ് ഞാനെന്ന് എനിക്കിപ്പോൾ തോന്നുന്നു.

ഇന്നത്തെ യാത്രകൾ അവസാനിക്കുമ്പോൾ, യാത്രകളേക്കാൾ എന്നിൽ ജ്വലിച്ചുനിൽക്കുന്നത് നീ തരുന്ന പ്രണയത്തിന്റെ ഓർമ്മകൾ ആണ്. അതിനാൽത്തന്നെയാണ് നിന്നെ എപ്പോഴും എനിക്ക് ചുറ്റും കാണാനും അനുഭവിക്കാനും കഴിയുന്നത്.

# ഉറക്കത്തിന്റെ മനഃശാസ്ത്രങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, കാലം നമ്മുടെ മുന്നിലൂടെ അതിവേഗം കടന്നുപോകുന്നു. കഴിഞ്ഞ ഇരുപത് മാസങ്ങൾ എത്ര പെട്ടെന്നാണ് പോയ് മറഞ്ഞത്. നിന്റെ അക്ഷരങ്ങളുടെ വായനമാത്രമാണ് എന്നെ മുന്നോട്ടു നയിക്കുന്നത്.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, അത്യപൂർവ്വമായ പ്രണയത്തിലൂടെ കടന്നുപോവുക എന്നത് ഒരു അനുഗ്രഹമാണ്, അതിന്റെ ഓരോ നിമിഷവും ജീവിതത്തിൽ അനുഭവിക്കാനാവുക, അല്ലെങ്കിൽ ദൈനംദിന നിമിഷങ്ങളിലേക്ക് വീണ്ടുംവീണ്ടും എഴുതിച്ചേർക്കാനാവുക, മനസ്സിന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുക എന്നതാകണം നമ്മുടെ ജീവിത ലക്ഷ്യം തന്നെ.

ഉറക്കം വരാതെയിരുന്നപ്പോഴാണ് നിന്നെ വീണ്ടും വിളിച്ചത്, നീ തുടർച്ചയായി കുറെ നേരം എന്റെ ഇഷ്ടപുസ്തകം വായിച്ചുതന്നു, ഇടയ്ക്ക് എപ്പോഴോ ഞാൻ ഉറങ്ങിപ്പോയിരുന്നു. നിന്റെ പുസ്തക വായന അത്ര സുഖകരമായിരുന്നു. നീ എത്ര നേരം എന്റെ ഉറക്കത്തിലെ ശബ്ദങ്ങൾ, എന്റെ രൂക്ഷമായ കൂർക്കം വലി എല്ലാം സഹിച്ചു എന്നെനിക്കറിയില്ല. നിന്റെ ശ്രദ്ധ മുഴുവൻ എന്റെ ഉറക്കത്തിലായിരുന്നു. നീ നിശ്ശബ്ദമായി എന്റെ ഉറക്കം അല്ലെങ്കിൽ എനിക്ക് അത്യാവശ്യമായിരുന്ന സുഖസുഷുപ്തി ഉറപ്പുവരുത്തുകയായിരുന്നു. നിന്റെ മുറിയിൽനിന്നുള്ള മറ്റു ശബ്ദങ്ങൾ വരാതിരിക്കാൻ, അല്ലെങ്കിൽ അതിന്റെ ബഹളത്തിൽ ഞാൻ ഉണരാതിരിക്കാൻ നിന്റെ ഫോണിലെ ശബ്ദം മൂകമാക്കി (മ്യൂട്ട് ചെയ്തു) വെക്കുകയും ചെയ്തു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, എത്ര നേരം നീ എന്റെ ഉറക്കം ശ്രദ്ധിച്ചുമാത്രമിരുന്നു, അതിനുതക്ക എന്ത് കർമ്മമാണ് ഞാനീ ജന്മത്തിൽ ചെയ്തതെന്നറിയില്ല. ഒരുപക്ഷെ അതെല്ലാം എന്റെ കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള കർമ്മഫലങ്ങളാകാം, എന്റെ സന്തോഷത്തിനായി നീ ചെയ്യുന്ന പ്രവർത്തികൾക്ക് ഞാനെങ്ങനെയാണ് എന്റെ നന്ദി അറിയിക്കുക.

എന്റെ ഉറക്കമില്ലായ്മക്ക് ഒരു ശാശ്വത പരിഹാരമാണ് ഞാൻ തേടി

ക്കൊണ്ടിരുന്നത്, അതിനൊരു ഇടക്കാല പരിഹാരമെങ്കിലും നിന്നിലൂടെ കണ്ടെത്തുമ്പോൾ, ഞാൻ വലിയ സന്തോഷവതിയാണ്. ഉറക്കത്തിനിടയിൽ നീ മൂളിത്തന്ന ഉറക്കുപാട്ടുകൾക്ക് അമ്മ പാടിത്തന്ന ഉറക്കുപാട്ടുകളുടെ ഈണമുണ്ടായിരുന്നു. അമ്മയുടെ ഓർമ്മകളും, ബാല്യകാലങ്ങളിലെ ആ മധുര നിമിഷങ്ങളും, ഉറക്കത്തിലെവിടെയോ, സ്വപ്നങ്ങളിൽ ഞാൻ കണ്ടെത്തുന്നുണ്ടായിരുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഒരു മനുഷ്യന് ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ളത് ഉറക്കമാണ്, പലവിധ കാരണങ്ങളാൽ, പൂർവ്വകാല ജീവിതസാഹചര്യങ്ങളാൽ എനിക്ക് ഉറക്കം പലപ്പോഴും നഷ്ടമായിരുന്നു, ഉറക്കമില്ലായ്മയുടെ കറുത്തപാടുകൾ എന്റെ കൺതടങ്ങളിൽ നീ കാണുന്നതല്ലേ. എത്രയോ ചികിത്സകളിലൂടെ ഞാൻ ഉറക്കത്തിനായി കടന്നുപോയെന്ന് നിനക്കറിയാമോ. വൈദ്യശാസ്ത്രമല്ല, നമ്മുടെ മാനസ്സിക നിലയാണ് പ്രധാനം.

നിന്റെ കവിതകളാണ് എന്നെ നിന്നിലേക്ക് വലിച്ചടുപ്പിച്ചത്. നീ കവിതകൾ പാടിത്തരുമ്പോൾ, അതിന്റെ ലയത്തിൽ ഞാൻ ഉറങ്ങിപ്പോകുമായിരുന്നു. ചെറുപ്പകാലത്തിൽ ഞാനും നിന്നെപ്പോലെ വളരെ ഉറക്കെ കവിതകൾ ചൊല്ലുമായിരുന്നു. പഠനകാലത്ത് പഠിച്ച കവിതകൾ ഇപ്പോഴും നീയെങ്ങനെയാണ് ഓർത്തിരിക്കുന്നത്? അതൊരു അനുഗ്രഹമാണ്! അതിനാൽ എനിക്ക് നിന്നെ കേൾക്കാനാകുന്നു. അതിന്റെ മർമ്മരങ്ങളിൽ ഉറക്കത്തിലേക്ക് വഴുതിവീഴാനും എനിക്ക് ആകുന്നു.

എന്നെ വായിക്കുമ്പോൾ പലർക്കും തോന്നും, ഞാൻ അതിശയോക്തിയാണ് പറയുന്നതെന്ന്. എന്നാൽ നാലായിരം നാഴികകൾക്കപ്പുറത്ത് നിന്ന് ഒരാൾ വിളിച്ച്, കവിതകളും, പാട്ടുകളും, കഥകളും വായിച്ചുതന്ന് ഒരാളെ ഉറക്കുമ്പോൾ അതിന് അതിന്റേതായ മധുരമുണ്ട്, ലാളിത്യമുണ്ട്, ജീവിതവുമുണ്ട്. എന്റെ ഉറക്കം ഉറപ്പാക്കാനായി നീ ഉറങ്ങാതെ എത്രയോ സമയം എന്നോടൊപ്പമിരിക്കുന്നു.

കഴിഞ്ഞ ഏതെങ്കിലും ജന്മത്തിൽ നീ എന്നിൽ നിന്നും അകന്നുപോയതാണോ, അതോ അതിന്റെ കടം വീട്ടുവാനാണോ നാം വീണ്ടും കണ്ടുമുട്ടിയത്? പ്രണയത്തിന്റെ അതിമനോഹരമായ നിമിഷങ്ങൾ വളരെ അകലെയിരുന്നും, എല്ലാ സന്തോഷത്തോടും, പൂർണ്ണതയോടും കൂടി നാം അനുഭവിക്കുന്നു.

ജീവിതത്തിൽ വളർച്ചയുടെ പുതിയപടവുകൾ നാം പരസ്പരം കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. എന്റെയും, നിന്റെയും പ്രണയത്തിന് പുത്തൻ ഉണർവ്വ് ഉണ്ടാവുകതന്നെ വേണം. അടുത്ത ഒരു വർഷത്തിന് ശേഷം നാം നമ്മളിലേക്ക് നോക്കുമ്പോൾ, നേട്ടങ്ങളുടെ ഒരു പട്ടിക

തന്നെ നമുക്ക് കാണാൻ കഴിയണം.

ഞാനും നീയും പ്രണയിക്കുമ്പോൾ പരസ്പരപൂരകങ്ങൾ ആകുന്നു, ജീവിതത്തിന്റെ പുതിയ അർത്ഥങ്ങൾ, തലങ്ങൾ, സന്തോഷങ്ങൾ, ഭാവങ്ങൾ എല്ലാം, അതിന്റെ പാരമ്യതയിൽ തന്നെ അനുഭവിക്കണം. പുതിയൊരു ജീവിതം നമുക്ക് കണ്ടെത്താൻ ആകണം. അതിൽ നിന്ന് വിരിയുന്ന സൗരഭ്യങ്ങൾ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും നമുക്കാവണം.

ജീവിതം അതിന്റെ പരിപൂർണ്ണതയിൽ ആഘോഷിക്കുക, അതിന് പണമല്ല കൂടുതൽ ആവശ്യം, മനോഭാവമാണ്, അത് പരസ്പരം തിരിച്ച റിയാൻ കഴിഞ്ഞതാണ്, നമ്മുടെ ജീവിത സാഫല്യം.

പലപല ജന്മങ്ങളിൽ നിന്നും നാം സ്വാംശീകരിക്കുന്ന പ്രണയമുണ്ട്, അതിന്റെയെല്ലാം ആകത്തുകയായി ഞാൻ എന്റെയുള്ളിൽ നിറഞ്ഞൊഴു കുന്ന സ്നേഹം നിനക്ക് സമർപ്പിക്കുമ്പോൾ ഞാൻ എന്റെ ജീവിതത്തിന്റെ പരിപൂർണ്ണത അനുഭവിക്കുന്നു.

മുരൻ, എന്റെ പ്രിയപ്പെട്ടവനെ, ഒരു ജീവിതത്തിൽ ഇതിൽ കൂടുതൽ ഒന്നും ഇനി നേടാൻ ഇല്ലെന്ന് തോന്നുന്നു. ഇന്ന് രാത്രിയും എനിക്ക് നിന്നെ കേൾക്കണം, ഉറക്കത്തിന്റെ വിശാലലോകത്തിലേക്ക് നീ എന്നെ നിന്റെ വാക്കുകളിലൂടെ കൂട്ടിക്കൊണ്ടുപോകുമ്പോൾ, പ്രിയപ്പെട്ടവനെ, ജീവിതത്തിൽ എന്നാണ് നാം നേരിൽ കണ്ടുമുട്ടുക.

# പൂർണ്ണതയുടെ രൂപങ്ങൾ

**ദീ**പാക്ഷി, പ്രിയപ്പെട്ടവളെ, നിന്നെ വായിച്ചുകൊണ്ടിരിക്കുക എന്നത് ഈ ജീവിതത്തിൽ എനിക്ക് കിട്ടിയ ഭാഗ്യങ്ങളിൽ ഒന്നാണ്. ഒരു പെരുമഴയായി നിന്റെ വാക്കുകൾ പെയ്തിറങ്ങുമ്പോൾ ഈ മരുഭൂമിയിൽ എന്നിൽ ഒരായിരം ജീവിതാനുഗ്രഹങ്ങൾ ആണ് വർഷിക്കപ്പെടുന്നത്. നിന്നെ വായിക്കുവാൻ ഞാൻ കാത്തിരിക്കുന്നു.

മുരൻ, പ്രിയപ്പെട്ടവനെ, ജീവിതത്തെ മറ്റൊരു തലത്തിലേക്ക് ഉയർത്തുവാൻ നീയുമായുള്ള സൗഹൃദംകൊണ്ടു സാധിച്ചിരിക്കുന്നു. എന്റെ ജീവിതത്തിൽ സംഭവിക്കുന്ന ഓരോ കാര്യത്തിലും നിന്റെ നിഴലുകൾ കാണാം. ഒരു തലത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിൽ നിന്റെ നിഴലായി നിൽക്കാൻ തന്നെയാണ് എനിക്കു താല്പര്യം.

ഇന്ന് രാവിലെ മൂന്നു മണിക്ക് ഉണർന്നു, കുറെ നേരം കണ്ണടച്ച് കിടന്നു. ഉറക്കം വന്നില്ല. വീണ്ടും ഉറങ്ങാനാവില്ല എന്നുറപ്പായപ്പോൾ ഞാൻ എഴുന്നേറ്റു, വീടിന്റെ അകമെല്ലാം തുടച്ചു വൃത്തിയാക്കി, കുളിച്ചു, പിന്നെ വിളക്ക് വെച്ചു. കുറെ നേരം ലളിതാസഹസ്രനാമം ചൊല്ലി.

വീണ്ടും കിടക്കാൻ നേരത്താണ് നിന്റെ സന്ദേശം കണ്ടത്, നീ വിളിച്ചുണർത്താൻ ആണല്ലോ ഞാൻ പറഞ്ഞിരുന്നത്, നാമം ചൊല്ലുന്നതിന്റെ ലൈവ് കാണണമെന്ന് നീ എഴുതിയത് അപ്പോഴാണ് കണ്ടത്, സാരമില്ല അടുത്ത ദിവസം ആകാമല്ലോ. വീണ്ടും ഉറക്കം വരുന്നതുപോലെ തോന്നുന്നു, ഞാൻ വീണ്ടും കിടക്കട്ടെ, നീ എന്നെ നേരം വൈകി മാത്രം വിളിച്ചാൽ മതി.

ഓഫീസിലേക്ക് പോകുമ്പോൾ അമ്പലത്തിന്റെ അടുത്ത് വണ്ടി നിർത്തി തൊഴുതു. ദേവിയുടെ അനുഗ്രഹം എന്നിൽ നിറയുന്നതുപോലെ തോന്നി. ദേവി തന്നെയായിരിക്കാം നേരത്തെത്തന്നെ ഉണർത്തി ലളിത സഹസ്രനാമം ചൊല്ലിപ്പിച്ചതും. ജീവിതത്തിൽ ഒരുപാട് പോസിറ്റീവ് എനർജി നിറയുന്നതുപോലെ.

മുരൻ, പ്രിയപ്പെട്ടവനെ, നമ്മുടെ ഇനിയുള്ള ജീവിത വളർച്ചയിലേക്ക് വേണ്ട പുതിയ പാതകളെ കുറിച്ച് നാം സംസാരിച്ചിരുന്നല്ലോ, നാം സ്വയം പുതിയ കർമ്മരീതികൾ കണ്ടെത്തി വളരേണ്ടിയിരിക്കുന്നു. നീ അയച്ചു തന്ന സമയക്രമപട്ടിക ഞാൻ വായിച്ചിരുന്നു, അത് വളരെയധികം ഉപകാ

രപ്രദം ആകും എന്നാണ് എന്റെ പൂർണ്ണവിശ്വാസം. ജോലി കഴിഞ്ഞുള്ള സമയം, ഞാനും നീയും വളരെ നന്നായി തന്നെ വിനിയോഗിക്കണം. കേവലമായ പ്രവൃത്തികളിലൂടെ, സമയം അനാവശ്യമായി നഷ്ടപ്പെടുത്ത രുത്, ഓരോ നിമിഷവും നമുക്ക് വളരാനുള്ളതാണ്. നമ്മുടെ ധ്യാനങ്ങൾ അതിന് വേണ്ടി മാറ്റിവെക്കാം.

ജോലി കഴിഞ്ഞു വന്നാൽ തീർച്ചയായും ഒരു മണിക്കൂർ നടക്കാനിറ ങ്ങണം, നടക്കുമ്പോൾതന്നെ, അത്യാവശ്യം വേണ്ട ഫോൺവിളികളും അതിന്നിടയിൽത്തന്നെ തീർക്കാം. അത് കഴിഞ്ഞു, കുളി, അത്താഴം തയ്യാറാക്കൽ, ഭക്ഷണം. ഇതിനെല്ലാം രണ്ട് മണിക്കൂർ മാറ്റിവെച്ചത് വളരെ നന്നായി.

അത് കഴിഞ്ഞു, ഒരു മണിക്കൂർ വായന, ഒരു മണിക്കൂർ എഴുത്ത്. വരുന്നപോലെ എഴുതുക, എന്തെങ്കിലും എഴുതുക എന്ന നിന്റെ നിർബന്ധം ഞാൻ സ്വീകരിക്കുന്നു.

കൃത്യം പത്തുമണിക്കുതന്നെ ഉറങ്ങണം, അതിൽ നിന്ന് മുന്നോട്ട് പോകുമ്പോൾ, പിന്നെ ഉറക്കം ശരിയാകുന്നില്ല, പിന്നീട് ഉറങ്ങിയാലും, വളരെനേരത്തെ ഉണരുന്നു, ഇടയ്ക്കുണർന്നാൽ പിന്നെ ഉറക്കവുമില്ല.

ഇതിന്നിടയിൽ, നാം നമുക്കായുള്ള സമയം മറന്നുപോയിരിക്കുന്നു മുരൻ. എനിക്ക് നിന്റെ സന്ദേശങ്ങൾ വേണം, നിന്നോട് സംസാരിക്കണം, നിന്റെ ശബ്ദം കേട്ടുകൊണ്ടേയിരിക്കുക എന്നത്, ഇപ്പോൾ ജീവശ്വാസം എടുക്കുന്നതുപോലെത്തന്നെയാണ്. നിന്നെ കേൾക്കാതെയാകുമ്പോൾ ഞാൻ ശൂന്യതയിൽ ആയപോലെ തോന്നുന്നു. അതിനാൽ ഈ സമയ ക്രമങ്ങൾക്കിടയിൽ ഞാൻ നിന്നിലേക്കും വന്നുകൊണ്ടിരിക്കും.

വായനയും എഴുത്തും എന്തായാലും വളരെ ശുഷ്കാന്തിയോടെ മുന്നോട്ടു നീക്കിയേ മതിയാകൂ, നിന്നിൽനിന്നൊഴുകുന്ന ഊർജ്ജം എന്നിൽ നിറക്കാൻ എനിക്കതു കൂടിയേ തീരൂ.

ജീവിതം ഇപ്പോൾ കൂടുതൽ ഊർജ്ജം നിറഞ്ഞതായി തോന്നുന്നു മുരൻ, ഓരോ നിമിഷങ്ങളും നമുക്ക് നന്നായി അനുഭവിക്കാനാകുന്നു. അതുതന്നെയാകണം ജീവിതത്തിന്റെ പ്രധാന ലക്ഷ്യവും. ജീവിച്ചിരിക്കുന്ന ഓരോ നിമിഷവും ജീവിതം ആഘോഷിക്കാനാവുക, മുഴുവനായി അനു ഭവിക്കാനാവുക എന്നതായിരിക്കണം നമ്മുടെ ജീവിതപാതകൾ.

●●●

## ആസ്വാദനം

# ദീപാക്ഷിയെ വായിച്ചപ്പോൾ

പ്രകൃതിയേയും, ജീവിതത്തേയും പ്രണയത്തിന്റെ അതിലോലമായ നൂലിഴകളാൽ നെയ്തെടുത്ത അതിമോഹനമായ പ്രണയകാവ്യമാണ് ശ്രീ. കാവല്ലൂർ മുരളീധരന്റെ ദീപാക്ഷി എന്ന നോവൽ.

പ്രണയം എന്ന വാക്കിന്റെ വ്യത്യസ്തമായ തലങ്ങളിലേക്ക് അനുവാചകനെ നടത്തിക്കുന്ന ദീപാക്ഷി ഭൗതികമായ വികാരത്തിന്റെ തിരതല്ലലല്ല, മറിച്ച് ചിന്തകൾ പരസ്പരപൂരകങ്ങളായി മാറുമ്പോൾ താദാത്മ്യം പ്രാപിക്കുന്ന മനസ്സുകളുടെ കൂടിച്ചേരലാകുന്നു പ്രണയമെന്ന് അടിവരയിടുന്നു.

എഴുത്തുകാരായ ദീപാക്ഷിയും, മുരനും അവരുടെ രചനകളിലൂടെ പരസ്പരം സഞ്ചരിച്ചപ്പോൾ വളർന്നുവന്ന അടുപ്പം, അതിവൈകാരിക തലത്തിലേക്ക് തരംതാഴ്ത്താനോ ഒതുക്കാനോ കഴിയുന്നതായി വായനയിൽ അനുഭവപ്പെട്ടില്ല. മറിച്ച് അത് ബൗദ്ധികതലത്തിൽ വിരാജിച്ച് ചിന്തകൾക്ക് ഉണർവ്വ് പകരുന്നതായി മാറി അവരിലെ ക്രിയാത്മകശേഷിയേയും സർഗ്ഗവാസനയേയും വളർത്തുന്നതായി പരിവർത്തനപ്പെടുകയായിരുന്നു എന്ന തിരിച്ചറിവാണ് ഉണ്ടായത്.

ലൗകിക ആഗ്രഹപൂർത്തീകരണം സാധ്യമാവുകയും, എന്നാൽ അതിന്റെ അനുരണനങ്ങൾ മാനസികതലത്തെ സ്പർശിക്കാതെ പോകുന്ന അവസ്ഥയിലൂടെ ജീവിതം മുന്നോട്ടു കൊണ്ടുപോവുന്നവരും, ജീവിതത്തിലെ പ്രതിസന്ധികൾ അകറ്റിനിർത്താൻ ഒറ്റയ്ക്ക് പ്രതിരോധങ്ങൾ തീർത്ത് മുന്നേറുന്നവരും, ദീപാക്ഷി മുരനിൽ തണൽ തേടിയത് പോലെ, മുരൻ ദീപാക്ഷിയിൽ ആകൃഷ്ടനാകുന്നത് പോലെ, പൊരുത്തപ്പെടാവുന്ന ബന്ധങ്ങളിലേയ്ക്ക് ചായാനുള്ള സാധ്യതകൾ നിലനിൽക്കുന്നു എന്ന യാഥാർത്ഥ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുക കൂടിയല്ലേ രചയിതാവ് ഉദ്ദേശിച്ചത് എന്ന് തോന്നാതിരുന്നില്ല.

രചനയിലുടനീളം കാണുന്ന പുഴയുടെ പരാമർശം ജീവിതത്തിന്റെ ചലനാത്മകതയെ പ്രതിനിധീകരിക്കുന്നതായും, സാഗരം ലക്ഷ്യമാക്കി ഒഴുകുന്ന പുഴയും,തലോടി അകലുന്ന കാറ്റും, ശിരസ്സിൽ തണുപ്പുപടർത്തി ശരീരത്തെ തഴുകിയിറങ്ങിപ്പോകുന്ന മഴത്തുള്ളിയും, തീരത്തെ പുണരുന്ന തിരയും പ്രകൃതി മനുഷ്യനായി കരുതിവെച്ച പ്രണയ പാഠങ്ങളായി അനുഭവപ്പെട്ടു.

ദേശത്തിനും, ഭാഷയ്ക്കും, ദൂരത്തിനും മതിൽക്കെട്ടുകൾ തീർക്കാൻ സാധ്യമാകാത്ത വിധത്തിൽ ബന്ധിക്കപ്പെട്ട മനസ്സുകളുടെ സമാഗമം ആകുന്നു ഈ നോവലിലെ പ്രണയം. പരസ്പരം കാണാതെ കേൾക്കാതെ അക്ഷരങ്ങളിലൂടെ ഒരേ ദിശയിൽ മനസ്സുകൊണ്ട് സഞ്ചരിക്കാൻ കഴി യുന്നവർക്ക് നാലായിരം കാതം ദൂരം നിഷ്പ്രയാസം തരണം ചെയ്യാം.

പശ്ചിമബംഗാളിലെ ഏതോ ഉൾഗ്രാമത്തിൽ ജനിച്ച് ജീവിതവഴിയിൽ കാടും പ്രകൃതിയും തിരഞ്ഞ് അതിന്റെ സൂക്ഷ്മാംശം കണ്ടെത്തി ആനന്ദി ക്കുന്ന ദീപാക്ഷി, തന്റെ എഴുത്തിലും ചിത്രത്തിലും നിറച്ചുവെച്ച പ്രകൃതി ചൈതന്യം, പ്രവാസത്തിനിടയിലും ഗൃഹാതുരത സൂക്ഷിക്കുന്ന മുരനിൽ വിളങ്ങിക്കാണുമ്പോൾ, വായനയുടെ പിന്നാമ്പുറങ്ങളിലൂടെ സഞ്ചരിച്ച എന്നിൽ മുരനും മുരളീധരനും ഒന്നല്ലേ എന്ന ചിന്ത കടന്നുവന്നത്, ഒരു പക്ഷേ പടിയൂർ എന്ന ഗ്രാമത്തിന്റെ പഴമ എന്റെ കുട്ടിക്കാലത്ത് മനസ്സിൽ മായാത്ത ശിലാലിഖിതങ്ങളായ് അടയാളപ്പെടുത്തപ്പെട്ടതുകൊണ്ടും, കൃഷിയിടങ്ങൾ തരിശായി മാറിയെങ്കിലും ഇന്നും ആ ഗ്രാമം അതിന്റെ വിശുദ്ധി ഏറെക്കുറെ കാത്തു സൂക്ഷിക്കുന്നു എന്ന നേർക്കാഴ്ചയ്ക്ക് യാത്ര കൾക്കിടയിൽ സാക്ഷ്യം വഹിക്കുന്നത് കൊണ്ടുമാകാം.

തമ്മിൽ കണ്ടിട്ടില്ലാത്ത ഒരു നാൾ ഒരുപക്ഷേ കാണാൻ കഴിഞ്ഞേക്കും എന്ന വിദൂരസാധ്യതയെ മുൻനിർത്തി പ്രയാണം തുടരുമ്പോഴും, അകലം കുറയുമ്പോൾ വാചാലത കനത്ത മൗനമായി രൂപാന്തരപ്പെടുമോ എന്ന ആശങ്കയും നോവൽ പങ്കുവെയ്ക്കുന്നു.

പ്രകൃതിയിലെ ഓരോ അണുവിലും തന്റെ പ്രണയിനിയെ കണ്ടെ ത്തുന്ന മുരൻ, പൗർണ്ണമിനിലാവിൽ പ്രകൃതി കുളിച്ചുനിൽക്കുന്ന രാത്രിയിൽ പൗർണ്ണമിയെ നോക്കി ദീപാക്ഷിയോട് പ്രണയ സല്ലാപം നടത്തുമ്പോൾ, പ്രകൃതിയും ദിവ്യമായ ആ പ്രണയാനുഭൂതിയിൽ കോരി ത്തരിച്ചിരിക്കാം..

സമാനമായ ഒരുപാട് സന്ദർഭങ്ങൾ നോവലിൽ അനുവാചകന് കണ്ടെത്താനും അനുഭവിക്കാനും കഴിയും. ദീപാക്ഷി എന്ന അദൃശ്യ സാന്നിധ്യത്തിന്റെ കൈപിടിച്ചു മഴനനയുന്ന പ്രണയിതാവ് ചിത്രംപോലെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

സമൂഹത്തോടും കുടുംബത്തോടുള്ള പ്രതിബദ്ധത,പ്രണയ ചിന്തകളെ വിവേകപൂർവ്വം തടുത്തു നിർത്തുമ്പോൾ മനസ്സിൽ അലയടി ക്കുന്ന പ്രണയത്തിരകളെ നിറഞ്ഞു നിൽക്കുന്ന അണക്കെട്ടിൽ നിന്നും ഉപരിതലത്തിലൂടെ രക്ഷാമാർഗം തേടുന്ന ജലത്തിനോട് താരതമ്യം ചെയ്യുന്ന കഥാകാരന്റെ ഭാവനയെ ശ്ലാഘിക്കാതെ എങ്ങനെ.

എപ്പോഴോ കേട്ട് മറന്ന കഥകളിലെ ഗന്ധർവനേയും, യക്ഷിയേയും

പോലെ രാവിന്റെ മറവിൽ പ്രണയസല്ലാപം നടത്തി പുലരുംമുമ്പേ തത് സ്ഥാനങ്ങളിലേക്ക് തിരിച്ചെത്താനുള്ള കഴിവുണ്ടായിരുന്നെങ്കിൽ എന്ന് പോലും ഒരു ഘട്ടത്തിൽ ചിന്തിച്ച് പോകുന്നതും കാണാതിരുന്നില്ല.

പ്രകൃതിസൗന്ദര്യത്തിന്റെ മൂർദ്ധാവിൽ ചുംബിച്ച് ജീവിതമാകുന്ന പുഴയിലേക്ക് പ്രണയത്തിന്റെ ഇരുകൈവഴികളായി വന്നുചേർന്ന് ഒന്നായൊഴുകുന്ന മുരനും ദീപാക്ഷിയും പരസ്പരം ചിന്തകളെ ചുംബിച്ചുണർത്തി ബൗദ്ധികമണ്ഡലത്തിന് ഉണർവ്വ് പകരുമ്പോൾ സാഹിത്യ ലോകത്തിന് കിട്ടുന്നത് വിലമതിക്കാനാകാത്ത മുത്തും പവിഴവും.

പ്രണയപൂർവ്വം ദീപാക്ഷിയെ സംബോധന ചെയ്ത് മുരൻ പങ്കുവെയ്ക്കുന്ന ചിന്തകളും, അതിന് ഇരട്ടി മധുരമായി ദീപാക്ഷി നൽകുന്ന മറുകുറിപ്പും, തുടർന്ന് അവസാന ഭാഗത്ത് നേർക്ക് നേർ സംഭാഷണമെന്ന തോന്നൽ ഉളവാക്കിയതും നോവലിനെ വ്യത്യസ്തമാക്കി. മുരൻ–ദീപാക്ഷി ബന്ധത്തെ രാധാകൃഷ്ണ പ്രണയമായല്ല കഥാകാരൻ വിശേഷിപ്പിക്കുന്നത്, മറിച്ച് കൃഷ്ണനും കൃഷ്ണയുമായുള്ള ബന്ധത്തോടാണ് എന്നത്, ഒറ്റപ്പെടലിൽ വീർപ്പുമുട്ടുന്ന ദീപാക്ഷിയുടെ മാനസിക സന്തുലനാവസ്ഥ നിലനിർത്താൻ മുരൻ ഒരു നിമിത്തമാകുന്നു എന്ന ധ്വനി ഉണർത്തുന്നു.

**ലോല സി.ബി.**

# കാലാതീതമായ ഒരു പ്രണയവ്യാഖ്യാനം

'അതിനാൽ നീയെന്റെ ഹൃദയത്തിൽ ചുംബിക്കുക, ഞാൻ നിന്നിലേക്കും, നീ എന്നിലേക്കും പടർന്ന് ഈ ലോകമാകെ നിറഞ്ഞു നിൽക്കട്ടെ' കാവല്ലൂർ മുരളീധരൻ എന്ന എന്റെ സുഹൃത്ത് കുറിച്ചിട്ട ഈ വാചകമാണ് അദ്ദേഹത്തിന്റെ 'ദീപാക്ഷി' എന്ന നോവലിന്റെ ആത്മസത്ത എന്നെനിക്ക് തോന്നുന്നു. 'തുന്നിച്ചേർക്കാത്ത വിരൽ', 'വിശപ്പ്' എന്നീ പുസ്തകങ്ങൾക്ക് ശേഷം മുരളീധരൻ എന്ന മുരൻ എഴുതിയ മൂന്നാമത്തെ പുസ്തകമായ 'ദീപാക്ഷി' ആദ്യ രണ്ട് പുസ്തകങ്ങളുടേയും രചനാശൈലിയിലുള്ള തുടർച്ചയാണെന്ന് പറയാം. വാക്കുകളുടെ ഒഴുക്ക് വല്ലാതെ വർദ്ധിച്ചുവെന്ന് മാത്രം. എഴുത്തുകാരൻ ഭാഗികമായി മാത്രമാണ് വിശപ്പിൽ പ്രത്യക്ഷപ്പെടുന്നതെങ്കിൽ, പ്രണയത്തിന്റെ പുസ്തകത്തിൽ അയാൾ കൊക്കൂൺ പൊട്ടിച്ച് പുറത്തുചാടുന്നുണ്ട്. വായന പുരോഗമിക്കുന്തോറും ഇണകൾ, വെളുത്ത തുണിയിൽ മുഖം മറച്ച് വികാരാധീനരായി ചുംബിക്കുന്ന റെനെ മാഗ്രിറ്റിന്റെ 'ദ ലവേഴ്സ്' (1928) എന്ന ചിത്രമാണ് ഓർമ്മയിലെത്തിയത്.

പ്രണയത്തെ കുറിച്ചുള്ള ഒരു സാധാരണ കഥയല്ല 'ദീപാക്ഷി', പ്രണയത്തെക്കുറിച്ചുള്ള കാവ്യാത്മകമായ അന്വേഷണമാണ്.

ഈ പ്രണയം യൗവ്വനത്തിലെ ആവേശമല്ല, മറിച്ച് അനുഭവങ്ങൾ മഞ്ഞുരുക്കിയ ഹൃദയങ്ങളുടെ ചൂടാണ്.

ഓരോ ആത്മഭാഷണത്തിലും ഇണയുടെ സാന്നിധ്യം നിറഞ്ഞു നിൽക്കുന്നു. ദീപാക്ഷിയും മുരനും സംസാരിക്കുമ്പോൾ വാക്കുകൾക്ക് ശരീരമില്ല; അവ മഞ്ഞുപോലെ നിശബ്ദവും, നീരുറവപോലെ ശുദ്ധവും ആണ്. അവരുടെ സംഭാഷണം ദേശത്തേയും ഭാഷയേയും ജീവിതത്തേയും പിന്നിലാക്കി ആത്മാവിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ഓരോ അദ്ധ്യായവും വായനക്കാരനെ തീവ്രമായ നിശബ്ദതയിലേക്കു കൊണ്ടുപോകുന്നു. അവിടെ പ്രണയം കാണപ്പെടുന്നില്ല, അനുഭവപ്പെടുന്നു.

ദീപാക്ഷി എന്ന കഥാപാത്രം, മുരന്റെ വാക്കുകളിലൂടെ വെളിച്ചമായി മാറുന്നു.

ഭാഷയാണ് ഈ നോവലിന്റെ ഏറ്റവും വലിയ ശക്തി. ഓരോ വാക്കും സംഗീതാത്മകമായി ഹൃദയങ്ങളിൽ പതിക്കുന്നു. ഒരു കഥ വായിക്കുകയായിരുന്നില്ല ഞാൻ, വൂൾഫ്ഗാങ് അമാദ്യൂസ് മൊസാർട്ടിന്റെ അവസാനിക്കാത്ത സിംഫണികൾ കേൾക്കുകയായിരുന്നു. മധ്യവയസിൽ ഉണരുന്ന ആഴത്തിലുള്ള ഒരു പ്രണയകഥയുണ്ട്– കൗട്ട്നി റോബർട്ട് ജെയിംസ് വാലർ എഴുതിയ 'ദി ബ്രിഡ്ജസ് ഓഫ് മാഡിസൺ'. ഹരുക്കി മുറകാമിയുടെ 'നോർവീജിയൻ വുഡ്,' ഏകാന്തതയും നഷ്ടവും ചേർന്ന മനസിന്റെ ആന്തരിക പ്രണയസംഗീതമാണ്. പ്രായമായിട്ടും നിലനിൽക്കുന്ന പ്രണയത്തിന്റെ സ്മരണാചിത്രമാണ് നിക്കോളാസ് സ്പാർക്സ് 'നോട്ട്ബുക്കിലൂടെ' എഴുതിവെച്ചത്, പ്രണയത്തിന്റെ ഭ്രാന്തമായ വേദന തിരതല്ലുന്നതായിരുന്നു മാധവിക്കുട്ടിയുടെ 'എന്റെ കഥ'. പിന്നെയതാ സമയം, കുടുംബം, പ്രണയം എല്ലാത്തിന്റേയും അതിരുകൾ മറികടക്കുന്ന മായാവിസ്മയം, സകലതിനേയും പിന്നണിയിലേക്ക് തള്ളുന്ന ഗബ്രിയേൽ ഗാർസിയ മാർക്വേസിന്റെ വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിറ്റിയൂഡും ലവ് ഇൻ ദി ടൈം ഓഫ് കോളറയോടും 'ദീപാക്ഷി'യെ ഞാൻ ചേർത്തുവെയ്ക്കുമ്പോൾ അതു സുഹൃത്തിനോട് ചെയ്യുന്ന സ്നേഹപ്രകടനമല്ലെന്ന് വായനക്കാരന് തീർച്ചയായും ബോദ്ധ്യപ്പെടും.

ഭാഷാ പ്രയോഗം കഴിഞ്ഞാൽ ഈ കൃതിയുടെ പ്രത്യേകത അതിന്റെ ലഘുവായ ഘടനയും അതിസങ്കീർണ്ണമായ ആത്മീയതയുമാണ്. രണ്ടുപേർ മാത്രം; പക്ഷേ അവരുടെ സംഭാഷണം മുഴുവൻ മനുഷ്യഹൃദയത്തിന്റെ ഭാഷയാണ്.

അവരുടെ പ്രണയം ഒരു ബന്ധമല്ല, ഒരു ആലാപനമാണ്. ദൂരങ്ങളിലൂടെയും നിശബ്ദതകളിലൂടെയും പിറക്കുന്ന ശബ്ദരഹിത സംഗീതം. പുസ്തകത്തിന്റെ അവസാന താളും മറിക്കുമ്പോൾ, വായനക്കാരന്റെ ഉള്ളിൽ ഒരു ശബ്ദം മാത്രം ശേഷിക്കുന്നു, ദീപാക്ഷിയുടെയും മുരന്റേയും ശ്വാസംപോലെ മൃദുവായൊരു നിശബ്ദത. 'ദീപാക്ഷി' അതുകൊണ്ട് ഒരു നോവൽ മാത്രമല്ല, ഇത് രണ്ടു ആത്മാക്കൾ ചേർന്ന് ചിട്ടപ്പെടുത്തിയ സംഗീത ശകലമാണ്. ഇപ്പോൾ പെയ്തൊഴിഞ്ഞ മഴയുടെ ഗന്ധംപോലെ, ഹൃദയത്തിൽ പതിയുന്ന, കാലാതീതമായ ഒരു പ്രണയവ്യാഖ്യാനം.

**ബിജോ സിൽവേരി**



**കാവല്ലൂർ മുരളീധരൻ**

# ദീപാക്ഷി

## പ്രണയത്തിന്റെ പുസ്തകം

അപരിചിതത്വത്തിന്റെ മലകളിറങ്ങി, കാടുകളിലൂടെയും മേടുകളിലൂടെയും ഒഴുകിയൊന്നായി, ഉന്മാദത്തിന്റെ അതിവേഗവഴികൾ പിന്നിടുന്ന ജലസഞ്ചാരണം പോലെ... വിരഹത്തിന്റെ രാത്രിയിൽ ആകസ്മികമായി പൂക്കുന്ന പൗർണ്ണമിനിലാവിന്റെ പ്രസാദാത്മകതപോലെ... കാറ്റിന്റെ സ്പർശത്തിൽ നിന്നൊഴിഞ്ഞുമാറി വിസ്മയസുരഭിലമായ പൂക്കൾ പൊഴിച്ച്, ഇലകളാൽ ഇക്കിളിപ്പെടുത്തുന്ന വസന്തത്തിന്റെ ഔഷധഗന്ധിയായ നിശ്വാസംപോലെ... കാത്തിരിപ്പുകളിൽ ഒരഗ്നിപർവ്വതംപോലെ തിളച്ചുമറിയുകയും, സാമീപ്യത്തിൽ നിർവൃതിയുടെ അനന്തതയെ പുൽകുകയും ചെയ്യുന്ന. അതിരുകളും ഭൂപടങ്ങളുമില്ലാത്ത പ്രണയത്തിന്റെ നിഗൂഢസൗന്ദര്യവും വന്യമായ ആസക്തിയും നൈസർഗ്ഗികതയും ഓരോ വാക്കിലും ഒളിപ്പിച്ചുവെച്ചിരിക്കുന്ന, അപൂർവ്വമായ വായനാനുഭവം നല്കുന്ന കൃതി.

₹ 195

സാഹിതി പബ്ലിക്കേഷൻസ്
ഇഷാര കോംപ്ലക്സ്
ഇലവുംതിട്ട പി.ഒ., പത്തനംതിട്ട
Reg. No. PTM/TC/23/2022
www.sahithisangama.com

ISBN: 978-93-94587-99-1